321
MAY-JUNE 2026

KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
COLLEGE TEACHER
MAY-JUNE 2026
321

EDITORIAL BOARD

Editor
Dr. Vidhu Narayan

Managing Editor
Dr. N. Renuka

Assistant Editors
Sreelekshmi A.R.
Dr. Harinarayanan S.

Members
Sanjeev G.
A. Nisanth
Dr. Soju S.
Asha Prabhakaran
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Dr. Sreerenjini S.C.
Dr. S. Ajayakumar
Dr. Padmanabhan M. V.
Dr. Remya G.
Dr. Anju Linda Varghese
Dr. Myna Umaiban
Dr. Sheeja Parayil

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as the policy of the Association.

Edited, Printed and Published by
A. Nisanth, AKPCTA State Committee
Office, Vanchiyoor, Thiruvananthapuram-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: +91 9447690687
collegeteacheredt@gmail.com
www.akpcta.org



എഡിറ്റോറിയൽ

തിരുവനന്തപുരത്തു നടന്ന എ.കെ.പി.സി.ടി.എയുടെ അറുപത്തിയെട്ടാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം "വർഗീയമുക്ത ഇന്ത്യ – ജനപക്ഷ വൈജ്ഞാനിക കേരളം" എന്നതായിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്തെ സമകാലിക വെല്ലുവിളികൾ, വിദ്യാഭ്യാസരംഗത്തെ നയപരമായ മാറ്റങ്ങൾ, അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്തങ്ങൾ, ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങളുടെ സംരക്ഷണം എന്നിവയെ കേന്ദ്രീകരിച്ചുള്ള ഗൗരവമേറിയ ചർച്ചകൾക്കും സംഘടനാപരമായ തീരുമാനങ്ങൾക്കും സമ്മേളനം വേദിയായി. സമൂഹത്തിലെ അസമത്വങ്ങളെ ഇല്ലാതാക്കി ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ അധ്യാപകസമൂഹത്തിന് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്കു സമർപ്പിക്കുന്നു.

എഡിറ്റർ
collegeteacheredt@gmail.com
9447237659

ഉള്ളടക്കം

രണ്ട് ദ്വീപുകൾ
അനിത വിശ്വം 6

വർഗീയതക്കെതിരെ വൈജ്ഞാനികലോകം
ഫൈസൽ കെ.എസ്. 8

തലക്കാവേരി ലിഖിതം
പത്മനാഭൻ കാവുമ്പായി 14

നിന്ദിതരും പീഡിതരും വായിച്ചറിയുവാൻ
മൈഥിലി ഡി.എസ്. 20

നിഴൽത്തുമ്പുകൾ
ഹരിവിന്ദ്നാഥ് പി.ബി. 22

ജ്ഞാനസമൂഹനിർമിതി: വർഗീയതയ്ക്കെതിരായ ബദൽ
സി.എസ്. നന്ദന 24

സേഫ്റ്റി ബബിൾ
ഡോ. ആർ. താരാനാഥ് 26

വർഗീയതക്കെതിരെ വൈജ്ഞാനികലോകം
നുബ്ല എം. 28

കനൽപ്പൂവ്
ഡോ. രേണു 32

റബ്ബർ മരങ്ങളുടെ കുന്നിൽ കടൽ കളിക്കുന്നു
രജിത രവി 38

പീതപുഷ്പം
വിഷ്ണുപ്രിയ ആർ. 41

അനന്തരം ഒരു പ്രണയാകാശം
ഡോ. ദീപേഷ് കരിമ്പുങ്കര 43

ജ്ഞാനസമൂഹനിർമിതി: വർഗീയതയ്ക്കൊരു ബദൽ
സബ്ന എസ്. 53

വർഗീയതയും വൈജ്ഞാനിക സമൂഹവും
പത്മനാഭൻ കാവുമ്പായി 56

മണ്ണപ്പം
ഡോ. സിബു മോടയിൽ 61

Ophelia is still floating
Devaki 64

ഒറ്റമൈന്റിന്റെ നിറങ്ങൾ
മീര എസ്. 67

ജ്ഞാനസമൂഹനിർമിതി: വർഗീയതയ്ക്കൊരു ബദൽ
അഭിരാമി ജി.എസ്. 68


അറുപത്തിയെട്ടാം സംസ്ഥാനസമ്മേളന റിപ്പോർട്ട് 71

പ്രമേയങ്ങൾ 77

ഓൺലൈൻ ഇ സർട്ടിഫിക്കറ്റ് നിർമാണം
ഡോ. കെ.എസ്. സാജൻ 89

സംഘടനാവാർത്തകൾ 93

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ രചനാമത്സരങ്ങളിൽ സമ്മാനാർഹമായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പതിപ്പ്



GENERAL SECRETARY'S PAGE



എ. നിശാന്ത്

കരുത്തോടെ സംഘടന മുന്നോട്ട്; ഉന്നതവിദ്യാഭ്യാസവും

പുതിയ അക്കാദമിക വർഷം ആരംഭിച്ചിരിക്കുകയാണ്. അക്കാദമിക പ്രവർത്തനങ്ങൾക്ക് വിരാമമില്ല. പരീക്ഷാ ഉത്തരവാദിത്തങ്ങളും, സംഘടന എന്ന നിലയിലുള്ള നമ്മുടെ ചുമതലകളും ഇടതടവില്ലാതെ കടന്നുപോയ ഒരു ഹ്രസ്വ ഇടവേള നാം പിന്നിട്ടിരിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ സങ്കീർണ്ണമായി നമുക്ക് അനുഭവപ്പെടുന്ന ഒരു പുതിയ ഭരണക്രമം രൂപപ്പെട്ടിരിക്കുന്നു.

മതനിരപേക്ഷതയും ജനാധിപത്യപരതയും ഫെഡറൽ തത്വസംഹിതകളും ആണ് മറ്റേത് മേഖലയേയും പോലെ ഉന്നതവിദ്യാഭ്യാസത്തിന്റെയും കാതൽ. സുപ്രധാനമായ ഈ രാഷ്ട്രീയവീക്ഷണത്തെ മുൻനിർത്തിയായിരുന്നു കഴിഞ്ഞ പത്തു വർഷം കേരളം മുന്നോട്ട് നീങ്ങിയത്. ഇഷ്ടപ്പെട്ട മൂന്ന് ഘടകങ്ങളും സംഘപരിവാറിന്റെ കാൽക്കീഴിൽ സാഷ്ടാംഗപ്രണാമത്തിന് വിട്ടുകൊടുത്തില്ലെന്ന കാരണം കൊണ്ടുതന്നെ ഒരു രാഷ്ട്രീയ വിജയം തമസ്കരിക്കപ്പെട്ട ഒരു പാർലമെന്ററി ജനാധിപത്യമാണ് നമുക്കിടയിൽ രൂപപ്പെട്ടത്. ഭരണത്തുടർച്ച ഇടതുപക്ഷത്തിന് കേരള സംസ്ഥാനത്തിൽ ലഭിച്ചില്ലെന്നതിനപ്പുറത്ത് അനർഹമായ ഈ പരാജയത്തിന്റെ കനം പലരിലും ഘനീഭവിച്ചിരിക്കുന്നു.

ഈ രാഷ്ട്രീയ ഗതിഭേദത്തിന്റെ കാരണം കണ്ടെത്താനുള്ള പരിശോധനകൾ രാഷ്ട്രീയവും അക്കാദമികവുമായി കണിശതയോടെ നടക്കേണ്ടതുണ്ടെന്ന് തന്നെയാണ് നമ്മുടെ പക്ഷം. അത് ഉത്തരവാദിത്തപ്പെട്ടവർ, ചുമതലപ്പെട്ടവർ തീർച്ചയായും ആഴത്തിലും സൂക്ഷ്മതലത്തിലും പഠനവിധേയമാക്കട്ടെ.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കാലത്ത് ഉണ്ടായ നയപരവും പ്രായോഗികവുമായ ഇടപെടലുകളെക്കുറിച്ചും സ്വാഭാവികമായും ചർച്ച ഉയർന്ന് വരും. തീർച്ചയായും തിരിച്ചടികളുടെ കാരണങ്ങൾ കണ്ടെത്തി അവ തിരുത്തി, തിരിച്ചറിവുകളായി അവയെ മാറ്റിയെടുത്ത് കൂടുതൽ ഉജ്ജ്വലമായ തിരിച്ചുവരവ് ഉണ്ടാകുമെന്ന് ഇടതുപക്ഷം ഇവിടെ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ കക്ഷിരാഷ്ട്രീയത്തിനതീതമായി ആഗ്രഹിക്കുന്നു.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായി ശ്രീ. റോജി എം. ജോൺ ചുമതലയേറ്റെടുത്തിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച അനേകം ആശങ്കകളും അതോടൊപ്പം അന്തരീക്ഷത്തിൽ ഉയരുന്നുണ്ട്. ഈ മേഖലയിൽ സർക്കാറിന്റെ പുതിയ ചുവടുവെയ്പ് എങ്ങനെയാകും; അതിന് സർക്കാർ സ്വീകരിക്കുന്

നയവും നിലപാടും എന്ത്; പ്രായോഗികമായി ഏത് വിധമുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്; പുനഃസംഘാടനം കാത്തിരിക്കുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിലപാട് എന്തായിരിക്കും; സർവ്വകലാശാലാ ഭരണസമിതികളുടെ പ്രാഥമിക അജണ്ടയെന്ത് എന്നതിലൊക്കെ ഉള്ള ഒരു ഉത്കണ്ഠ സ്വാഭാവികവും അനിവാര്യവുമാണ്. അതിനനുസരിച്ച് മാത്രമാണ് നമ്മുടെ നയസമീപനങ്ങളും കാര്യപരിപാടികളും രൂപപ്പെടുക.

ദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ രൂപപ്പെട്ട പുത്തൻ വിദ്യാഭ്യാസ നയവും അതിന്റെ അനുബന്ധമായി രൂപപ്പെട്ടു വരുന്ന ആപൽക്കരമായ വിദ്യാഭ്യാസ പദ്ധതികളും സൃഷ്ടിച്ച പ്രതിസന്ധികൾക്കെതിരെ കഴിഞ്ഞ നാളുകളിൽ നാം നടത്തിയ പോരാട്ടങ്ങൾക്ക് അർഹമായ പരിഗണന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നൽകിയിരുന്നു. മതനിരപേക്ഷതയിൽ ഉറച്ചു നിന്ന്, കേന്ദ്ര സർക്കാറിന്റെ ഫെഡറൽ തത്വ നിരാകരണങ്ങളെ പൊതുഇടങ്ങളിലും നിയമനിർമ്മാണ സഭയിലും നീതിന്യായ വ്യവസ്ഥയ്ക്കകത്തും വിട്ടുവീഴ്ചയില്ലാതെ ചോദ്യം ചെയ്തുമായിരുന്നു ഉന്നതവിദ്യാഭ്യാസ മേഖലയിൽ ബദൽ നയങ്ങൾ ഒരു പരിധി വരെ രൂപപ്പെടുത്തിയത്. പുതിയ പാഠ്യപദ്ധതിയുടെ ആശയത്തോടും സാധ്യതയോടും ഘടനയോടുമൊക്കെ പലർക്കും വിയോജിപ്പ് ഉണ്ടാകാം. അവർക്ക് പോലും യോജിക്കേണ്ടി വരുന്ന ഒന്നുണ്ട്. അത് കരിക്കുലവും കോഴ്സുകളും മതാത്മകത പിൻപറ്റുന്ന ആശയധാരകൾ ഉൾച്ചേർത്തവയല്ല എന്നതാണത്. കേന്ദ്ര സർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതുമുതൽമുടക്കിൽ നിന്നും സ്വകാര്യമൂലധന താൽപര്യത്തിലേക്ക് മാറ്റുമ്പോൾ ബഡ്ജറ്റുകളിൽ പൊതുനിക്ഷേപത്തിന് ഊന്നൽ നൽകി എന്നതാണ് അത്. ഈ പാതയിലാണ് വൈജ്ഞാനിക സമൂഹം എന്ന ആശയധാര രൂപപ്പെട്ടത്.

ഇത്തരം പുരോഗമനോന്മുഖ വിദ്യാഭ്യാസ രാഷ്ട്രീയം ഹനിക്കപ്പെടുന്നത് അനുവദിക്കാൻ എക്കാലത്തെയും പോലെ തുടർന്നും നമുക്കാവില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ സംഘടന എന്ന നിലയിൽ പുതിയ സർക്കാരിന് നമുക്ക് നൽകാവുന്ന ഇപ്പോഴത്തെ സന്ദേശം ഇതാണ്.

കൂടുതൽ ഉശിരാർന്ന പ്രതിരോധങ്ങളിലൂടെ നമ്മുടെ പ്രസ്ഥാനം ഇനിയും മുന്നേറുക തന്നെ ചെയ്യും. 68–ാം സംസ്ഥാന സമ്മേളനത്തിൽ ഉയർന്ന ചർച്ചകളും നിർദ്ദേശങ്ങളും പ്രമേയങ്ങളും നാം നിരന്തരമായി നടത്തി വരുന്ന പ്രതിരോധ സമരങ്ങൾക്ക് ഊർജ്ജം പകരും.

എം ജി സർവ്വകലാശാല വൈസ് ചാൻസലർ ആയി പ്രൊഫ. ബി. മാവൂതിന്റെ നിയമനം, ചാൻസലർ ഏകപക്ഷീയമായും ചട്ടവിരുദ്ധമായും നടത്തിയ 19 സെനറ്റ് നോമിനേഷനുകൾ, താൽക്കാലിക അധ്യാപക നിയമനത്തിന്റെ പാനലിൽ എം ജി വി സി നടത്തിയ കാവിവൽക്കരണം എന്നിങ്ങനെയുള്ള നിർണ്ണായക ഘട്ടങ്ങളിൽപ്പോലും പുതിയ കേരള സർക്കാർ പുലർത്തുന്ന മൗനം ഉയർത്തുന്ന ആശങ്കകൾ ചെറുതല്ല. ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വാഭാവികമായും ഉയർന്ന് വരേണ്ട പ്രതികരണങ്ങൾക്ക് പകരം വന്നത് ചാൻസലറുമായി ഏറ്റുമുട്ടലിനില്ല എന്ന കീഴടങ്ങൽ സമവാക്യം മാത്രമാണ്. അതിനാൽ മതനിരപേക്ഷ ജനാധിപത്യ വിജ്ഞാന സമൂഹമെന്ന ആശയത്തിൽ നിന്ന് ഈ സർക്കാർ പിൻവലിയാനാണ് സാധ്യത എന്ന പ്രതീതി ഇപ്പോൾ ഉണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർവകലാശാലകൾ കേന്ദ്രീകരിച്ച് നടന്നുവരുന്ന സംഘപരിവാർ ഇടപെടലുകൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ് സാങ്കേതിക സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിൽ ദീർഘകാലമായി തുടർന്നു വരുന്ന ഭരണസ്തംഭനം. സാങ്കേതിക സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് മീറ്റിംഗുകൾ സമയോചിതമായി ചേരാത്തതിനാൽ അധ്യാപകരുടെ നിയമനാംഗീകാരവും പ്രമോഷനും തടയപ്പെട്ടു കിടക്കുന്ന അവസ്ഥയിലാണ്. കേരള സർവ്വകലാശാലയിലാകട്ടെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും വിഷയങ്ങൾ താത്കാലിക വിസിയുടെ പരിഗണനയിൽ ഇല്ല. അനിശ്ചിതമായി നീട്ടിവയ്ക്കപ്പെടുന്ന സിൻഡിക്കേറ്റ് യോഗങ്ങളിൽ മറഞ്ഞിരിക്കുന്ന ഒരു രാഷ്ട്രീയ അജണ്ടയുണ്ട്. സംഘപരിവാറിന്റെ ആജ്ഞാനുവർത്തികളായ വ്യക്തികളെ ഭരണസമിതികളിലേക്ക് നാമനിർദ്ദേശം ചെയ്യുന്നത് വഴി പാഠ്യപദ്ധതി മുതൽ എല്ലാ പഠനസംവിധാനങ്ങളെയും ശിഥിലമാക്കി, സർവകലാശാല സ്വയംഭരണം അട്ടിമറിക്കുക എന്നതാണത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇത്തരം വികലധാരണകൾ കയറിക്കൂടി എന്നതിന്റെ പ്രത്യക്ഷ തെളിവാണ് സംഘപരിവാറിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന പരിപാടിയിൽ കേരളത്തിലെ മൂന്ന് സർവകലാശാലകളുടെ വൈസ് ചാൻസലർമാർ പങ്കെടുത്തു എന്നതും അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്നതും. രാഷ്ട്രീയ ധ്രുവീകരണങ്ങൾക്കനുസൃതമായി ഇല്ലാതാവേണ്ട ഒന്നല്ല ഉന്നതവിദ്യാഭ്യാസ മേഖല എന്ന തിരിച്ചറിവ് പ്രധാനമാണ്.

അത്തരം കാര്യങ്ങൾക്കെതിരെ ഇതിനകം തന്നെ നമ്മുടെ പ്രതികരണം ഉയർന്നിട്ടുണ്ട്. തുടർന്ന് കൂടുതൽ ഉശിരാർന്ന പ്രതിരോധങ്ങളിലൂടെ നമ്മുടെ പ്രസ്ഥാനം ഇനിയും മുന്നേറുക തന്നെ ചെയ്യും. 68-ാം സംസ്ഥാന സമ്മേളനത്തിൽ ഉയർന്ന ചർച്ചകളും നിർദ്ദേശങ്ങളും പ്രമേയങ്ങളും നാം നിരന്തരമായി നടത്തി വരുന്ന പ്രതിരോധ സമരങ്ങൾക്ക് ഊർജ്ജം പകരും. ■

■ അനിത വിശ്വം
വി.പി.എസ്.വി. ആയുർവേദ കോളേജ്, കോട്ടക്കൽ

കവിത
അധ്യാപക
വിഭാഗം
(മൂന്നാം
സ്ഥാനം)



1 ബിനാലെയിലെ കുട്ടി

തെച്ചിച്ചുവപ്പിൽച്ചമഞ്ഞു നിന്നു
കൊച്ചി തന്നാകാശച്ചില്ലുവെട്ടം
വട്ടമുടിക്കോലമിട്ടൊരുങ്ങി
വില്ലിങ്ടൻ ദ്വീപിലെഷാട്ടുകൂട്ടം.
ഉച്ചി കീഴായ മുടിച്ചുരുളിൽ
അത്ഭുതഷേനിന്നിരിഷു കണ്ടു
കുത്തിയ പോട്ടിൽ തണുത്തുറങ്ങും
പൊട്ടീരിൽ നിന്നെല്ലാം പൂവിരിഞ്ഞു.
മണ്ടി നടക്കുന്നണുക്കൾ തോറും
രണ്ടു കൺ നീട്ടിയ തൂവെളിച്ചം
അർത്ഥം തിരയാതടുക്കി വയ്ക്കു-
ന്നൊക്കെത്തലയ്ക്കകത്തൊട്ടു നേരം.
ചായും നിഴലുള്ള വേദി തോറും
നീളൻ കുറിഷുകൾ തൊങ്ങലാട്ടി.
അക്ഷരം ചേർത്തു തുടങ്ങും മുൻപേ
മറ്റൊരു ഭാഷ പകരമെത്തി.
മൂളുന്ന ശീലിൽത്തറഞ്ഞു കേറി
മുട്ടാറിലോടിക്കിതച്ച കാറ്റ്.
ലോഹ, ശിലായുഗത്തിന്റെയാല-
ആസ്പിൻവാൾ ഹാളിലെച്ചിത്രശാല.

പശ്ചാത്തലത്തിലുരഞ്ഞു പൊട്ടു -
ന്നൊച്ചയിട്ടന്നത്തെത്തീക്കനലോ
ചുറ്റും നിരക്കും പദങ്ങൾ തോറും
നൃത്തച്ചുവടോ കുളമ്പിനേറോ?
ആനയല്ലാടല്ലെരുതുമല്ല
നൂറുമുഖത്തിൽ വിചിത്ര ജന്തു
പായും നരിയല്ല, കാട്ടിയല്ല
പാഠത്തിലില്ലാത്തതാരിതെന്നോ?

തുന്നിഷിടിഷിച്ച വെൺചിറകിൽ
തുണ്ടു മേഘത്തിന്റെ ചാരരാശി
കിള്ളിഷിടിക്കുമിരിഷു കാൺകെ -
യുള്ളിൽഷഴയൊരു ഭീതരാത്രി.
പേടിച്ചുറങ്ങുന്ന മൺകുടിലിൽ
ആടിക്കുഴഞ്ഞൂ വഷള് കാറ്റ്
ആരോ തുറക്കുന്നകത്തു നിന്നും
കാറുന്നു സാക്ഷ മടിച്ചു വീണ്ടും.
ബോധം മറഞ്ഞൊരു നീണ്ട രാവ്
കീറി മുറിഞ്ഞൂ പുലർക്കുളിര്
സങ്കടഷെയ്ത്തിൽഷതഞ്ഞു കേറി
മുൻപുള്ളതൊക്കെയും നെഞ്ചകത്ത്.
മറ്റൊരു ദ്വീപാണടുത്ത കാഴ്ച
പച്ചത്തുരുത്തിലെ മുത്തുമേട
ലാൻറിംഗിനുള്ള തുറന്ന പാത

താഴ്ന്നിറങ്ങുന്നു വിമാന ജാഥ.
ആട്ടിത്തെളിച്ചു നടയ്ക്കൽ വയ്ക്കും
കൂട്ടരെക്കണ്ടു ഭയന്നു കുട്ടി
പൊക്കമളന്നൂ മനക്കണക്കായ്
ഇത്രയ്ക്കുമില്ലവർ;തന്റെയത്ര!
ദല്ലാളു പോലൊരു മല്ലനുണ്ട്
വമ്പൻ പടയൊന്നു പിന്നിലുണ്ട്
കണ്ട മുഖങ്ങൾക്കു ഛരായയുണ്ട് ;
തൻ പാഠബുക്കിൻ മുഖങ്ങളുമായ്.
നെഞ്ചം നടുക്കിക്കുതിച്ചു വീഴാൻ
പൊന്തും മിസൈലിന്റെ യുദ്ധകാലം
പെണ്ണുടൽ, പെൺനിണം, ചൂഴ്ന്ന മാംസം,
സമ്മതപത്രത്തിൽ ജീവനാംശം.
ഉറ്റവരെല്ലാമൊടുങ്ങിയെന്ന
കുറ്റത്തിനാണു ചെകുത്താൻ ദ്വീപ്

ഉള്ളരിച്ചേറും പുഴുക്കളെപ്പോൽ
തള്ളിക്കയറുന്നു രാജതന്ത്രം.
ഗദ്ഗദം തിക്കുന്ന കൊക്കുമായി
ചക്രത്തിലോടുന്ന തണ്ടിലേറി
അഷ്ടുറത്തുണ്ടു കടൽത്തിരകൾ -
ക്കൊഷ്ടിച്ച താളത്തിൽ വേമ്പനാട്.
ചെത്തിമിനുക്കിയ കോൾ നിലത്ത്
വിത്തു വിതയ്ക്കുന്നൊരിൻസ്റ്റലേഷൻ

കാണ്മൂ സുതാര്യമക്കൂട്ടിനുള്ളിൽ
ഈരില കൂമ്പിയ ജീവസത്ത്.
വട്ടവും നീളവും കോണുമായി-
ട്ടെത്ര ഡൈമെൻഷനിൽ ഭൂമി ചിത്രം
വച്ച പാത്രത്തിന്റെയാകൃതിയിൽ
ഒട്ടും പിഴയ്ക്കില്ലെടുത്ത വെള്ളം.
തെന്നിത്തെറിക്കാതെയച്ചുതണ്ടിൽ
മിന്നും ജലപാത്രമായി ഭൂമി
ഗോളാന്തരങ്ങൾ കുതികുതിക്കും
പാതകൾ നോക്കി നടന്നു കുട്ടി.
സംഗീതമുള്ള തണുത്ത രാവ്
സഞ്ചാരിയാമൊരരിഷ്ടിറാവ്
കൊക്കിലൊലിവിന്നിലക്കുരുന്ന്
ഉൾത്തുടിഷ്ടിപ്പൊഴും ശാന്തി മാത്രം!

2 സെന്റിനൽ ദ്വീപ്

നക്ഷത്രമില്ലാത്ത രാത്രിയൊന്നിൽ
അക്കരെക്കണ്ടോരരണ്ട വെട്ടം
മിന്നിയും കെട്ടുമൊരാഴ്ചവട്ടം
മുന്നിലസ്പഷ്ടമപ്രേമദീപം.

നാളെയുദിക്കുമോ പാതിരാവിൽ
ചോദിക്കുവാനൊരുമ്പെട്ടതില്ല
തങ്ങുന്നതേയല്ല രാഷ്ടരഷ്ടിൽ
മിന്നിച്ചു കാട്ടുന്നതൊന്നു പോലും.

എത്രയനിശ്ചിതമാണു ഭാവം
ചുറ്റിത്തിരിയുമനന്ത ലോകം
ദിക്കാലമെല്ലാമറിഞ്ഞുവെന്ന
ചിത്തഭ്രമങ്ങളിൽ മർത്യജന്മം.

മുറ്റിത്തഴച്ച വിരഹകാവ്യം
ചകവാളത്തിൽഷ്ടതിഞ്ഞ നേരം
പൊട്ടിയൊലിച്ചു പോയ് സൂര്യഗോളം
നക്കിക്കുടിച്ചൂ കടൽത്തരംഗം.

നീലക്കടലിൽക്കൊടും കലക്കം
നീന്തുന്നു കോപിച്ച ചക്രവാതം
പുള്ളിച്ചിറകിലും മുള്ളുമായ്
കൊമ്പൻമാർ ചുറ്റും ചുഴിഷ്ടെരുക്കം.

നൗകയിൽക്കാറ്റുപായ് വിണ്ടുകീറി
ചൊവ്വിൽത്തുഴകളരങ്ങിലേറി
മുന്നിലേയ്ക്കോരോ ചുവടുവയ്ക്കെ
പിന്നിലേയ്ക്കായാനനുജ്ഞ നൽകി.

നീലത്തിമിംഗലഷ്ടറ്റമെത്തി
പൂത്തിര തീത്തിരയായി മാറി
ചാളത്തടിയിൽഷ്ടിടഞ്ഞൊടുങ്ങാൻ
വാലിളക്കും കടൽഷ്ടാമ്പിറങ്ങി.

പൊട്ടിഷ്ടൊളിഞ്ഞു പോയ് കൊച്ചുവഞ്ചി
ഞെട്ടിഷ്ടടരുന്ന നീലരാശി
പൊങ്ങുതടി പോലെ ചെന്നു ചേർന്നു
നെഞ്ചകത്തുള്ള പ്രകാശദ്വീപിൽ.
പച്ചത്തുരുത്തിന്നരികിലെത്തി
ഉദ്യാനശോഭയിൽ കണ്ണുടക്കി
പെട്ടെന്നു നെഞ്ചിൽത്തറഞ്ഞു കേറി
ഉഗ്രവിഷച്ചാറു തേച്ചൊരമ്പ്.

കൺകൾ തുറിച്ചു മറിഞ്ഞു വീഴ്കെ
വെള്ളി വെളിച്ചത്തിൻ ചോടെ കണ്ടു;
സെൻറിനൽ ദ്വീപിന്റെ മുദ്രയെന്നാ-
യമ്പു തറച്ച ഹൃദയചിഹ്നം! ■



ഫൈസൽ കെ എസ്
എം ഇ എസ് കോളേജ്, നെടുങ്കണ്ടം

ലേഖനം അധ്യാപക വിഭാഗം (ഒന്നാം സ്ഥാനം)

വർഗീയതക്കെതിരെ വൈജ്ഞാനിക ലോകം

"Who controls the past controls the future:
who controls the present controls the past."
(George Orwell :1984)

ആധുനിക ഇന്ത്യയുടെ മതേതര ജനാധിപത്യ മൂല്യങ്ങൾ വലിയൊരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ, അക്കാദമിക് വിദഗ്ധരുടെ ഉത്തരവാദിത്തം കേവലം ക്ലാസ് മുറികളിലെ സിദ്ധാന്തങ്ങൾക്കപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. ചരിത്രം എന്നത് ഭൂതകാലത്തിന്റെ നിശബ്ദമായ അക്ഷരങ്ങളല്ല; മറിച്ച്, അത് നിരന്തരം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ, രാഷ്ട്രീയമായ അധിനിവേശത്തിന് ഇരയാകാതിരിക്കാൻ ചരിത്രത്തെ ശാസ്ത്രീയമായി ഇഴകീറി പരിശോധിക്കുകയും അതിന്റെ നിജസ്ഥിതി പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടത് വൈജ്ഞാനിക ലോകത്തിന്റെ ധർമ്മമാണ്. വർത്തമാനകാലത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഭൂതകാലത്തെ വക്രീകരിക്കുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിലൂടെ മാത്രമേ ഒരു വികസിത പൗരബോധം രൂപപ്പെടുത്താൻ സാധിക്കൂ. വർഗീയതയുടെ ഇന്നത്തെ സങ്കീർണ്ണാവസ്ഥയെ കൃത്യമായി അഭിസംബോധന ചെയ്യാൻ അതിന്റെ കൊളോണിയൽ വേരുകളിലേക്കും പ്രത്യയശാസ്ത്രപരമായ പരിണാമത്തിലേക്കും നാം ഇറങ്ങിച്ചെല്ലേണ്ടതുണ്ട്.

വർഗീയതയുടെ ബീജാവാപം

ഇന്ത്യയിലെ വർഗീയതയുടെ വേരുകൾ തേടി ചെന്നാൽ നാമെത്തുന്നത് കൊളോണിയൽ കാലഘട്ടത്തിലേക്കാണ്. ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടം നടപ്പിലാക്കിയ 'ഭിന്നിപ്പിച്ചു ഭരിക്കുക' (Divide and Rule) എന്ന തന്ത്രമാണ് ഇന്ത്യയിൽ വർഗീയതയുടെ വിത്തുകൾ പാകുന്നത്.


1872 ലെ സെൻസസ് ആണ് ഇതിന് തുടക്കം കുറിക്കുന്നത്. സെൻസസ് ഉൽപാദിപ്പിച്ച ഡാറ്റ, ഇന്ത്യയെ ശാസ്ത്രീയമായി മനസിലാക്കാനല്ല മറിച്ച് ജനങ്ങളുടെ ഇടയിൽ വിള്ളലുണ്ടാക്കാൻ ആയിരുന്നു ഉപയോഗിക്കപ്പെട്ടത്. അതുവരെ ഇന്ത്യയിൽ ജാതിയും മതവും വളരെ അയഞ്ഞ (fluid) സ്വഭാവമുള്ളവയായിരുന്നു. പലർക്കും ഒരേസമയം ഒന്നിലധികം വിശ്വാസങ്ങളും പ്രാദേശികമായ സ്വത്വങ്ങളുമാണ് ഉണ്ടായിരുന്നത്. എന്നാൽ 1872-ലെ സെൻസസിലൂടെ ബ്രിട്ടീഷുകാർ ഓരോ വ്യക്തിയേയും കൃത്യമായ ഒരു മതത്തിലോ ജാതിയിലോ ഉൾപ്പെടുത്താൻ നിർബന്ധിച്ചു. ഇത് വൈവിധ്യമാർന്ന ഇന്ത്യൻ ജനതയെ 'ഹിന്ദു', 'മുസ്ലിം' എന്നിങ്ങനെ രണ്ട് വലിയ എതിർചേരികളായി മാറ്റുന്നതിന് തുടക്കമിട്ടു. വിവിധ ആചാരങ്ങൾ പിന്തുടരുന്ന നൂറുകണക്കിന് ഗോത്രവിഭാഗങ്ങളെ ഒരൊറ്റ 'ഹിന്ദു' കുടക്കീഴിലേക്ക് കൊണ്ട് വരുന്നതിന് ഈ പുതിയ വിജ്ഞാനോത്പാദനം കാരണമായി. പിന്നീട് ബ്രിട്ടീഷുകാർക്ക് ശേഷവും, ഈ ഏകശിലാപരമായ സ്വത്വ നിർമ്മിതി പ്രൊജക്റ്റ് ഹിന്ദുത്വവാദികൾ ഏറ്റെടുക്കുകയാണുണ്ടായത്. ഇതിന്റെ തുടർച്ചയായിട്ടാണ് വടക്കേ ഇന്ത്യയിൽ നിന്ന് പല ആചാരങ്ങളും "പൊതു" ആഘോഷങ്ങളായും ആചാരങ്ങളായും നമുക്കിടയിലേക്ക് വരുന്നത്. കുംഭമേള എന്ന മഹാ

മാഘമഹോത്സവം ഒക്കെ ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമായി കാണാം.

അപരവൽക്കരണത്തിന്റെ തുടക്കം

ജെയിംസ് മില്ലിന്റെ ചരിത്രവിഭജനം: 1818-1823 കാലഘട്ടത്തിൽ ജെയിംസ് മിൽ തന്റെ ചരിത്രരചനയിൽ ഇന്ത്യയുടെ ഭൂതകാലത്തെ ഭരണാധികാരികളുടെ മതത്തിന്റെ അടിസ്ഥാനത്തിൽ 'ഹിന്ദു കാലഘട്ടം', 'മുസ്ലിം കാലഘട്ടം', 'ബ്രിട്ടീഷ് കാലഘട്ടം' എന്നിങ്ങനെ വിഭജിച്ച് സമ്മിശ്ര സംസ്കാരത്തെ അവർ അദൃശ്യമാക്കി. യഥാർത്ഥ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ മാറ്റാൻ മതപരമായ സ്വത്വത്തെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുന്ന ഈ രീതിക്ക് തുടക്കം കുറിക്കുന്നത് അവിടെ നിന്നാണ്. സങ്കീർണ്ണമായ ഇന്ത്യൻ ചരിത്രത്തെ ഒരു വർഗീയ ചട്ടക്കൂടിലേക്ക് ചുരുക്കി. ഇന്നും ജനങ്ങളെ ഭിന്നിപ്പിക്കാൻ ഇതേ തന്ത്രം തന്നെ വളരെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ഇന്ത്യൻ സാമൂഹിക-രാഷ്ട്രീയ മണ്ഡലത്തിൽ വർഗീയത എന്നത് ഒരു സഹജമായ യാഥാർത്ഥ്യമായിരുന്നില്ല. മറിച്ച് പ്രത്യേക ലക്ഷ്യങ്ങൾക്കായി ബോധപൂർവ്വം നിർമ്മിക്കപ്പെട്ട ഒരു 'മിഥ്യാബോധം' (False Consciousness) ആയിരുന്നു എന്ന് പ്രശസ്ത ചരിത്രകാരൻ ബിപൻ ചന്ദ്ര, തന്റെ കമ്യൂണലിസം ഇൻ ഇന്ത്യയിൽ നിരീക്ഷിക്കുന്നുണ്ട്. അക്കാദമിക് ലോകം ഈ മിഥ്യാബോധത്തെ എങ്ങനെ അപനിർമ്മാണം ചെയ്യുന്നുവെന്നും, അറിവുനിർമ്മാണത്തിലൂടെ വർഗീയതയെ പ്രതിരോധിക്കാനുള്ള പുതിയ പാതകൾ എങ്ങനെ വെട്ടിത്തുറക്കുന്നുവെന്നും ഉള്ളത്, വർഗീയതയെ പ്രതിരോധിക്കുന്നതിനുള്ള ശ്രമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. വർഗീയത എന്നത് യഥാർത്ഥത്തിൽ വർഗബോധത്തെ അട്ടിമറിക്കാനുള്ള ഭരണവർഗത്തിന്റെ തന്ത്രമാണെന്ന എ. ആർ. ദേശായിയുടെ നിരീക്ഷണവും ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്.



മനുഷ്യരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് വേണ്ടി കൂട്ടം കൂടാനോ, രാഷ്ട്രീയമായി സംഘടിക്കാനോ ശ്രമിക്കുന്നതിന് മുൻപേ വൈകാരികമായി സ്വാധീനിക്കുകയും, 'വിശ്വാസ സംരക്ഷണ'വും അപരനോടുള്ള വെറുപ്പും പ്രാഥമിക ലക്ഷ്യമാക്കി മാറ്റുകയും ചെയ്യുന്നു. വർഗ്ഗബോധത്തെ പറ്റി, വർഗ സമരങ്ങളെപ്പറ്റി ചിന്തിക്കാനുള്ള അവസരമോ, സ്വതന്ത്ര ചിന്താശേഷിയോ ഇല്ലാത്തവരാക്കി മാറ്റുന്നതിന് വേണ്ട ശ്രമങ്ങൾ സ്കൂൾ തലം മുതൽക്കേ തുടങ്ങുന്നു.

വിജ്ഞാനോത്പാദനത്തിലെ തകർച്ചയും ചരിത്രത്തിന്റെ പുനർവായനയും

കൃത്യമായ ചരിത്ര ബോധത്തിന്റെ അഭാവവും, സ്വതന്ത്ര ചിന്തക്കുള്ള പരിതസ്ഥിതികൾ ഇല്ലായ്മ ചെയ്യലും വർഗീയതയ്ക്ക് മണ്ണൊരുക്കുന്നതിന്, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തന്നെ എമ്പാടും ഉദാഹരണങ്ങളുണ്ട്. 1967-ലെ റാഞ്ചി കലാപവും (ഉർദു ഭാഷയുമായി ബന്ധപ്പെട്ട തർക്കം), 1980-ലെ മൊറാദാബാദ് കലാപവും ഉദാഹരണങ്ങൾ. റാഞ്ചിയിലെ പ്രാദേശികമായ ഒരു ഭാഷാ തർക്കത്തെയും, മൊറാദാബാദിലെ സാമ്പത്തിക മത്സരങ്ങളെയും തർക്കങ്ങളെയും വർഗീയമായ സംഘർഷമാക്കി മാറ്റാൻ വർഗീയവാദികൾക്ക് എളുപ്പം കഴിഞ്ഞു. ഈ കലാപങ്ങൾ ഒന്നും തന്നെ സ്വാഭാവികമായി രൂപപ്പെട്ട വയായിരുന്നില്ല, മറിച്ച് കൃത്യമായ സോഷ്യൽ എഞ്ചിനീയറിംഗിലൂടെ നിർമിക്കപ്പെട്ടവയായിരുന്നു.


പോൾ ബ്രാസിന്റെ 'ഇൻസ്റ്റിറ്റ്യൂഷണലൈസ്ഡ് റയട്ട് സിസ്റ്റം' (Institutionalized Riot System) എന്ന ആശയം ഇവിടെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ പഠനം അനുസരിച്ച് വർഗീയ കലാപങ്ങൾ ഒന്നും തന്നെ പെട്ടെന്നുണ്ടാകുന്ന വികാര പ്രകടനങ്ങളല്ല, മറിച്ച് രാഷ്ട്രീയ, വർഗീയ ലക്ഷ്യങ്ങൾക്കായി ആസൂത്രിതമായി നിർമ്മിക്കപ്പെടുന്നവയാണ്. ഈ വ്യവസ്ഥയിൽ പ്രധാനമായും മൂന്ന് ഘട്ടങ്ങളാണുള്ളത്, ഒന്നാമത്തേത്, തയ്യാറെടുപ്പ്(Preparation): കലാപം നടത്തുന്നതിനുള്ള കളമൊരുക്കലാണ് ആദ്യപടി. ഇതിന് വേണ്ടി ബൃഹത്തായ ഒരു ശൃംഖല തന്നെ ഉണ്ടായിരിക്കും, 'റയട്ട് സ്പെഷ്യലിസ്റ്റുകൾ' (riot specialists) സമൂഹത്തിൽ എപ്പോഴും വർഗീയ വിദ്വേഷം പടർത്തിക്കൊണ്ടിരിക്കും. അപരൻ ശത്രുവാണെന്ന് വരുത്തുന്ന രീതിയിൽ പ്രസംഗങ്ങളും, പാട്ടുകളും സിനിമകളും മുതൽക്ക് എല്ലാ തരം പ്രചരണങ്ങളും വളരെ സ്വാഭാവികമെന്നോണം നടപ്പിൽ വരുത്തും. ശേഷമാണ് രണ്ടാമത്തെ ഘട്ടമായ നടപ്പിലാക്കൽ (Enactment); ഒരു നിസ്സാരമായ പ്രാദേശിക തർക്കത്തെ പോലും വലുതാക്കി വലിയ കലാപമാക്കി മാറ്റുന്നത് ഈ ഘട്ടത്തിലാണ്. പലപ്പോഴും സ്വന്തമായ 'ചിന്താ ശേഷിയില്ലാത്ത' ജനക്കൂട്ടമായിരിക്കും (mob) ആക്രമണങ്ങൾ ഏറ്റെടുക്കുന്നത്. അടുത്ത ഘട്ടത്തിലാണ് വിശദീകരണം (Explanation) വരിക. സംഭവിച്ചതെല്ലാം പെട്ടെന്നുണ്ടായ പ്രതികരണങ്ങൾ ആയിരുന്നെന്നും, ഇരകൾ വരുത്തി വെച്ച കുഴപ്പങ്ങൾ ആയിരുന്നു ഇതെല്ലാം എന്ന തരത്തിൽ അണിയറയിൽ ഉണ്ടായിരുന്ന മീഡിയ, രാഷ്ട്രീയക്കാർ, സാമൂഹ്യ പ്രവർത്തകർ എല്ലാം പുറത്തേക്ക് വരുന്ന ഘട്ടമാണിത്. ഇതെല്ലാം സാധ്യമാകുന്നത് മസ്തിഷ്ക പ്രക്ഷാളനം അത്രയുമെളുപ്പത്തിൽ നടക്കുന്നത് കൊണ്ട് കൂടിയാണ്. അക്കാദമിക് സ്ഥാപനങ്ങൾ ശാ

സ്ത്രബോധവും വസ്തുതാപരമായ ചരിത്രവും ഉൽഷാദിഷിക്കുന്നതിൽ പരാജയഷെടുമ്പോൾ അവിടെ ഒരു 'വൈജ്ഞാനിക ശൂന്യത' (Knowledge Vacuum) സൃഷ്ടിക്കഷെടുന്നു. ഈ ശൂന്യതയിലേക്കാണ് സംഘടിതമായ വർഗീയ ശക്തികൾ മിത്തുകളും വിദ്വേഷ പ്രസംഗങ്ങളും കുത്തിനിറയ്ക്കുന്നത്.

വൈജ്ഞാനിക രംഗത്തേക്ക് ദംഷ്ട്രകൾ പതിയുമ്പോൾ


മേൽ പറഞ്ഞത് പോലെ, ഇന്ത്യയിൽ നടന്ന ഏത് കലാപങ്ങളോ, വർഗീയ ചേരിതിരിവുകളോ എടുത്ത് പരിശോധിച്ചാലും, ഇത്തരം വ്യാജ ചരിത്രബോധം എങ്ങനെ ഉപയോഗിക്കഷെട്ടു എന്ന് വ്യക്തമാകും. മുഗൾ ചരിത്രവും ജാതിവിരുദ്ധ പോരാട്ടങ്ങളും പാഠ്യപദ്ധതിയിൽ നിന്ന് നീക്കം ചെയ്യുന്നത് ഈ അറിവില്ലായ്മയുടെ ആഴം വർദ്ധിഷിക്കാനാണ്. ഈ അക്കാദമിക് തകർച്ച വിദ്യാർത്ഥി സമൂഹത്തിൽ സൃഷ്ടിക്കുന്ന ബൗദ്ധിക പ്രതിസന്ധി ഗൗരവകരമായി വിശകലനം ചെയ്യേണ്ടതുണ്ട്.

സമീപകാലത്ത് ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന മാറ്റങ്ങളെല്ലാം വളരെ വ്യക്തമായും ഈയൊരു തകർച്ച കാണിക്കുന്നുണ്ട്. ആദ്യമെല്ലാം ചരിത്ര പാഠപുസ്തകങ്ങളിൽ നിന്ന് ചില ഒഴിവാക്കലുകൾ മാത്രം ആയിരുന്നെങ്കിൽ, അവിടെ നിന്നും പിന്നിട്ട്, തെറ്റായ വിവരങ്ങൾ ചരിത്രമായി ചേർക്കുക, ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലേക്ക് വരെ വർഗീയത സന്നിവേശിഷിക്കുക, സമകാലിക രാഷ്ട്രീയ അജണ്ടകൾ ചേർക്കുക തുടങ്ങിയവയെല്ലാം നമ്മുടെ കണ്മുന്നിലാണ് നടക്കുന്നത്. 2025 ൽ NCERT ഇറക്കിയ എട്ടാം ക്ലാസ് സാമൂഹ്യ ശാസ്ത്രം പാഠപുസ്തകം ഒരു ഉദാഹരണം. റൈസ് ഓഫ് മറാത്താസ് (The Rise of Marathas) എന്ന മൂന്നാം അദ്ധ്യായത്തിൽ ഒരു കോളം സർജിക്കൽ സ്ട്രൈക്ക് എന്താണെന്ന് പഠിഷിക്കാനും, അത് ചരിത്ര കാലം മുതൽക്കേ ഉള്ള താണെന്ന് വരുത്തുവാനും ഉള്ള ഭാഗമാണ്. ഇതേ പാഠപുസ്തകം



തന്നെ വളരെ സ്വാഭാവികമെന്നോണം സാത്വികരും സമാധാനപ്രിയരുമായ ഭാരതീയ നാട്ടുരാജാക്കന്മാർ അല്ലലില്ലാതെ നാട് ഭരിച്ചു കൊണ്ടിരിക്കെ, ക്രൂരരും വർഗീയവാദികളുമായ മുസ്ലിംകൾ (മുഗൾ ഭരണാധികാരികൾ) ഇവിടെ കുഴഷപ്പങ്ങളുണ്ടാക്കി എന്ന നരേറ്റീവ് വരികൾക്കിടയിലൂടെ സൃഷ്ടിക്കുന്നത് കാണാം. മറ്റൊരു വലിയ ഭീഷണി ചരിത്രരചനയിൽ ശാസ്ത്രീയ രീതികൾക്ക് പകരം മിത്തോളജിയെ (Mythology) പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളാണ്.

മുൻപ് പറഞ്ഞത് പോലെ ഇത്തരം ശ്രമങ്ങൾ ചരിത്ര പുസ്തകങ്ങളിൽ



മാത്രം ഒതുങ്ങി നിൽക്കുന്നില്ല, ദേശീയ വിദ്യാഭാസ നയത്തിന്റെ മറവിൽ 2025 ൽ തന്നെ യുജിസി പുറത്തിറക്കിയ ലേണിംഗ് ഔട്ട്കംസ്-ബേസ്ഡ് കരിക്കുലം ഫ്രെയിംവർക്ക് (Learning Outcomes-based Curriculum Framework (LOCF)) നമുക്ക് മുന്നിലുണ്ട്. കെമിസ്ട്രി പാഠ്യപദ്ധതിയുടെ ആദ്യ പേജ് തുടങ്ങുന്നത് തന്നെ യുജിസി ചിഹ്നത്തിന് പകരം സരസ്വതി ദേവിയുടെ ചിത്രത്തോടെ, വന്ദനാ ഗീതവും ചേർത്താണ്. കെമിക്കൽ നോളജ് ഇൻ വേദാസ് എന്ന അദ്ധ്യായത്തിൽ 'കുണ്ഡലിനി' സങ്കല്പം, കണാദ മഹർഷിയുടെ അറ്റോമിക് തീയറി, കൊമേഴ്സ് പാഠ്യപദ്ധതിയിൽ കൗടില്യന്റെ അർത്ഥശാസ്ത്രം, വിഡി സവർക്കറുടെ ഇന്ത്യൻ വാർ ഓഫ് ഇൻഡിപെൻഡൻസ്, സ്വാതന്ത്ര്യത്തിനായുള്ള ഭാരതീയ പോരാട്ടം തുടങ്ങിയവയൊക്കെയുണ്ട്.

ഇങ്ങനെ എണ്ണിയാൽ തീരാത്തത്ര ഉദാഹരണങ്ങൾ സമകാലിക വൈജ്ഞാനിക രംഗത്ത് നിന്ന് തന്നെ നമുക്ക് കണ്ടെത്താൻ കഴിയും. ഇത്തരം വ്യാജ ആഖ്യാനങ്ങളും വ്യാജ ജ്ഞാന നിർമിതികളും ഒരു തലമുറയുടെ തന്നെ ചിന്താഗതികളെ എപ്രകാരം സ്വാധീനിക്കുന്നുവെന്ന് പരിശോധിക്കുമ്പോഴാണ് വർത്തമാനകാല വെല്ലുവിളികൾ വ്യക്തമാകുന്നത്. വിജ്ഞാനോത്പാദനത്തിലെ ഈ പാകഷിഴകൾ എല്ലാം തന്നെ ആധുനിക അക്കാദമിക് വ്യവസ്ഥയിൽ വലിയ ആഘാതങ്ങൾ സൃഷ്ടിക്കുകയും വരുംതലമുറയുടെ വിജ്ഞാനാർജനത്തെ പ്രതിസന്ധിയിലാക്കുകയും ചെയ്യുന്നു. പാഠപുസ്തകങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ കേവലം അക്ഷരമാറ്റങ്ങളല്ല, മറിച്ച് വസ്തുനിഷ്ഠമായ ശാസ്ത്രീയ ബോധത്തെ, ചരിത്രബോധത്തെ എല്ലാം അട്ടിമറിക്കാനുള്ള ഗൂഢശ്രമമാണ്.

കാലിക പ്രതിസന്ധികൾ

വൈജ്ഞാനിക കേന്ദ്രങ്ങൾ, ഉറവിടങ്ങൾ തന്നെ പ്രശ്നം ബാധിച്ചതായിരിക്കെ, സ്വയമേവ അതിനെ മറികടന്ന് വരിക എന്നത്

ശരാശരി വിദ്യാർത്ഥിക്ക് അപ്രാപ്യമായ കാര്യമാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിന് അധ്യാപകരുടെ, സമൂഹത്തിന്റെ കൂട്ടായ പരിശ്രമം ആവശ്യമാണ്. വർഗീയ രാഷ്ട്രീയം വിദ്യാർത്ഥികളുടെ ബൗദ്ധിക വികാസത്തെ തടസ്സപ്പെടുത്തുക മാത്രമല്ല, അവരെ സങ്കുചിതമായ എക്കോ ചേമ്പറുകളിൽ (Echo Chambers) തളച്ചിടുകയും ചെയ്യുന്നുണ്ട്.

ഇതുവരെ നമ്മൾ ചർച്ച ചെയ്ത പ്രതിസന്ധികൾക്കൊപ്പം തന്നെ സാങ്കേതിക വിദ്യകളുടെ, വ്യാജ വാർത്താ വാട്സാപ്പ് യൂണിവേഴ്സിറ്റികളുടെ, അൽഗൊരിതമിക് ബയസിന്റെയൊക്കെ ഇടയിലാണ് യുവത അറിവ് നേടുന്നത് എന്ന യാഥാർത്ഥ്യം കൂടെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഏതൊരു വിജ്ഞാനവും വിരൽത്തുമ്പിൽ ലഭ്യമായിരിക്കെ, അതെത്രത്തോളം വിശ്വാസ്യയോഗ്യമാണ്, ശാസ്ത്രീയമാണ് എന്ന തിരിച്ചറിവ് ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതുണ്ടാക്കുന്ന അപകടം വളരെ വലുതാണ്.

അൽഗോരിതമിക് ബയസ് (Algorithmic Bias): ഗൂഗിൾ സെർച്ചിൽ നിന്ന് എഐ സെർച്ചിലേക്ക് വിദ്യാർത്ഥി സമൂഹം മാറിയത് വളരെ പെട്ടെന്നായിരുന്നു. എന്നാൽ എഐ ഉത്തരങ്ങൾ എവിടെ നിന്നാണ് വരുന്നത് എന്ന ചോദ്യം പ്രസക്തമാണ്. വലിയ ഡാറ്റ മോഡലുകളിൽ, ഇത്രയും നാളത്തെ ഇന്റർനെറ്റ് വിവരങ്ങളെല്ലാം കൊടുത്ത് ട്രെയിൻ ചെയ്യിച്ച് എടുക്കുന്ന എഐ ടൂളുകളിൽ, അതിന്റെ അൽഗോരിതങ്ങളിൽ ജാതി-മത വിവേചനങ്ങൾ കോഡ് ചെയ്യപ്പെടുന്നത് വലിയൊരു പ്രതിസന്ധിയാണ്. അന്തർവൈജ്ഞാനിക പഠനങ്ങളുടെ (Interdisciplinary studies) അഭാവത്തിൽ, തങ്ങൾ ഉപയോഗിക്കുന്ന പ്ലാറ്റ്ഫോമുകളിലെ വർഗീയ മുൻവിധികൾ തിരിച്ചറിയാൻ വിദ്യാർത്ഥികൾക്ക് കഴിയണമെന്നില്ല. ഇത് അവരെ തീവ്രമായ വിദ്വേഷ രാഷ്ട്രീയത്തിന്റെ ഇരകളാക്കാൻ പര്യാപ്തമാണ്.

വാട്സ്ആപ്പ് യൂണിവേഴ്സിറ്റിയുടെ കടന്നുകയറ്റവും, യാതൊരു വിധ ഫാക്റ്റ് ചെക്കുകളുമില്ലാതെ പുറത്തേക്ക് വരുന്ന ലക്ഷോപലക്ഷം റീലുകളും വിജ്ഞാന സ്രോതസുകളായി മാറുന്നതും പുതിയ കാല യാഥാർഥ്യമാണ്. വായനാശീലത്തിന്റെ കുറവും അക്കാദമിക് പരിശീലനത്തിന്റെ അഭാവവും മൂലം ഇതുവഴി പ്രചരിക്കുന്ന വ്യാജ വിജ്ഞാന നിർമിതികളെ പ്രതിരോധിക്കാൻ വിദ്യാർത്ഥികൾക്കോ, സമൂഹത്തിനോ കഴിയുന്നില്ല. ഈ പ്രതിസന്ധിയെ എങ്ങനെ മറികടക്കാമെന്ന് അക്കാദമിക് ലോകം ഗൗരവകരമായി എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പ്രതിരോധം സാധ്യമോ?

വർഗീയത എപ്പോഴും വൈകാരികതയിലാണ് തഴച്ചുവളരുന്നത്. എന്നാൽ വൈജ്ഞാനിക ലോകം യുക്തിയിലും (Logic) തെളിവുകളിലുമാണ് വിശ്വസിക്കുന്നത്. അന്ധവിശ്വാസങ്ങളെയും അപരവിദ്വേഷത്തെയും വസ്തുതകൾ കൊണ്ട് നേരിടുക എന്നതാണ് വൈജ്ഞാനിക ലോകത്തിന് ചെയ്യാനുള്ളത്.

എന്നാൽ വസ്തുതകളുടെ ക്ഷാമമോ, കൃത്യമായ ഡാറ്റ ലഭ്യമല്ലാത്തത് കൊണ്ടോ അല്ല പലപ്പോഴും ആളുകൾ വർഗീയതയുടെ രാഷ്ട്രീയത്തിന് ഒപ്പം നിൽക്കുന്നത്.



മനുഷ്യർ അവരുടെ നിലപാട് രൂപപ്പെടുത്തുന്നത് സാമൂഹ്യമായാണ്. വ്യക്തിത്വം, വൈകാരികത, നിലനിൽക്കുന്ന ചരിത്രവിവരണങ്ങൾ, അവർ വരുന്ന സോഷ്യൽ ഗ്രൂപ്പിന്റെ പൊതു നിലപാടുകൾ തുടങ്ങി ധാരാളം കാര്യങ്ങൾ ചേർന്നാണ് ഒരു വ്യക്തി നിലപാടിലേക്ക് എത്തുന്നത്.

ഡാൻ കഹാൻ നയിച്ച 'യേൽ കൾച്ചറൽ കോഗ്നിഷൻ പ്രോജക്റ്റിൽ' (Dan Kahan- Yale cultural cognition project) നിന്നുള്ള ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്, വ്യക്തികൾ തെളിവുകളെ ഒരു നിഷ്പക്ഷ നിരീക്ഷകന്റെ കണ്ണിലൂടെയല്ല കാണുന്നത് എന്നാണ്. പകരം, കഹാൻ 'ഐഡന്റിറ്റി-പ്രൊട്ടക്റ്റീവ് കോഗ്നിഷൻ' (Identity-protective cognition) എന്ന് വിളിക്കുന്ന ഒരു പ്രക്രിയയിലൂടെയാണ് വിവരങ്ങൾ വിലയിരുത്തപ്പെടുന്നത്. തങ്ങൾ വിലമതിക്കുന്ന സാമൂഹിക ഗ്രൂപ്പുകൾക്കിടയിലുള്ള പദവി നിലനിർത്താൻ സഹായിക്കുന്ന രീതിയിൽ വിശ്വാസങ്ങളെ രൂപപ്പെടുത്തുന്ന പ്രക്രിയയാണിത്. രാഷ്ട്രീയ നിലപാടുകൾ ധാർമ്മിക സ്വഭാവത്തിന്റെയോ ഒരു ഗ്രൂപ്പിലെ അംഗത്വത്തിന്റെയോ അടയാളമായി മാറുമ്പോൾ, ആ നിലപാടുകൾ തിരുത്തുന്നത് സാമൂഹികമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. അത്തരം സാഹചര്യങ്ങളിൽ, തെളിവുകളെ പ്രതിരോധിക്കുന്നത് ഒരു ബൗദ്ധിക പരാജയമല്ല; മറിച്ച് ഒറ്റപ്പെടൽ, വിശ്വാസ്യത നഷ്ടപ്പെടൽ എന്നിവയിൽ നിന്നുള്ള ഒരു അതിജീവന തന്ത്രമായിട്ടാണ്.

നാമെല്ലാം പലവുരു കേട്ട ഗീബത്സിയൻ തന്ത്രം ഇപ്പോഴും വിജയകരമായി തന്നെ ഒരു ടൂളായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒരു കാര്യം ആവർത്തിച്ചു കേൾക്കുന്നത് അതിന്റെ സത്യസന്ധതയെ ബാധിക്കുമെന്നാണ്. ആവർത്തനത്തിലൂടെ ഉണ്ടാകുന്ന 'കോഗ്നിറ്റീവ് ഫ്ലുവൻസി' (എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന അവസ്ഥ) പല പ്പോഴും വിശ്വാസ്യതയായി തെറ്റിദ്ധരിക്കപ്പെടുന്നു. ആൽഗരിതങ്ങൾ വഴി ദൃശ്യപരതയ്ക്ക് മുൻഗണന നൽകുന്ന ഇന്നത്തെ മാധ്യമ അന്തരീക്ഷത്തിൽ, വസ്തുതാ പരിശോധനയേക്കാൾ പ്രചാരത്തിലൂടെയാണ് വിശ്വാസ്യത നിർമ്മിക്കപ്പെടുന്നത്. ആവർത്തിച്ച് കേൾക്കുന്ന കാര്യങ്ങൾ പരിശോധിക്കപ്പെട്ടതുകൊണ്ടല്ല, മറിച്ച് അത് നമ്മളിലേക്ക് ആഴ്ന്നിറങ്ങിയതുകൊണ്ട് സ്വയം വ്യക്തമായ സത്യങ്ങളായി തോന്നാൻ തുടങ്ങുന്നു.



വ്യക്തികൾ ഒറ്റപ്പെട്ട ദ്വീപുകൾ അല്ലാത്തത് കൊണ്ടുതന്നെ, കേവലം വസ്തുതകൾ നിരത്തിക്കൊണ്ട്, യുക്തികൾ മാത്രം വെച്ച് മാറ്റം ഉണ്ടാക്കുക അസാധ്യമാണ് എന്നാണ് മനസിലാക്കേണ്ടത്. തെളിവുകൾ/യുക്തികൾ നേരിടുന്നത് ഒരു വ്യക്തിയെ മാത്രമല്ല, ആ വ്യക്തി ഉൾപ്പെടുന്ന വലിയൊരു സാമൂഹിക വ്യവസ്ഥയെയാണ്. കേവലം 'വിവരങ്ങൾ എത്തിക്കുന്നതിന്' പകരം ആ വ്യക്തിയുടെ ജീവിത സാഹചര്യങ്ങളുമായി സംവദിക്കാൻ (Engagement with meaning-making) സാധിക്കണം. അവരുടെ ആശങ്കകളെയും ഭയത്തെയും അഭിസംബോധന ചെയ്യാതെ വിവരങ്ങൾ മാത്രം നൽകുന്നത് ഫലപ്രദമായ ഒരു രീതിയല്ല. സംവാദം ജയിക്കുക എന്ന തരത്തിലുള്ള യുദ്ധങ്ങളെക്കാൾ, മനുഷ്യരുടെ ബോധ്യങ്ങൾ എവിടെ നിന്ന് വരുന്നു എന്ന് മനസ്സിലാക്കുകയും, അവരുടെ അന്തസ്സിനെ മുറിപ്പെടുത്താതെ പുതിയ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്താൽ മാത്രമേ മാറ്റം സാധ്യമാകൂ.

പ്രായോഗിക പാഠങ്ങൾ

ശാസ്ത്രബോധം (Scientific Temper)

ഭരണഘടന വിഭാവനം ചെയ്യുന്ന ശാസ്ത്രബോധം വളർത്തിയെടുക്കുക എന്നതിനേക്കാൾ വലിയ

പ്രതിരോധ പ്രവർത്തനം വേറെയില്ല. പ്രകൃതി പ്രതിഭാസങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നത് പോലെ തന്നെ സാമൂഹിക സാംസ്കാരിക വിഷയങ്ങളിലും ശാസ്ത്രീയ വിശകലനം ചെയ്യുന്ന ഒരു രീതി വളർത്തിയെടുക്കുക. സയൻസ് പഠിക്കുന്ന വിദ്യാർത്ഥികൾ രാഷ്ട്രീയ വിഷയങ്ങളിൽ അജ്ഞരായിരിക്കുന്ന സ്ഥിതി വിശേഷം പലപ്പോഴും കാണാറുണ്ട്.

സാംസ്കാരിക വിനിമയം (Cultural Synthesis)

ഇടുങ്ങിയ ദേശീയ ചിന്തകളിൽ നിന്ന് മാറി (jingoism) വിശാല സാർവ്വദേശീയത ആശയങ്ങൾ പ്രചരിപ്പിക്കുക, ലോകമെമ്പാടുമുള്ള ചിന്തകരുടെയും ദാർശനികരുടെയും ആശയങ്ങൾ ചർച്ച ചെയ്യുക, ഉൾക്കൊള്ളുക തുടങ്ങിയവയെല്ലാം വിശാലത സൃഷ്ടിക്കും..

ബഹുസ്വരതയുടെ സൗന്ദര്യശാസ്ത്രം (Aesthetics of Pluralism)

വൈജ്ഞാനിക ലോകം എപ്പോഴും ലോകത്തെ ഒരു വൈവിധ്യങ്ങളുടെ കലവറയായാണ് കാണുന്നത്. വ്യത്യസ്ത മതങ്ങൾ, ഭാഷകൾ, ആചാരങ്ങൾ എന്നിവയെ ഭയത്തോടെയല്ല, മറിച്ച് പഠന കൗതുകത്തോടെ സമീപിക്കാൻ വൈജ്ഞാനിക ലോകം പ്രേരിപ്പിക്കേണ്ടതുണ്ട്. "നാനാത്വത്തിൽ ഏകത്വം" എന്നത് കേവലം മുദ്രാവാക്യമായല്ല, , അതൊരു ലോകവീക്ഷണമായി തന്നെ അവതരിപ്പിക്കേണ്ടതുണ്ട്.

യഥാർത്ഥ പ്രശ്നങ്ങളിലേക്ക് തിരിയൽ (Focus on Real Issues)

വർഗീയത മനുഷ്യനെ പിന്നോട്ട് നയിക്കുമ്പോൾ, വൈജ്ഞാനിക ലോകം മുന്നോട്ട് നയിക്കണം. തൊഴിലില്ലായ്മ, പട്ടിണി, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് വർഗീയതയുടെ രാഷ്ട്രീയം ശ്രമിക്കുന്നത്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായി ചിന്തിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത് വർഗീയ അജണ്ടകളെ തകർക്കുമെന്നതിൽ തർക്കമില്ല.

വിമർശനാത്മക മാധ്യമ സാക്ഷരത (Critical Media Literacy)

വർഗീയതയെ ചെറുക്കുന്നതിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു നീക്കമായിരിക്കുമിത്. നിത്യേന വരുന്ന ലക്ഷോപലക്ഷം വാർത്തകളിൽ, ഫോർവേഡ് മെസേജുകളിൽ നിന്ന് എങ്ങനെ യാഥാർഥ്യം തിരിച്ചറിയാം എന്ന തിരിച്ചറിവ് സൃഷ്ടിക്കൽ. ഒരു പ്രത്യേക വിഭാഗത്തെ മോശക്കാരായി ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന ഭാഷയെയും ബിംബങ്ങളെയും തിരിച്ചറിയാൻ, രാഷ്ട്രീയ ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെടുന്ന വ്യാജ വാർത്തകളെ തിരിച്ചറിയാൻ വിദ്യാർഥികളെ പ്രാപ്തരാക്കേണ്ടത് അത്യാവശ്യമാണ്.

നവോത്ഥാന മൂല്യങ്ങളുടെ തുടർച്ച (Continuity of Renaissance Values)

കേരളത്തിന്റെ നവോത്ഥാന ചരിത്രം വർഗീയതയ്ക്ക് എതിരായ വൈജ്ഞാനിക പോരാട്ടമായിരുന്നു. ശ്രീനാരായണ ഗുരുവിനെപ്പോലുള്ളവർ വിദ്യ കൊണ്ട് പ്രബുദ്ധരാകാൻ പറഞ്ഞത് അറിവ് വിമോചനത്തിനുള്ള ആയുധമായതുകൊണ്ടാണ്. ആ നവോത്ഥാന മൂല്യങ്ങളെ വർത്തമാനകാല സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുക എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്.

അക്കാദമിക് കൂട്ടായ്മകൾ

ലോകമെമ്പാടുമുള്ള സർവ്വകലാശാലകളും സാംസ്കാരിക കേന്ദ്രങ്ങളും ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങളുടെ കേന്ദ്രങ്ങളാണ്. ചിന്തിക്കുന്ന മനുഷ്യർ ഒന്നിക്കുമ്പോൾ അവിടെ വിദ്വേഷത്തിന് സ്ഥാനമില്ലാതാകുന്നു. 'അക്കാദമിക് ഫ്രീഡം' എന്നത് വർഗീയതയ്ക്കെതിരെയുള്ള ഒരു രാഷ്ട്രീയ പ്രവർത്തനം കൂടിയാണ്. സാമാന്യ രാഷ്ട്രീയ വിയോജിപ്പുകൾ ഉണ്ടായിരിക്കെ തന്നെ, വിശാല അടിസ്ഥാനത്തിൽ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തുകയും, സംവാദത്തിന്റെയും ചർച്ചകളുടെയും സ്പേസ് സൃഷ്ടിക്കുകയും, വർഗീയതയ്ക്ക് എതിരെ ഒരുമിച്ച് നിൽക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പ്രത്യയശാസ്ത്രപരമായ പിടിവാശികളേക്കാൾ വസ്തുനിഷ്ഠമായ സത്യത്തിന് (Verifiable Truth) വില കൽപ്പിക്കുന്ന ഒരു 'വൈജ്ഞാനിക സമൂഹത്തിനായി നാം പരിശ്രമിക്കണം. അക്കാദമിക് ലോകത്തിന്റെ നിശബ്ദത വർഗീയതയ്ക്കുള്ള വളമാകുമെന്ന മുന്നറിയിപ്പ് നാം ഗൗരവമായി കാണണം. അറിവിലൂടെയുള്ള പ്രതിരോധം സാധ്യമാണെന്ന ഉറപ്പോടെ മാത്രമേ നമുക്ക് ഇന്ത്യയുടെ ബഹുസ്വരതയെ സംരക്ഷിക്കാൻ സാധിക്കൂ. അറിവ് കേവലം വിവരശേഖരണമല്ല, മറിച്ച് അനീതിക്കെതിരായ നിരന്തരമായ പോരാട്ടമാണ്.

വർഗീയതയുടെ വേരുകൾ അറുത്തുമാറ്റുക എന്നത് അസാധ്യമായ കാര്യമല്ല. അക്കാദമിക് വിദഗ്ധർ യുക്തിസഹവും വസ്തുതാപരവുമായ അന്വേഷണങ്ങളിലൂടെ സമൂഹത്തെ നയിച്ചാൽ, വക്രീകരിക്കപ്പെട്ട ചരിത്രത്തിന് മുകളിൽ സത്യം വിജയിക്കുക തന്നെ ചെയ്യും. 'നാനാത്വത്തിൽ ഏകത്വം' എന്ന ഇന്ത്യയുടെ അടിസ്ഥാന മൂല്യത്തെ മുറുകെപ്പിടിക്കാനും, സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളെ യുക്തിചിന്ത കൊണ്ട് പ്രതിരോധിക്കാനും നമുക്ക് കഴിയണം. അറിവിനെ മാനവികതയുടെ ആയുധമാക്കി മാറ്റുന്നതിലൂടെ ഭാവി തലമുറയ്ക്ക് വിദ്വേഷമില്ലാത്ത ഒരു ഇന്ത്യയെ കൈമാറാം എന്ന പ്രത്യാശയോടെ നമുക്ക് മുന്നേറാം. ■

റഫറൻസ്

Bipan Chandra, Communalism In Modern India, New Delhi, HAR-ANAND Publication, Everest Press, 2008(third revised edition), pp. 15-72

A.R. Desai, Caste And Communal Violence In Independence India, Bombay, C.G. Shah Memorial Trust,1985, pp. 42-43

Paul Brass, The Production of Hindu-Muslim Violence in Contemporary India, University of Washington Press, 2004

പത്മനാഭൻ കാവുമ്പായി
പയ്യന്നൂർ കോളേജ്, പയ്യന്നൂർ

കഥ
അധ്യാപക
വിഭാഗം
(ഒന്നാം
സ്ഥാനം)

തലക്കാവേരി ലിഖിതം

കഴിഞ്ഞ വർഷം ഡിസംബർ മുഷ്ടത്തിയൊന്നിനായിരുന്നു ശങ്കരൻ മാഷിന് ആ ഫോൺ കോൾ വന്നത്."ഹലോ, ഡോക്ടർ ശങ്കർ ജി... ആപ് ഹേ നാ? Can yon hear me?" മറുതലയ്ക്കൽ മുറിഞ്ഞ ഹിന്ദിയും ഇംഗ്ലീഷും കലർന്ന ശബ്ദം.

അടുപ്പമുള്ളവരായാൽ പോലും തന്റെ പേരിനൊപ്പം 'ജി' ചേർത്ത് വിളിക്കുന്നത് ശങ്കരൻമാഷിന് പണ്ടേ അലർജിയാണ്. എങ്കിലും അങ്ങേ തലയ്ക്കലുള്ളയാളുടെ ഗൗരവമുള്ള ശബ്ദം കേട്ടപ്പോൾ ആ സംഭാഷണം തുടരാനും തോന്നി. പക്ഷെ, തന്റെ സ്ഫുടമായ ഇംഗ്ലീഷ് ,ഹിന്ദി പ്രയോഗം വേണ്ടത്ര മനസ്സിലാക്കാൻ വിളിച്ചയാൾക്കു കഴിയാഞ്ഞതിൽ തെല്ല് നിരാശ ഫോൺ വച്ചപ്പോൾ മാഷിന്റെ മുഖത്തു നിഴലിച്ചത് ഭാര്യ പാർവ്വതി ടീച്ചർ കാണുന്നുണ്ടായിരുന്നു. അത് സൂചിപ്പിക്കാതെ അവർ ചോദിച്ചു.

"എന്താ മാഷേ, ഒരു ഹിന്ദി കോള്? ജെ എൻ യു വിൽ വൈസ് ചാൻസലർ ആകാനാണോ? വിളിച്ചത് പി എം ശ്രീ ആണോ?"

പതിവിൽ നിന്നു വ്യത്യസ്തമായി ആ കളിയാക്കൽ ശങ്കരൻമാഷിനു നല്ലോണം രസിച്ചു. നല്ലൊരു പുഞ്ചിരിയോടെ മാഷ് പറഞ്ഞു.

"പാർവ്വതി ടീച്ചറേ, അത്രയങ്ങ് പുച്ഛിക്കേണ്ട. കമ്മ്യൂണിസ്റ്റ് അക്കാദമീഷ്യൻമാരെ രാജ്യത്തിന് വേണ്ടി വരുന്ന ഒരു കാലം വന്നിരിക്കുന്നു. "

തുടർന്ന് തന്നെ വിളിച്ചത് ഉത്തരേന്ത്യയിലെ ഏറ്റവും വലിയ പബ്ലിക് യൂണിവേഴ്സിറ്റിയുടെ ഇൻഡോളജി സ്പെഷ്യൽ റിസർച്ച് ഡിപ്പാർട്ട്മെന്റിൽ നിന്നാണ് എന്നും വിഷയം അത്ര ലളിതമല്ല എന്നും മാഷ് വെളിപ്പെടുത്തി.

"ഇൻഡോളജിയിൽ പുതിയൊരു ഗവേഷണത്തിന് മാഷിന് ഒരു പ്രത്യേക ഫെല്ലോഷിപ്പ് അനുവദിച്ചിരിക്കുന്നു. 10 ലക്ഷം രൂപയുടെ പ്രൊജക്ടാണ്.

ജനുവരി 30, മോർണിംഗ് 11 ഓ ക്ലോക്ക്. സബ്മിറ്റ് യുവർ അബ്സ്ട്രാക്റ്റ് ആൻഡ് ബയോ ഡാറ്റ ഇൻ ഡൽഹി," പറഞ്ഞയാളുടെ ഭാഷ ശരിയല്ലെങ്കിലും കാര്യം ശങ്കരൻ മാഷിനു വ്യക്തമായിരുന്നു.

ഈ മേഖലയിൽ മാഷ് മുൻപ് തയ്യാറാക്കിയ ചില പ്രബന്ധങ്ങൾ അവർ ശ്രദ്ധിച്ചിരുന്നത്രെ. തലക്കാവേരി ലിഖിതത്തിന്റെ വായന അന്നുണ്ടാക്കിയ രാഷ്ട്രീയ വിവാദങ്ങൾ ചൂണ്ടിക്കാണിച്ച് ഭീഷ്മാചാര്യ സർവ്വകലാശാലയുടെ വി സി യുടെ ഒരു ശുപാർശയും ഉണ്ടായി എന്ന അറിവും മാഷിൽ തെല്ലൊന്നുമല്ല അഭിമാനം ഉണ്ടാക്കിയത്.

നേരത്തെ തീരുമാനിച്ചതുപ്രകാരം ജനുവരി 30 ന് രണ്ടാമതൊരു ലിഖിതത്തിന്റെ വായനയ്ക്കായി തലക്കാവേരിക്കാടു കേറുന്നതിന് നിശ്ചയിച്ച ദിനമായിരുന്നു. ആ ദൗത്യം ഫെബ്രുവരി രണ്ടിലേക്ക് മാറ്റിവയ്ക്കാമെന്നും അന്ന് രാവിലെ തന്നെ കൂട്ടാൻ കാറുമായി വന്നാൽ മതി എന്നും മാതൃഭൂമി ലേഖകൻ ഹരികുമാറിനും തന്റെ സഹചാരി



കളായി എത്താറുള്ള ചില ശിഷ്യർക്കും ശങ്കരൻമാഷ് സന്ദേശമയച്ചു..

മുൻപൊരിക്കൽ ഡൽഹി യാത്രയ്ക്കായി വാങ്ങിയ പാന്റ് ഷെൽഫിൽ നിന്നും പരതിയെടുത്ത് നിവർത്തുമ്പോൾ മാഷിനു നേരിയ ഒരു ചിരി പൊട്ടി. അത് മറ്റൊന്നു കൊണ്ടുമായിരുന്നില്ല, പഴയ സഹപ്രവർത്തകനും എതിർപക്ഷ സംഘടനയുടെ സംസ്ഥാന നേതാവുമായിരുന്ന സി എച്ച് ദേവാനന്ദൻ ഇടക്കിടെ പറയും.

"ശങ്കരൻമാഷേ, ഒരു ഹിസ്റ്ററിക്കാരനായ സഖാവിന്റെ കയ്യിൽ സംസ്കൃതവും ഹിന്ദിയും ഇംഗ്ലീഷും ഭദ്രമല്ലേ. ആ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഇപ്പോൾ ഒരു ഉപരാഷ്ട്രപതിയെങ്കിലും ആയേനെ. മാഷിനറിയോ ഡൽഹിയിൽ ചെന്ന് രണ്ട് ശ്ലോകം അങ്ങ് സംസ്കൃത

ത്തിൽ പൊട്ടിച്ചാൽ മിനിമം ഒരു ഗവർണരെങ്കിലും ഉറപ്പാ, മാഷേ.. ഞാനൊരു സ്വകാര്യം പറയാം. ഈ ഇടതുമർക്കടമുഷ്ടി ഒന്നയച്ചാൽ കാര്യമെല്ലാം ശുഭം. പിന്നെ ആ വഴി ഞാനും വരാം. അല്ലാതെ ഇങ്ങനെ മുറുക്കാന് പോലും തികയാത്ത ഈ പഴയ പെൻഷനുംപറ്റി ഒന്നും വല്ലാതെ നടക്കണോ നമ്മളെപ്പോലുള്ളവർ?

ദേവാനന്ദൻ മാഷിന്റെ ഈ വക വർത്തമാനം ഓരോ തവണ കേൾക്കുമ്പോഴും, താൻ തന്നെ അലക്കി തേച്ചുടുത്ത ഖദർമുണ്ടിന്റെ കര ഇടതു കയ്യിൽ ഉയർത്തിപിടിച്ച് ശങ്കരൻമാഷ് തലയുയർത്തി പറയും.

"നല്ലോണം മുറുക്കി ഉടുത്ത് വളർന്നതല്ലേ സി എച്ചേ നമ്മുടെയൊക്കെ ചെറുപ്പം. ഇനിയാ മുറുക്കം അയക്കണ്ട. അന്നൊന്നും വേണ്ടാത്തത് ഇനി ഈ എഴുപത്തിയെട്ടാം വയസ്സിൽ വേണോ? വെറുതെയല്ല തന്റെ കോൺഗ്രസ് ഇങ്ങനെയായത്.

അപ്പോഴേക്കും പാർവ്വതി ടീച്ചർ ചായയുമായി വന്നു. ശങ്കരൻ മാഷ് പതിയെ തന്റെ വായനാമുറിയിലെ റഫറൻസ് വിഭാഗത്തിനടുത്തെത്തിയിരുന്നു. മാഷിന്റെ ഉള്ളിന്റെയുള്ളിലെ ആ ഗവേഷകന്റെ കൗതുകം അപ്പോഴേക്കും ഉണർന്നു കഴിഞ്ഞിരുന്നത് പാർവ്വതി ടീച്ചർ കണ്ടു. പുതിയകാല രാഷ്ട്രീയം മണക്കുന്ന ഡൽഹി വിളിയെ കുറിച്ച് ഏറെക്കുറെ ധാരണയുണ്ടെങ്കിലും അവർക്കതിൽ ഒട്ടും അത്ഭുതം തോന്നിയില്ല. റിട്ടയർമെന്റിന് ശേഷമുള്ള ശങ്കരൻ മാഷിന്റെ ജീവിതം ആ പുസ്തകങ്ങൾക്കിടയിലായിരുന്നു. പയ്യന്നൂരിലെ വലിയ

തറവാടിന്റെ മുകൾനിലയിലുള്ള ലൈബ്രറിയെ അങ്ങനെ തന്നെ ഇങ്ങോട്ടു മുറിച്ചു വച്ചതുപോലാണ്. ഷെൽഫിന്റെ സ്ഥലമോ ബുക്കിന്റെ സ്ഥാനമോ തെറ്റരുത് എന്ന് മാഷിനന്ന് നിർബന്ധമായിരുന്നു. പുകയുന്ന സിഗരറ്റും ചായക്കപ്പും ചരിത്രരേഖകളും കൂട്ടിനുണ്ടെങ്കിൽ മാഷ് പിന്നെ ലോകം മറക്കും. അദ്ദേഹത്തിന്റെ കണ്ണുകളിലെ ഗവേഷണതീക്ഷ്ണത അന്നത്തെ അതേ ആവേശത്തിൽ പാർവ്വതി ടീച്ചർ കണ്ടു.

പയ്യന്നൂർ കോളേജിൽ ശങ്കരൻമാഷ് പഠിപ്പിച്ച കാലം ഒരു സുവർണ്ണ കാലം പോലെ അലുമ്നിക്കാരും ചരിത്രവിദ്യാർത്ഥികളും ഓർത്തെടുക്കാറുണ്ട്. ക്ലാസ് റൂമിലെ വെറുമൊരു അധ്യാപകനായിരുന്നില്ല അദ്ദേഹം. റൊമീല ഥാപ്പറും ഇർഫാൻ ഹബീബും എന്നു വേണ്ട ലോകം വണങ്ങുന്ന നിരവധി ചരിത്രപണ്ഡിതർ മാഷിന്റെ ക്ലാസിലെ നിത്യസാന്നിധ്യമായിരുന്നു. വൈകുന്നേരങ്ങളിൽ പാർട്ടിയുടെ സാംസ്കാരിക വേദികളിൽ സിദ്ധാന്തങ്ങൾ ഉരുക്കഴിക്കുന്ന, വിട്ടുവീഴ്ചയില്ലാത്ത ഒരു ഇടതുപക്ഷ ബുദ്ധിജീവി കൂടിയായിരുന്നു പ്രൊഫസർ സി.ആർ. ശങ്കരൻ. മുമ്പൊരിക്കൽ ലൈബ്രറിയിൽ നിന്നിറങ്ങിയ പാർവ്വതിടീച്ചർ തമാശയെന്നോണം പറഞ്ഞു. " ഇ എം ശങ്കരൻ സി ആർ ശങ്കരനയച്ച കത്തുകൾ എന്ന് ഒരു പുസ്തകത്തിന് സ്കോപ്പുണ്ടല്ലോ മാഷേ."

"തെറ്റൊന്നുമില്ലതിൽ" തന്റെ വട്ടക്കണ്ണട കഴുത്തിൽ തൂക്കിയിടാനുള്ള നൂല് നിവർത്തിക്കൊണ്ട് മാഷ് ആ കമന്റിനെ ശരിവയ്ക്കുകയായിരുന്നു അന്ന് ചെയ്തത്.

78 ആയെങ്കിലും തനിയെ പോകാൻ ആ പ്രായം അനുവദിക്കാത്തതുകൊണ്ടല്ല, മറിച്ച് തന്റെ ആശയങ്ങൾ പങ്കുവെക്കാൻ ഒരാൾ കൂടെ വേണമെന്ന നിർബന്ധത്തിലാണ് പ്രിയ ശിഷ്യൻ വിനയനെ മാഷ് കൂടെക്കൂട്ടിയത്. തന്റെ ഡിഗ്രിപഠന കാലത്ത് ഇഷ്ടപ്പെട്ട മാഷിനൊപ്പം കൂടിയയാളാണ് വിനയൻ. "പുത്രസൗഭാഗ്യമില്ലാതിരുന്ന പാർവതീശങ്കരദാമ്പത്യത്തിന് കിട്ടിയ ഒരനുഗ്രഹമാണ് നീ" എന്നാണ് പാർവ്വതി ടീച്ചർ വിനയനെ ഇടക്കിടെ ഓർമ്മിപ്പിക്കാറുള്ളത്.

"വിനയാ, നീയീ വട്ടെഴുത്ത് ലിപികളെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ?" വിമാനത്തിന്റെ ജനാലയ്ക്കൽ മേഘപാളികളെ നോക്കിക്കൊണ്ട് ശങ്കരൻമാഷ് ചോദിച്ചു.

"മാഷ് പഴയ ശിലാശാസനങ്ങളെക്കുറിച്ചാണോ പറയുന്നത്?" വിനയൻ സംശയത്തോടെ ചോദിച്ചു.

"അല്ല വിനയാ, അതൊരു കേവല ലിപിയല്ല. കേരളത്തിന്റെ ആത്മാവ് കൊത്തിവെച്ച അടയാളമാണത്. എട്ടാം നൂറ്റാണ്ട് മുതൽ പതിനഞ്ചാം നൂറ്റാണ്ട് വരെ ഇവിടെ നിലനിന്നിരുന്ന വട്ടെഴുത്ത്, ബ്രാഹ്മി ലിപിയിൽ നിന്ന് പരിണമിച്ചതാണ്. പക്ഷേ, പിൽക്കാലത്ത് നമ്പൂതിരിമാരും മറ്റും ചേർന്ന് ആര്യ എഴുത്ത് കൊണ്ടുവന്നതോടെ നമ്മൾ നമ്മുടെ തനത് ലിപിയെ മായ്ച്ചുതുടങ്ങി."

മാഷ് ആവേശത്തിലായി. കരുതലോടെ എടുത്തുവെച്ച ചില കുറിപ്പുകൾ തന്റെ ബാഗിൽ നിന്നും എടുത്ത് അദ്ദേഹം വിനയന് കാണിച്ചുകൊടുത്തു.

"നോക്കൂ, ഈ അക്ഷരങ്ങളുടെ വടിവ് കണ്ടോ? വട്ടം വരയ്ക്കുന്നതുപോലെ തോന്നും, പക്ഷേ ഓരോ വളവിനും ഓരോ അർത്ഥമുണ്ട്. തമിഴ് ലിപിയോട് സാമ്യമുള്ളതുകൊണ്ട് പലരും ഇതിനെ തമിഴാണെന്ന് തെറ്റിദ്ധരിക്കും. പക്ഷേ, ഇത് നമ്മുടെ മലനാടിന്റെ സ്വന്തം സ്ക്രിപ്റ്റാണ്. എന്റെ ഈ പുതിയ പ്രൊജക്ട് കൊണ്ട് എനിക്ക് തെളിയിക്കേണ്ടത്, നമ്മൾ സംസ്കൃത വൽക്കരിക്കപ്പെടുന്നതിന് മുൻപ് എങ്ങനെ ചിന്തിച്ചിരുന്നു എന്നാണ്. എഴുതപ്പെട്ട ചരിത്രം വിജയികളുടേതാണ് വിനയാ, പക്ഷേ സത്യം തോറ്റവന്റെ ലിപികളിലാണ് ഒളിഞ്ഞുകിടക്കുന്നത്."

വിനയൻ മാഷിനെത്തന്നെ നോക്കിയിരുന്നു. എഴുപതെട്ടാം വയസ്സിലും ഒരു ചെറുപ്പക്കാരന്റെ വീര്യത്തോടെ അക്ഷരങ്ങളെക്കുറിച്ച് സംസാരിക്കുന്ന തന്റെ പ്രിയപ്പെട്ട മാഷ്, ശരിയായ ഒരു ഗുരുനാഥൻ! "ഗുരു ശിഷ്യന്മാർ പണ്ടേ ഒരു വീട്ടുകാർ" മാഷ് തന്റെ പ്രിയപ്പെട്ട ശിഷ്യരോട് എപ്പോഴും പറയാറുള്ള വൈലോപ്പിള്ളി കവിതാ ശകലം വിനയനോർത്തു. അപ്പോഴേക്കും വിമാനം ഡൽഹിയുടെ ആകാശത്തിലേക്ക് പ്രവേശിച്ചിരുന്നു. മാഷ് തന്റെ അബ്സ്ട്രാക്റ്റിലെ അവസാന വരികൾ ഒരിക്കൽ കൂടി തിരുത്തി എഴുതുന്നത് വിനയൻ ശ്രദ്ധിച്ചു.


ഇറങ്ങി നടക്കുമ്പോൾ ഡൽഹിയിലെ കൊടുംതണുപ്പ് ശങ്കരൻമാഷിന്റെ അസ്ഥികളിലേക്ക് തുളച്ചുകയറി. പുകമഞ്ഞ് പുതച്ചുകിടക്കുന്ന നഗരം. ടാക്സിയിൽ നിന്നും ഇറങ്ങുമ്പോൾ കണ്ട സർവ്വകലാശാലയുടെ കവാടം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ആകാശം മുട്ടെ നിൽക്കുന്ന കൂറ്റൻ ഗേറ്റുകൾ, വശങ്ങളിൽ കരിങ്കല്ലിൽ കൊത്തിയെടുത്ത ശില്പങ്ങൾ. അരികിൽ വേരുകൾ ഞാത്തിയ വലിയ ആൽമരങ്ങൾ.

"മാഷേ, ഇതാണ് നമ്മുടെ പുതിയ സ്ഥലം," വിനയൻ പറഞ്ഞു.

തന്റെ ജീവിതകാലം മുഴുവൻ സ്വരുക്കൂട്ടിയ അറിവിന്റെ അബ്സ്ട്രാക്റ്റും ബയോഡാറ്റയും കയ്യിൽ പിടിച്ചു കൊണ്ട് ശങ്കരൻ മാഷ് ചുറ്റിലും നോക്കി. അദ്ദേഹത്തിന് അതൊരു യൂണിവേഴ്സിറ്റിയായിട്ടല്ല, മറിച്ച് താൻ ഇത്രയും കാലം തിരഞ്ഞിട്ടും കാണാത്ത ചരിത്രത്തിലെ ഒരു പുതിയ വാതിലായിട്ടാണ് തോന്നിയത്. സെക്യൂരിറ്റി ഗേറ്റിൽ തന്റെ തിരിച്ചറിയൽ രേഖകൾ കാണിക്കുമ്പോൾ അസ്വസ്ഥതയുടെ ഒരു ചൂടുകാറ്റ് മാഷിന്റെ ഉള്ളിലൂടെ ഉരഞ്ഞുരഞ്ഞുപോയി.

താൻ ഒരു ഇടതുപക്ഷക്കാരനാണ്, വിട്ടുവീഴ്ചയില്ലാത്ത സൈദ്ധാന്തികനാണ്. ഇവിടുത്തെ ഈ വിധ ഗമകളൊക്കെ തന്റെ ആശയങ്ങളുമായി ഒത്തുപോകുമോ? അതോ തന്റെ അറിവിനെ അവർ വല്ല രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും ഉപയോഗിക്കുമോ? മാഷ് ഒരു നിമിഷം നിന്നു.

"വരൂ മാഷേ, സമയം പതിനൊന്ന് ആകുന്നു," വിനയൻ ഓർമ്മിപ്പിച്ചു.



അടുത്ത കരിങ്കല്ലു പോലെ തോന്നിക്കുന്ന ഗേറ്റ് കടന്ന് ഉള്ളിലേക്ക് നടക്കുമ്പോൾ, മുന്നിൽ വലിയൊരു കെട്ടിടത്തിന് മുകളിൽ ഇൻഡോളജി ഡിഷാർട്ട്മെന്റിന്റെ ബോർഡ് തെളിഞ്ഞു കണ്ടു. മലബാറിലെ ആ പഴയ ക്ലാസ് റൂമുകളിൽ നിന്നും ഡൽഹിയുടെ ഈ വിജ്ഞാന ഗോപുരത്തിലേക്കുള്ള ദൂരം വെറുമൊരു യാത്രയായല്ല, താനും തന്റെ തലമുറയും പിന്നിട്ട സമരപഥമായാണ് അപ്പോൾ ശങ്കരൻമാഷിന് തോന്നിയത്.

കറുത്ത പ്രതലത്തിൽ വളരെ വലുതായി കൊത്തി വെളുത്ത പെയിന്റിട്ട ആനയുടെ രൂപമുള്ള മരവാതിലുകൾ ശങ്കരൻ മാഷിനു മുന്നിൽ മലർക്കെ തുറന്നു . ഒരുമിച്ചു കയറാൻ ശ്രമിച്ചെങ്കിലും പാറാവുകാരൻ വിനയനെ തടഞ്ഞു. നിങ്ങൾ ആരാണ് എന്നാണ് ഹിന്ദിയിൽ ചോദിച്ചതെങ്കിലും പുരാണങ്ങളിലെ പോലെ "ആരവിടെ "എന്നാണ് പെട്ടെന്ന് കേട്ടതായി വിനയന് തോന്നിയത്. ആ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാക്കിയ വിനയൻ പിന്തിരിഞ്ഞ് നടന്ന് കാണികൾക്കെന്നോണം ഒരരികിൽ ഇട്ടിരുന്ന കസേരയിൽ ചെന്ന് ഇരിക്കുകയും ചെയ്തു.

ശങ്കരൻമാഷ് ആ വിശാലമായ മുറിയുടെ നടുത്തളത്തിലേക്ക് പ്രവേശിച്ചു. തണുഷകറ്റാൻ വലിയ രണ്ട് ഹീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുറിക്കുള്ളിലെ അന്തരീക്ഷത്തിൽ ഒരു വല്ലാത്ത മരവിപ്പായിരുന്നു മാഷിന് അനുഭവപ്പെട്ടത്.

നടുത്തളത്തിൽ വളരെ പഴക്കം ചെന്നതെന്ന് തോന്നിഷിക്കുന്ന വലിയ ഒരു വട്ടമേശ. ആ മേശയ്ക്ക് പിന്നിൽ മൂന്ന് പേർ. നടുവിൽ കാഷായ വസ്ത്രധാരിയായ ഒരാൾ. ഒറ്റനോട്ടത്തിൽ അയാളെ ശ്രീ ശ്രീ ഹരിശങ്കറിനെ പോലെ ശങ്കരൻ മാഷിനു തോന്നി. വലതുവശത്ത് സഫാരി സ്യൂട്ടിന്റെ ഗമയിൽ ഒരാൾ. മുഖത്തു നോക്കിയപ്പോഴേക്കും നല്ലൊരു ചിരിയോടെ അയാൾ പറഞ്ഞു. "നമസ്ക്കാരം, ശങ്കരൻ സാർ, ഞാനും ഒരു മലയാളി ആണ്. അങ്ങു കേട്ടുകാണും ഹോം മിനിസ്റ്ററുടെ പി.എസ്. അഡ്വക്കേറ്റ് ബാഹുലേയചന്ദ്രൻ തിരുമുൽപ്പാട്, ഡല്ലിയിൽ 30 വർഷമായി. ഇത് പ്രൊഫസർ. അംഗദാനന്ദപ്രഭു ഇന്ത്യയിലെ ഏറ്റവും വലിയ സംസ്കൃത പണ്ഡിതനാണ്. പി എസ് തൊഴുതു.ഇടതുവശത്ത് പ്രായം ചെന്ന ഒരാൾ കൂടി പുഞ്ചിരി തൂകി.

"ഗുഡ് മോർണിങ് എവരിബഡി,

“ശങ്കരൻ മാഷ് അയാൾക്കു നേരെ ഷെയ്ക് ഹാൻഡിനായി കൈനീട്ടി.

"നമസ്കാരം ഡോക്ടർ ശങ്കർ ജി," മൂന്നു പേരും എഴുന്നേറ്റു നിന്ന് വിനയപുരസ്സരം കൈകൂപ്പി. പി എസ്സാണ് തുടങ്ങി വച്ചത്."കേരളത്തിലെ വൈജ്ഞാനിക പരിസരത്തെ ഒരു കുലപതിയെ ഇവിടെ കിട്ടിയതിൽ ഞങ്ങൾക്ക് വലിയ സന്തോഷമുണ്ട്. ഇരിക്കൂ മാഷേ.

മാഷ് ശാന്തനായി ഇരുന്നു. തന്റെ ഫയലുകൾ മേശപ്പുറത്ത് വെച്ചു.

ഇതൊരഭിമുഖമായൊന്നും കരുതണ്ട. ജസ്റ്റ് ഫ്രണ്ട്ലി ടോക്ക്, ഒരു സൗഹൃദഭാഷണം മാത്രം. നമുക്കെല്ലാവർക്കും ഗുണമുള്ളത്. "വളരെ പതിഞ്ഞ സ്വരത്തിലാണ് അയാൾ തുടങ്ങിയതെങ്കിലും പതിയെ ശബ്ദത്തിന് കട്ടി കൂടുന്നുണ്ടായിരുന്നു.

"മാഷിന്റെ വട്ടെഴുത്ത് പഠനങ്ങൾ ചരിത്രത്തിലെ ഒരു വലിയ വിടവ് നികത്തുന്നതാണ്. മാഷിന്റെ ഭൗതികവാദപരമായ ആ കാഴ്ചപ്പാടിനെ ഞങ്ങൾ ബഹുമാനിക്കുന്നു. പക്ഷെ,സത്യമല്ലേ ചരിത്രത്തിന്റെ അടിസ്ഥാനം?"

"സത്യം മാത്രമല്ല, തെളിവുമാണ് അതിന്റെ അടിസ്ഥാനം." വളരെ വിനയത്തോടെ മിതഭാഷിയായി മാഷ് പറഞ്ഞു

ഇംഗ്ലീഷിൽ ഒഷിച്ച് പറയാൻ ശ്രമിക്കുന്ന പ്രൊഫസറുടെ ചോദ്യത്തെയും പി എസ് ഏറ്റെടുത്തു.

"ഡോക്ടർ, ലിപികൾ വെറും അടയാളങ്ങളല്ലല്ലോ? അവ ഒരു ജനതയുടെ കൂട്ടായ ബോധത്തിന്റെ പ്രതിഫലനമല്ലേ?"

You mean Collective Consciousness? മാഷ് തിരിച്ചു ചോദിച്ചു.

യാ'.. യാ .. പ്രൊഫസർ തലയാട്ടി പറഞ്ഞു.

"അടയാളങ്ങൾ ലിപിയാകുന്നത് അവയ്ക്ക് ഒരു നിശ്ചിത വ്യാകരണവും വിനിമയശേഷിയും ഉണ്ടാകുമ്പോഴാണ്. ബോധത്തെക്കാൾ അത് വിനിമയത്തെയാണ് പ്രതിനിധീകരിക്കുന്നത്."പി എസ് നെ നോക്കി മാഷ് പറഞ്ഞു.



പിന്നെ English ൽ പ്രൊഫസറോടും ഇതു തന്നെ പറഞ്ഞു. തന്നെയും തന്റെ പഠനങ്ങളെയും ചുറ്റിപ്പറ്റി പല ലഘു ചോദ്യങ്ങളും കമന്റുകളും വാഴ്ത്തലുകളുമായി ഏതാണ്ട് അരമണിക്കൂർ കഴിയാറയപ്പോൾ പി . എസ് അല്പം ഗൗരവം കൂട്ടിപറഞ്ഞു.


"മാഷേ, നമ്മൾ കണ്ടെടുക്കാത്ത എത്രയോ രേഖകൾ ഇനിയും മണ്ണിലുണ്ട്. വട്ടെഴുത്തിൽ തമിഴ് സ്വാധീനമുണ്ടെന്ന് പറയുമ്പോഴും, അതൊരു പൗരാണിക ഭാരതീയ സംസ്കാരത്തിന്റെ ഭാഗമല്ലേ?" താൻ ഏറ്റവും കൂടുതൽ പ്രതീക്ഷിച്ച ചോദ്യം പോലെ മാഷ് ഉടൻ പറഞ്ഞു.

“ താങ്കൾ, ചിന്തിച്ചു നോക്കൂ.. ഭാരതീയ സംസ്കാരം എന്നത് പല തദ്ദേശീയ സംസ്കാരങ്ങളുടെയും സങ്കരമല്ലേ? വട്ടെഴുത്ത് അതിന്റെ പ്രാദേശികമായ ഒരു ആവിഷ്കാരമാണ്."

പി എസ്: "മാഷ് കേട്ടിരിക്കുമല്ലോ, പുരാതനഗ്രന്ഥങ്ങളിൽ 'ജീവവാഹിനി' എന്നൊരു നദിയെക്കുറിച്ച് പറയുന്നത്? അതിനെക്കുറിച്ച് വട്ടെഴുത്ത് ശാസനങ്ങളിൽ എവിടെയെങ്കിലും സൂചനയുണ്ടോ?"

മാഷ്: "ഇല്ല. എന്റെ പഠനപരിധിയിൽ വരുന്ന പന്ത്രണ്ടോളം ശാസനങ്ങളിൽ അങ്ങനെയൊരു പരാമർശമില്ല."

പി.എസ്: "മാഷേ, അതല്ലേ നമ്മൾ കണ്ടെത്തേണ്ടത്? ജീവവാഹിനി എന്നത് നമ്മുടെ സംസ്കാരത്തിന്റെ ജീവനദിയാണ്. ഭൗതികമായി



അത് വറ്റിഷോയിരിക്കാം. പക്ഷേ ലിപികളിൽ അത് ഒളിഞ്ഞുകിടപ്പുണ്ടാകില്ലേ?"

ഖദർ കുഷ്യായത്തിന്റെ ഫുൾസ്ലീവ് ചെറുതായി മടക്കിക്കൊണ്ട് മാഷ് പറഞ്ഞു

"ഇല്ലാത്ത നദിയെ ലിപികളിൽ തിരയുന്നത് ശാസ്ത്രീയമല്ല."

പി എസ്: ആ നദിയുണ്ടായിരുന്നു എന്ന് കരുതുന്നതല്ലേ യുക്തി?"

മാഷ്: കൽപ്പിത നദികൾ കാവ്യങ്ങളിലേ ഒഴുകൂ, ഭൂമിയിലല്ല."

തെല്ല് നിരാശ നിഴലിച്ച മുഖത്തോടെ പി.എസ് പറഞ്ഞു.

“നോക്കൂ ഡോ. ശങ്കരൻ, ഇനി സ്ട്രൈറ്റായിട്ടു പറയാം. ജീവവാഹിനി പുരാണത്തിലെ ഒരു നദി എന്നല്ലാതെ ചരിത്രകാലത്തെ നദിയായിരുന്നു എന്ന് വിശ്വസിക്കുവാൻ ഞങ്ങളത്ര വിഡ്ഢികളൊന്നുമല്ല. പക്ഷെ അതിനെ ചരിത്രപരമായി സ്ഥാപിച്ചെടുക്കൽ ഞങ്ങളുടെ ഒരു പദ്ധതിയാണ്. അതിനാണ് താങ്കളുടെ സഹായം വേണ്ടത്. വട്ടെഴുത്തിലെ ഏതെങ്കിലും വരികളെ ഈ നദിയുമായി താങ്കൾ ബന്ധിപ്പിക്കണം, അത് കഴിയുമോ എന്നല്ല ചോദ്യം. തയ്യാറാണോ എന്നാണ്. തയ്യാറുള്ള പലരും കേരളത്തിലുണ്ട്. പക്ഷെ എന്തു ചെയ്യാം? അവർക്കാർക്കും താങ്കളുടെ വിശ്വാസ്യതയില്ല.?"

ശങ്കരൻ മാഷ് പി എസ്സിനെ തന്നെ നിർവികാരനായി നോക്കിയിരിക്കുകയായിരുന്നു.

ഡോക്ടറോട് ഒന്നു കൂടി പറയാം. പി എസ്സ് ശബ്ദം കൂട്ടി

"ഇൻഡോളജി ഡിഷാർട്ട്മെന്റ് 2026 ൽ തുടങ്ങുന്ന ഏറ്റവും വലിയൊരു പ്രൊജക്റ്റാണിത്. ആഗസ്ത് 15 ന് ഞങ്ങളതു പ്രഖ്യാപിക്കും. ജീവവാഹിനിയുടെ വീണ്ടെടുപ്പ്. ലോകത്തിനു മുന്നിൽ തന്നെ ഇന്ത്യ ഏറ്റവും വലിയ അറിവിന് മാതൃകയാവുകയാണ്. എല്ലാ സ്റ്റേറ്റും ഇതേറ്റെടുത്തു കഴിഞ്ഞു.ഇതിന് നേതൃത്വം നൽകാൻ മലയാളികൾക്കിടയിൽ നിന്നും ശങ്കരനെപ്പോലെ ഒരു അക്കാഡമിഷ്യൻ നമുക്ക് വേണം. താങ്കൾക്ക് സങ്കല്പിക്കാനാവാത്ത പദവിയും ഓഡിറ്റില്ലാത്ത ഫണ്ടിംഗും മറ്റെന്തു സജ്ജീകരണങ്ങളും ഞങ്ങൾ നൽകും. “

മാഷ് തന്റെ കണ്ണട പതുക്കെ തുടച്ചു. എന്നിട്ട് മൂന്നുപേരെയും മാറി മാറി നോക്കി പറഞ്ഞു:

"വട്ടെഴുത്തിലെ വരികൾ സത്യസന്ധമാണ്. അത് നികുതിയെയും അതിർത്തികളെയും കുറിച്ച് സംസാരിക്കുന്നു. സങ്കല്പങ്ങളിലെ നദികൾക്ക് വേണ്ടി ആ കല്ലുകളിൽ കൊത്തിവെച്ച സത്യങ്ങളെ മായ്ക്കാൻ എനിക്ക് കഴിയില്ല. കാരണം എന്റെ ചരിത്രബോധം വർത്തമാനത്തിൽ ജീവിക്കാനാണ് എന്നെ പ്രേരിപ്പിക്കുന്നത്. “

പി എസിന്റെ മുഖത്ത് ഉണ്ടായിരുന്ന വിനയം അതോടെ അസ്തമിച്ചു.

“Over over Interview അവസാനിച്ചിരിക്കുന്നു. ഫ്രൊഫസർ ശങ്കരൻ, തനിക്കിനി പോകാം. “

സാധാരണ ഉപചാരവാക്കുകൾക്ക് പകരം അവിടെ പിന്നെ ഒരു തണുഷൻ മൗനം പടർന്നു. തന്റെ ഫയലുകൾ അടുക്കി വെച്ച് മാഷ് എഴുന്നേറ്റു പതിയെ തിരികെ നടന്നു.

പുറത്ത് കാത്തുനിന്ന വിനയൻ മാഷിന്റെ മുഖത്തെ ഗൗരവം കണ്ടു. "മാഷേ, എന്തായി?"

യൂണിവേഴ്സിറ്റിയുടെ ഗേറ്റ് കടന്ന് പുറത്തിറങ്ങുമ്പോൾ ശങ്കരൻ മാഷ് വിനയന്റെ കൈകളിൽ മുറുക്കി പിടിച്ചു.

അന്ന് രാത്രി ഇൻഡിഗോ വിമാനത്തിന്റെ ഇടുങ്ങിയ ജനാലയിലൂടെ താഴെ കാണുന്ന മേഘപാളികളെ നോക്കി ശങ്കരൻ മാഷ് ഇരുന്നു. വിനയൻ ഒന്നും ചോദിച്ചില്ല. താൻ ഏറെ ആരാധിക്കുന്ന ഗുരുവിന്റെ മുഖത്തെ നിഗൂഢമായ ആ മൗനത്തിൽ നിന്നും വേണ്ടതിലധികം അയാൾ ഗ്രഹിച്ചിരുന്നു.

വിമാനം അനന്തതയിലേക്ക് ഉയർന്നു കഴിഞ്ഞപ്പോൾ മാഷ് പതുക്കെ വിനയന്റെ നേരെ തിരിഞ്ഞു.

"വിനയാ..." മാഷിന്റെ ശബ്ദം വിമാനത്തിന്റെ ഇരമ്പലിനിടയിലും വ്യക്തമായിരുന്നു. "ജീവവാഹിനി എന്ന പേര് നീ ശ്രദ്ധിച്ചോ? എത്ര മനോഹരമായ പേരാണത്. കേൾക്കുമ്പോൾ തന്നെ ഒരു ഭക്തിയും ആദരവും തോന്നും. അത് തന്നെയാണ് അവരുടെ തന്ത്രവും."

"മാഷ് അത് നിഷേധിച്ചപ്പോൾ അവരുടെ മുഖം മാറുന്നത് ഞാൻ ദൂരെ നിന്നും കണ്ടു," വിനയൻ പറഞ്ഞു.

ശങ്കരൻമാഷ് ബാഗിൽ നിന്നും ഒരു പഴയ ഡയറി പുറത്തെടുത്തു. അതിൽ വട്ടെഴുത്തിന്റെ ചില മാതൃകകൾ അദ്ദേഹം വിരൽ കൊണ്ട് തൊട്ടു.

"നോക്കൂ, ഈ അക്ഷരങ്ങൾ വളഞ്ഞു പുളഞ്ഞ് ഒഴുകുന്നത് ഒരു നദി പോലെയല്ലേ? ഒരുപക്ഷേ അവർ പറഞ്ഞതുപോലെ ലിപികളിൽ ഒരു നദിയുമുണ്ടായിരിക്കാം. പക്ഷേ അത് ആകാശത്തുനിന്ന് വീണതോ പുരാണത്തിൽ പ്രസിദ്ധമായതോ ആയ നദിയല്ല. മനുഷ്യന്റെ അദ്ധ്വാനത്തിന്റെ വിയർപ്പിൽ നിന്നും സംസ്കാരത്തിന്റെ ചോരയിൽ നിന്നും രൂപപ്പെട്ട 'ബോധത്തിന്റെ നദി'യാണ്. ആ നദിയിൽ അലങ്കാരമത്സ്യങ്ങളെപ്പോലെ വാക്കുകൾ നീന്തില്ല."

മാഷ് വിനയന്റെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു.

“വിനയാ ചരിത്രകാരൻ ഒരു ശ്മശാന സൂക്ഷിപ്പുകാരനെപ്പോലെ ആയിരിക്കണം. അവിടെ അടക്കം ചെയ്ത സത്യങ്ങളെ ആരെങ്കിലും മോഷ്ടിക്കാൻ വന്നാൽ അയാൾ ഉച്ചത്തിൽ വിളിച്ചു പറയണം. നാളെ നീ ആയാലും ‘’ മാഷ് പിന്നെ കണ്ണടച്ച് ചാരിക്കിടന്നു.

നനഞ്ഞ കണ്ണുകളോടെ വിനയനും ഒന്നു മയങ്ങി. ഉണരുമ്പോൾ വിമാനം കേരളത്തിന്റെ പച്ചപ്പിലേക്ക് താഴ്ന്നു പറക്കാൻ തുടങ്ങിയിരുന്നു. വിനയൻ മാഷിനെ തട്ടിവിളിച്ചു.

“മാഷേ..മാഷേ.. “

പക്ഷെ, ആ മനസ്സ് പതിവിലുമേറെ ശാന്തമായിരുന്നു.

■

■ മൈഥിലി ഡി.എസ്.
നാഷണൽ കോളേജ്, മണക്കാട്, തിരുവനന്തപുരം

കവിത
വിദ്യാർത്ഥി
വിഭാഗം
(മൂന്നാം
സ്ഥാനം)

നന്ദനും വിനുതനും വായിച്ചറിയുവാൻ

ഞാനൊരു പെൺകുട്ടിയാണ്
ഇരുട്ട് കയറിയ ഒരു മുറിയിലിരിക്കുന്നു.
കൂട്ടിനൊരു ഇരട്ടപെറ്റ കറുത്തപൂച്ചയുണ്ട്
തറയിലെ മണ്ണിൽ പൊടിപിടിച്ച കത്തുകളും
നിറം മങ്ങിയ പാത്രങ്ങളുമുണ്ട്
സാക്ഷയില്ലാത്തതാണ് എന്റെ മുറി
കരുവാന്റെ തല തെറിച്ചത് സാക്ഷ ചേർത്ത
സമയത്തായിരുന്നു.
എന്റെ ചങ്ങാതിയും ഒരു പെൺകുട്ടിയായിരുന്നു
അവളൊന്ന് പെറ്റതായിരുന്നു
കുറ്റിഷുറത്തെ ട്രാക്കിലാണവൾ തലവെച്ചത്
അതിന്റെ മീതേക്കൂടിയാണ് ഞാൻ
മൂകാംബികയെ കാണാൻ പോയത്
റയിലിലെ ചല്ലിക്കൂട്ടം എന്നെ തിരയുന്നു.
എന്റെ ആൺ സുഹൃത്ത് പാവമായിരുന്നു
അവനെന്നെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞ്
മെയിലയച്ചത് ഇന്നലെയായിരുന്നു
വെബ് ക്യാമറ തുറന്നുവെയ്ക്കാനും അവൻ പറഞ്ഞു
എന്നിട്ടൊരു നാടകം അവനെനിക്കു കാണിച്ചു തന്നു
കഴുത്തിലൊരു കുരുക്കിട്ടു പിടഞ്ഞുലഞ്ഞു
കുരുക്കിൽ കുരുങ്ങി അവൻ മറഞ്ഞു
മെയിലിന്റെയൊടുവിൽ അക്ഷരത്തെറ്റുണ്ടായിരുന്നു
മരണരൂപങ്ങളെന്റെ ഇരുട്ടു മുറിയിൽ
നിറയെയുണ്ട്
വിപ്ലവസന്ധ്യയിൽ പൂക്കുന്ന മരങ്ങളുടെ
ഇടയിലാണ് അയാൾ നിന്നിരുന്നത്
അയാളുടെ ഒരു കയ്യിൽ
വെടിയുണ്ടയേറ്റ ബുദ്ധന്റെ ശിരസ്സും
മറുകൈയ്യിൽ വിൽക്കാനുള്ള വ്യക്കയുമുണ്ടായിരുന്നു.
ശിരസ്സുടഞ്ഞ സന്ധ്യയിൽ
അയാൾ വന്ധ്യംകരിക്കപ്പെട്ടു
അയാളും എന്റെ സുഹൃത്തായിരുന്നു.
സുഹൃത്തുക്കളുടെ ഓടിഷോകൾ
അവസാനിച്ചത് ഒരു കിതപ്പിലായിരുന്നു
കാറിന്റെ എഞ്ചിൻ അപ്പോഴും നിലച്ചിട്ടില്ലായിരുന്നു
അവരുടെ കൈയിൽ വിഷം ചേർത്ത ഐസ്ക്രീം
ഇഷ്ടംപോലെ ഉണ്ടായിരുന്നു
ഓടിക്കൊണ്ടിരിക്കെ മരിക്കാൻ അവർ ഇഷ്ടപ്പെട്ടു

മരണം ഒരു കുറിഷ്ടായി അവർ എനിക്ക്
പോസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.
കാളിപെറ്റ കണ്ണന്റെ കരളെടുത്താണ്
കരിനാള് നീക്കിയത്
കാളി എല്ലാ ദിവസവും രാത്രി നഗ്നയാകുന്ന ഭ്രാന്തിയാണ്
ദിവസവും കരള് മുളയ്ക്കുന്ന കണ്ണന്റെ
കാലിലും ഇരുമ്പാണ്
ഇവരെന്റെ കൂട്ടുകാരായത്
ഇടി മുന്നേ വന്ന മഴയത്താണ്
മതങ്ങൾ അവരുടെ കഴുത്തറുക്കാൻ തുടങ്ങിയപ്പോൾ
ഞാൻ കണ്ണനെ ചുംബിച്ചു: കാളിയെ തുണികൊണ്ട് മറച്ചു
എങ്കിലും കാളി ബലാത്സംഗം ചെയ്യപ്പെട്ടുവെങ്കിലും
അമ്മയല്ലാതാകില്ലല്ലോ എന്ന സുവിശേഷം
എന്റെ കറുത്ത മുറിയിൽ ഞാനെഴുതി വച്ചു.
എബ്രഹാമിന്റെ ഹൃദയത്തിൽ പനിനീർപ്പൂക്കളുണ്ടായിരുന്നു
പിതാവിന്റെ ഹൃദയത്തിൽ മിഴിനീരുപ്പുണ്ടായിരുന്നു
ശിശുവിന്റെ ഹൃദയത്തിൽ ശാപങ്ങളുണ്ടായിരുന്നു
ആ ശിശുവിനോടു ഞാൻ പറഞ്ഞു
എന്റെ നാട്ടിൽ നിനക്ക് വെള്ളമില്ല
എന്റെ നാട്ടിൽ നിനക്ക് വായുവില്ല
എന്റെ നാട്ടിൽ നിനക്ക് വെളിച്ചമില്ല
എന്റെ നാട്ടിൽ നിനക്ക് അമ്മയില്ല
പകരം മതമുണ്ട് ജാതിയുണ്ട്
നിനക്ക് പ്രതീക്ഷിക്കാം
ഒരു ബലാത്സംഗം
ഒരു കസ്റ്റഡി മരണം
ഒരു പീഢനപർവം
ഒരു ടിൻ മണ്ണെണ്ണയുടെ മണം
എന്തെന്നാൽ നീ പെൺകുട്ടിയാകുന്നു
തിരിച്ചടിക്കുന്നു നിങ്ങളെന്നെ
തിരിഞ്ഞു നിൽക്കുന്നു ഞാനെന്ന ഭ്രാന്തി
ഇരുട്ടുമുറിയെന്റെ സത്രം
ഇരുട്ടിലെ ദൈവങ്ങളെന്റെ മിത്രം
സാക്ഷപ്പടിയിൽ തുരുമ്പിരിക്കുന്നു
തൂണിൻ തടിയിൽ ചിതലിരിക്കുന്നു
ഞാനാരാ നിങ്ങളുടെ നേരിനെ നേരെയാക്കാൻ ?
ഞാനാരാ നിങ്ങളുടെ നാടിനെ നേരെയാക്കാൻ ?
ഒന്നുണ്ട് തീർച്ച
ഇരുട്ടിന്റെയുള്ളിലൊരുറവ പൊട്ടുന്നുണ്ട്
അതിന് ആയിരം തലകളും
പതിനായിരം കൈകളുമുണ്ട്
അത് ഈ നാട്ടിലേക്കാണ് വരുന്നത്...
അനന്തരം
ഞാൻ
ഉത്തരായനത്തിൻ പകുതിയിൽ
ആഗ്നേയശിലയിലൊരു രൂപമായി
കറുത്ത പൂച്ചയും ഇരട്ടക്കുട്ടികളും
എന്റെ ശരീരത്തിലെ
ഉറുമ്പുകളെ തുടച്ചെടുക്കുകയാണ്.....



ഹരിവിന്ദ്നാഥ് പി.ബി.
ഗവേഷകൻ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ,
തൈക്കാട്, തിരുവനന്തപുരം

കഥ
വിദ്യാർത്ഥി
വിഭാഗം
(ഒന്നാം
സ്ഥാനം)

നിഴൽ രൂപങ്ങൾ

ഇരുട്ടിന്റെ നിശ്ശബ്ദതയിൽ നനഞ്ഞു തണുത്ത സിമന്റ് തറയിൽ അവൻ ചുരുണ്ടുകൂടി കിടന്നു. ലോകം തന്നെ തനിച്ചാക്കി പോയതുപോലെ. ചുറ്റും നിഴലുകൾ മാത്രം. ആ നിഴലുകൾക്ക് നുറുങ്ങിയ സ്വപ്നങ്ങളുടെ മണമുണ്ടായിരുന്നു... അവൾ എവിടെ? നനുത്ത ആ കുഞ്ഞിക്കൈകളോളം കരുതൽ മറ്റാരും ഇന്നോളം നൽകിയിട്ടില്ല... ആ നെഞ്ചിടിപ്പിന്റെ താളം കേൾക്കാതെ ആദ്യമായി ഉറങ്ങിഷ്പോയതോർത്തവന് കരച്ചിൽ വന്നു. ഭൂമി വിറഷിച്ചൊരൊച്ചയ്ക്കഷ്പുറം അവനവളുടെ സ്നേഹച്ചൂടിലായിരുന്നു...

ഇരുട്ടു വിഴുങ്ങിയ അകത്തളങ്ങളിലെവിടേയ്ക്കോ ചുഴറ്റിയെറിഞ്ഞതെന്താണെന്ന് പോലും ഓർമ്മ കിട്ടുന്നില്ല...

നെഞ്ചിലേയ്ക്ക് പടർന്നു കേറിയ നനവിൽ കണ്ണുതുറക്കുമ്പോഴും 'കിടക്കേമുള്ളിഷ്പെണ്ണിന് ഇന്നും തല്ല് കിട്ടുമല്ലോന്നുള്ള ചിന്തയായിരുന്നു...

മൂക്കിൻ തുമ്പിലേയ്ക്ക് വന്ന നനവിന്റെ വഴുവഴുക്കലും തലയിലെ പെരുഷ്പും അവളില്ലായ്മ അടയാളഷ്പെടുത്തിയത് പെട്ടന്നായിരുന്നു...

അപരിചിതമായൊരിടത്ത് ഒറ്റക്ക് പെട്ടുപോയ പോലെ... ഒളിഞ്ഞും തെളിഞ്ഞും വീഴുന്ന നിലാവെട്ടത്തിലെ ചലിക്കുന്ന നിഴലുകൾ വാപൊളിച്ചു വിഴുങ്ങാൻ വരുന്നു... പതുങ്ങിയൊളിക്കാൻ അവളുടെ മടിച്ചൂട് വേണം... ഇനിയും കാത്തിരിക്കാൻ വയ്യ.. നീളം വച്ച നിഴലുകൾ വിഴുങ്ങും മുന്നേ അവളിൽ ഒളിച്ചേ തീരൂ..

വേച്ചു പോകുന്ന കാലുകൾ നിലത്തു നിന്ന് വലിച്ചകറ്റാൻ വയ്യ... അഷ്പടി ചളിയും മണ്ണും... അവളെങ്ങാൻ കണ്ടാൽ ചീത്ത പറഞ്ഞു കണ്ണുപൊട്ടിക്കും... മണ്ണുവാരിക്കളിക്കുന്നതിന് എന്നും അടികിട്ടിയാലും കിടക്കേമുള്ളിക്ക് എന്റെ മേൽ ചെളി കണ്ടാൽ കലിയിളകും... ആ കുഞ്ഞിവായിലെ വല്യ വർത്തമാനം കേൾക്കാൻ എത്രയോ വട്ടം ആ ഉടുഷ്പിലും പുസ്തകത്തിലുമൊക്കെ ചെളിമുക്കി കൈമുദ്ര വച്ചേക്കുന്നു...

അകന്നകന്നു പോകുന്ന നിശ്ശബ്ദതയിൽ ഇരുട്ട് മുങ്ങിക്കിടക്കുമ്പോഴും ആരാണ്ടൊക്കെയോ ടോർച്ചു വെട്ടത്തിൽ എന്തിനെയൊക്കെയോ തഷിഷിടിക്കാൻ നോക്കുന്നു... പുഴക്കരയിലെ കുളം വറ്റിക്കുമ്പോ ചെളിയിൽ മുങ്ങി വരാലിനെ തഷുന്ന പോലെ... അവൾക്ക് ഒട്ടും ഇഷ്ടം അല്ലാത്ത കാഴ്ച... കരയ്ക്ക് കിടന്നു പിടക്കുന്ന വരാലിനെ ചെളിയിലേയ്ക്ക് തള്ളിയിട്ടു രക്ഷിക്കാൻ ഇന്ന് അവൾ ഒറ്റക്ക് പോയോ?

എന്നേക്കാൾ ഇരുട്ടിനെ പേടിയുള്ള വളാ... വെട്ടം വീണു തുടങ്ങിയിട്ടും അവളെ മാത്രം കണ്ടില്ല...

തമാശക്ക് പുസ്തകത്തിലൊരിത്തിരി ചെളി തേച്ചതിന് എന്നോട് പിണങ്ങിയിരുന്നവളുടെ പുസ്തകസഞ്ചി

യിൽ ആരാണോ ചെളി പുരട്ടിയത്... വൃത്തിയായി കഴുകിവച്ച പാത്രത്തിന്റെ വക്ക് പൊട്ടിച്ചിരിക്കുന്നു... മുറിയാകെ വൃത്തികേടാക്കി... ഇതൊന്നും ഞാനല്ല ചെയ്തതെന്ന് അവളോട് ആദ്യം തന്നെ പറയണം... ഇല്ലെങ്കിൽ പിന്നെയും മിണ്ടാതിരുന്നാലോ... അവളുടെ മണം ഇവിടൊക്കെയുണ്ട്... അറിയാൻ പറ്റുന്നുണ്ട്... ഒളിച്ചിരിക്കുന്നതാവും... എന്നും ഒളിച്ചു കളിക്കുന്നത് ഞങ്ങൾ രണ്ടുമാണ്... ഇന്നിപ്പോൾ അച്ഛനും അയലത്തെ മധുമാമനും മെമ്പർ അപ്പൂപ്പനും വേറെ ആരാണ്ടൊക്കെയോ അവളുടെ പേര് വിളിച്ചു തേടുന്നു... എന്നെ വിളിക്കാതെ നേരത്തെ കളിക്കാൻ പോയോ?

പക്ഷെ എന്നത്തേയും പോലെ ഞാൻ തന്നെ അവളെ ആദ്യം കണ്ടു പിടിക്കും.. ഇത്രയും ചെളിയിൽ എന്തിനാ ഇവൾ ഒളിച്ചിരിക്കുന്നത്... മണ്ണ് മാന്തി മാന്തി കൈ കഴക്കുന്നു... മണ്ണ് മാറ്റാൻ ആരൊക്ക വന്നാലും അവളുടെ നീല ഫ്രാക്കിന്റെ തുമ്പ് ആദ്യം കണ്ടതും മണ്ണിൽ അവൾ ഒളിച്ചിരിക്കുന്നെന്ന് ആദ്യം അറിഞ്ഞതും ഞാനാണ്.. കളിയിൽ തോറ്റതിന് പെണ്ണ് എന്നത്തേയും പോലെ കള്ളപ്പിണക്കം കാണിച്ചേക്കും... എന്നാലും സാരമില്ല ദേഹത്തപ്പിടി ചെളി ആക്കിയതിന് അമ്മ അവളെ അടിക്കാതിരുന്നാൽ മതിയായിരുന്നു..

അച്ഛന്റെ കൈയിൽ നിന്നും ചാടിയിറങ്ങാതെ 'മടിച്ചിപ്പാറു' കണ്ണടച്ചു കിടക്കുവാ... തല്ല് കിട്ടാതിരിക്കാനുള്ള അടവ്.. അച്ഛൻ എന്തിനാ കരയുന്നത്... അവൾക്ക് പനിക്കുന്നുണ്ടാകുമോ?? ഇല്ലല്ലോ... ഐസ് പോലെ തണുക്കുന്നു.... അവളുടെ നെഞ്ചോടൊട്ടി ഞാൻ കിടന്നു... ആ മിടിപ്പ് കേട്ടാലേ എനിക്ക് ഉറങ്ങാൻ പറ്റൂ.... ഒന്നിച്ചുണർന്നിട്ട് വേണം ഞങ്ങൾക്ക് വീണ്ടും ഒളിച്ചു കളിക്കാൻ... ■



സി.എസ് നന്ദന
രണ്ടാംവർഷ എം.എ ഇംഗ്ലീഷ്,
ഗവ.വനിതാകോളേജ്, തിരുവനന്തപുരം



ജ്ഞാനസമൂഹനിർമിതി: വർഗീയതയ്ക്കെതിരായ ബദൽ

വിഭജനങ്ങളുടെ കാലഘട്ടത്തിലാണ് ഇന്നത്തെ മനുഷ്യസമൂഹം ജീവിക്കുന്നത്. ശാസ്ത്ര- സാങ്കേതിക രംഗങ്ങളിൽ അതിവേഗം പുരോഗമിച്ച ലോകം ഒരേസമയം വെറുപ്പിന്റെയും അസഹിഷ്ണുതയുടേയും വർഗീയതയുടെയും പിടിയിലാകുന്നതും നാം കാണുന്നു. മതം, ജാതി, വർഗം, ഭാഷ, സംസ്കാരം തുടങ്ങിയ വ്യത്യാസങ്ങൾ മനുഷ്യരെ ബന്ധിപ്പിക്കുന്നതിന് പകരം പലപ്പോഴും തമ്മിൽ അകറ്റുന്ന മതിലുകളായി മാറുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യനെ മനുഷ്യനായി കാണാൻ പഠിപ്പിക്കുന്ന ബോധവും വിവേകവും വളർത്തുന്ന ഒരു സാമൂഹിക മാതൃക അനിവാര്യമാണ്. അത്തരം ഒരു മാതൃകയാണ് ജ്ഞാനസമൂഹ നിർമിതി. അറിവിനെയും ചിന്തയെയും മാനവിക മൂല്യങ്ങളെയും അടിസ്ഥാനമാക്കി രൂപപ്പെടുന്ന ഒരു സമൂഹം മാത്രമേ വർഗീയതയ്ക്കെതിരായ ദീർഘകാല ബദലായി മാറുകയുള്ളൂ. ജ്ഞാനസമൂഹം വെറും വിദ്യാഭ്യാസം ഉള്ളവരുടെ കൂട്ടമല്ല, മറിച്ച് സത്യം തിരിച്ചറിയാനും അന്ധവിശ്വാസങ്ങള ചോദ്യം ചെയ്യാനും, മറ്റുള്ളവരെ ആദരിക്കാനും പഠിച്ച പൗരന്മാർ നിറഞ്ഞ ഒരു സമൂഹമാണ്.

സമൂഹ പ്രത്യാഘാതങ്ങളും ഒരു സമൂഹത്തിലെ ആളുകളെ മതം, ജാതി, വർഗം എന്നിവയുടെ അടിസ്ഥാനത്തിൽ വിഭജിക്കുകയും പരസ്പരം വിരോധത്തിലാക്കുകയും ചെയ്യുന്ന ചിന്താഗതിയാണ് വർഗീയത. സ്വന്തം വിഭാഗത്തെ ശ്രേഷ്ഠമായി കാണുകയും മറ്റുള്ളവരെ ശത്രുക്കളായി മുദ്രകുത്തുകയും ചെയ്യുന്ന അപരവൽക്കരണ മനോഭാവമാണ് ഇതിന്റെ അടിസ്ഥാനം. ചരിത്രം പരിശോധിച്ചാൽ ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്ന കലാപങ്ങൾക്കും വംശഹത്യകൾക്കും കാരണം അജ്ഞതയിൽ നിന്ന് ജനിച്ച വർഗീയതയായിരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം വിഭജനകാലത്തെ മുറിവുകൾ ഇതിന്റെ ദീകരത വിളിച്ചോതുന്നു. പലപ്പോഴും രാഷ്ട്രീയവും സാമ്പത്തികവും ആയ ലാഭങ്ങൾക്കായി വ്യാജചരിത്രങ്ങളും മിത്തുകളും ഉപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കുന്നു. വർഗീയതയുടെ പ്രധാന പ്രത്യാഘാതങ്ങൾ ഇവയെല്ലാമാണ്. കാലങ്ങളായി ഒരേ മണ്ണിൽ അധിവസിക്കുന്നവർക്കിടയിൽ അവിശ്വാസം വളരുന്നു. വർഗീയത പലപ്പോഴും കലാപങ്ങളിലേക്ക് നയിക്കുകയും നിരപരാധികളുടെ ജീവൻ അപഹരിക്കുകയും ചെയ്യുന്നു. വർഗീയ സംഘർഷങ്ങുമുള്ള നാടുകളിൽ നിക്ഷേപങ്ങൾ കുറയുകയും സാമ്പത്തിക പുരോഗതി തടസ്സപ്പെടുകയും ചെയ്യുന്നു . യുവതലമുറയുടെ വഴിതെറ്റൽ ഒരു പ്രധാന കാര്യമാണ്. ക്രിയാത്മകമായി ചിന്തിക്കേണ്ട യുവത്വം വിദ്വേഷത്തിന്റെ പ്രചാരകരായി മാറുന്നു.

അറിവ് ഉൽപ്പാദിപ്പിക്കുകയും അത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വിവേചനമില്ലാതെ എത്തിക്കുകയും ചെയ്യുന്ന സംവിധാനമാണ് ജ്ഞാനസമൂഹം. ഇത് വെറുമൊരു അക്കാദമിക് പദമല്ല. കേരളത്തിന്റെ



നവോത്ഥാന ചരിത്രത്തിൽ ശ്രീനാരായണ ഗുരു നൽകിയ 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന സന്ദേശം ഒരു ജ്ഞാനസമൂഹത്തിന്റെ അടിസ്ഥാന പ്രമാണമാണ്. അറിവ് ലഭിക്കുമ്പോൾ മനുഷ്യൻ ജാതിക്കും മതത്തിനും അതീതനായി മാറുന്നു. ജ്ഞാനസമൂഹത്തിന്റെ തൂണുകൾ ഇവയെല്ലാമാണ്. കേൾക്കുന്നതൊക്കെ വിശ്വസിക്കാതെ വസ്തുതകൾ പരിശോധിക്കാനുള്ള കഴിവ്. ഇന്ത്യൻ ഭരണഘടന പൗരന്മാരോട് ആഹ്വാനം ചെയ്യുന്ന ശാസ്ത്രീയ അവബോധം അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കുന്നു. വർഗീയത പലപ്പോഴും ചരിത്രത്തെ വളച്ചൊടിച്ചാണ് പ്രചരിക്കുന്നത്. ജ്ഞാനസമൂഹം ശരിയായ ചരിത്ര പഠനത്തിന് പ്രാധാന്യം നൽകുന്നു. ഇന്ത്യയുടെ സംസ്കാരിക പൈതൃകം എന്നത് വിവിധ മതസ്ഥരുടെ കൂടിച്ചേരലാണെന്നും ആ ഐക്യമാണ് രാജ്യത്തിന്റെ കരുത്തെന്നും അറിവുള്ള പൗരൻ തിരിച്ചറിയുന്നു. ഭരണഘടന നൽകുന്ന മതേതരത്വം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങൾ ജ്ഞാനസമൂഹത്തിന് അടിത്തറയാണ്. നിയമങ്ങളെക്കുറിച്ചും മൗലിക അവകാശങ്ങളെക്കുറിച്ചുള്ള അറിവ് വർഗീയ ശക്തിയുടെ വിഭജന രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നു.

ആധുനിക കാലത്ത് വർഗീയത പടരുന്നത് സോഷ്യൽ മീഡിയ വഴിയാണ്. വ്യാജ വാർത്തകൾ സമൂഹത്തിൽ നിമിഷങ്ങൾക്കുള്ളിൽ ഭീതി പടർത്തുന്നു. ഇവിടെയാണ് ഡിജിറ്റൽ സാക്ഷരതയുടെ പ്രസക്തി. വാർത്തകളുടെ സത്യാവസ്ഥ പരിശോധിക്കാനും വിദ്വേഷ സന്ദേശങ്ങളെ അവഗണിക്കാനും കഴിയുന്ന ഒരു ജനതയെ വാർത്തെടുക്കൽ ജ്ഞാനസമൂഹത്തിന്റെ ദൗത്യമാണ്. 'ഫിൽറ്റർ ബബിളുകൾ (നമുക്കിഷ്ടമുള്ള കാര്യങ്ങൾ മാത്രം കേൾപ്പിക്കുന്ന സോഷ്യൽ മീഡിയ രീതി) തകർത്ത് അപരന്റെ ഭാഗം കൂടി കേൾക്കാൻ ജ്ഞാന സമൂഹം പ്രേരിപ്പിക്കുന്നു.

ജ്ഞാനസമൂഹ നിർമ്മിതിയുടെ നട്ടെല്ല് വിദ്യാഭ്യാസമാണ്. എന്നാൽ കേവലം അത് ഡിഗ്രി സമ്പാദനമല്ല. പാഠ്യപദ്ധതികൾ മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമാകണം. വിദ്യാലയങ്ങൾ മതനിരപേക്ഷതയുടെ മാതൃകകളായി മാറണം. വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികൾ ഒരുമിച്ച് പഠിപ്പിക്കുകയും, പഠിക്കുകയും കളിക്കുകയും ചെയ്യുമ്പോൾ വർഗീയ ചിന്തകൾക്ക് അവിടെ സ്ഥാനമില്ലാതാകുന്നു. മാധ്യമങ്ങൾ വിവരങ്ങൾ നൽകുന്നതിൽ വലിയ ഉത്തരവാദിത്തം പുലർത്തണം. ജനങ്ങളെ ദിന്നിഷിക്കുന്ന ചർച്ചകൾക്ക് പകരം അറിവ് നൽകുന്നതും ഐക്യമുണ്ടാക്കുന്നതുമായ ഉള്ളടക്കങ്ങൾ മാധ്യമങ്ങൾ നൽകണം.

വർഗീയത എന്നത് അജ്ഞതയിൽ നിന്ന് മുളപൊട്ടുന്ന ഒരു വിഷച്ചെടിയാണ്. അതിനെ വേരോടെ പിഴുതെറിയാൻ നിയമങ്ങൾ കൊണ്ടു മാത്രം സാധിക്കില്ല, മനുഷ്യന്റെ അക മസ്തിഷ്കത്തിലും ചിന്തയിലും ആണ് മാറ്റം വരേണ്ടത്. അതിനുള്ള ഏക ബദൽ ജ്ഞാന സമൂഹ നിർമിതിയാണ്. അറിവ് വെളിച്ചമാണ് ആ വെളിച്ചം ഓരോ പൗരനിലും എത്തുമ്പോൾ വർഗീയതയുടെ ഇരുട്ട് താനേ മാഞ്ഞുപോകും. സ്നേഹവും സാഹോദര്യവും അറിവും കൈമുതലായുള്ള ഒരു ലോകം നിർമ്മിക്കാൻ ഓരോരുത്തരും പ്രതിജ്ഞാബദ്ധരാകണം. ജ്ഞാനസമൂഹം എന്നത് ഒരു ലക്ഷ്യമല്ല, മറിച്ച് മനുഷ്യരാശിയുടെ നിലനിൽപ്പിനുള്ള ഒരേയൊരു അതിജീവന മാർഗമാണ്. ■

■ ഡോ. ആർ താരാനാഥ്
അക്വിനാസ് കോളേജ് ഇടക്കൊച്ചി

കവിത
അധ്യാപക
അധ്യാഗം
വിഭാഗം
(രണ്ടാം
സ്ഥാനം)



തുടക്കം :

കടുവാത്തലയൻ മേഘം,
ചക്രവാളം നഖക്ഷതം,
തിളങ്ങിയോ ശുക്രാചാര്യൻ?
ചതിയെ പ്രവചിച്ചവൻ!

പതിയെക്കാടു താണ്ടുന്നൂ
മിനുങ്ങി മിന്നുന്നാ ബസ്.
എട്ടാം ക്ലാസുകാർ ചില്ലാണു-
ല്ലാസത്താലവർ "ചിയേഴ്സ്"

ചുറ്റിലും സ്നേഹവൃക്ഷങ്ങൾ,
ഇണ തേടുന്ന വന്യത.
"ലൗ" വെന്നൊരീ ബസ്സിനുള്ളിൽ
മുള പൊട്ടുന്നു കൗതുകം.

കാടല്ലേ, കാട്ടിനുള്ളല്ലേ,
കളിച്ചീടാം മൃഗങ്ങളായ്;
സിംഹം, കരടി, ചെന്നായ,
ചീറ്റാ, കടുവ, കാട്ടുനായ്
ഹിംസ്ര ജീവികളങ്ങനെ.

പുള്ളിമാനാണവർക്കിര.
നറുക്കു വീഴുന്നതാർക്കാണോ
അവരാഷ്ടുള്ളിഷോളിടും..
പൊത്തുപോലുള്ളതാം സീറ്റ്,
ഫണം നീർത്തും ചതിക്കെണി.
വീണിടാതെ പോയി വേഗം
മുന്നിലെത്തൂ ജയിച്ചിടാം !

നറുക്കെടുത്തൂ പുള്ളിമാനായ്
"ശീതൾ പി. പി 8 സി"

നടുക്കം :

ഓറഞ്ചുതൊലി തൻ നീരു
ചീറ്റീ ചീറ്റഷുലിഷക.
കണ്ണിലാവാതെ വെട്ടിച്ചോടീ
പുള്ളിമാൻ - ഒന്നാം ലെവൽ.

ഷോളിന്നറ്റം കുരുക്കുന്നൂ
കാട്ടുനായ വിദശ്ധമായ്.
കുതറിമാറീയവൾ
മെല്ലെക്കടന്നൂ - രണ്ടാം ലെവൽ.

മുള്ളാണി നഖമായ് മാറ്റീ
ക്രൂരം കരടി വന്നതും,
തേങ്ങൽ തേനാക്കി മാറ്റുന്നീ
ബുദ്ധി'മാൻ' - മൂന്നാം ലെവൽ.

ലെവലേറുന്നതോടൊപ്പം
മൃഗഹിംസ്രത തീവ്രമായ്ത്തുടങ്ങീ,
കോടപോലെന്തോ മൂടീ
മന്ദിച്ചു ബസ്സ,ഷോൾ കാടിന്നുള്ളി
ലിരുണ്ടതാം ഗുഹയൊന്ന് പിളർന്നൂ വായ് !
ഉപജാപകയാമമായ്.

അവസാനത്തേ സീറ്റ്,
ലെവലിന്നേറ്റം അറ്റം,
പരിണാമത്തിന്നുച്ചി.
"മാനവ്. കെ. പി. 8. എ"

പുള്ളിഷോളിട്ടവൻ നിന്നൂ
"ആൽഫാ - മാരീ-ജെനായ് (1)" മുന്നിൽ.
മുന്തിരിച്ചാറിലുന്മാദം നുരയും
മട്ടിലജ്ഞാതം ചേർത്തൂ..
ഗ്ലാസൊന്നവൾക്കഷോൾ
നീട്ടീ പ്രണയലോലുപം!

ലഹരീ - രാസ - ലാസ്യത്തിൻ
ചൂളം വിളി കണക്കഷോൾ നാദം!
'ഡീജേ'യതിൻ മേളം,
പുക വിങ്ങുന്നു ബസ്സകം.

ഇരവാളികളക്കൂട്ടർ
വളഞ്ഞോ കേഴമാനിനെ ?
അവളോ ബോധ ശൂന്യയായ്
ഇടനാഴിയിൽ വീണുവോ?
"ക്ലിഷ്ടശ്രീയിവൾ മുന്നിലായ്
വെറുംനിലത്തയ്യോ കിടക്കുന്നു- (2)"
വെന്നവഹേളിച്ചോ ടീച്ചർ ...!

കാടിറങ്ങീ ബസ്സഷോൾ.

ഒടുക്കം :

രാവ് തീർന്നൂ, കാട് തീർന്നൂ,
കോട നീങ്ങീ, വെയില് വന്നൂ,
യാത്രയാക്കും പോലെ നിന്നൂ
സാക്ഷിയായാക്കുന്നുകൾ.

ഗ്ലാസുനീക്കീ ഉഷസ്സെത്തീ
പഴയ പോലായ് ബസ്സകം,
തേയിലക്കാറ്റടിച്ചഷോ-
ളുഷാറായീ കുട്ടികൾ.

കാറ്റ് തോണ്ടിപ്പുറത്തിട്ടൂ
ബാക്കി വന്നാ നറുക്കുകൾ,
ചെക്കു പോസ്റ്റിൽ തൊണ്ടി പോലെ
നിവർന്നൂ...സംശയാസ്പദം ?

ശീതൾ. പി. പി. 8. സി !
ശീതൾ. പി. പി. 8. സി !!
ശീതൾ. പി. പി. 8. സി !!!
ശീതൾ. പി. പി. 8. സി !!!!

---

(1) ആൽഫാ - ജെൻ , മാരീചൻ ഇവയുടെ സംയുക്ത പദം
(2) പ്രരോദനത്തിലെ വരികൾ



നുബ്ല എം
ഫാറൂഖ് കോളേജ് കോഴിക്കോട്



വർഗ്ഗീയതക്കെതിരെ വൈജ്ഞാനിക ലോകം

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തുകയും ചൊവ്വയിൽ കോളനികളെക്കുറിച്ച് സ്വപ്നം കാണുകയും ചെയ്യുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും, മനുഷ്യനെ മനുഷ്യനിൽ നിന്ന് അകറ്റുന്ന 'വർഗ്ഗീയത' എന്ന മാരക വൈറസ് സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും വളരുമ്പോഴും മനുഷ്യന്റെ ചിന്താഗതികൾ സങ്കുചിതമാകുന്നത് വലിയൊരു വൈരുദ്ധ്യമാണ്. ഈയൊരു സാഹചര്യത്തിൽ, വർഗ്ഗീയതയ്ക്കെതിരെയുള്ള ഏറ്റവും ശക്തമായ പ്രതിരോധ കോട്ടയായി മാറേണ്ടത് 'വൈജ്ഞാനിക ലോകം' (Intellectual World) ആണ്. അറിവ് എന്നത് കേവലം വിവരശേഖരണമല്ല, മറിച്ച് തിരിച്ചറിവാണെന്ന് ഈ ലോകം നമ്മെ ഓർമ്മിപ്പിക്കുന്നു.

വിദ്വേഷത്തിന്റെ വേരുകളും അറിവിന്റെ വെളിച്ചവും

അറിവില്ലായ്മയും ഭയവുമാണ് വിവേചനബുദ്ധിയോടെയുള്ള വർഗ്ഗീയതയുടെ വളം. തന്റേതല്ലാത്തതിനെയെല്ലാം ശത്രുവായി കാണുന്ന മനോഭാവം വളരുന്നത് അപരനെക്കുറിച്ചുള്ള അറിവില്ലായ്മയിൽ നിന്നാണ്. വിഖ്യാത ചിന്തകൻ ബെർട്രാൻഡ് റസ്സൽ പറഞ്ഞതുപോലെ, "ഭയമാണ് ക്രൂരതയുടെ ഉറവിടം." ഈ ഭയത്തെ ഇല്ലാതാക്കാൻ വസ്തുനിഷ്ഠമായ അറിവിന് സാധിക്കും.

വൈജ്ഞാനിക ലോകം എന്നത് കേവലം പുസ്തകഷുഴുക്കളുടെ ലോകമല്ല, മറിച്ച് സത്യത്തെയും മിഥ്യയെയും വേർതിരിച്ചറിയാൻ പ്രാപ്തിയുള്ള സ്വതന്ത്രചിന്തകരുടെ ഇടമാണ്. അന്ധമായ വിശ്വാസങ്ങൾക്കും കെട്ടുകഥകൾക്കും പകരം യുക്തിസഹമായ ചിന്തകൾക്ക് അവിടെ പ്രാധാന്യം ലഭിക്കുന്നു. "എവിടെ മനസ്സ് ഭയരഹിതമായിരിക്കുന്നുവോ, എവിടെ അറിവ് സ്വതന്ത്രമായിരിക്കുന്നുവോ..." എന്ന് തുടങ്ങുന്ന ടാഗോറിന്റെ വരികൾ വിഭജനങ്ങളില്ലാത്ത ഒരു വൈജ്ഞാനിക ലോകത്തിന്റെ സ്വപ്നമാണ് പങ്കുവെക്കുന്നത്.

ഫാസിസ്റ്റ് പ്രവണതകളും വൈജ്ഞാനികമായ അടിച്ചമർത്തലുകളും

ഇന്ത്യയിലെ സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ ഫാസിസ്റ്റ് സ്വഭാവമുള്ള നീക്കങ്ങൾ വർഗ്ഗീയതയെ ആയുധമാക്കുന്നത് കാണാം. വിയോജിക്കുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുക, ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുക, സാംസ്കാരികമായ ഏകശിലാരൂപം അടിച്ചേൽപ്പിക്കുക എന്നിവ ഫാസിസത്തിന്റെ ലക്ഷണങ്ങളാണ്. വൈജ്ഞാനിക ലോകത്തെയും സർവ്വകലാശാലകളെയും നിശബ്ദമാക്കാനുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. അറിവിനെ ഭയക്കുന്നവർ എക്കാലത്തും ചിന്തിക്കുന്നവരെയാണ് ആദ്യം വേട്ടയാടിയിട്ടുള്ളത്. സാംസ്കാരിക വൈവിധ്യങ്ങളെയും ബഹുസ്വരതയെയും തകർക്കുന്ന ഇത്തരം പ്രവണതകളെ തിരിച്ചറിയാനും പ്രതിരോധിക്കാനും വൈജ്ഞാനിക സമൂഹത്തിന് വലിയ ബാധ്യതയുണ്ട്.

കേരളീയ സാഹചര്യവും വൈജ്ഞാനിക പ്രതിരോധവും

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിന് സവിശേഷമായ ഒരു നവോത്ഥാന പാരമ്പര്യമുണ്ട്. ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പി സ്വാമികൾ, വക്കം അബ്ദുൽ ഖാദർ മൗലവി തുടങ്ങിയ മഹാമനീഷികൾ പാകിയ മതേതരത്വത്തിന്റെ മണ്ണിലാണ് നാം ജീവിക്കുന്നത്. എന്നാൽ, ഈടുറ്റ ഈ പാരമ്പര്യത്തിന് മേലും വർഗ്ഗീയതയുടെ കരിനിഴൽ വീഴ്ത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ കരുത്തായ മതസൗഹാർദ്ദത്തെ തകർക്കാൻ പുതിയ വർഗ്ഗീയ പ്രചാരണങ്ങൾ (ഉദാഹരണത്തിന് 'ലവ് ജിഹാദ്', 'നാർക്കോട്ടിക് ജിഹാദ്' തുടങ്ങിയ വ്യാജ നിർമ്മിതികൾ) സമൂഹത്തിൽ ആഴത്തിൽ വേരോടിക്കാൻ ശ്രമിക്കുന്നു. കേരളത്തിലെ വൈജ്ഞാനിക ലോകം ഈ സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പ്:

മനുഷ്യർക്കിടയിലുള്ള എല്ലാ വേർതിരിവുകളും മറികടന്ന് അവർക്കിടയിൽ സമഭാവനയുടെ സന്ദേശം പകർന്നുനൽകാൻ നമുക്കാവണം. കലാലയങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ഈ മൂല്യങ്ങൾ പുതുതലമുറയിലേക്ക് പകർന്നു നൽകുന്ന ഇടങ്ങളായി മാറണം.

ഇന്ത്യയിലെ സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ ഫാസിസ്റ്റ് സ്വഭാവമുള്ള നീക്കങ്ങൾ വർഗ്ഗീയതയെ ആയുധമാക്കുന്നത് കാണാം. വിയോജിക്കുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുക, ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുക, സാംസ്കാരികമായ ഏകശിലാരൂപം അടിച്ചേൽപ്പിക്കുക എന്നിവ ഫാസിസത്തിന്റെ ലക്ഷണങ്ങളാണ്.

വിദ്യാസമ്പന്നരിലെ വർഗ്ഗീയത:

നിർഭാഗ്യവശാൽ, കേരളത്തിൽ ഉയർന്ന വിദ്യാഭ്യാസം നേടിയവരിലും വർഗ്ഗീയ ചിന്തകൾ പ്രകടമാകുന്നുണ്ട്. ബിരുദങ്ങൾ നേടുന്നത് കേവലം തൊഴിലിന് വേണ്ടിയാണെന്ന ധാരണ തിരുത്തപ്പെടണം. അറിവ് ഒരുവനെ വിവേകിയാക്കി മാറ്റണം. കേരളത്തിലെ വായനശാലാ പ്രസ്ഥാനങ്ങളും സാഹിത്യ ചർച്ചകളും വർഗ്ഗീയതയ്ക്കെതിരെയുള്ള ജാഗ്രതാ സമിതികളായി പുനർജനിക്കേണ്ടതുണ്ട്.


സോഷ്യൽ മീഡിയയിലെ കേരള മോഡൽ വിദ്വേഷം:

കേരളത്തിലെ സമാധാനപരമായ അന്തരീക്ഷം തകർക്കാൻ പുറത്തുനിന്നുള്ള ശക്തികൾ നടത്തുന്ന ഡിജിറ്റൽ പ്രചാരണങ്ങളെ വസ്തുതകൾ കൊണ്ട് നേരിടണം. ഓരോ മലയാളിയിലും 'വസ്തുതാ പരിശോധന' (Fact-checking) ഒരു ശീലമായി വളർത്താൻ വൈജ്ഞാനിക ലോകത്തിന് സാധിക്കണം.

മതനേതൃത്വങ്ങളുമായുള്ള സംവാദം:

കേരളത്തിലെ വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സംവാദം പുനരാരംഭിക്കണം. മതങ്ങൾ തമ്മിലുള്ള അവ മുന്നോട്ടുവെക്കുന്ന സ്നേഹത്തിന്റെ സമാനതകളെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും പൊതുവേ





ദികളിൽ ചർച്ചകൾ സംഘടിഷിക്കണം.

സമകാലിക ലോകത്തെ വെല്ലുവിളികളും ഡിജിറ്റൽ ജാഗ്രതയും

ഇന്ന് ലോകമെമ്പാടും 'പോസ്റ്റ് ട്രൂത്ത്' (Post-truth) കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. വസ്തുതകളേക്കാൾ വികാരങ്ങൾക്കും വ്യക്തിപരമായ വിശ്വാസങ്ങൾക്കും പ്രാധാന്യം ലഭിക്കുന്ന അവസ്ഥ. സോഷ്യൽ മീഡിയ വഴി പടരുന്ന 'ഫേക്ക് ന്യൂസുകൾ' (Fake News) പലപ്പോഴും വർഗ്ഗീയ കലാപങ്ങൾക്ക് തിരികൊളുത്തുന്നു. അടുത്ത കാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വംശീയ-വർഗ്ഗീയ സംഘർഷങ്ങളിൽ തെറ്റായ വിവരങ്ങൾക്കുള്ള പങ്ക് ചെറുതല്ല.

ഇവിടെയാണ് വൈജ്ഞാനിക ലോകത്തിന്റെ ഉത്തരവാദിത്തം വർദ്ധിക്കുന്നത്. അറിവിനെ സത്യസന്ധമായി വിശകലനം ചെയ്യാനും (Critical Thinking), വിദ്വേഷ പ്രചാരണങ്ങളെ വസ്തുതകൾ കൊണ്ട് നേരിടാനും പുതിയ തലമുറയെ പ്രാപ്തരാക്കണം. വിവരസാങ്കേതിക വിദ്യയെ വിദ്വേഷം പടർത്താനല്ല, മറിച്ച് സ്നേഹം പങ്കുവെക്കാനും സംവാദങ്ങൾ നടത്താനുമാണ് ഉപയോഗിക്കേണ്ടതെന്ന ബോധം വിദ്യാഭ്യാസത്തിലൂടെ മാത്രമേ പകർന്നു നൽകാനാവൂ.

ചരിത്രത്തിന്റെ അപനിർമ്മാണവും പ്രതിരോധവും

വർഗ്ഗീയവാദികൾ എക്കാലത്തും ആദ്യം കൈവെക്കുന്നത് ചരിത്രത്തിന്മേലാണ്. സ്വന്തം വിഭാഗത്തെ മഹത്വവൽക്കരിക്കാനും മറ്റുള്ളവരെ അധിനിവേശക്കാരായി ചിത്രീകരിക്കാനും ചരിത്രത്തെ വളച്ചൊടിക്കുന്നു. ഇവിടെയാണ് സത്യസന്ധരായ ചരിത്രകാരന്മാരുടെ പ്രസക്തി. ചരിത്രം എന്നത് ഒരു വിഭാഗത്തിന്റെ വിജയഗാഥയല്ല, മറിച്ച് മനുഷ്യരാശിയുടെ വികാസപരിണാമങ്ങളുടെ രേഖയാണ്.

റൊമില ഥാപ്പറിനെപ്പോലെയുള്ള ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നത് പോലെ, വൈവിധ്യങ്ങളുടെയും സഹിഷ്ണുതയുടെയും ചരിത്രമാണ് ഇന്ത്യയുടേത്. ഈ ചരിത്രസത്യങ്ങൾ പാഠപുസ്തകങ്ങളിലും ചർച്ചകളിലും സജീവമാക്കുന്നത് വർഗ്ഗീയ അജണ്ടകളെ പൊളിച്ചെഴുതാൻ സഹായിക്കും. വിസ്മരിക്കപ്പെട്ട സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും കഥകൾ വീണ്ടും പറയുക എന്നത് ഒരു വൈജ്ഞാനിക ദൗത്യമാണ്. ഡിജിറ്റൽ യുഗത്തിലെ വർഗ്ഗീയതയും വ്യാജവാർത്താ നിർമ്മിതിയും

ആധുനിക വൈജ്ഞാനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സോഷ്യൽ മീഡിയ വഴിയുള്ള വർഗ്ഗീയ ധ്രുവീകരണമാണ്. വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ, നിർഭാഗ്യവശാൽ അറിവിനേക്കാൾ വേഗത്തിൽ വിദ്വേഷമാണ് പ്രചരിക്കുന്നത്. പണ്ട് നേരിട്ടുള്ള സംവാദങ്ങളിലൂടെയോ പ്രസംഗങ്ങളിലൂടെയോ ആണ് വർഗ്ഗീയത പടർന്നിരുന്നതെങ്കിൽ, ഇന്ന് അത് സ്മാർട്ട്ഫോണുകളിലെ 'വാട്സാപ്പ് ഫേസ്ബുക്ക് യൂണിവേഴ്സിറ്റിക

ളിലൂടെയും' ഗ്രൂപ്പുകളിലൂടെയും അദൃശ്യമായി ഒഴുകുന്നു.

അൽഗോരിതങ്ങളും 'എക്കോ ചേമ്പറുകളും' (Echo Chambers)

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രവർത്തിക്കുന്നത് പ്രത്യേക അൽഗോരിതങ്ങളുടെ അടിസ്ഥാനത്തിലാണ്. ഒരാൾക്ക് താല്പര്യമുള്ള കാര്യങ്ങൾ മാത്രം വീണ്ടും വീണ്ടും അയാളുടെ മുന്നിലെത്തിക്കുന്ന രീതിയാണിത്. വർഗ്ഗീയമായ ഒരു പോസ്റ്റ് കാണുന്ന വ്യക്തിക്ക് അത്തരം കൂടുതൽ പോസ്റ്റുകൾ ലഭിച്ചുകൊണ്ടേയിരിക്കും. ഇത് അയാളുടെ മുൻവിധികളെ ഉറപ്പിക്കുകയും മറ്റു വിഭാഗങ്ങളെക്കുറിച്ചുള്ള വിദ്വേഷം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. താൻ വിശ്വസിക്കുന്ന ലോകം മാത്രമാണ് ശരിയെന്ന ഈ 'എക്കോ ചേമ്പർ' പ്രതിഭാസം വൈജ്ഞാനികമായ തുറന്ന ചിന്തയെ തടസ്സപ്പെടുത്തുന്നു.

വ്യാജവാർത്തകളും വസ്തുതാ നിരാസവും (Post-truth)

വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കാൻ ബോധപൂർവ്വം നിർമ്മിക്കപ്പെടുന്നതാണ് പല വ്യാജവാർത്തകളും. ചരിത്രത്തെ വളച്ചൊടിച്ചും, പഴയ വീഡിയോകൾ എഡിറ്റ് ചെയ്തും, മറ്റൊരു രാജ്യത്ത് നടന്ന സംഭവങ്ങൾ നമ്മുടെ നാട്ടിലെന്ന രീതിയിൽ പ്രചരിപ്പിച്ചും ജനങ്ങളെ പ്രകോപിപ്പിക്കുന്നു. "സത്യം ചെരുപ്പിടുമ്പോഴേക്കും നുണ ലോകം ചുറ്റിവരും" എന്ന പഴഞ്ചൊല്ല് ഡിജിറ്റൽ യുഗത്തിൽ അന്വർത്ഥമാവുകയാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു വാർത്ത സത്യമാണോ എന്ന് പരിശോധിക്കാനുള്ള (Fact- checking) വൈജ്ഞാനികമായ അറിവ് പലപ്പോഴും ഉണ്ടാകാറില്ല. വൈകാരികമായ വരികൾക്കൊപ്പം വരുന്ന ഇത്തരം വാർത്തകൾ പെട്ടെന്ന് വിശ്വസിക്കപ്പെടുകയും വർഗ്ഗീയമായ ചേരിതിരിവിലേക്ക് നയിക്കുകയും ചെയ്യുന്നു.

സൈബർ ബുള്ളിയിംഗും അപരവൽക്കരണവും

സോഷ്യൽ മീഡിയയിൽ തങ്ങൾ

വർഗ്ഗീയവാദികൾ എക്കാലത്തും ആദ്യം കൈവെക്കുന്നത് ചരിത്രത്തിന്മേലാണ്. സ്വന്തം വിഭാഗത്തെ മഹത്വവൽക്കരിക്കാനും മറ്റുള്ളവരെ അധിനിവേശക്കാരായി ചിത്രീകരിക്കാനും ചരിത്രത്തെ വളച്ചൊടിക്കുന്നു. ഇവിടെയാണ് സത്യസന്ധരായ ചരിത്രകാരന്മാരുടെ പ്രസക്തി. ചരിത്രം എന്നത് ഒരു വിഭാഗത്തിന്റെ വിജയഗാഥയല്ല, മറിച്ച് മനുഷ്യരാശിയുടെ വികാസപരിണാമങ്ങളുടെ രേഖയാണ്.

ക്കെതിരെയുള്ള അഭിപ്രായങ്ങളെ കൂട്ടമായി ആക്രമിക്കുന്ന പ്രവണത (Cyber lynching) വർദ്ധിച്ചു വരുന്നു. മതേതരത്വത്തെക്കുറിച്ചോ മാനവികതയെക്കുറിച്ചോ സംസാരിക്കുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുകയും വ്യക്തിഹത്യ നടത്തുകയും ചെയ്യുന്നത് ഇന്ന് നിത്യസംഭവമാണ്. ഇത്തരം പ്രവണതകൾ സ്വതന്ത്ര ചിന്തകരെ നിശബ്ദരാക്കാൻ കാരണംമാകുന്നു. വർഗ്ഗീയതയുടെ ഈ പുതിയ മുഖം തിരിച്ചറിയാൻ കേവലം സാങ്കേതിക വിദ്യയല്ല, മറിച്ച് 'ഡിജിറ്റൽ ഹ്യൂമനിസം' (Digital Humanism) എന്ന വൈജ്ഞാനിക ബോധമാണ് നമുക്ക് വേണ്ടത്.

വൈജ്ഞാനിക പ്രതിരോധം

ഇവിടെയാണ് വൈജ്ഞാനിക ലോകത്തിന്റെ പ്രസക്തി. വാർത്തയെയും വിമർശനാത്മകമായി സമീപിക്കാനും (Critical Thinking), വിദ്വേഷം പ്രചരിപ്പിക്കുന്ന അക്കൗണ്ടുകളെയും ഗ്രൂപ്പുകളെയും തിരിച്ചറിയാനും സമൂഹത്തെ പഠിപ്പിക്കണം. സത്യാനന്തര കാലത്ത് വസ്തുതകളെ മുറുകെ പിടിക്കുക എന്നത് ഒരു രാഷ്ട്രീയ പോരാട്ടം കൂടിയാണ്. ഈ പോരാട്ടം ഇന്ന് ഡിജിറ്റൽ ഇടങ്ങളിൽ വിവേകശാലികളായ മനുഷ്യർ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അറിവ് എന്നത് മറ്റൊരാളെ വെറുക്കാനുള്ള കാരണമല്ല, മറിച്ച് വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള വെളിച്ചമാണെന്ന് നാം തെളിയിക്കേണ്ടതുണ്ട്.

കേരളം ഒരു കാലത്ത് 'ഭ്രാന്താലയം' ആയിരുന്നുവെന്ന് വിവേകാനന്ദൻ പറഞ്ഞത് നാം ഓർക്കണം. വീണ്ടും ആ ഭ്രാന്താലയത്തിലേക്ക് മടങ്ങാതിരിക്കാനുള്ള ഏക പോംവഴി അറിവിന്റെയും മാനവികതയും കരുത്തുറ്റ പ്രതിരോധമാണ്. വിദ്വേഷത്തിന്റെ മതിലുകൾ തകർക്കാൻ അറിവിന്റെ ഈടുറ്റ ആയുധങ്ങൾ നമുക്ക് ഉപയോഗിക്കാം. ഡിജിറ്റൽ സ്ക്രീനുകളിലെ വിദ്വേഷ പ്രസംഗങ്ങളല്ല, മറിച്ച് മനുഷ്യന്റെ വിവേകമാണ് വരുംകാലത്തെ നയിക്കേണ്ടത്. സ്മാർട്ട്ഫോണുകളേക്കാൾ സ്മാർട്ടായ, മാനവികതയുള്ള ഒരു മനസ്സാണ് വർഗ്ഗീയതയ്ക്കെതിരെയുള്ള യഥാർത്ഥ മരുന്ന്. വർഗ്ഗീയതയുടെ ഇരുട്ട് പടരുമ്പോൾ മെഴുകുതിരികൾ കത്തിക്കാൻ വൈജ്ഞാനിക ലോകത്തിന് ബാധ്യതയുണ്ട്. വെറുപ്പിന്റെ ഭാഷയെ വിവേകത്തിന്റെ ഭാഷകൊണ്ട് നേരിടണം. വിദ്യാലയങ്ങളും വായനശാലകളും ചർച്ചാ വേദികളും വർഗ്ഗീയതയ്ക്കെതിരെയുള്ള ജാഗ്രതാ സമിതികളായി മാറണം. അറിവ് എന്നത് മറ്റൊരാളെ കീഴ്പ്പെടുത്താനല്ല, മറിച്ച് എല്ലാവരെയും ചേർത്തുപിടിക്കാനാണെന്ന തിരിച്ചറിവ് സമൂഹത്തിൽ പടരുമ്പോൾ മാത്രമേ നാം യഥാർത്ഥത്തിൽ 'വൈജ്ഞാനിക സമൂഹം' ആയി മാറുകയുള്ളൂ. ഡിജിറ്റൽ സ്ക്രീനുകളിലെ വിദ്വേഷ പ്രസംഗങ്ങളല്ല, മറിച്ച് മനുഷ്യന്റെ വിവേകമാണ് വരുംകാലത്തെ നയിക്കേണ്ടത്. സ്മാർട്ട്ഫോണുകളേക്കാൾ സ്മാർട്ടായ, മാനവികതയുള്ള ഒരു മനസ്സാണ് വർഗ്ഗീയതയ്ക്കെതിരെയുള്ള യഥാർത്ഥ മരുന്ന്. ■

ഡോ. രേണു
ദേവസ്വംബോർഡ് കോളേജ്, തലയോലപ്പറമ്പ്

കഥ
അധ്യാപക
വിഭാഗം
(രണ്ടാം
സ്ഥാനം)



നോക്കെത്താദൂരത്തോളം പരന്നു കിടക്കുന്ന നെൽവയലുകൾ. നെൽവയലുകൾക്കിടയിലൂടെ ചെറിയ ഒരു മൺപാത. മൺപാത തീരുന്ന സ്ഥലത്ത് വലിയൊരു താമരക്കുളം. താമരക്കുളത്തിൽ നിറയെ പല വർണ്ണത്തിലുള്ള താമരപ്പൂക്കൾ. അവിടെ നിന്ന് നോക്കിയാൽ ഒരു കിലോമീറ്ററോളം നീളത്തിൽ കല്ലും കട്ടയും നിറഞ്ഞ ഊടുവഴി കാണാം. ഊടുവഴി അവസാനിക്കുന്ന സ്ഥലം ഒരു വെളിമ്പ്രദേശമാണ്. പകൽ പോലും ആരും പോകാൻ ഭയപ്പെടുന്ന സ്ഥലമാണ് ആ വെളിമ്പ്രദേശം. അവിടെയാണ് ഗ്രാമത്തിലെ ശ്മശാനഭൂമി.

മരിച്ചവർ ഉറങ്ങുന്ന സ്ഥലം.

ആ സ്ഥലത്ത് നിൽക്കാൻ ഗ്രാമത്തിൽ ധൈര്യമുള്ള ഏക വ്യക്തി മുരുകനായിരുന്നു. ഗ്രാമത്തിലെ മരിച്ചവരെ ദഹിപ്പിക്കുന്ന ജോലിയായിരുന്നു മുരുകന്. ഗ്രാമവാസികൾ മരിച്ച ആളുകളെ താമരക്കുളത്തിന്റെ സമീപത്തുവരെ തലച്ചുമടായികൊണ്ടുവന്ന് വയ്ക്കും. അതുകഴിഞ്ഞ് ശവശരീരത്തെ അവർ മുരുകനെ ഏല്പ്പിക്കും. പിന്നെ മരിച്ചവരുടെ ബന്ധുക്കളാരും അവിടെ നിൽക്കുകയില്ല. ഒരു കിലോമീറ്ററോളം വ്യാപിച്ചുകിടക്കുന്ന ഊടുവഴിയിലൂടെ ശവശരീരത്തെ സ്വന്തം ചുമലിലേറ്റി വെളിമ്പ്രദേശത്ത് കൊണ്ടുപോയി ദഹിപ്പിക്കുന്ന ചുമതല മുരുകനാണ്.

മദ്യത്തിന്റെ ആലസ്യത്തിൽ ശവങ്ങളെ ദഹിപ്പിച്ചതിനുശേഷം നേരം പുലരാറാകുമ്പോഴാണ് മുരുകൻ വീട്ടിൽ എത്തുന്നത്. നാട്ടുകാർ കൊടുക്കുന്ന ചില്ലറത്തുട്ടുകളാണ് മുരുകന്റെ ആകെ സമ്പാദ്യം. ശവങ്ങളെ ദഹിപ്പിക്കുക എന്ന ചടങ്ങ് തലമുറകളായി കൈമാറിവരുന്ന പാരമ്പര്യത്തിന്റെ ഭാഗമാണ് മുരുകനും.

കിഴക്ക് കോഴികൂവിയപ്പോൾ മുരുകൻ എന്നത്തെയും പോലെ വീട്ടിൽ തിരിച്ചെത്തി.

'എടീ, എന്റെ മക്കൾ എഴുന്നേറ്റില്ലയോ'? മുരുകൻ ശെൽവിയോട് ചോദിച്ചു.

"അഷൻ എപ്പോഴാണ് തിരിച്ചുവരുന്നത് എന്ന് ചോദിച്ചുകൊണ്ട് മക്കൾ ഉണർന്ന് ഇരിക്കുകയായിരുന്നു. അവസാനം നിങ്ങളുടെ അമ്മ വന്ന് പറഞ്ഞപ്പോഴാണ് അവര് ഒന്ന് ഉറങ്ങിയത്.

'ഉറങ്ങിക്കോട്ടെ' മുരുകൻ പറഞ്ഞു.

"ആട്ടെ, അമ്മ എന്താ മക്കളോട് പറഞ്ഞത് ? മുരുകന്റെ ആ ചോദ്യം ശെൽവിയുടെ കണ്ണുകളിൽ തറച്ചു നിന്നു.

"എന്തുപറ്റിയെടി. എന്താണ് അമ്മ പറഞ്ഞത്?

"മക്കൾക്ക് നിങ്ങൾ ഈ തൊഴിലിന് പോകുന്നത് ഇഷ്ടമല്ല. ഇളയവളായ ചെമ്പകം ഇന്നലെ എന്നോട് ചോദിക്കുകയാണ് അഷന് വെറെ

എന്തെങ്കിലും ജോലിക്ക് പോകരുതോയെന്ന്.

ശെൽവിയുടെ സംഭാഷണം മുരുകനിൽ നിരാശ പടർത്തി.

വർഷങ്ങൾക്കപ്പുറമുള്ള ഓർമ്മകളിലേക്ക് മുരുകന്റെ മനസ്സ് ചെന്നു നിന്നു. അമ്മയും അച്ഛനും താനും അടങ്ങുന്ന കുടുംബം. എന്തൊരു സന്തോഷം നിറഞ്ഞ ബാല്യകാലമായിരുന്നു തനിക്കുണ്ടായിരുന്നത്. എന്നാൽ ബാല്യകാല സന്തോഷങ്ങൾക്ക് അധികം ആയുസ്സുണ്ടായിരുന്നില്ല.

തന്നെയും കൂട്ടിയാണ് അച്ഛൻ തേൻ ശേഖരിക്കാൻ പോകുന്നത്. ഒരിക്കൽ തേൻ ശേഖരിക്കാൻ മരത്തിനുമുകളിൽ കയറിയ അച്ഛന്റെ കാൽ വഴുതി വീണു. ഒരു ചികിത്സയ്ക്കും അച്ഛനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനായില്ല. കാട്ടിൽ അമ്മയുടെ കൂടെ ഈറ്റ വെട്ടാൻ പോയാണ് ഞങ്ങളുടെ ജീവിതം പിന്നീട് മുന്നോട്ട് പോയത്.

ഒരു ദിവസം അസുഖം കൂടുതലായ രാത്രിയിൽ അച്ഛൻ എന്നെ അരികിൽ വിളിച്ചിട്ട് പറഞ്ഞ കാര്യമിതായിരുന്നു:

'മുരുകാ, നമ്മുടെ പാരമ്പര്യത്തൊഴിൽ ശവങ്ങളെ ദഹിപ്പിക്കലാണ്. ഞാൻ ആ തൊഴിൽ ഉപേക്ഷിച്ച ഷോഴാണ് പൂർവികശാപം പോലെ എനിക്ക് ഈ ഗതിവന്നത്. നീ ആ തൊഴിൽ ചെയ്യണം. നിനക്ക് നന്മയെ ഉണ്ടാകൂ.' തന്റെ മൂർദ്ധാവിൽ കൈവെച്ച് അനുഗ്രഹിച്ചിട്ട് അച്ഛൻ എന്നന്നേക്കുമായി ഒരിക്കലും തിരിച്ചുവരാത്ത ലോകത്തിലേക്ക് യാത്രയായി.

അന്ന് മുതൽ തുടങ്ങിയതാണ് താൻ ഈ തൊഴിൽ. അത് വേണ്ടെന്ന് വച്ചാൽ പൂർവികശാപം തന്നെയും കുടുംബത്തെയും പിൻതുടരും?

'അഷാ', ചെമ്പകത്തിന്റെ വിളി മുരുകനെ വർത്തമാനകാലത്തിലേക്ക് നടത്തി.

"അഷനോട് ഞാനൊരുകാര്യം ചോദിക്കട്ടേ'?

"അഷന് വയ്യാണ്ട് വന്നാൽ ഈ



തൊഴിൽ ആരാ ചെയ്യുക? ഞാനോ ചേച്ചിയോ'?

ആ ചോദ്യം മുരുകനിൽ ഞെട്ടലുണ്ടാക്കി.

'മോളോട് ഈ കാര്യം ആരാണ് പറഞ്ഞത്?

മുരുകൻ ചെമ്പകത്തിനെ മടിയിലിരുത്തിക്കൊണ്ട് ചോദിച്ചു.

"അച്ഛമ്മയാണ് അഷാ ഞങ്ങളോട് ഇങ്ങനെ പറഞ്ഞത്. ചേച്ചിക്ക് കഴിയുകയില്ലെന്ന് അഷോൾ തന്നെ പറയുകയും ചെയ്തു'.

'ഞാൻ പണ്ട് പറഞ്ഞിട്ടുള്ളതാണ്. പിള്ളേരോട് പാരമ്പര്യത്തൊഴിലിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കണമെന്ന് എന്നുള്ള പറച്ചിലുമായി മുത്തിയമ്മ എത്തി.

'എടീ നിന്റെ ചേച്ചി എഴുന്നേറ്റില്ലേ'?

"ഒരു അനുസരണയുമില്ലാത്ത പെണ്ണ്. അശ്രീകരം'. മുത്തിയമ്മ പിറുപിറുത്തു.

'എന്തിനാണ് അച്ഛമ്മേ, ചേച്ചിയെ ഇങ്ങനെ ശപിക്കുന്നത്.

'രണ്ടുംകൂടെ എന്താണെന്നുവെച്ചാൽ ചെയ്യ്. പാരമ്പര്യ തൊഴിലിനെ മറന്നാലുള്ള ഫലം എന്താണെന്ന് പിള്ളേരോട് പറഞ്ഞുകൊടുക്കെടാ' എന്ന് പറഞ്ഞുകൊണ്ട് വെട്ടുകത്തിയും എടുത്തുകൊണ്ട് പിന്നെയും എന്തൊക്കെയോ പുലമ്പിക്കൊണ്ട് മുത്തിയമ്മ വെളിയിലേക്ക് നടന്നു.

ബഹളം കേട്ട് പഞ്ചമി എഴുന്നേറ്റ് വന്നു.

"അച്ഛമ്മ എന്താടി എന്നെക്കുറിച്ച് പറഞ്ഞത്?

"ഒന്നുമില്ല ചേച്ചി. അച്ഛമ്മയ്ക്ക് മനസ്സിന് സുഖമില്ലാത്ത ആളല്ലേ. അത് മറന്നേക്കൂ. ചേച്ചി, അച്ഛനെ കണ്ടില്ലേ'?

പഞ്ചമി മുരുകനെ നോക്കിയിട്ട് ശ്രദ്ധിക്കാത്തമട്ടിൽ കടന്നുപോയി. കുറച്ചുനാളുകളായിട്ട് പഞ്ചമിയുടെ മാറ്റം മുരുകനെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. ശെൽവി ഒന്നും പറയുന്നില്ലെങ്കിലും അവളും വിഷമിക്കുന്നുണ്ടെന്ന് മുരുകനറിയാം.

"അച്ഛാ, ചേച്ചിക്ക് എന്താണ് പറ്റിയത്'?

'എനിക്കറിയില്ല മോളെ' എന്ന് പറഞ്ഞുകൊണ്ട് മുരുകൻ ചെമ്പകത്തിനെ കെട്ടിപ്പിടിച്ചു. അടുക്കളയിൽ ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് നിൽക്കുകയായിരുന്ന ശെൽവിയുടെ മനസ്സ് എന്തൊ ഭയത്താൽ നൊന്തു.

പിറ്റേന്ന് ചെമ്പകം എഴുന്നേൽക്കുന്നതിന് മുൻപുതന്നെ പഞ്ചമി സ്കൂളിൽ പോകാൻ ഒരുങ്ങി. ചെമ്പകം വരുന്നതിന് മുൻപുതന്നെ പഞ്ചമി വീട്ടിൽ നിന്നും ഇറങ്ങി.

"ചേച്ചി, ഞാനും കൂടെ വരുന്നുണ്ട്. എനിക്ക് ഒറ്റയ്ക്ക് ആ വഴിയിലൂടെ പോകാൻ ഭയമാണ്. ചേച്ചി ഒന്ന് നിൽക്കൂ'. അഷോഴേക്കും പഞ്ചമി ചെമ്പകത്തിനെക്കാളും വളരെ അകലത്തിലായി നടന്നുകഴിഞ്ഞിരുന്നു.

'അച്ഛന്റെ പാരമ്പര്യം നോക്കേണ്ട നിനക്കാണോ ഭയം? ഒറ്റയ്ക്ക് ശ്മശാനത്തിൽ ഇരിക്കാൻ വിധിക്കപ്പെട്ടവളാണ് നീ'. എന്നിങ്ങനെയുള്ള വാക്കുകൾ ആകാശത്തിലൂടെ ചിതറിത്തെറിച്ച് ചെമ്പകത്തിന്റെ കാതിൽ വന്ന് മുട്ടി.

വൈകുന്നേരം ചെമ്പകം വന്നിട്ടും പഞ്ചമിയെ കാണാതായഷോൾ ശെൽവിക്ക് പരിഭ്രമമായി.

"മക്കളെ നേരാവണ്ണം വളർത്തിയില്ലെങ്കിൽ ഇതാണ് ഫലം'. മുത്തിയമ്മ പിറുപിറുത്തുകൊണ്ടിരുന്നു.

"മോളെ, ചെമ്പകം നീ അച്ഛനെ ഒന്ന് വിളിച്ചുകൊണ്ടുവരുമോ'?

'അമ്മേ, എനിക്ക് ശ്മശാനത്തിലേക്ക് പോകാൻ ഭയമാണ്'.

'നാളെ നീയാണ് ശ്മശാനത്തിന്റെ കാവൽക്കാരിയാകേണ്ടവൾ'. അട്ടഹസിച്ചുകൊണ്ടുള്ള മുത്തിയമ്മയുടെ പറച്ചിലുകൾ കേട്ട് അവൾ കാതുപൊത്തി.

'മോൾക്ക് ഭയമാണെങ്കിൽ ഞാൻ പോകാം'. ശെൽവിയുടെ സംഭാഷണത്തിലെ മാറ്റം ചെമ്പകത്തിനെ പേടിപ്പെടുത്തി.

"ഞാൻ പൊയ്ക്കോളാം' എന്ന് പറഞ്ഞ് തന്റെ കുടിലിൽ നിന്നും ചെമ്പകം പുറത്തേക്ക് ഇറങ്ങി. ചുറ്റിലുമുള്ള ഇരുട്ട് അവളെ ഭയപ്പെടുത്തി. മുന്നോട്ട് നടക്കുന്തോറും അവളിൽ ഭയം നിറഞ്ഞുവന്നു. ചീവികളുടെ കരച്ചിലുകൾ അവളെ പേടിപ്പെടുത്തി. മരച്ചില്ലകൾ കൈകളുടെ രൂപം പ്രാപിച്ച് ആക്രമിക്കാൻ വരുന്നതായി അവൾക്ക് തോന്നി. കണ്ണുകൾ മുറുക്കെ അടച്ചുകൊണ്ട് ശ്മശാനഭൂമി ലക്ഷ്യമാക്കി അവൾ ഓടി.

ആരോ ശ്മശാനഭൂമിയിലേക്ക് ഓടിവരുന്ന ശബ്ദം കേട്ട് മുരുകന്റെ ഉള്ളിൽ ഭയം മിന്നിമറഞ്ഞു. നോക്കുമ്പോൾ ചെമ്പകം.

"എന്തുപറ്റി മോളെ',

ഓടിക്കിതച്ചെത്തിയ ചെമ്പകത്തിന്റെ ശബ്ദം പുറത്തേക്കുവരാൻ കുറച്ചുനേരമെടുത്തു. തന്റെ കിതപ്പിനിടയിലൂടെ അവൾ പറഞ്ഞു.

'അഷാ, ചേച്ചി ഇതുവരെ വീട്ടിൽ എത്തിയിട്ടില്ല'

"എന്താണ് മോളെ ഈ പറയുന്നത്?

"അവൾക്ക് എന്തെങ്കിലും അപകടം'?

'അറിയില്ല അഷാ. അഷനെ വിളിച്ചുകൊണ്ട് ചെല്ലാൻ അമ്മ പറഞ്ഞു'.

'ഞാൻ എന്ത് ചെയ്യും മോളെ. ഗ്രാമവാസികൾ എന്നെ ഏൽഷിച്ച് പോയ ശവശരീരം ദഹിക്കാൻ ഇനിയും സമയമേറെയാണ്. ഈ ചുമതല ഞാൻ ആരെ ഏല്പ്പിക്കും'?

'നീ ശ്മശാനത്തിന്റെ കാവൽക്കാരിയാണ്' തന്റെ മനസ്സ് മന്ത്രിക്കുന്നതുപോലെ ചെമ്പകത്തിന് തോന്നി.

"അച്ഛൻ ധൈര്യമായി പോകൂ. ഞാൻ ഇവിടെയുണ്ടാകും'.

'മോളെ നീ' മുരുകന്റെ കണ്ണുകൾ നിറഞ്ഞു. മുരുകന്റെ കൈയിൽ നിന്നും പാരമ്പര്യ തൊഴിലിന്റെ അടയാളമായിരുന്ന ആ നീളൻ വടി ചെമ്പകം വാങ്ങിച്ചു. ശവശരീരം ദഹിഷിക്കുന്നതിനുള്ള വിറകുകൾ കൂട്ടിയിടാൻ ആ നീളൻ വടിയാണ് ഉപയോഗിച്ചിരുന്നത്.

നടന്ന് പോകുന്ന അച്ഛനെ നോക്കി

നീളൻ വടിയിൽ മുറുകെപ്പിടിച്ചുകൊണ്ട് അവൾ നിന്നു. ശവം കത്തുന്നതിന്റെ രൂക്ഷഗന്ധം ചെമ്പകത്തിന്റെ മൂക്കിൽ തുളച്ചുകയറി.

പച്ചമാംസം കത്തുന്നതിന്റെ മണം.

അവൾക്ക് ഓക്കാനം വന്നു. മരങ്ങൾ മനുഷ്യരൂപം പൂണ്ട് അഗ്നികുണ്ഡത്തിന് നടുവിൽ നൃത്തം ചെയ്യുന്നതായി അവൾക്ക് തോന്നി. അഗ്നികുണ്ഡത്തിൽ നിന്നും വരുന്ന ചൂട് അവളുടെ കുഞ്ഞ് ശരീരത്തിന് താങ്ങാൻ കഴിയുമായിരുന്നില്ല.

അവൾ നോക്കി നിൽക്കെ അഗ്നിയുടെ രൂപം മാറുന്നത് അവൾകണ്ടു. നീലയും മഞ്ഞയും പച്ചയും കലർന്ന നിറത്തിലുള്ള അഗ്നിജ്വാല. അഗ്നിജ്വാല മുകളിലേക്ക് ഉയർന്ന്പൊങ്ങി ആകാശത്തോളം വളർന്നു. അഗ്നിജ്വാലയുടെ മുകളിലായി ഒരു നിഴൽ പ്രത്യക്ഷപ്പെട്ടു.

'നീ ആരാണ്' ആ ചോദ്യം അവിടെയെങ്ങും മാറ്റൊലികൊണ്ടു. ആ രൂപം തന്റെ നേർക്ക് വരുന്നതുപോലെ അവൾക്ക് തോന്നി. അവൾ കണ്ണുകൾ മുറുക്കെ അടച്ചു.

ഉദയസൂര്യന്റെ കിരണങ്ങളുടെ ചൂടേറ്റ് കൺപോളകൾ പൊള്ളിയപ്പോൾ ചെമ്പകം കണ്ണുതുറന്നു. തന്റെ മുന്നിൽ ഉയരുന്ന അഗ്നിജ്വാലയില്ല. പകരം ചാരക്കൂമ്പാരത്തിൽ നിന്ന് ഉയരുന്ന പുകച്ചുരുളുകൾ മാത്രം..

അച്ഛന്റെ നീളൻ വടിയുമായി അവൾ വീടിനെ ലക്ഷ്യമാക്കി നടന്നു.

വീട് അടുക്കുന്തോറും ഗ്രാമവാസികളുടെ അലറിയുള്ള കരച്ചിൽ അവളുടെ ചെവിയിൽ വന്നെത്തി. തന്റെ വീട് നിൽക്കുന്ന സ്ഥാനത്ത് ഒരു അഗ്നിഗോളം മാത്രമേ അവൾക്ക് കാണാൻ കഴിഞ്ഞുള്ളൂ. അഗ്നിഗോളത്തിലേക്ക് ചാടാനൊരുങ്ങിയ അവളെ ആരൊക്കെയോ ചേർന്ന് തടഞ്ഞുനിർത്തി.

'ഗ്രാമത്തെ രക്ഷിക്കേണ്ടവളാണ് നീ. നിന്റെ അച്ഛന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ടവൾ. ചേച്ചി അവളുടെ പ്രണയത്തെ തേടിപോയതിൽ മനംനൊന്താണ് നിന്റെ



അച്ഛനും അമ്മയും മുത്തശ്ശിയും ജീവനൊടുക്കിയത്. നിനക്ക് ഞങ്ങളുണ്ട്. ഞങ്ങൾ ഏൽപ്പിക്കുന്ന ഉത്തരവാദിത്വം നിന്റെ അച്ഛനെപോലെ നിലനിർത്തേണ്ടത് നീയാണ്.

ശ്മശാനത്തിലെ അടുത്ത കാവൽക്കാരിയും നീ തന്നെയാണ്. എന്നിങ്ങനെയുള്ള സംഭാഷണശകലങ്ങൾ അവളുടെ കാതുകളെ പൊതിഞ്ഞു.

തന്റെ വീട് നിന്നിടത്ത് പ്രകാശശോഭയോടെ നിൽക്കുന്ന അഗ്നികുണ്ഡം. അത് തന്നെ വിഴുങ്ങിയിരുന്നെങ്കിലെന്ന് അവൾ ആശിച്ചു. അതേ നിമിഷം തന്നെ തന്നിൽ നിഷിപ്തമായ ചുമതലയിൽ ജാഗ്രത പുലർത്തുന്ന ഭാവം അവളുടെ മുഖത്ത് ദൃശ്യമായി.

ഗ്രാമവാസികൾ എല്ലാവരും പോയിക്കഴിഞ്ഞ് തന്റെ മനസ്സിൽ അടക്കിപ്പിടിച്ച സങ്കടം മുഴുവൻ അവൾ കരഞ്ഞുതീർത്തു. അച്ഛൻ തങ്ങൾക്ക് മാങ്ങ പറിച്ചുതരുന്ന മാവിന്റെ ചുവട്ടിൽ കിടന്ന് അവളുറങ്ങി.

പിറ്റേന്ന് രാവിലെ ഓലമടലും കമ്പുകളുംകൊണ്ട് തന്റെ വീടിനടുത്ത് തന്നെ അവൾ ചെറിയൊരു കുടിൽ പണിതു. പിന്നീടുള്ള ഒരു രാത്രികളും അവളെ ഭയം തേടിയെത്തിയില്ല. കാരണം അവൾ ഇന്ന് ഭയത്തിനെ അതിജീവിച്ചവളാണ്. മിക്ക സമയവും അവൾ ശ്മശ്മശാനത്തിലാണ് കഴിച്ചുകൂട്ടുന്നത്.

ഒരുദിവസം ശ്മശാനത്തിൽ ശവം ദഹിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവളൊരു ശബ്ദം കേട്ടു. ശബ്ദം കേട്ട ഭാഗത്തേക്ക് അവൾനോക്കി. പെട്ടെന്ന് തീജ്വാലയിൽ നിന്നും ഒരു കൈ ഉയർന്നുവരുന്നത് അവൾകണ്ടു. തന്റെ തോന്നലായിരിക്കും അതെന്നാണ് ആദ്യം അവൾ വിചാരിച്ചത്. പതുക്കെ അഗ്നി ജ്വാല മുകളിലേക്ക് ആളിക്കത്തി. അതോടൊപ്പം അശരീരിവാക്യം കേൾക്കാൻ തുടങ്ങി.

"ഒരിക്കൽ ഞാൻ നിന്നോട് നീ ആരാണെന്ന് ചോദിച്ചു. അന്നെനിക്ക് മനസ്സിലായി നിനക്ക് എന്നെ ഭയമാണെന്ന്. അതാണ് പിന്നീടുള്ള രാത്രികളിലൊന്നും ഞാൻ നിന്നെ തേടിവരാഞ്ഞത്.



ചെമ്പകത്തിന്റെ മുഖത്ത് ഭയത്തിന്റെ യാതൊരു ലക്ഷണങ്ങളുമില്ലായിരുന്നു. കൗതുകപൂർവ്വമാണ് അവൾ ആ സംഭാഷണം കേട്ടുകൊണ്ട് നിന്നത്.

'താങ്കൾ ആരാണെന്ന് പറഞ്ഞാലും' എന്ന് ചെമ്പകം അഗ്നിക്ക് നേരെ നിന്ന് ചോദിച്ചു.

'ഞാനോ....' വലിയൊരു അട്ടഹാസച്ചിരിയുടെ അകമ്പടിയോടെ അഗ്നിജ്വാല മുകളിലേക്ക് ഉയർന്നു.

'മരിച്ച ആളുകളുടെ നിഴലായ ഓർമ്മകളാണ് ഞാൻ. മരണം സംഭവിക്കുമ്പോൾ മരിച്ച ആളുടെ ഓർമ്മകൾ അന്തരീക്ഷത്തിൽ നിലനിൽക്കുകതന്നെ ചെയ്യും. ആ ഓർമ്മകളെ എന്നന്നേക്കുമായി നിഴലില്ലാത്ത രൂപത്തിലേക്ക് മാറ്റാൻ നിനക്ക് മാത്രമേ കഴിയൂ.

നിന്റെ അച്ഛൻ അതിൽ പരാജിതനായ വ്യക്തിയാണ്. അതാണ് അനിവാര്യമായ ദുരന്തമായി ഞാൻ അവരെ കവർന്നെടുത്തത്.

"അപ്പോൾ..... ചെമ്പകത്തിന്റെ ശബ്ദം ഇടറി.

ആകാശത്ത് ഇടിയും മിന്നലുമുണ്ടായി. ചെമ്പകത്തിന്റെ മുഖത്തേയ്ക്ക് മഴത്തുള്ളികൾ ആകാശത്തു നിന്നും തെന്നിവീണു.

ശക്തമായ കാറ്റ് ആഞ്ഞടിക്കാൻ തുടങ്ങി. ആർത്തലച്ച് പെയ്യുന്ന മഴയിൽ മുകളിലേക്ക് ഉയർന്ന അഗ്നിജ്വാലകൾക്ക് തോൽവി സമ്മതിക്കേണ്ടിവന്നു.

തുടരെ തുടരെ ഗ്രാമത്തിൽ സംഭവിക്കുന്ന ഓരോ സ്ത്രീകളുടെ മരണത്തിലും ചെമ്പകം അസ്വസ്ഥയായിരുന്നു. മരിച്ചയാളുടെ ശവദാഹത്തിലും അവരുടെ ഓർമ്മകൾ മരിക്കുന്നില്ലെന്ന് അവൾക്ക് അറിയാമായിരുന്നു. നിഴലായ ഓർമ്മകളെ ദഹിപ്പിച്ചാൽ മാത്രമേ മരണം ഗ്രാമത്തിൽ സംഭവിക്കുന്നത് കുറയ്ക്കാൻ കഴിയൂ എന്നവൾക്ക് തോന്നി. ചെമ്പകത്തിനെ ഏറെ വിഷമിപ്പിച്ചത് തന്റെ കൂട്ടുകാരിയും ഗ്രാമമുഖ്യന്റെ മകളുമായ പാർവതിയുടെ മരണമാണ്. പാർവതി സ്നേഹിച്ച പുരുഷനും അയാളുടെ സുഹൃത്തുക്കളും ചേർന്ന് അവളുടെ മാനം നഷ്ടപ്പെടുത്തിയപ്പോൾ സ്വയം അഗ്നിയിലേക്ക് ഇറങ്ങിപ്പോയവളാണ് പാർവതി. പിന്നീട് എത്രയോ പെൺകുട്ടികൾ. മധ്യവയസ്ക്കരായ സ്ത്രീകൾ ഇവരൊക്കെ അഗ്നിയെ പ്രണയിച്ച് പോയവരാണ്. ഇവരുടെയെല്ലാം നിഴലായ ഓർമ്മകൾ എന്നും ചെമ്പകത്തിന്റെ ഉറക്കം കെടുത്തി. ഈ ഓർമ്മകളെ മോചിപ്പിക്കാനുള്ള മാർഗ്ഗം അന്വേഷിക്കാൻ അവൾ തീരുമാനിച്ചു.

ഒരിക്കൽ ചെമ്പകം ശവം ദഹിപ്പിച്ചുകൊണ്ടിരുന്ന സമയത്ത് നിഴലുകളുള്ള കുറെ രൂപങ്ങൾ അവൾക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടു. വലിയൊരു അട്ടഹാസച്ചിരിയോടെ അവൾക്ക് നേരെ വന്നുകൊണ്ടിരുന്ന രൂപങ്ങൾ അടുത്ത നിമിഷത്തിൽ അഗ്നിയിൽ വിലയം പ്രാപിക്കുന്ന കാഴ്ചയാണ് അവൾ കണ്ടത്. കണ്ണിന് മുന്നിലെ പൊടിപടലവും അഗ്നിജ്വാലയും അവളുടെ കാഴ്ചയെ മറച്ചു. കണ്ണ് തുറന്നപ്പോൾ അവൾ തന്റെ കുടിലിലെ തറയിൽ കിടക്കുകയായിരുന്നു.

എന്താണ് സംഭവിച്ചതെന്ന് അവൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അവൾ എഴുന്നേറ്റ് കുടിലിന്റെ വാതിലിനടുത്ത് എത്തി. വാതിൽ തുറന്ന് അവൾ തന്റെ പഴയ വീട് നിന്നിരുന്ന സ്ഥലത്തേക്ക് നോക്കി. സാധാരണ ശ്മശാനഭൂമിയിൽ നിന്നും തിരിച്ചു വന്നാലുടൻ മുടക്കമില്ലാതെ അവൾ ചെയ്തിരുന്ന ഒരു പ്രവൃത്തിയായിരുന്നു തന്റെ പഴയ വീടിനെ നോക്കിനിൽക്കുകയെന്നുള്ളത്.

ചെമ്പകത്തിന്റെ പഴയവീട് ഗ്രാമവാസികൾക്ക് വെറും ചാരക്കൂമ്പാരമായിരുന്നു. എന്നാൽ അവൾക്കത് തന്റെ കുടുംബമായിരുന്നു.

അങ്ങനെ നോക്കിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു അഗ്നി ജ്വാല ആ കൂമ്പാരത്തിന് മുകളിൽ പ്രത്യക്ഷപ്പെട്ട് മറയുന്നത് അവൾ കണ്ടു.

അവൾ ചാരക്കൂമ്പാരത്തിന്റെ അടുക്കൽ ചെന്നു. തന്റെ കൈവിരലുകൾകൊണ്ട് ചാരക്കൂമ്പാരം അവൾ പതുക്കെ തട്ടിമാറ്റി. പെട്ടെന്ന് അവളുടെ കൈ ഇരുമ്പ് പെട്ടിയിൽ ചെന്നുകൊണ്ടു. ഇരുമ്പുപെട്ടി തുറക്കാനുള്ള ശ്രമത്തിൽ അവൾ പരാജയപ്പെട്ടു പോയിരുന്നു. അപ്പോഴാണ് അവിടെ കിടക്കുന്ന വലിയൊരു കല്ല് അവളുടെ ദൃഷ്ടിയിൽപെട്ടത്. തന്റെ മുന്നിൽ കിടന്നിരുന്ന കല്ലെടുത്ത് അവൾ ഇരുമ്പ് പെട്ടിയുടെ മുകളിലേക്കിട്ടു. തുരുമ്പ് പിടിച്ച പെട്ടി രണ്ടായി പിളർന്നു പോയി. ആ പെട്ടിക്കുള്ളിൽ നിന്നും ചതുരത്തിലുള്ള തടിക്കഷ്ണം താഴെവീണു. അവൾ ആ തടിക്കഷ്ണം കൈയിലെടുത്തു. അതിൽ നിറയെ നിഴലുകളും അഗ്നിയും ചേർന്ന രൂപങ്ങളായിരുന്നു കോറിയിട്ടിരുന്നത്.

താൻ തേടി നടന്ന ഓർമ്മകളുടെ രഹസ്യമാണിത്. നിഴലുകളായ ഓർമ്മകളെ മോചിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗമാണിത്.

കാറ്റിന്റെ വേഗതയിൽ അവൾ ശ്മശാനഭൂമിയിലേക്ക് തിരിച്ചു. മഴയിൽ കുതിർന്ന ശവത്തെ അവൾ വീണ്ടും വിറകുകൾ കൂട്ടിയിട്ട് ദഹിപ്പിക്കാൻ ആരംഭിച്ചു. അഗ്നിജ്വാലകൾക്ക് രൂപമാറ്റം വരുന്നത് അവൾ അറിഞ്ഞു.

വലിയൊരു അഗ്നിഗോളം അവൾക്കുമുന്നിൽ പ്രത്യക്ഷപ്പെട്ടു. നിഴലായ ഓർമ്മകൾ ഏതൊക്കെയോ ഭാഷകളിൽ എന്തൊക്കെയോ പറഞ്ഞുകൊണ്ട് അവൾക്ക് ചുറ്റും കറുത്തവലയം സൃഷ്ടിച്ചു.

ശ്മശാന ഭൂമിയിൽ നിന്നും നിഴലായ ഓർമ്മകളെ അവൾ മോചിപ്പിക്കുവാൻ തയ്യാറെടുത്തു. അഗ്നിഗോളങ്ങളായി പടർന്നുകത്തിയ നിഴലായ ഓർമ്മകളെ അവൾ തന്റെ ഹൃദയത്തിലേക്ക് ആവാഹിച്ചു.

നീലയും പച്ചയും മഞ്ഞയും കറുപ്പും കലർന്ന നിറത്തിൽ അഗ്നിജ്വാല അവളിലേക്ക് പടർന്നുകയറി. നിറമില്ലാത്ത, രൂപമില്ലാത്ത, നിഴലല്ലാത്ത ഓർമ്മകളുടെ അഗ്നിഗോപുരത്തിലേക്ക് അവൾ പറന്നിറങ്ങി. അതേ നിമിഷം, അഗ്നിഗോപുരത്തിന്റെ കവാടത്തിൽ പുതിയൊരു നക്ഷത്രം പുനർജനിച്ചു.

■

■ രജിത രവി
ഗവേഷക, ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല കാലടി

കവിത
വിദ്യാർത്ഥി
വിഭാഗം
വിഭാഗം
(രണ്ടാം
സ്ഥാനം)



ഒറ്റക്കൊരു പെൺകുട്ടി
റബ്ബർമരങ്ങളുടെ കുന്നിൽ
കടൽ കളിക്കുന്നു
ഒറ്റക്കൊരു പെൺകുട്ടി..

കടൽ കുന്നുകയറി വരുന്നത്
അവളുടെ സ്വപ്നങ്ങളിലേക്കാണ്
ഇളംനീലച്ചായം തേച്ച ചുവരിൽ
മെഴുകുപെൻസിലുകളിൽ
അവളുടെ കടലുലകം!

തിരകൾ
നുരകൾ
കടലാഴങ്ങൾ
ചിത്രകഥകളിൽനിന്നും വെട്ടിയൊട്ടിച്ച
നക്ഷത്രമത്സ്യങ്ങൾ
കടലാമകൾ
കഷലുകൾ
തോണികൾ
പലനിറത്തിൽ മീനുകൾ
കടൽച്ചെടികൾ
പാറക്കെട്ടുകൾ
പവിഴപ്പുറ്റുകൾ
മുത്തുച്ചിപ്പികൾ
ശംഖുകൾ..

രാത്രികളിൽ
ചുവരിനോടു ചേർത്തിട്ട കട്ടിലിലിരുന്ന്
നീളൻ നീലഷാവാടയിൽ
പാതിയുടൽ പൊതിഞ്ഞ്
അവൾ മത്സ്യകന്യകയാവും
കടൽ കാതിലിരമ്പി വിളിക്കും
അവളപ്പോൾ
സാഹസികയായ
സമുദ്രസഞ്ചാരിയാകും
വലിയ പായ്ക്കഷലിൽ
ഒറ്റയ്ക്ക്
ലോകംചുറ്റാനിറങ്ങും

പകലുകളിൽ
റബ്ബർ മരങ്ങൾക്കിടയിൽ
വലിയ പാറക്കെട്ടുകൾ

കൂറ്റൻ കഷലാകും
കടൽമണവുംകൊണ്ട് മലചുറ്റി വരുന്ന കാറ്റ്
അവളെ ഓടിത്തൊട്ടുകളിക്കും
കരിയിലകൾ
ചുറ്റും പൊങ്ങിയും താണും
തിരമാലകളാകും..

വെയിലുമൂക്കുമ്പോൾ
റബ്ബർഷീറ്റടിക്കുന്ന
ആസിഡ് മണക്കുന്ന
മിഷ്യൻപുരയുടെ തണലിൽ
കഷൽ നങ്കൂരമിടും


ഒരിക്കൽ
കടൽ കളിക്കുമ്പോൾ
നടുക്കടലിലെത്തിയഷോൾ
പെട്ടെന്നാരോ കണ്ണുപൊത്തി
നിലവിളിക്കാൻ തുടങ്ങിയഷോൾ
വായുംപൊത്തി
കഷലാകെയുലഞ്ഞു
ഉണങ്ങിയ റബ്ബർഷീറ്റിന്റെ അട്ടിയിലേക്ക്
അവൾ തെറിച്ചുവീണു.
അവളഷോൾ കഷിത്താനായി
കടൽക്കൊള്ളക്കാരനെ എതിരിട്ടു.
കിട്ടുന്നിടത്തെല്ലാം കടിച്ചു
കൈയെത്തുന്നിടത്തെല്ലാം മാന്തി
കാലുയർത്തിതൊഴിച്ചു
വാതുറന്നഷോൾ ഉറക്കെനിലവിളിച്ചു.
(കൊള്ളക്കാരനു പക്ഷേ കടലിന്റെയല്ല,
ഒട്ടുപാലിന്റെ മണമായിരുന്നു!)

അയാൾ ദേഷ്യം വന്ന്
കയ്യിൽ കിട്ടിയ കന്നാസെടുത്ത്
അവളെയടിച്ചു
അടഷുതുറന്നു
ആസിഡൊഴുകി
കടൽനീലഷാവാടയുരുകി
അവൾക്കുപൊള്ളി!

കരിയില പേടിച്ചു
കാറ്റു പേടിച്ചു
കടൽ പേടിച്ചു
കുട്ടി പേടിച്ചു

ഉടൽപൊള്ളിയ കുട്ടി പിന്നെ
കളിക്കാൻപോയില്ല
ഉള്ളു പൊള്ളിയ കുട്ടി പിന്നെ
ഉറങ്ങിയതേയില്ല

കണ്ണടച്ചാൽ
ഒട്ടുപാൽ മണക്കുന്ന കൈവന്ന്
മൂക്കും വായുമമർത്തിഷിടിക്കുന്നു



അവൾക്ക് ശ്വാസംമുട്ടി
ഉടൽ തീപിടിച്ചപോലെ പുകഞ്ഞു

ഒടുവിൽ വീടുപേക്ഷിച്ച്
വീട്ടുചുവരിലെ കടലുപേക്ഷിച്ച്
അവൾ കുന്നിറങ്ങിയോടി

മലയില്ലാത്ത നാട്ടിൽ
റബ്ബർമണങ്ങളില്ലാത്ത മണ്ണിൽ
അവൾ പതുക്കെയുറങ്ങിത്തുടങ്ങി
ഉറങ്ങിത്തുടങ്ങിയപ്പോൾ
അവളുണർന്നുതുടങ്ങി

മഴതണുപ്പിച്ചയുടലിൽ
വസന്തം മെല്ലെ തൊട്ടുനോക്കി
സ്നേഹത്തിന്റെയുമ്മകൾ
നോവിക്കില്ലെന്നവൾ കരുതി
നെറ്റിയിൽ
മൂക്കിൽ
ചുണ്ടിൽ
കഴുത്തിൽ
മാറിൽ
വയറിൽ..

അരയ്ക്കുതാഴെ
പൊള്ളിക്കരിഞ്ഞപാടിൽ
ചുണ്ടുകൾ ഞെട്ടി
കാമുകന്മാൻ കണ്ണുരുട്ടി
അവളവർക്ക് കഥ പറഞ്ഞുകൊടുത്തു
"ഒരിക്കൽ
കടൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ.."

കാമുകന്മാർ പാതിവഴിയിൽ
അവളുടെ ഉടലുപേക്ഷിച്ചുപോയി

പൊള്ളലുണങ്ങാത്ത ഉടലുമെടുത്ത്
അവൾ നാടു തോറുമലഞ്ഞു
നാടുകളെല്ലാമവളെ
വീണ്ടും വീണ്ടും പൊള്ളിച്ചു.

കടൽ
മുന്നിൽ കൈനീട്ടിവിളിക്കുന്നു,
ചുവരിൽ
മെഴുകുചായങ്ങളിൽ
അവൾ വളർത്തിയ കടൽ!

ചുടുമണലിൽ
വിണ്ടുകീറിയ പാദങ്ങളമർത്തി
പൊട്ടിഷ്ഴുത്ത മുട്ടുകുത്തി വിരൽനീട്ടി
അവൾ കടലിനെതൊട്ടു
കടലവളുടെ വിരൽത്തുമ്പിൽ തൊട്ടു
കരൾത്തുമ്പിൽ തൊട്ടു

ഉള്ളുതണുത്ത് അവൾ കരഞ്ഞു
ഉള്ളുപൊള്ളി കടൽ കരഞ്ഞു

ഉടലിൽ ഉപ്പുവെള്ളം തൊട്ടുനീറി
പിടഞ്ഞപ്പോൾ
'സാരമില്ലെന്ന്' മാറത്തടുക്കി
നരച്ചുപിഞ്ഞിയ നീലപ്പാവാട
കടൽ ശ്രദ്ധയോടഴിച്ചെടുത്തു
മുറിവുകളിൽ തെരുതെരെയുമ്മവെച്ചു
പൊള്ളിയടർന്ന പാടുകളിൽ നിറയെ
തിളങ്ങുന്ന ചെതുമ്പലുകൾ പിടിപ്പിച്ചു
വിണ്ടുണങ്ങിപ്പറന്ന മുടിയിൽ
എണ്ണതേച്ചു ചിടയിളക്കി
നെറുകയിലുമ്മവെച്ചു.

അവളപ്പോൾ
പണ്ട് കടൽകളിച്ചിരുന്ന പെൺകുട്ടി
കണ്ണിൽ നിറയെ കൗതുകം
ആഞ്ഞൊരു ശ്വാസമെടുത്ത്
അവൾ ആഴത്തിലേക്ക് മുങ്ങാംകുഴിയിട്ടു.

ചെറിയ മീനുകൾ കൂടെനീന്തി
വലിയ മീനുകൾ ചിരിയോടെ വഴിമാറി
ചെടികൾ നൃത്തം വെച്ചു
ചിപ്പികൾ മുത്തുകൾ നീട്ടി
ചിത്രകഥകളിലെ പവിഴക്കൊട്ടാരങ്ങൾ
വിരുന്നൊരുക്കി കാത്തിരുന്നു

ജലമുരുമ്മിയുരുമ്മി
മിനുസമായ ഉടലിൽ
മുത്തശ്ശിമാർ
കുറിക്കൂട്ടുകൾ തേച്ചുപിടിപ്പിച്ചു

കടലാഴങ്ങളിൽ
കടൽക്കൊള്ളക്കാരില്ല
എത്ര നീന്തിയിട്ടും അവൾക്ക് ശ്വാസംമുട്ടിയില്ല
ഉടലിനു ഭാരമേയില്ല!

മുങ്ങിയുണർന്നപ്പോൾ
മുറിവുകളെല്ലാം മാഞ്ഞ്
അവളൊരു മത്സ്യകന്യകയായി!

പവിഴദ്വീപുകൾക്കരികിൽ
പാറക്കെട്ടിനുമുകളിൽ അവളിരുന്നു

കരയെക്കുറിച്ചോർമ്മപോലുമില്ലാതെ
അനന്തമായ കടൽ!

(തീരത്ത്,
തിര തട്ടിക്കരയിലേക്കിടുന്നു
ഊരിക്കളഞ്ഞൊരു പാമ്പുറപോലെ
പലവുരു പൊള്ളിയൊരുടൽ!)

■

■ വിഷ്ണുപ്രിയ ആർ
എം.കോം രണ്ടാംവർഷം, ഗവ.വിക്ടോറിയ കോളേജ് പാലക്കാട്.

കഥ
വിദ്യാർത്ഥി
വിഭാഗം
(രണ്ടാം
സ്ഥാനം)



ചാറ്റൽ മഴയേറ്റിട്ടും അടയ്ക്കാതെ വച്ചിരുന്ന ബസിന്റെ ഷട്ടർ വലിയൊരു ഒച്ചയോടെ അടച്ചിട്ടത് പിൻ സീറ്റിലെ വയസ്സ് ചെന്ന ഒരു മനുഷ്യനായിരുന്നു. മഴയേറ്റ് തണുത്ത മനസ്സിൽ ഇരുട്ട് വീണ്ടും ഇരച്ചു കയറുന്നുണ്ട്. കൈ കാലുകൾ വിറച്ചു കൊണ്ട് പഴയ ഏതോ സ്വപ്നത്തിലേക്ക് ഓടി കയറുന്നു. വഴികൾ വളരെ തെളിഞ്ഞതാണ്. ദൂരെ കാണുന്ന വീടും ചുറ്റും കൂടി നിൽക്കുന്ന മനുഷ്യരും മണ്ണുമെല്ലാം പരിചിതമാണ്.

കുറച്ചു ദൂരെ, ആകാശത്തിന് നേരെ മുകളിലായി സാമ്രാജ്യത്വത്തിന്റെ കൊടുമുടിയിൽ,ഗർജിക്കുന്ന വലിയൊരു മൃഗത്തിന് കീഴിൽ, പൂഴി മണ്ണിൽ തൊലിപൊട്ടി വീർത്ത ഇരുകൈകളും താഴ്ത്തി ഏങ്ങലടിച്ചു കരയുന്ന ഒരു നരച്ച സ്ത്രീ രൂപം. അവരുടെ വസ്ത്രങ്ങൾ നന്നേ മുഷിഞ്ഞതും പിന്നികീറിയതുമാണ്. പീള കെട്ടിയ കൺതടം വീർത്തിട്ടുണ്ട്. മുടിയിഴകൾ ഓരോന്നായി കഴുകന്മാർ അടർത്തിയെടുക്കുന്നു. ഇടതു കാൽപാദത്തിനു ചെരുവിൽ നിന്നായി രക്തം ഒരു നീർച്ചാലായി ഒഴുകി പോകുന്നു...

അച്ഛന്റെ നേർത്ത ശബ്ദം കാതുകളിൽ ഒരു ഞെട്ടലായി കേട്ടു. ഞാൻ പതിയെ കണ്ണ് മിഴിച്ചു. ചുറ്റും ആൾക്കൂട്ടമാണ്.

"ഈ വെള്ളം കുടിക്ക്"

അച്ഛൻ ഒരു ഗ്ലാസ് എനിക്ക് നേരെ നീട്ടി. വരണ്ടു പൊട്ടിയ തൊണ്ടയിലൂടെ നീറി നീറി ഇത്തിരി വെള്ളം ഇറങ്ങിപ്പോയി. ചുട്ട മനസ്സിൽ കനലുകൾ നനയാൻ തുടങ്ങിയിരിക്കുന്നു.

അച്ഛനടുത്ത് അനിയൻ ചാഞ്ഞു കിടക്കുന്നുണ്ട്.

എന്റെ ചുറ്റും നിന്ന മനുഷ്യർ പതിയെ പുറത്തേക്ക് നീങ്ങി തുടങ്ങി. പലരും തലയിൽ തലോടി, ചിലർ കൈകൾ ചേർത്ത് നെഞ്ചിൽ ചേർത്ത് യാത്ര പറഞ്ഞ്. ഓരോ സ്പർശനവും പൊള്ളലുണ്ടാക്കുന്നുണ്ടായിരുന്നു.

ഞാൻ പതിയെ ഉമ്മറത്തേക്ക് ചെന്നു. ശൂന്യതയാണ്. സ്കൂൾ വെള്ളിയാഴ്ച നേരത്തെ വിട്ടു. സ്കൂൾ ബസ് ഇറങ്ങി വീട്ടിലേക്കോടുമ്പോളേക്കും മഴ ചാറി തുടങ്ങിയിരുന്നു.

" ..."

അനിയൻ കതക് തുറന്ന് അകത്തേക്ക് കയറി വിളിച്ചു.

എന്റെ റോസാച്ചെടിയിൽ ഇന്നാണ് ആദ്യത്തെ പൂ വിരിഞ്ഞത്. വലുഷം കുറഞ്ഞ ഇളം മഞ്ഞ റോസാപ്പൂ. തണ്ട് മുഴുവൻ മുള്ളുകൾ പേറി ആശിച്ചു വിരിഞ്ഞൊരു പൂവ്. അതിന്റെ ഇതളുകളിൽ ചിലയിടങ്ങളിലായി ചുവന്ന വരകളുണ്ടായിരുന്നു.

"നിനക്ക് ദേഹം വേദനിക്കുന്നുണ്ടോ...?"

പൂവിനോട് കുശലം ചോദിച്ചതാണ്.

"ചേച്ചീ... അമ്മയെ കാണാനില്ല..."

അനിയൻ ഓടി ഉമ്മറത്തെത്തി.

ഞാൻ അകത്തു മുഴുവൻ തിരഞ്ഞു. അമ്മയെ കാണാനില്ല.

അയല്പക്കത്തെ വീടിനോട് ചേർന്ന മതിലിൽ ചാരി നിന്ന് ഞങ്ങൾ അമ്മായിയോട് ചോദിച്ചു.

"അമ്മ അവിടെ വന്നിട്ടുണ്ടോ...?"

"കുറച്ചു മുൻപേ വന്നു പോയതേ ഉള്ളു... നിങ്ങൾ നേരത്തെ വരും ന്ന്



പറഞ്ഞ്..." അമ്മായി മുറ്റത്തേക്ക് ഇറങ്ങി വന്നു.

"ചെലപ്പോ കടയിൽ പോയതാവും... ദേവു വേണം ന്ന് പറഞ്ഞ് ഉണ്ണിയപ്പം ഉണ്ടാക്കിട്ടുണ്ട് ന്നാ പറഞ്ഞത് എന്നോട്..."

അനിയൻ അപ്പോഴേക്കും കരയാൻ തുടങ്ങിയിരുന്നു.

ഞങ്ങൾ നേരം സന്ധ്യയാകും വരെ ഉമ്മറപ്പടിയിൽ കാത്തിരുന്നു.

"നമുക്കൊന്ന് നോക്കിയാലോ...? "

എന്റെയുള്ളിൽ ഭയം തികട്ടി വന്നു. ഞങ്ങൾ മൂന്നു പേരും പരിസരം മുഴുവൻ നടന്നു, ഓടി...

അമ്മയെ കാണാനില്ല.

ഞാനും കരയാൻ തുടങ്ങിയിരിക്കുന്നു. പെട്ടന്ന് അമ്മായി അച്ഛനെ വിളിച്ചു. അച്ഛൻ എത്തി. നാട്ടുകാർ മുഴുവൻ വീട്ടിലെത്തി. എല്ലാവരും പരക്കം പാഞ്ഞു. കുറെ സ്ത്രീകൾ തലയ്ക്ക് കൈ വെച്ച് എന്തൊക്കെയോ പിറുപിറുത്തു. തലകറങ്ങുന്നുണ്ടായിരുന്നു. അന്ന് രാത്രി ഒരുപാട് നേരം ഞങ്ങൾ ഉമ്മറത്തിരുന്നു. മഴ ചാറ്റൽ കൂടിയും കുറഞ്ഞും രാത്രി ഇഴഞ്ഞു നീങ്ങി.

പുലർച്ചെ ഏകദേശം ആറു മണിക്ക് അച്ഛൻ വീട്ടിലേക്ക് കയറി വന്നു. ഒന്നും മിണ്ടിയില്ല. ഞങ്ങൾക്ക് മുന്നിൽ വെറും നിലത്ത് ഇരുന്നു. അച്ഛന്റെ കണ്ണുകളിൽ നനവുണ്ടായിരുന്നു.

"അച്ഛാ... അമ്മയെ കാണാനില്ല..."

അനിയൻ അച്ഛനെ ചേർത്ത് പിടിച്ചു കരയാൻ തുടങ്ങി.

കുറച്ചു സമയത്തിന് ശേഷം ഒരു വാൻ തുറന്ന് രണ്ട് മൂന്നാളുകൾ സ്ട്രെക്ചർ താങ്ങി മുറ്റത്ത് വിരിച്ചിട്ട ടാർപോയിൽ കൊണ്ട് വന്നു വച്ചു.

എനിക്ക് കാഴ്ച വ്യക്തമായിരുന്നില്ല. ഉറക്കച്ചടവ് കനം കെട്ടിയ കണ്ണിൽ വെള്ളതുണിയിൽ ഒരു സ്ത്രീ രൂപം പുഞ്ചിരിച്ചു കിടക്കുന്നു.

അത് അമ്മയാണ്. വെളുത്ത നീണ്ട നെറ്റിയിൽ വലിയൊരു ചുവന്ന മുറിപ്പാടിൽ രക്തം കട്ടപിടിച്ചു നിൽക്കുന്നു. ചുണ്ടുകൾ പൊട്ടി വികൃതമായിരിക്കുന്നു. തുടുത്ത കവിളിൽ അഞ്ചു വിരൽ പാടുകൾ നീളത്തിൽ രക്ത കലയായി നിൽക്കുന്നു.

ആളുകൾ പതിയെ നിറഞ്ഞു തുടങ്ങി. പതിയെ ഒഴിഞ്ഞു പോയി. നേരം വൈകുന്നേരമായിക്കാണും. എന്റെ മഞ്ഞ റോസാപ്പൂ വാടി ഉണങ്ങി വെറും നിലത്ത് വീണു കിടന്നു.

തലയ്ക്ക് ചുറ്റും ശൂന്യത ചുറ്റിവരിഞ്ഞു നിന്നു.

"അമ്മ എപ്പോളാ വരാ..."

അനിയൻ എന്റെ കൈ ചേർത്ത് പിടിച്ച് ചോദിച്ചു.

"വരും"

ഞാൻ അവനെ ചേർത്ത് പിടിച്ചു.

"സോളമൻ ചേട്ടന്റെ പുലി എന്തിനാ അമ്മയെ കൊണ്ട് പോയെ?"

അവൻ തേങ്ങിക്കൊണ്ടാണ് ചോദിച്ചത്.

ഞാൻ ഞെട്ടിപ്പോയി.. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

"നിന്നോട് ഇതാര് പറഞ്ഞു?"

"എല്ലാരും പറഞ്ഞല്ലോ..."

അവൻ നെറ്റി ചുളിച്ച് എന്നെ തറച്ചു നോക്കി.

എന്റെ വാക്കുകൾ പൊള്ളിപ്പോവുകയാണ്. അമ്മയുടെ നെറ്റിയിലെ ചോരപ്പാടും കവിളിലെ വിരൽ പാടുകളുമെല്ലാം മനസ്സിനെ കുത്തി വേദനിപ്പിക്കുന്നു.

"മോളെ... ആ ഷട്ടർ തുറക്കോ...?"

അടുത്ത് വന്നിരുന്ന ചേച്ചി എന്നെ തട്ടി വിളിച്ചു. ഞാൻ ഷട്ടർ തുറന്നു. മഴ പാടെ നിന്നിട്ടുണ്ട്.

ദൂരെ പശ്ചിമഘട്ടം പരന്നു കിടക്കുന്നു. അതിലെ ഏറ്റവും വലിയ മലയുടെ ഏറ്റവും മുകളിൽ ഒരു വയസ്സനായ പുലി ഗർജിക്കുന്നു. അതിന്റെ കയ്യിലെ നീണ്ട കൂർത്ത നഖങ്ങൾ കൊഴിഞ്ഞു പോയിരിക്കുന്നു. വലതു കയ്യിൽ ഒരു ഇളം മഞ്ഞ റോസാപ്പൂവിനെ കഴുത്തിൽ ഇറുക്കി പിടിച്ച് അത് ആർത്തു ചിരിക്കുന്നു. ചുറ്റും ഒരുപാട് ഇതളുകൾ കരിഞ്ഞുണങ്ങി കിടക്കുന്നു. ആ മലയിലെ ഓരോ വൃക്ഷങ്ങളും മനുഷ്യരാണ്. ഞെരിച്ചു കൊന്ന റോസാപ്പൂവിനെ ആ പുലി ദാരുണമായി താഴേക്കെറിഞ്ഞു. താഴെ നിലത്ത് കളിച്ചു കൊണ്ടിരിക്കുന്ന രണ്ട് കുഞ്ഞുങ്ങൾ ആ പൂവിനെ ചേർത്ത് പിടിച്ച് ഉറക്കെ അലറുന്നു.

ആൾക്കൂട്ടം ചർച്ചയിലാണ്.

"കൊന്നത് ഒരു നരഭോജിയാണ്...."

■

ഡോ. ദീപേഷ് കരിമ്പുങ്കര
എസ്. എൻ. കോളേജ് ചേളന്നൂർ

കവിത
അധ്യാപക
വിഭാഗം
(മൂന്നാം
സ്ഥാനം)

അനന്തരം ഒരു പ്രണയാകാശം

വിരഹത്തിന്റെ കൊടുംചൂടിൽ നിന്ന് യക്ഷൻ അളകയിലുള്ള തന്റെ പ്രിയതമയ്ക്ക് അയയ്ക്കുന്ന പ്രണയ സന്ദേശത്തിനു (മേഘസന്ദേശത്തിനു) ലോകഭാഷകളിൽത്തന്നെ നിരവധി പാഠാന്തരങ്ങളും പുനസൃഷ്ടികളുമുണ്ടായിട്ടുണ്ട്. എത്ര തവണ ആവർത്തിച്ചാലും ഈ ഭൂമിയിൽ പിന്നെയും പിന്നെയും പ്രണയം പൂത്തു വിടരുന്നപോലെ കാളിദാസഭാവനയുടെ രക്തസിന്ദൂരമായ മേഘചായകളും തരുണമനസ്സുകളെ എന്നെന്നും പ്രണയസാന്ദ്രമാക്കുന്നു. കാളിദാസന്റെ മേഘസന്ദേശത്തിന്റെ വായനാനുഭവത്തിൽ നിന്ന്)

ഒന്ന്

ഭ്രമണവേഗം പോലെ കണ്ണിലുൽക്കകൾ പെയ്യുന്ന
സൗരയൂഥ പ്രണയ ഗമനങ്ങളിൽ
വിക്ഷുബ്ധമായ് തീക്ഷ്ണമുന്മാദ മേഘങ്ങളിൽ
നീയറിയാത്തതും,
ഞാനിതുവരെ പറയാത്തതുമായ വാക്കുകൾ
വിരഹക്കൊടും ചൂടിലിന്നെന്തിനൊ വേണ്ടി
പകർത്തുന്നു ഞാൻ.
ഘനീഭൂതമോർമ്മകൾ,
ദൂരെ നിൻ കൈവഴികൾ തേടി
കാറ്റിനോടോഷം കുതിക്കയും
പ്രത്യായനം കാത്ത് കണ്ണുകൾ




കാഴ്ച തൻ പടിവാതിലോളം നടക്കയും
ഋതുശോഭകൾ പൂത്തു മറയുന്ന സാനുവിൽ
വിജനതയിൽ, വന്യമാം സംന്ത്രാസ-
മെന്നിൻ തറയ്ക്കയും
ഞാനെന്തിനെന്നറിയാതെ
അലറി വിളിക്കയും ചെയ്യുന്നു.
ക്രൌര്യം പടർത്തും കൊടുംവെയിൽ
തൃഷ്ണതൻ തീനാളമാളിപ്പടിയുന്ന മാനസം
ശമനിയമങ്ങൾ തകർത്തെന്റെ കണ്ണുകൾ
നിന്നെയെങ്ങോ തിരയുന്നു.
നിമിഷനേരംകൊണ്ട് ദിക്കാല സംജ്ഞകൾ
കൺമുന്നിൽ പൊട്ടിത്തകർന്നു വീഴുന്നു.
ദൂരങ്ങൾ താണ്ടുവാനാകാതെ,
നിന്റെ വഴിയറിയാതെ
വാക്കുകൾ വായുവിൻ
ഘനമൂകതയ്ക്കുള്ളിൽ മറയുന്നു
എന്റെ യക്ഷനിശ്വാസങ്ങൾ മേഘരൂപം പൂണ്ട്
അളകയിൽ യാത്രയ്ക്കൊരുങ്ങി നിൽക്കുന്നു
ത്വടുതിയിൽ പറയുന്നു:
'സന്ദേശമെന്താൺ പറയൂ'
പോകേണ്ട വഴി തിരയ്ക്കുന്നു.

രണ്ട്

ബോധങ്ങളിൽ തമോഗർത്തങ്ങളാടുന്നു
ചിദാകാശ മണ്ഡലം പൊട്ടിത്തെറിക്കുന്നു
ചിലന്തി വലപോലെ നീർത്തിട്ടിരിക്കുന്ന
നവഭൂപടങ്ങളിൽ
എന്റെ അടയാള വാക്യങ്ങളെവിടെ ?
തണുവിരൽത്തേലാടലായ് നുരയുന്ന കനിവിന്റെ
സ്നേഹപ്രവാഹങ്ങളെവിടെ ?
ഓർമ്മ തൻ കാറ്റനക്കങ്ങളിൽ പൂക്കുന്ന കണ്ണും
തുടുസന്ധ്യകൾ കടുംതുടി കൊട്ടിയുണരും
കിനാവിൻ മഹാകാളവും
എവിടെ മാളവത്തിന്നൂഴി വാനങ്ങളിൽ
കവിതയായ് ചിറകടിക്കും ശ്യാമ മേഘങ്ങളും?
നഗരരാത്രി തൻ തീ നിലാവത്ത്
വിൽക്കുവാനായി വച്ച തുടുത്ത മാംസത്തിൻ
പ്രദർശനാലയം
കണ്ണിറുക്കിയിന്നാരെ വിളിക്കുന്നു?
ആൾത്തിരക്കിൽ ഞാനാകെ പകച്ചു നിൽക്കുന്നു.
പലനിറങ്ങളിൽ നടനമാടുന്ന
ഉള്ളിലൂറാത്ത പ്രണയനാടകം
രുചിച്ചെറിയുന്ന വഴിക്കവലയിൽ
തനിച്ചു നിൽക്കുമ്പോൾ
വിളിക്കയാണു ഞാൻ വീണ്ടുമെന്നിലെ
കരൾത്തിളപ്പിക്കും കനലുമായി നീ
വരിക മേഘമേ,
ധൂമസലില മരുതമായ്
എന്റെ പ്രണയ വാനിൽ നീ
വരിക മേഘമേ
തരികവീണ്ടുമാ സ്മൃതിഷകർച്ചകൾ. ■

എ കെ പി സി ടി എ ഭാരവാഹികൾ




സഞ്ജീവ് ജി. (പ്രസിഡന്റ്), **എ. നിശാന്ത്** (ജനറൽ സെക്രട്ടറി), **ഡോ. എൻ. രേണുക** (ട്രഷറർ),
ആഷ പ്രഭാകരൻ (വൈസ് പ്രസിഡന്റ്), **ഡോ. സോജു എസ്.** (വൈസ് പ്രസിഡന്റ്)

സംസ്ഥാന സെക്രട്ടറിമാർ







ഡോ. ബ്രിജേഷ് വി.കെ. (കോഴിക്കോട് മേഖല), **ഡോ. ഷനോജ് എം.പി.** (കണ്ണൂർ മേഖല),
പ്രൊഫ. (ഡോ.) ജേക്കബ് ഏബ്രഹാം (മഹാത്മാഗാന്ധി സർവ്വകലാശാല), **ഡോ. ജി.എസ്. സുമേഷ്** (കേരള സർവ്വകലാശാല)

സിൻഡിക്കേറ്റ് അംഗങ്ങൾ






ഡോ. മനോജ് ടി.ആർ. (കേരള സർവ്വകലാശാല), **ഡോ. എ.എസ്. സുമേഷ്** (എം.ജി. സർവ്വകലാശാല),
ഡോ. കെ. പ്രദീപ്കുമാർ (കാലിക്കറ്റ് സർവ്വകലാശാല), **ഡോ. ഇസ്മയിൽ ഓലായിക്കര** (കണ്ണൂർ സർവ്വകലാശാല)

വർക്കിംഗ് കമ്മിറ്റി നോമിനേഷൻ









ഡോ. വിധു നാരായണൻ (ജേർണൽ), **ഡോ. സീജ കെ.ആർ.** (വനിതാ കമ്മിറ്റി), **ഡോ. ലിബിൻ കുര്യാക്കോസ്**
(അക്കാദമിക് കമ്മിറ്റി), **ജിതേഷ് സി.പി.** (സർവ്വീസ് സെൽ), **ഡോ. ഹബീബ് സി.** (കമ്മിറ്റി ഫോർ സോഷ്യൽ വെൽഫെയർ &
ഡിഫറന്റ്ലി ഏബിൾഡ്), **ലിജിൻ പി. മാത്യു** (ഐടി സെൽ), **ഡോ. നിത്യ യു.എസ്.** (സാംസ്കാരിക വേദി)

ജില്ലാ സെക്രട്ടറിമാർ



എൻ. കെ. സുനിൽകുമാർ (തിരുവനന്തപുരം), **ഡോ. രതീഷ് സി.** (കൊല്ലം), **വിനോദ് ജേക്കബ്** (ആലപ്പുഴ), **റെയ്സൺ സാം രാജു** (പത്തനംതിട്ട), **ഡോ. വിൽസൺ സി. തോമസ്** (കോട്ടയം)



ഡോ. കൃഷ്ണകുമാർ എം.വി. (ഇടുക്കി), **ഡോ. സനിൽകുമാർ എം.ജി.** (എറണാകുളം), **ഡോ. പ്രമോദ് പി.** (തൃശ്ശൂർ), **രാജേഷ് ആർ.** (പാലക്കാട്), **ഡോ. സനിൽ എ.എസ്.** (മലപ്പുറം)



ഷെൽജി മാത്യു (വയനാട്), **ഡോ. ജൂബി വി.പി.** (കോഴിക്കോട്), **ഡോ. രാഖി രാഘവൻ** (കണ്ണൂർ), **ഡോ. മോഹനൻ എ.** (കാസർഗോഡ്)

ഡോ. സുഷമാ രാജ് ആർ.വി. (പ്രത്യേക ക്ഷണിതാവ് - KACTCOS)






സമ്മേളനം


68 സംസ്ഥാന സമ്മേളനം


ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68-ാം സംസ്ഥാന സമ്മേളനം


AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68-ാം സംസ്ഥാന സമ്മേളനം
2026 ഫെബ്രുവരി 27 | 28 മാർച്ച് 1
തിരുവനന്തപുരം
68


AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68-ാം സംസ്ഥാന സമ്മേളനം
2026 ഫെബ്രുവരി 27 28 മാർച്ച് 01
എ കെ ജി ഹാൾ, തിരുവനന്തപുരം
68




AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68-ാം
സംസ്ഥാന സമ്മേളനം
തിരുവനന്തപുരം




AKPCTA
68
സംസ്ഥാന സമ്മേളനം


68-ാം
വർഗ്ഗീയ മുക്ത ഇന്ത്യ
ജനപക്ഷ വൈജ്ഞാനിക കേരളം
AKPCTA


AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68


AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
68-ാം
സംസ്ഥാന സമ്മേളനം


AKPCTA
ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)
DO NOT OPEN


AKPCTA







■ സബ്ന എസ്
മൂന്നാംവർഷ ബി.എ.മലയാളം, ഗവ.വിക്ടോറിയ കോളേജ് പാലക്കാട്



ജ്ഞാനസമൂഹനിർമ്മിതി വർഗ്ഗീയതയ്ക്കൊരു ബദൽ

വികസിത വികസ്വര രാജ്യങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രതിസന്ധികളാണ് വംശീയതയും വർഗീയതയും. ലോക ജനതയുടെ നാനാത്വത്തെ ഏകത്വത്തിലേക്ക് നയിക്കുന്ന ഒന്നാണ് വർഗീയത . ഒരു വ്യക്തി സമൂഹത്തിലേക്ക് കൊണ്ടിടുന്ന സ്വേച്ഛാധിപത്യപര മായ ആശയമാണിത്. അവ വ്യക്തികളിൽ നിന്ന് സമൂഹത്തിലേക്ക് തെന്നിമാറുമ്പോൾ സമൂഹത്തിൽ വിഷമയമായൊരു അന്തരീക്ഷത്തെ സൃഷ്ടിക്കുന്നു. മതവർഗീയത, ജാതി വർഗീയത ഭാഷാപരമായ വർഗീയത രാഷ്ട്രീയ വർഗീയത തുടങ്ങി വർഗീയതകൾ അനന്തമാണ്. അവ നിലകൊള്ളുന്നത് തന്നെ അധികാരത്തിന്റെ സത്തയിലാണ്.

എല്ലാമനുസരിക്കുന്ന ഒരു വിഭാഗത്തെയും ആജ്ഞാപിക്കുകയും അനുസരിഷിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെയും പുരാതന കാലം മുതൽ ജനങ്ങൾ രൂപകൽഷന ചെയ്തിരിക്കുന്നു. അധികാരം ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ സംക്ഷിപ്തമായിരിക്കുന്നിടത്തോളം കാലം അവഭൂരിപക്ഷത്തെ അടിമകളോ അടിയാന്മാരോ ആക്കി മാറ്റുന്നു. ഇതിന്റെ വ്യക്തമായ അവശേഷിഷുകൾ പ്രാചീനഭാരതത്തിലെ രാഷ്ട്രീയ ഗ്രന്ഥ താളുകളിൽ കാണാം. മനുവിന്റെ 'മനുസ്മൃതി' യിലാണെങ്കിലും ചാണക്യന്റെ' അർഥശാസ്ത്രത്തിലണെങ്കിലും'

എല്ലാമനുസരിക്കുന്ന ഒരു വിഭാഗത്തെയും ആജ്ഞാപിക്കുകയും അനുസരിഷിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെയും പുരാതന കാലം മുതൽ ജനങ്ങൾ രൂപകൽഷന ചെയ്തിരിക്കുന്നു. അധികാരം ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ സംക്ഷിപ്തമായിരിക്കുന്നിടത്തോളം കാലം അവഭൂരിപക്ഷത്തെ അടിമകളോ അടിയാന്മാരോ ആക്കി മാറ്റുന്നു.

അധികാരവർഗത്തിന്റെ കീഴിൽ ജാതീയമായി താഴ്ത്തപ്പെട്ടവന്റെ ദുരിതം കാണാം. ചാതുർവർണ്യത്തെ പരിപോഷിഷിക്കുന്ന ഇത്തരം നയതന്ത്രങ്ങളിൽ നിന്നും വർഗീയത നൂറ്റാണ്ടുകളായി നിലകൊള്ളുന്ന ഒന്നാണെന്നു കാണം.

ജാതീയമായവർഗീയ പ്രാചീന കാലം മുതൽക്കേ ഒരു കൂട്ടം ആളുകൾ പുലർത്തിയിരുന്നു. ശങ്കരാചാര്യനോട് ചണ്ഡാളൻ ചോദിച്ച ഗഹനമായ ചോദ്യങ്ങൾ കാലാകാലങ്ങളായി ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. തന്റെ കാശിയാത്രയ്ക്കിടെ ശങ്കരാചര്യൻ ഒരു ചണ്ഡാളനെ കണ്ടുമുട്ടുകയും അയാളെ തന്റെ വഴിയിൽ നിന്നും മാറി നടക്കാനാവശ്യപ്പെടുകയു ചെയ്യുന്ന ശങ്കരാചാര്യനെതിരെതന്റെശരീരത്തിനാണോ ആത്മാവിനാണോ താങ്കൾ അയിത്തം കാണുന്നതെന്നാണ് ചണ്ഡാളൻ ചോദിക്കുന്നത്. ചണ്ഡാളന്റെ യുക്തിയുടെ ശക്തിയാണ് ആചാര്യന് അദ്വൈത സിദ്ധാന്തത്തിന്റെ വേദാന്ത ആത്മാവിനെ സംഗ്രഹിച്ചു നൽകിയതെന്ന് പറയപ്പെടുന്നു.



ഇതിനുള്ള ഉത്തരമെന്നോളമാണ് ആചാര്യൻ മനീഷാപഞ്ചകമെന്ന ഗ്രന്ഥത്തെ വെളിപ്പെടുത്തുന്നത്. ശങ്കരാചാര്യരുടെ അദ്വൈത ജ്ഞാനദാർഢ്യത്തെ പരീക്ഷിക്കാനെന്നമട്ടിൽ ശിവൻ (വിശ്വനാഥൻ) ചണ്ഡാളരൂപധാരിയായി വന്നതാണെന്നു പറയപ്പെടുന്നു. അദ്വൈതമെന്നാൽ രണ്ടല്ലാത്തത്, ഈശ്വരനും മനുഷ്യനും ഒന്നെന്നർഥം . ആദിശങ്കരൻ ചാതുർവർണ്യത്തെ പൂർണ്ണമായി തള്ളിക്കളഞ്ഞിട്ടില്ല. മറിച്ചതിനെ വേദപ്രമാണമായി അംഗീകരിച്ചിരിക്കുന്നു . സാക്ഷാൽ ശിവദർശനം (ചണ്ഡാളരൂപത്തിൽ) ലഭിച്ചുവെന്ന് പറഞ്ഞു അദ്വൈതസിദ്ധാന്തം രൂപപ്പെടുത്തിയ ആചാര്യനെന്ത് കൊണ്ട് അസ്പൃശ്യർ എന്ന് പറയുന്ന ഒരു വിഭാഗം ആളുകൾക്ക് വേണ്ടി നിലകൊണ്ടില്ല? ഉത്തരം ഒന്നേ ഉള്ളു ദൈവം പോലും വർഗീയത ഉൾക്കൊള്ളുന്നു. അത് കൊണ്ടായിരിക്കാം തൊട്ടു കൂടാത്ത വർക്ക് ദിവ്യദർശനം നൽകാത്തത്. ജാതീയതയെ ഊട്ടിയുറപ്പിക്കുവാനും ശൈവരെയും നായന്മാരെയും ഒരുമിപ്പിക്കുവാനും ബുദ്ധ-ജൈന ആശയങ്ങളിൽ നിന്നും ജനങ്ങളെ അകറ്റുവാനും ശങ്കരാചാര്യൻ കണ്ടെത്തിയ ഉപാധിയായിരുന്നു ഈ ചണ്ഡാളദർശനം.

മതം മാനദണ്ഡമാക്കി പൗരത്വനിയമം പാസാക്കുന്ന രാജ്യമാണ് ഇന്ത്യ. 1992 ഡിസംബർ 6 ന് തകർക്കപ്പെട്ട ബാബറി മസ്ജിദ് പോലും വർഗീയതയ്ക്ക് തിരികൊളുത്തിയ തീനാളമാണ്. പുതിയ പാർലമെന്റ് മന്ദിര ഉദ്ഘാടനം ഹിന്ദു സന്യാസിമാരെ മാത്രം പങ്കെടുപ്പിച്ചു മതചടങ്ങായി കൊട്ടിയാഘോഷിക്കുന്നതും പാഠ്യ പദ്ധതികളിൽ നിന്ന് മുഗൾ ഭരണാധികാരികളുടെ ചരിത്ര കാലഘട്ടത്തെ പാടെ തുടച്ചു നീക്കി, മിഥ്യകളെയും ഐതിഹ്യകളെയും പഠനവിഷയമാക്കുന്ന വിദ്യാഭ്യാസ മേഖലയേയും നമുക്ക് കാണാം. രാജ്യത്തിന്റെ മെഡിക്കൽ കൗൺസിൽ ലോഗോയിൽ പാലാഴി മഥനസമയത്ത് കൈകളിൽ അമൃത കുംഭവുമായി ഉയർന്നു വന്ന മഹാവിഷ്ണുവിന്റെ അവതാരമായി ഭാഗവതത്തിൽ പറയുന്ന ധന്വന്തരിയെ പ്രതിഷ്ഠിക്കുന്ന രാജ്യമാണിത്. മതവർഗീയതയെ ഒരു ഫെഡറൽ രാജ്യത്തിന് മുന്നിൽ തുറന്നു വിടുന്ന അധികാരവർഗത്തെ നമുക്കിവിടെ കാണാവുന്നതാണ്.

ഭാഷാ പരമായ വർഗീയതയുടെ പതിവുകാഴ്ചയാണ് തെക്കേന്ത്യയിലെ ജനങ്ങളനുഭവിക്കുന്ന ഹിന്ദിയുടെ മേൽക്കോയ്മ. ഇന്ത്യയ്ക്ക് ഔദ്യോഗിക മായി 22 ഭാഷകളാണുള്ളത്. ഓരോ സംസ്ഥാനവും നിലകൊള്ളുന്നത് അതിന്റെ ഭാഷ അടിസ്ഥാനത്തിലാണ്. ഇന്ത്യയ്ക്ക് ദേശീയ ഭാഷ ഇല്ല എന്നതാണ് വസ്തുത. ആർട്ടിക്കിൽ 343 പ്രകാരം സർക്കാർ ആവശ്യങ്ങൾക്കും മറ്റ് നിയമപരമായ അനേകം വിഷയങ്ങളുടെ കൈകാര്യത്തിനായും ഇംഗ്ലീഷും ദേവനാഗരി ലിപിയിലുള്ള ഹിന്ദിയും ഔദ്യോഗിക ഭാഷയായി ഉപയോഗിച്ച് പോരുന്നു. ജനസംഖ്യയുടെ 44 % താഴെ ആളുകൾ സംസാരിക്കുന്ന ഹിന്ദിയെ ദേശീയ ഭാഷ യായി പരിഗണിക്കണമെന്ന വാദങ്ങൾക്കെതിരെ രൂക്ഷമായ പ്രക്ഷോഭങ്ങളാണ് ഉയരുന്നത്. ഭരണഘടന പ്രകാരം ഒരു ഭാഷയ്ക്കും ദേശീയ ഭാഷാ പദവിനൽകുവാൻ കഴിയുന്നതല്ല. 2026 ഫെബ്രുവരി 5 ന് നടന്ന പാർമെന്റ് സമ്മേളനത്തിനിടെ ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ' ഭിക്ഷാടനം ഒഴികെ മറ്റൊന്നിനും യോഗ്യമല്ലാത്ത ഭാഷയാണ് തമിഴ് എന്നൊരു വാദമുയർത്തുകയുണ്ടായി. ഇത്തരത്തിൽ ഹിന്ദിയെ അടിച്ചേൽപ്പിച്ചു കൊണ്ട് ഒരു ഭാഷയെ വർഗീയോപാധിയാക്കി ഫെഡറൽ രാജ്യത്തെ യതിന്റെ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിപ്പിക്കുകയാണ് ഒരു കൂട്ടമാളുകൾ.

കാർഷിക സമൂഹം, വ്യാവസായിക സമൂഹം മുതലാളിത്ത സമൂഹം എന്നീ നിലകളിലേക്ക് പരിണമിച്ച മാനവ സമൂഹം സമകാലഘട്ടത്തിൽ വൈജ്ഞാനിക സമൂഹമായി പരിണമിച്ചിരിക്കുന്നു. അയുക്തിയെയും അശാസ്ത്രീയ മനോഭാവങ്ങളെയും ശാസ്ത്രീയവും യുക്തിപൂർവവുമായ ആശയാവഗാഹങ്ങളിലൂടെ നേരിടുന്ന



സമൂഹമാണിത്. മിത്തുകളിൽ ജീവിച്ചിരുന്ന ഒരു കൂട്ടത്തെയാണ് ശാസ്ത്രലോകത്തേക്ക് കാലം കൊണ്ട് പോവുന്നത്. പഴംപുരാണങ്ങളിലെ നുണകളെ ചോദ്യം ചെയ്തു കൊണ്ടാണ് തങ്ങളുടെ അസ്ഥിത്വത്തിന്റെ സത്തയെ അവർ തിരിച്ചറിയുന്നത്. കച്ചവടങ്ങൾക്കും മതപരിവർത്തനങ്ങൾക്കും മറ്റുമായി കേരളത്തിലേക്ക് കുടിയേറിയ വൈദേശിക ശക്തികളിലൂടെയാണ് വിദ്യാഭ്യാസമെന്ന ഒരാശയം നമ്മുടെ മണ്ണിൽ ഉടലെടുക്കുന്നത്. അവർ തന്ന ജ്ഞാനത്തിലൂടെ ബോധം കൈവരിച്ച വൈജ്ഞാനിക സമൂഹമാണ് നിലവിലുള്ളത്.

മിത്തുകളിൽ ജീവിച്ചിരുന്ന ഒരു കൂട്ടത്തെയാണ് ശാസ്ത്രലോകത്തേക്ക് കാലം കൊണ്ട് പോവുന്നത്. പഴംപുരാണങ്ങളിലെ നുണകളെ ചോദ്യം ചെയ്തു കൊണ്ടാണ് തങ്ങളുടെ അസ്ഥിത്വത്തിന്റെ സത്തയെ അവർ തിരിച്ചറിയുന്നത്. കച്ചവടങ്ങൾക്കും മതപരിവർത്തനങ്ങൾക്കും മറ്റുമായി കേരളത്തിലേക്ക് കുടിയേറിയ വൈദേശിക ശക്തികളിലൂടെയാണ് വിദ്യാഭ്യാസമെന്ന ഒരാശയം നമ്മുടെ മണ്ണിൽ ഉടലെടുക്കുന്നത്. അവർ തന്ന ജ്ഞാനത്തിലൂടെ ബോധം കൈവരിച്ച വൈജ്ഞാനിക സമൂഹമാണ് നിലവിലുള്ളത്.

ജ്ഞാനാധിഷ്ഠിത സമൂഹത്തെ വളർത്തുന്നതിൽ ആദ്യകാലത്ത് സാഹിത്യങ്ങൾക്കും കലകൾക്കും നാടകങ്ങൾക്കും ഏറെ പങ്കുണ്ട്. പുരോഗമനം എന്ന ആശയമാണ് ജനങ്ങൾക്കുള്ളിൽ പൗരബോധത്തെയും തുല്യതയെയും ആവാഹിച്ചത്. കുടിയാൻ, ജന്മി എന്ന ബന്ധങ്ങളിൽ നിന്നും മാറി, മുതലാളിത്ത ചിന്തയെ തുടച്ചു നിക്കുന്നത് 1950 കൾക്ക് ശേഷം കേരളത്തിലുണ്ടായ നാടകങ്ങളിൽ നിന്നുമുള്ള ബോധതലങ്ങളാണ്. നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന കെ.പി.എ.സി. നാടകത്തെ കുറിച്ച് പറയാതെ 1950കളിലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം പറയുവാൻ കഴിയുകില്ല. കമ്മ്യൂണിസ്റ്റ് എന്ന ആശയം, മുതലാളിത്ത വ്യവസ്ഥയ്ക്കും ജാതീയമായ കാഴ്ചപ്പാടുകൾക്കതിരെയും വർഗീയതയ്ക്കെതിരെയും പടപൊരുതിയ പ്രസ്ഥാനമാണ്. കേരളത്തിലെ ജനങ്ങൾക്കിടയിൽ പുരോഗമനാത്മക ചിന്തകൾ വളർത്തിയെടുത്തത് ഇത്തരം പ്രസ്ഥാനങ്ങളാണ്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിച്ചതുകൊണ്ടോ കാൾ മാർക്സിന്റെ മൂലധനത്തെ മനസ്സിലാക്കിയോ അല്ല ഇത്തരം പ്രത്യശാസ്ത്രങ്ങളെ ഉൾക്കൊണ്ടത് പകരം തോപ്പിൽ ഭാസി, കെ.സി കേശവപ്പിള്ള, പി.എം. താജ് എന്നിവരുടെ കലാസൃഷ്ടിയിലൂടെയാണ് 20-ാം നൂറ്റാണ്ടിൽ വർഗീയതയ്ക്ക് അറുതി വരുത്തിയത്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സാംസ്കാരിക ജീവിതം വളരെ മികച്ച ഒന്നാണ്. ഉന്നത വിദ്യാഭ്യാസരംഗത്തെ ഉയർച്ചകളും സാമൂഹ്യജീവിതത്തിലെ ആളുകളുടെ മനോഭാവങ്ങളിൽ ഉണ്ടായ അനുഭൂതികളും വർഗീയതയെ തുടച്ചു നീക്കി കൊണ്ടിരിക്കുകയാണ്. ജ്ഞാനാധിഷ്ഠിത സമൂഹത്തിന്റെ തുടക്കം 20-ാം നൂറ്റാണ്ടിൽ തന്നെ നിലകൊണ്ടതായി കാണാം. പുരാണ കഥാപാത്രമായ രാമനെ സീതയിലൂടെ വിമർശിക്കുന്ന ആശാനിൽ (ചിന്താവിഷ്ടയായ സീത) നിന്നും തന്നെ പുതിയ നവോത്ഥാന പരിഷ്കാരങ്ങളുടെ തുടിപ്പുകൾ കാണാം. ഉത്തമപുരുഷൻ എന്ന് മുദ്ര കുത്തപ്പെട്ട രാമന്റെ അധമ സ്വഭാവത്തെയാണ് ആശാൻ വെളിപ്പെടുത്തിയത്. കാലങ്ങൾ മാറി ഇന്നൊരാൾ ഇപ്രകാരം സ്വാഭിപ്രായം വെളിപ്പെടുത്തുകയാണെങ്കിൽ വർഗീയവാദികളുടെ കൊലപാതകങ്ങൾ നമുക്കിവിടെ കാണാമായിരുന്നു. ആശാനുണ്ടായ ജ്ഞാനം ആ സമൂഹത്തെ തന്നെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചിരുന്നു. ജ്ഞാനാധിഷ്ഠിത സമൂഹം എന്തുകൊണ്ടും വർഗീയതക്കൊരു ബദൽ തന്നെയാണ്. ■

പത്മനാഭൻ കാവുമ്പായി
പയ്യന്നൂർ കോളേജ്, പയ്യന്നൂർ




വർഗ്ഗീയതയും വൈജ്ഞാനിക സമൂഹവും

ഇന്ത്യയിലെ മതവർഗ്ഗീയതയുടെ അടിവേര് പൂണ്ട് കിടക്കുന്നത് ആധുനിക ചരിത്രരചനയിലും ബ്രിട്ടീഷ് ഭരണകൂടത്തിന്റെ രാഷ്ട്രീയ തന്ത്രങ്ങളിലുമാണ് എന്നത് സാമൂഹ്യശാസ്ത്രപഠിതാക്കൾ ഏറെക്കുറെ അംഗീകരിച്ച സത്യമാണ്.1817-ൽ ജെയിംസ് മിൽ തന്റെ 'ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ' എന്ന പുസ്തകത്തിലൂടെ ഇന്ത്യൻ ചരിത്രത്തെ ഹിന്ദു, മുസ്ലീം, ബ്രിട്ടീഷ് കാലഘട്ടങ്ങളായി വിഭജിച്ചതോടെയാണ് മതപരമായ വർഗ്ഗീകരണം ആരംഭിക്കുന്നത്. സുദീർഘമായ മധ്യകാല ഇന്ത്യയിലെ സങ്കീർണ്ണമായ രാഷ്ട്രീയ മാറ്റങ്ങളെയും സാമ്രാജ്യത്വ യുദ്ധങ്ങളെയും കേവലം 'മതങ്ങൾ തമ്മിലുള്ള പോരാട്ടമായി' അധ്യാപകർ പഠിപ്പിച്ചു തുടങ്ങിയത് ചരിത്രപരമായ വലിയൊരു വികലതയായി വേണം ഇന്ന് നോക്കിക്കാണുവാൻ. ഈ വർഗ്ഗീകരണം വിദ്യാസമ്പന്നരായ മധ്യവർഗത്തിനിടയിൽ മതം ഒരു രാഷ്ട്രീയസ്വത്വമാണെന്ന ബോധത്തെ ഉറപ്പിക്കാൻ മാത്രമാണ് എക്കാലത്തും ഉപകരിച്ചത്.

1857-ലെ മഹത്തായവിപ്ലവത്തിന് ശേഷം ബ്രിട്ടീഷ് ഭരണകൂടം. നടപ്പിലാക്കിയ 'ഭിന്നിപ്പിച്ചു ഭരിക്കുക' (Divide and Rule) എന്ന നയം ഇന്ത്യയിൽ മതവർഗ്ഗീയതയ്ക്ക് ഭരണപരമായ അടിത്തറ നൽകി. തങ്ങളുടെ ചൂഷണഭരണത്തിന്റെ സുരക്ഷയ്ക്ക് വിഘാതമായിത്തീരുന്ന ഹിന്ദു മുസ്ലിം ഐക്യത്തെ തിരിച്ചറിഞ്ഞ ബ്രിട്ടീഷുകാർ, ഇരുവിഭാഗങ്ങൾക്കും ഇടയിൽ പരസ്പരവിരോധത്തിന്റെ വിത്തുകൾ ബോധപൂർവ്വം വിതറി. 1871-ലെ സെൻസസ് മനുഷ്യരെ മതത്തിന്റെ അടിസ്ഥാനത്തിൽ എണ്ണുകയും തരംതിരിക്കുകയും ചെയ്തതോടെ, തങ്ങൾ ഒരു വലിയ രാജ്യത്തെ പൗരന്മാരാണെന്നതിലുപരി ഒരു പ്രത്യേക മതവിഭാഗത്തിന്റെ ഭാഗമാണെന്ന ബോധം ജനങ്ങളിൽ വളർന്നു. ജനസംഖ്യാ കണക്കുകൾ ഭൂരിപക്ഷ-ന്യൂനപക്ഷ യുക്തികളിലേക്ക് ഇന്ത്യൻ രാഷ്ട്രീയത്തെ വഴിതിരിച്ചുവിട്ടു എന്നു ചുരുക്കം.

പത്തൊമ്പതാം ശതകത്തിന്റെ അന്ത്യപാദത്തിൽ കൊണ്ടുവന്ന നിയമപരിഷ്കാരങ്ങൾ വർഗ്ഗീയതയെത്തന്നെ നിയമവിധേയമാക്കി എന്ന വലിയ വൈരുദ്ധ്യത്തെയാണ് സാധ്യമാക്കിയതും1909-ലെ മിന്റോ-മോർലി പരിഷ്കാരം മുസ്ലീങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ (Separate Electorates) അനുവദിച്ചതും ഉണ്ടാക്കിയ പ്രത്യാഘാതങ്ങളും ചെറുതല്ല. ഇന്ത്യൻ ജനതയുടെ ഐക്യത്തിൽ വലിയ വിള്ളലുകളാണ് ഇതിലൂടെ വീഴ്ത്താനവർക്കായത്. അതോടെ മതം വോട്ട് ചെയ്യാനുള്ള ഒരു മാനദണ്ഡവും കൂടിയായതോടെ, രാഷ്ട്രീയ നേതാക്കൾക്ക് സ്വന്തം മതവിഭാഗത്തെ മാത്രം പ്രീണിപ്പിക്കേണ്ട അവസ്ഥയുണ്ടായി. ഇത് സമുദായങ്ങൾ തമ്മിലുള്ള സ്വാഭാവികമായ കൊടുക്കൽ വാങ്ങലുകളെ ഇല്ലാതാക്കുകയും, പരസ്പര പൂരകങ്ങളായിരുന്ന മതവിഭാഗങ്ങളെ എതിരാളികളായി പ്രതിഷ്ഠിക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ



രാജ്യം അനുഭവിച്ച കടുത്ത സാമ്പത്തിക തകർച്ചയും തൊഴിലില്ലായ്മയും കഷ്ട നഷ്ടങ്ങളും വർഗ്ഗീയതയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയതും കാണാതെ പോകാനാവില്ല. ആധുനിക വിദ്യാഭ്യാസത്തിലും സർക്കാർ ഔദ്യോഗിക കസേരകളിലും ഒരു വിഭാഗം നിയമിക്കപ്പെടുകയും മറ്റൊരു വിഭാഗം സാങ്കേതികമായി പിന്നിലാകുകയും ചെയ്തത് കിടമത്സരങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും നിദാനമായി. കുറഞ്ഞ പോസ്റ്റുകൾ മാത്രമുള്ള തൊഴിലവസരങ്ങൾക്കായി നടന്ന ഈ മത്സരങ്ങളെ വർഗ്ഗീയത ലക്ഷ്യമാക്കിയ നേതാക്കൾ മതപരമായ സൗജന്യങ്ങളായും ശത്രുതകളായും വ്യാഖ്യാനിച്ചു. സ്വന്തം ദുരിതങ്ങൾക്ക് കാരണക്കാർ അപരനാണെന്ന് പറഞ്ഞ് വിശ്വസിപ്പിക്കാൻ എളുപ്പമായതിനാൽ, സാധാരണക്കാർക്കിടയിൽ മതവിദ്വേഷത്തിന്റെ രാഷ്ട്രീയം വളരെവേഗത്തിൽ പടർത്താനുമായി.

1947–ലെ വിഭജനം ഇന്ത്യൻ വർഗ്ഗീയതയുടെ വേരുകളിലേക്ക് ആഴ്ന്നിറങ്ങിയ ഏറ്റവും വലിയ മുറിവാണ്. വിഭജനത്തെ തുടർന്ന് അതിർത്തിയുടെ ഇരുപുറവും നടന്ന ലക്ഷക്കണക്കിന് ആളുകളുടെ കൂട്ടക്കൊലകളും പലായനങ്ങളും വരും തലമുറകളിലേക്ക് കൈമാറപ്പെട്ടു. ഇത് തലമുറകളിലൂടെ വിദ്വേഷത്തിന്റെ കഥകളായാണ് പ്രചരിച്ചത്. ഈ മുറിവുകൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇന്നും ചർച്ച ചെയ്യപ്പെടുന്നു എന്നത് മറ്റൊരു ദുരന്താനുഭവം തന്നെ.

അറിഞ്ഞോ അറിയാതെയോ ഉള്ള മതചിഹ്നങ്ങളുടെയും ഭാഷയുടെയും ഉപയോഗമാണ് ഭിന്നതയുടെ മറ്റൊരു കാരണം. ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ പ്രയാണത്തിൽ ദേശീയവികാരം വളർത്താനായി ചിലഘട്ടങ്ങളിൽ തിലകനെപ്പോലുള്ള നേതാക്കൾ ഗണേശോത്സവവും ശിവജി ഉത്സവവും ഉപയോഗപ്പെടുത്തിയതായി കാണാം. എന്നാൽ ഇതാകട്ടെ ഒരു മതവിഭാഗത്തിന് ഊർജ്ജം നൽകിയപ്പോൾ മറ്റൊരു വിഭാഗത്തിനെ പാർശ്വവൽക്കരണ ഭീതിയിലാഴ്ത്തുകയും ചെയ്തു എന്ന യാഥാർത്ഥ്യം മറന്നു കൂടാ. ആര്യസമാജം, മുസ്ലീം ലീഗ്, ഹിന്ദു മഹാസഭ തുടങ്ങിയ സംഘടനകൾ മതനവീകരണത്തെക്കാൾ പ്രാധാന്യം നൽകിയതാവട്ടെ രാഷ്ട്രീയമായ സംഘാടനത്തിനും എന്നതും കാര്യങ്ങളെ വഴി തെറ്റിച്ചു. ഇത് രാജ്യത്തിന്റെ പൊതുവായ ശത്രുവായ അധിനിവേശക്കാർക്കെതിരെ പോരാടുന്നതിന് പകരം സ്വന്തം നാട്ടിലെ സഹോദരതുല്യരായി കാണേണ്ട മതസ്ഥരെ അപമാനിക്കുന്ന വിധം പലപ്പോഴും കൊണ്ടാടപ്പെട്ടു.



പിന്നീടു വരുന്ന ചരിത്ര വഴിഞ്ഞിരുവാകട്ടെ രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമാണ്. ഇന്ത്യക്കാരിലേക്ക് അധികാര കൈമാറ്റം ഉറപ്പായതോടെ വർഗ്ഗീയത അതിന്റെ ഏറ്റവും ക്രൂരമായ മുഖം പുറത്തെടുത്തു. വിഭവങ്ങളുടെയും അധികാരത്തിന്റെയും പങ്കുവെക്കലിനെച്ചൊല്ലിയുള്ള തർക്കങ്ങൾ 'ദ്വിരാഷ്ട്ര വാദം' (Two-Nation Theory) എന്ന ആശയത്തിലേക്ക് നയിച്ചു. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് വ്യത്യസ്ത ദേശീയതകളാണെന്നും അവർക്ക് ഒന്നിച്ച് കഴിയാൻ സാധിക്കില്ലെന്നുമുള്ള വാദം ഇംഗ്ലീഷുകാർ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അധികാരത്തിന് വേണ്ടിയുള്ള മധ്യവർഗത്തിന്റെ അത്യാഗ്രഹം സാധാരണക്കാരന്റെ മതവിശ്വാസത്തെ ഇന്ധനമായി ഉപയോഗിച്ചുകൊണ്ട് രാജ്യത്തെ വിഭജനത്തിന്റെ വക്കിലെത്തിച്ചു.

1947-ലെ വിഭജനം ഇന്ത്യൻ വർഗ്ഗീയതയുടെ വേരുകളിലേക്ക് ആഴ്ന്നിറങ്ങിയ ഏറ്റവും വലിയ മുറിവാണ്. വിഭജനത്തെ തുടർന്ന് അതിർത്തിയുടെ ഇരുപുറവും നടന്ന ലക്ഷക്കണക്കിന് ആളുകളുടെ കൂട്ടക്കൊലകളും പലായനങ്ങളും വരും തലമുറകളിലേക്ക് കൈമാറപ്പെട്ടു. ഇത് തലമുറകളിലൂടെ വിദ്വേഷത്തിന്റെ കഥകളായാണ് പ്രചരിച്ചത്.ഈ മുറിവുകൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇന്നും ചർച്ച ചെയ്യപ്പെടുന്നു എന്നത് മറ്റൊരു ദുരന്താനുഭവം തന്നെ. എല്ലാ അർത്ഥത്തിലും ഇത് തന്നെയാണ് വൈജ്ഞാനിക ലോകം ഇന്ന് നേരിടുന്ന വലിയ വെല്ലുവിളി. രാജ്യത്തിന്റെ വിഭജനം യഥാർത്ഥത്തിൽ ഒരു അനിവാര്യതയായിരുന്നില്ല എന്നും മറിച്ച് അത് ഒരു വലിയ രാഷ്ട്രീയ പരാജയമായിരുന്നു എന്നുമുള്ള വസ്തുത ഇനിയും നമ്മുടെ ക്ലാസ് മുറികളിൽ അർത്ഥവത്തായി ആഴത്തിൽ വിശകലനം ചെയ്യേണ്ടതല്ലേ? തീർച്ചയായും വേണമെന്നാണ് ശരിയായ അഭിപ്രായം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പുതുഭാവത്തിലും രൂപത്തിലും പ്രത്യക്ഷപ്പെടുന്ന വർഗ്ഗീയതയെയാണ് പിന്നെ നാം കാണുന്നത്. അടിമുടി സ്വയം മാറ്റം വരുത്തി 'സംസ്കാരത്തിന്റെ' മുഖംമൂടിയുമായാണ് ആ എളുപ്പവഴിയിലൂടെയുള്ള വരവുണ്ടായത്. ഇതിനായി ചരിത്രസ്മാരകങ്ങളെയും സ്ഥലനാമങ്ങളെയും മതപരമായ സ്വത്വവുമായി ബന്ധിപ്പിക്കുന്നത് സ്ഥിരം പരിപാടിയായി. അതോടൊപ്പം അത് അപരവൽക്കരണത്തിന്റെ പുതിയ രീതിയായും ശക്തിപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായമായി കാണുന്ന 1930 ജനുവരി 30 ലെ മഹാത്മാഗാന്ധി വധം ഒരു കേവല വ്യക്തിയുടെ മതവിദ്വേഷമല്ലായിരുന്നു, എന്നും മറിച്ച് പൗരത്വത്തെയും മാനവികതയെയും കുറിച്ചുള്ള ഗാന്ധിയൻ സമീപനത്തോടും സങ്കൽപ്പത്തോടുമുള്ള ഒരു വിഭാഗത്തിന്റെ എതിർപ്പായിരുന്നു. ഇന്ന് നാം കാണുന്ന വെറുപ്പിന്റെ ഭാഷയും നിർമ്മിതിവാർത്തകളും ഈ പഴയ വായിൽ നിന്നും നിർഗ്ഗളിക്കുന്ന വിഷവാതകങ്ങൾതന്നെ.

"ദേശം - ദേശീയത " - എന്ന സങ്കല്പം ഇന്ത്യയിൽ ഇങ്ങനെ വർഗ്ഗീയത എന്നതിൽ നിന്നും ഭൂരിപക്ഷവർഗ്ഗീയത എന്ന സംജ്ഞയിലേക്ക് പൊടുന്നനെ ഉണ്ടായ ഒന്നല്ല, ഇന്ത്യയിലെ ഹിന്ദുത്വവർഗ്ഗീയത. അത് പത്തൊമ്പതാം ശതകത്തിലെ സാമൂഹിക സാഹചര്യങ്ങളിൽ വേരുകളാഴ്ത്തിയ ഒന്നാണ്. ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയെ മതപരമായ കളം വരച്ച് തിരിച്ചപ്പോൾ, അതിനെ പ്രതിരോധിക്കാൻ ആരംഭിച്ച് പരിശ്ര

മിച്ച നവോത്ഥാന പ്രസ്ഥാനങ്ങളിൽ തന്നെ പലതും സ്വയമറിയാതെ സങ്കുചിതമായ ഒരു 'ഭൂതകാലക്കുളിരി'ൽ അഭയം പ്രാപിച്ചു. ഈ സാങ്കൽപ്പിക മഹിമയാകട്ടെ ഏറ്റവും ഊർജ്ജം പകർന്നത് ഹൈന്ദവ സ്വത്വത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിനും ആയിരുന്നു എന്നത് ചരിത്രത്തിലെ വിപര്യയം.

ഒരു സാംസ്കാരിക പദമെന്ന നിലയിൽ നിന്ന് 'ഹിന്ദുത്വ' എന്ന ആശയത്തെ രാഷ്ട്രീയ പ്രത്യയശാസ്ത്രമായി മാറ്റിമറിക്കുന്നത് .1920-കളിൽ രൂപംകൊണ്ട തീവ്ര വലതുപക്ഷ സംഘടനകളാണ്. ഇന്ത്യ പിതൃഭൂമിയാണ്, പുണ്യഭൂമിയാണ് എന്നിങ്ങനെ ഏറ്റു പറയുന്നവർക്കേ ഇവിടെ ജീവിക്കാൻ അവകാശമുള്ളൂ എന്ന് ഹിന്ദുത്വവർഗ്ഗീയതയുടെ അഭിനവനേതാക്കൾ വാദിച്ചു. ഇതിന്റെ പ്രധാനലക്ഷ്യം ഇതരമതസ്ഥരെ 'അപര'ന്മാരാക്കി മുദ്രകുത്തുക എന്നതായിരുന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഗാന്ധിജിയും നെഹ്റുവും ഉയർത്തിപ്പിടിച്ച മതേതര ദേശീയതയ്ക്ക് വിപരീതമായി ഒരു 'മത ദേശീയത' (Religious Nationalism) കെട്ടിപ്പടുക്കാനായിരുന്നു ഇവരുടെ ശ്രമം. ദേശീയ പതാകയ്ക്കും ഭരണഘടനയ്ക്കും മുകളിൽ മതചിഹ്നങ്ങളെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ അക്കാലത്തുതന്നെ തുടങ്ങിയിരുന്നു. ഈ പ്രത്യയശാസ്ത്രം ഇന്ത്യയുടെ ജനാധിപത്യ ബോധത്തിന്മേൽ ഏൽപ്പിച്ച ആദ്യത്തെ വലിയ ആഘാതമായിരുന്നു ഗാന്ധിവധം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ദശകങ്ങളോളം പാർശ്വവൽക്കരിക്കപ്പെട്ട ഭൂരിപക്ഷ വർഗ്ഗീയത, എൺപതുകളുടെ അവസാനത്തോടെയാണ് രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് വന്നത് പിന്നീട് നമ്മൾ കണ്ട പല കേസുകൾ, ബാബറി മസ്ജിദ്, എന്നിവയെ മുൻനിർത്തി ഉണ്ടാക്കിയെടുത്ത സംഘപരിവാർ പ്രസ്ഥാനം ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തെ മാറ്റിമറിച്ചു. മത-ദൈവ -പുരാണ വിശ്വാസത്തെ രാഷ്ട്രീയ വോട്ടുകളാക്കി മാറ്റുന്നതിൽ അവർ പെട്ടെന്നു വിജയിച്ചു. തൊണ്ണൂറുകളിൽ നടപ്പിലാക്കിയ നവലിബറൽ സാമ്പത്തിക നയങ്ങൾ (Globalization) ഉണ്ടാക്കിയ അസമത്വങ്ങളും ഇതിന് വളമിട്ടു. സാമ്പത്തികമായി തകർന്ന അടിസ്ഥാന മനുഷ്യർക്കിടയിൽ 'മതപരമായ വികാരം' സുരക്ഷാകവചമായി അവതരിപ്പിക്കപ്പെട്ടു. വികസനത്തിന്റെ തിളക്കത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവർക്ക് 'അഭിമാനകരമായ സ്വത്വം' വാഗ്ദാനം ചെയ്തുകൊണ്ട് ഭൂരിപക്ഷ വർഗ്ഗീയതതങ്ങളുടെ സ്വാധീനം വർദ്ധിപ്പിച്ചു.

2014-ഓടെ ഇത് കേവലമൊരു രാഷ്ട്രീയ മുന്നേറ്റം എന്നതിലുപരി ഒരു സാംസ്കാരിക മേധാവിത്തമായി (Cultural Hegemony). മാധ്യമങ്ങൾ, സിനിമ, വിനോദ മേഖല എന്നിവയെല്ലാം ഈ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരകരായി മാറി. അധികാരത്തിന്റെ എല്ലാ തലങ്ങളിലും നിയമനിർമ്മാണ സഭകൾ മുതൽ ഉദ്യോഗസ്ഥ വൃന്ദം വരെ ഈ ചിന്താഗതി സ്വാധീനം ചെലുത്താൻ തുടങ്ങിയതോടെ ഇന്ത്യ ഒരു 'ഡി ഫാക്റ്റോ' (De-facto) ഹിന്ദു രാഷ്ട്രമായി മാറിക്കൊണ്ടിരിക്കുന്നു എന്ന വാദം ശക്തമായി.



പുനരുദ്ധാരണങ്ങളും അന്ധവിശ്വാസങ്ങളും

വർത്തമാനകാലത്ത് നാം കാണുന്നത് ചരിത്രത്തെയും ശാസ്ത്രത്തെയും ഒരുപോലെ അട്ടിമറിക്കുന്ന പുനരുദ്ധാരണ ശ്രമങ്ങളാണ്. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെല്ലാം പുരാതന ഇന്ത്യയിൽ ഉണ്ടായിരുന്നു എന്ന തരത്തിലുള്ള അവകാശവാദങ്ങൾ വൈജ്ഞാനിക ലോകത്ത് അടിച്ചേൽപ്പിക്കപ്പെടുന്നു. ഇത് വിദ്യാർത്ഥികളിൽ യുക്തിചിന്തയ്ക്ക് പകരം അന്ധമായ വിശ്വാസവും വികലമായ അഭിമാനവും വളർത്താനേ സഹായിക്കൂ. അന്ധവിശ്വാസങ്ങളെ 'ദേശീയ സംസ്കാരം' എന്ന പേരിൽ മഹത്വവൽക്കരിക്കുന്നത് വർദ്ധിച്ചുവരുന്നു. ചാണകത്തിനും ഗോമൂത്രത്തിനും ദിവ്യശക്തിയുണ്ടെന്ന വാദങ്ങൾ മുതൽ ജ്യോതിഷത്തെ ശാസ്ത്രമായി പഠിപ്പിക്കുന്നത് വരെയുള്ള കാര്യങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. ചോദ്യം ചെയ്യുന്നവരെ 'ദേശവിരുദ്ധർ' എന്ന് വിളിക്കുന്ന രീതി നിലവിൽ വന്നതോടെ സ്വതന്ത്രമായ ചിന്താധാരകൾക്ക് തടസ്സമുണ്ടായിരിക്കുന്നു.

യഥാർത്ഥ ആത്മീയതയ്ക്ക് പകരം ആചാരങ്ങളുടെയും വിദ്വേഷത്തിന്റെയും മിശ്രിതമാണ് ഇന്ന് വിപണനം ചെയ്യപ്പെടുന്നത്. മതപരമായ ഉത്സവങ്ങൾ മറ്റു വിഭാഗങ്ങൾക്കെതിരെയുള്ള ശക്തിപ്രകടനങ്ങളായി മാറുന്നു. ഇത് സമൂഹത്തിൽ ഭയത്തിന്റെയും സംശയത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നു. യുക്തിവാദവും ശാസ്ത്രബോധവും ഭരണഘടന അനുശാസിക്കുന്ന മൗലിക കടമകളാണെന്ന വസ്തുത ഇന്ന് ബോധപൂർവ്വം വിസ്മരിക്കപ്പെടുന്നു.

വൈജ്ഞാനിക ലോകത്തിന്റെ ജീർണ്ണത

ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി 'അക്കാദമിക് സ്വാതന്ത്ര്യത്തിന്റെ' തകർച്ചയാണ്. സിലബസുകളിൽ നിന്ന് പരിണാമ സിദ്ധാന്തവും മുഗൾ ചരിത്രവും ജനാധിപത്യ പോരാട്ടങ്ങളും നീക്കം ചെയ്യപ്പെടുന്നു. അധ്യാപകരും ഗവേഷകരും ഭരണകൂടത്തിന്റെ ഇംഗിതത്തിന് വഴങ്ങേണ്ടിവരുന്ന സാഹചര്യം വൈജ്ഞാനിക ലോകത്തിന്റെ ജീർണ്ണതയെയാണ് സൂചിപ്പിക്കുന്നത്.

ഇടതുപക്ഷ കാഴ്ചപ്പാടിൽ (Left Perspective), വർഗ്ഗീയത എന്നത് വർഗ്ഗസമരത്തെ വഴിതിരിച്ചുവിടാനുള്ള ഭരണവർഗത്തിന്റെ തന്ത്രമാണ്. ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളായ തൊഴിലില്ലായ്മ, പട്ടിണി, വിലക്കയറ്റം എന്നിവയിൽ നിന്ന് ശ്രദ്ധ മാറ്റാൻ മതത്തെ ആയുധമാക്കുന്നു. കോർപ്പറേറ്റ് താല്പര്യങ്ങളും വർഗ്ഗീയ രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് (Corporate-Communal Nexus) ഇന്നത്തെ ഇന്ത്യയെ നയിക്കുന്നത്. മതം എന്നത് ഒരു വ്യക്തിയുടെ സ്വകാര്യ വിശ്വാസമായിരിക്കണമെന്നും, അതിനെ രാഷ്ട്രീയ അധികാരത്തിനുള്ള ഉപകരണമാക്കുന്നത് ഫാസിസത്തിലേക്കുള്ള വഴിയാണെന്നും ഇടതുപക്ഷം നിരീക്ഷിക്കുന്നു. ജാതീയമായ അടിച്ചമർത്തലുകളെ മറച്ചുവെച്ചുകൊണ്ട് 'ഹിന്ദു ഐക്യം' എന്ന മുദ്രാവാക്യം മുഴക്കുന്നത് സവർണ്ണ മേധാവിത്തം നിലനിർത്താനാണെന്ന വിമർശനവും ഇവിടെ പ്രസക്തമാണ്.

വൈജ്ഞാനിക ലോകത്തിന്റെ കടമകൾ

വർഗ്ഗീയതയുടെ ഇരുണ്ട കാലത്തെ മറികടക്കാൻ വൈജ്ഞാനിക ലോകത്തിന് വലിയ ഉത്തരവാദിത്തമുണ്ട്. ഇന്ത്യയുടെ ഭാവി എന്നത് അതിന്റെ ബഹുസ്വരത നിലനിർത്തുന്നതിലാണ് എന്ന യാഥാർത്ഥ്യബോധമാണ് ആദ്യം വേണ്ടത്. അറിവ് എന്നത് കേവലം ഡിഗ്രി നേടലല്ല എന്നും മറിച്ച് അനീതിക്കെതിരെ സംസാരിക്കാനുള്ള കരുത്തുനേടൽകൂടിയാണെന്നും നാം തിരിച്ചറിയണം. അതിനായി ചെയ്യാവുന്ന പ്രായോഗിക സമീപനങ്ങൾ പ്രധാനമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്:

1. ശാസ്ത്രബോധംവളർത്തുക എന്ന പ്രവർത്തനം: ശാസ്ത്രത്തെയും ചരിത്രത്തെയും വസ്തുനിഷ്ഠമായി സമീപിക്കാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുക. വ്യാജവാർത്തകളെയും അന്ധവിശ്വാസങ്ങളെയും തുറന്നുകാട്ടുക.
2. ഭരണഘടനാ സംരക്ഷണം: ഭരണഘടന മുന്നോട്ടുവെക്കുന്ന മതേതര, സോഷ്യലിസ്റ്റ് മൂല്യങ്ങളെ ക്ലാസ് മുറികളിൽ സജീവ ചർച്ചയാക്കുക. പൗരത്വത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
3. സംവാദങ്ങളുടെ വീണ്ടെടുപ്പ്: വിയോജിപ്പുകളെ ബഹുമാനിക്കുന്ന സംസ്കാരം വളർത്തിയെടുക്കുക. അപരവൽക്കരണത്തിനെതിരെ മാനവികതയുടെ ഭാഷ സംസാരിക്കുക.
4. പൊതുവിടങ്ങളെ പരിപോഷിപ്പിക്കുക: സ്വയവും വിദ്യാർത്ഥികളിലും സമൂഹത്തിലും എല്ലാ തരത്തിലുമുള്ള പൊതുവിടങ്ങൾ സെക്യുലർ ജീവിത ചിന്തകൾ വളർത്തുക എന്നത് പരമപ്രധാനമാണ്.

ചുരുക്കത്തിൽ ഭരണകൂടം സ്വന്തം രാഷ്ട്രീയ താല്പര്യംവച്ച് നൽകുന്ന തെറ്റായ വിവരങ്ങൾ അതേപടി അടുത്ത തലമുറയ്ക്ക് പകർന്നുനൽകുന്ന "ബിസിനസ് എക്സിക്യൂട്ടീവുകളാ"കാതെ സത്യം വിളിച്ചുപറയുന്ന ജൈവ ബുദ്ധിജീവികളാവുക എന്നതാണ് വൈജ്ഞാനിക സമൂഹത്തിലിടപെടുന്ന അധ്യാപകർക്കു ചെയ്യാനാവുന്ന കാര്യങ്ങളിൽ പ്രധാനം. ഇന്ത്യ ഒരു ഭൂപ്രദേശം മാത്രമല്ല, എന്നും അത് പലഗോത്രങ്ങളും മതങ്ങളും ഭാഷകളും സംസ്കാരങ്ങളും ചേർന്ന് നെയ്തെടുത്ത ഒരു വലിയ ആശയമാണ് എന്നും ആവർത്തിച്ചാവർത്തിച്ച് വിജ്ഞാനപകരാനാവണം. ഏതു വിഷയത്തെയും ഇതുമായി ബന്ധിപ്പിക്കുന്ന കണ്ണികൾ കണ്ടെത്തി ക്ലാസ്റൂമിൽ സന്ദർഭമുണ്ടാക്കി അത് പകരാനാവണം. മതനിരപേക്ഷത എന്ന അനുഭവത്തിനും ആശയത്തിനും മുകളിൽ വെറുപ്പിന്റെ പ്രത്യയശാസ്ത്രം വിജയിച്ചാൽ അത് രാജ്യത്തിന്റെ നാശമായിരിക്കും എന്ന വസ്തുതയ്ക്ക് ഊന്നൽ നൽകണം. അതുകൊണ്ട്, അറിവിനെ വിമോചനത്തിനുള്ള ആയുധമാക്കി മാറ്റുക എന്നത് കാലം വൈജ്ഞാനിക സമൂഹത്തെ ഏൽപ്പിച്ചിരിക്കുന്ന ഏറ്റവും വലിയ ദൗത്യമാണ് എന്ന ബോധ്യം ഇനിയും ഇനിയും വളരേണ്ടിയിരിക്കുന്നു. ■

■ ഡോ. സിബു മോടയിൽ
യൂണിയൻ ക്രിസ്ത്യൻ കോളേജ് ആലുവ

കഥ
അധ്യാപക
വിഭാഗം
(മൂന്നാം
സ്ഥാനം)

മണം

നെയ്യിൽ മൊരിച്ചെടുത്ത ദോശയുടെയും കറിവേപ്പിലയുടെയും പുളിയിട്ട സാമ്പാറിന്റെയും കൊതിപ്പിക്കുന്ന മണം ആ പഴയ വീടിന്റെ ഇരുണ്ട അകത്തളങ്ങളിലേക്ക് തുളച്ചുകയറി. പ്രഭാതഭക്ഷണത്തിന്റെ ഗന്ധം വീടിന്റെ പരിസരത്തെല്ലാം ചുറ്റിയടിച്ചു. അരികിൽ തവിട്ടു മൊരിവലയമുള്ള ചൂടുള്ള നേർത്ത ദോശകൾ, കടുക് പൊട്ടിച്ച് കറിവേപ്പിലയിട്ട് കായം ചേർത്ത കുറുകിയ സാമ്പാർ, ആവി പാറുന്ന കരിപ്പെട്ടിക്കാപ്പി എല്ലാം തയ്യാറായി. പൂരി വേണ്ടവർക്ക് അതിനോടൊപ്പം സൂര്യകാന്തിനിറത്തിലുള്ള ഉരുളക്കിഴങ്ങ് കുറുമയും. പഴയൊരു തടിമേശയിൽ വിഭവങ്ങൾ സമൃദ്ധമായി വിളമ്പി വച്ചിരിക്കുന്നു. വിവേക്, ജനലിലൂടെ പുറത്തേക്ക് നോക്കി, അവിടെ വിശാലമായ പറമ്പിന്റെ മൂലയിൽ, വലിയൊരു ഞാവൽ മരം തലയുയർത്തി നിൽക്കുന്നു. ബാല്യസ്മൃതികളിൽ ഏറിയ പങ്കും ആ ഞാവൽമരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ ഓർമ്മയെല്ലാം സൊമാറ്റോ വഴിവന്ന സാൻഡ്‌വിച്ച് നിന്ന നില്പിൽ വായിൽവച്ച് ധൃതിയിൽ ഓഫീസിലേക്ക് പോകാൻ തുടങ്ങിയപ്പോൾ ഉണ്ടായതാണ്. കഴിച്ച് വായ കഴുകിയിട്ടും സാൻഡ്‌വിച്ച് പൊതിഞ്ഞ വെണ്ണക്കടലാസിന്റെ ചുവ വിട്ടുപോയിരുന്നില്ല. വിവേകിന്റെ വീട്ടിലെ ഊൺമേശ നാട്ടുരുചികളെല്ലാം മേളിക്കുന്ന ഇടമായിരുന്നു. എങ്കിലും കുട്ടിക്കാലത്ത് അതിനു വലിയ വിലയൊന്നും അവനെന്നല്ല ആരും നൽകിയിരുന്നില്ല. വാഴക്കൂമ്പുതോരനും കൊഴുവ പറ്റിച്ചതും കല്ലിലരച്ച ചമ്മന്തിയും പച്ചമോരും ചേർന്നുള്ള ഉച്ചയൂണിന്റെ മൂല്യം ഇന്നു തിരിഞ്ഞുനോക്കുമ്പോൾ മാത്രമാണ് അവന് തിരിച്ചറിയാൻ കഴിഞ്ഞത് . വൈകുന്നേരങ്ങളിലെ കൂട്ടുപുഴുക്കിന്റെയും അടച്ചേറ്റി ചമ്മന്തിയുടെയും വില ഇപ്പോഴാണ് തിരിച്ചറിയുന്നത്. ശീമച്ചേമ്പും ചെറുകിഴങ്ങും കാച്ചിലും മലബാർകഷയും ചേനയും പച്ച ഏത്തക്കയും ചേർന്ന പുഴുക്ക് പുന:സൃഷ്ടിക്കാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല. ഗോതമ്പിന്റെ പുതുമണം വിട്ടു മാറാത്ത ചപ്പാത്തി അതിനുശേഷം ഒരിടത്തും കണ്ടിട്ടില്ല. വീട്ടിൽ ഒരു മിക്സിപോലും ഇല്ലാതിരുന്ന കാലത്തായിരുന്നു ഈ ഭക്ഷണസമൃദ്ധി. ആട്ടുകല്ലും അരകല്ലും ഉരലും അല്ലാത്ത അടുക്കള ഉപകരണങ്ങൾ പട്ടണത്തിലെ ബന്ധുവീട്ടിലേ അന്ന് കണ്ടിട്ടുള്ളൂ.

കൊച്ചി ഇൻഫോപാർക്കിലെ ഫ്ലാറ്റിൽനിന്ന് വല്ലപ്പോഴുമേ വിവേക് മല്ലപ്പള്ളിയിലെ വീട്ടിലെത്തുകയുള്ളൂ. നാളുകൾക്കുശേഷം ഇന്ന് എത്തിയിരിക്കുന്നു. ആ മേശയുടെ ഒരറ്റത്ത് ഇരുന്നു കഴിക്കുമ്പോൾ, അപ്രതീക്ഷിതമായി അവന്റെ കണ്ണുകൾ ഞാവൽ മരത്തിന്റെ ചുവട്ടിൽ ഉടക്കി. ആ കാഴ്ച അവന്റെ ഓർമ്മകളിൽ തീവ്രമായൊരു കയ്പുരുചി നിറച്ചു. സന്ധ്യയുടെ മ്ലാനത വീടിന്റെ ചുവന്ന ഓടുകളിൽ നിന്ന് താഴേക്ക് ഊർന്നിറങ്ങിയ ഒരു വെള്ളിയാഴ്ചയാണ് അവൾ വന്നത്. സെൽവി എന്ന എട്ടു വയസ്സുകാരി. 250 കിലോമീറ്ററിനപ്പുറത്തെ തമിഴ്നാടൻ ഗ്രാമത്തിൽനിന്ന് വന്ന അവളുടെ രൂപം, കാലിയായ വയറുകൾ പേറുന്ന ഒരു ദേശത്തിന്റെ നിശ്ശബ്ദമായ പ്രതിഷേധമായിരുന്നു. അവളുടെ കണ്ണുകൾ... കുസൃതികളില്ലാത്ത, ദീർഘനാളത്തെ വിശപ്പിന്റെയും അതിജീവനത്തിന്റെയും തീക്ഷ്ണമായ നിഴൽ വീണ, കനൽ

ത്തരികൾ അണഞ്ഞുപോയ ഒരു വിഷാദ മരുഭൂമി പോലെ ആഴവും ശൂന്യതയും നിറഞ്ഞതായിരുന്നു. ജനിച്ച നാൾ മുതൽ ഇന്നേവരെ എണ്ണ കണ്ടിട്ടില്ലാത്ത ചെമ്പൻ മുടിയിഴകൾ അലസമായി കിടക്കുന്നു. പഴയതും പാകമാകാത്തതുമായ ഒരു മേൽവസ്ത്രമായിരുന്നു അവൾ ധരിച്ചത്. ആ നേർത്ത തുണി അവളുടെ ഇടതുകൈത്തോളിൽനിന്ന് ഒരു നെടുവീർപ്പു പോലെ ഊർന്നിറങ്ങി കൈമുട്ടിനു മുകളിൽ തങ്ങി നിൽക്കുമ്പോൾ അവളത് മുകളിലേക്ക് വലിച്ചിടും.

"ഇവൾ നിനക്കുവേണ്ടി വന്നതാ, മോനേ, നീയെപ്പൊഴും പറയാറില്ലേ കളിക്കാനൊരു വലിയ പാവ വേണമെന്ന്. ഇതാ ജീവനുള്ള പാവ" അച്ഛൻ പ്രകാശ് സെൽവിയെ ചൂണ്ടിപ്പറഞ്ഞു. സെൽവിയെ അമ്മയ്ക്ക് അടുക്കളയിൽ ഒരു കൈത്താങ്ങിന് കൊണ്ടുവന്നതാണെന്ന് അവനറിയാമായിരുന്നു. എങ്കിലും പറമ്പിൽ കളിവീടുണ്ടാക്കി കളിക്കുമ്പോൾ വീട്ടമ്മയുടെ റോളിന് ഒരാൾ വേണമെന്ന് അവൻ ആശിച്ചിരുന്നു. അവന്റെ ചേച്ചി എട്ടു വയസ്സു മൂപ്പുണ്ടായിരുന്നതിനാൽ കളിക്കാനൊന്നും വരില്ലായിരുന്നു. ചേട്ടന് ആറു വയസ്സു മൂപ്പുണ്ടായിരുന്നു; അറുപതുകാരന്റെ ഭാവവും. ഏതായാലും അവന്റെ മനസ്സിൽ പല കണക്കുകൂട്ടലുകളുമുണ്ടായി. നാളെ നേരം വെളുക്കട്ടെ, നാളെ അവധിയാണ്, ഞാവൽമരച്ചോട്ടിലെ കളിവീടിന്റെ സെറ്റപ്പ് ഒന്നു മാറ്റണം . എങ്കിലും ആ ഞാവൽമരം ഉണർത്തുന്ന ചില ഓർമ്മകൾ അത്ര ഹൃദ്യമായിരുന്നില്ല . ഞാവൽപ്പഴങ്ങൾ വീണ് മണ്ണ് വയലറ്റ് നിറത്തിൽ കുതിർന്നിരുന്നു. വിവേകിന്റെ അമ്മാവൻ വലിയ ദേഷ്യക്കാരനായിരുന്നു. ദേഷ്യം വരുമ്പോൾ താടിമീശ വിറയ്ക്കുമായിരുന്നു. അമ്മാവൻ ഒരിക്കൽ അധികം വെന്തുപോയെന്ന കാരണത്താൽ ചോറു കമഴ്ത്തിയത് ആ മരച്ചോട്ടിലാണ്. ആ ദിവസം അവന്റെ മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്നു. അമ്മാവന് അവിടെ വലിയ അധികാരമൊന്നും അവകാശപ്പെടാനില്ലെങ്കിലും അദ്ദേഹം എവിടെ ചെന്നാലും അവിടെ സ്വയം നേതാവാകുന്ന പ്രകൃതക്കാരനാണ്. ഉച്ചയ്ക്ക്, അമ്മ വെച്ച ചോറ് കുഴഞ്ഞുപോയപ്പോൾ, അമ്മാവൻ കോപത്തോടെ ചോറു നിറഞ്ഞ അലുമിനിയം കലം എടുത്ത് കളിവീടിരുന്ന ഞാവൽ മരത്തിന്റെ ചുവട്ടിലേക്ക് കമഴ്ത്തി. ചോറ് മണ്ണിൽ വീണപ്പോൾ, പാകമായി വീണ വയലറ്റ് നിറമുള്ള ഞാവൽപ്പഴങ്ങളുമായി കലർന്ന്, അതൊരു വിചിത്രമായ കാഴ്ചയായി മാറി. വെള്ളയും വയലറ്റും കലർന്ന ആ ചോറ് നോക്കിനിന്ന വിവേകിന്റെ ഭാവനയിൽ, മണ്ണിൽ ചിതറിക്കിടന്ന ഓരോ ചോറ് മണിക്കും ജീവനുണ്ടെന്ന് തോന്നി. ആഫ്രിക്കയിലെ പട്ടിണിക്കോലങ്ങളുടെ ചിത്രങ്ങൾ കാട്ടി അന്നം പാഴാക്കരുതെന്ന് തെരേസാടീച്ചർ ക്ലാസ്സിൽ പറഞ്ഞത് അവനപ്പോൾ ഓർത്തു.

സെൽവി വന്നതിന്റെ പിറ്റേന്ന് രാവിലെ, ഞാവൽ ചില്ലകൾക്ക് മുകളിൽ ചെറിയതോതിൽ മഞ്ഞ് തങ്ങിനിന്നു. വൃശ്ചികത്തിലെ പുലരികൾ അങ്ങനെയാണ്. സ്കൂളിൽ പോകാൻ മടിയുള്ള കാലവുമാണ്. രാവിലെ അർമാദിക്കുന്ന കരിയിലക്കിളികളെയും ഇരട്ടവാലനെയും അണ്ണാനെയും ഒക്കെ കാണുമ്പോൾ മനുഷ്യനായി ജനിക്കണ്ടായിരുന്നു എന്നുവരെ അവന് തോന്നിയിട്ടുണ്ട്. സ്കൂളിലെ കണക്കുടീച്ചർക്കും അതിലൊരു പങ്കുണ്ടായിരുന്നെന്ന് അവൻ പിന്നീട് അതേപ്പറ്റി ഓർക്കുമായിരുന്നു. സെൽവിയുടെ നിശ്ശബ്ദമായ ചലനം വിവേകിനെ ജനലിനടുത്തേക്ക് ആകർഷിച്ചു. അവൾ പഴകിയൊരു സ്റ്റീൽ പാത്രവുമായി പറമ്പിന്റെ ഒരറ്റത്തേക്ക് നടക്കുന്നു. ഞാവൽമരത്തിനടുത്തുള്ള കയ്യാലയിൽനിന്നും എലി ചാടിച്ച തരിമൺകൂമ്പാരമുണ്ട്. വിറയ്ക്കുന്ന കൈകളോടെ അവൾ ആ മണ്ണും കുറച്ച് വെള്ളവും ചേർത്ത് കുഴച്ചു. അരിച്ചെടുത്തതുപോലെയുള്ള ചുവന്ന പൊടിമണ്ണ് കലർന്ന ആ മിശ്രിതം, അവളുടെ നിസ്സഹായതയുടെ തീവ്രമായ പ്രതീകമായിരുന്നു എന്ന് പിന്നീടാണ് അവന് മനസ്സിലായത്. മണ്ണപ്പമുണ്ടാക്കി കളിക്കുന്നത് അവളുടെയും വിനോദമാണോ? തന്റെ ഇഷ്ടങ്ങൾതന്നെയാണല്ലോ അവൾക്കും . അവൻ സെൽവിയുടെ ചലനങ്ങൾ കൌതുകത്തോടെ നോക്കി നിന്നു. അവൾ ആ മണ്ണെടുത്ത് ഉരുട്ടി. ഒരു ചെറിയ മണ്ണപ്പം. ആ 'മണ്ണപ്പം' അവളുടെ ചുണ്ടുകളിലേക്ക് അടുപ്പിച്ചു.

"സെൽവി! നീ... നീയെന്താണ് കാണിക്കുന്നത്?" വിവേക് അവളെ തടഞ്ഞു.


"പശിക്ക്ണ് സാപ്പിടണം... അങ്കയെല്ലാം ഇങ്ങനേ താൻ..." അവളുടെ വാക്കുകൾ മുറിഞ്ഞുപോയി.


വിവേകിന്റെ കണ്ണുകൾ നനഞ്ഞു. അവൻ രാജാവു കളിക്കുമ്പോൾ രാജ്ഞിയാവേണ്ടവളാണ് .താൻ മണ്ണപ്പം ചുട്ടു കളിക്കാൻ ആ മണ്ണാണ് എടുക്കാറുള്ളത്. ഇപ്പോൾ അത് യഥാർത്ഥ അപ്പമായി കണക്കാക്കപ്പെട്ടിരിക്കുന്നു. മണ്ണ് തിന്നാലുള്ള ഭവിഷ്യത്തുകളെപ്പറ്റി മുതിർന്നവർ ഉപദേശിച്ച പേടിപ്പിക്കുന്ന വിവരണങ്ങളൊക്കെ അവന്റെ മനസ്സിലൂടെ കടന്നുപോയി. വിവേക് അവളെ അടുക്കളയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. അവൾക്ക് ദോശയും സാമ്പാറും നൽകി. ആഹാരത്തിന്റെ യഥാർത്ഥ രുചി അവളുടെ കണ്ണുകളെ അടപ്പിച്ചു. ജീവിതത്തിൽ ആദ്യമായാണ് പ്രഭാതത്തിൽ അത്തരമൊരു ഭക്ഷണം അവൾ കഴിക്കുന്നത്. ആ സംഭവങ്ങൾക്കു ശേഷം, പിറ്റേന്ന് രാവിലെ, വിവേക് സ്കൂളിലേക്ക് പോകുമ്പോൾ സെൽവി മുറ്റത്തെ പടികൾക്കരികിൽ കൊതിയോടെ നിന്നു. അവന്റെ കയ്യിലെ പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിലായിരുന്നു അവളുടെ നോട്ടം. ഉച്ചയ്ക്ക് അവൾ ധൈര്യം സംഭരിച്ച് വിവേകിന്റെ മലയാളം പാഠപുസ്തകത്തിലെ രേഖാചിത്രങ്ങൾ കൌതുകത്തോടെ നോക്കി. വൈകുന്നേരം വിവേക് വന്നപ്പോൾ സെൽവി പുസ്തകം ഭദ്രമായി മേശപ്പുറത്ത് വെച്ചു.

മൂന്നു പതിറ്റാണ്ടുകൾ കടന്നു എന്ന് വിശ്വസിക്കാനാവുന്നില്ല. വിവേക് ആദ്യം ബാംഗ്ലൂരിലായിരുന്നു. ഇപ്പോൾ കൊച്ചി ഇൻഫോപാർക്കിലാണ് . ഫ്ലാറ്റിൽനിന്നും ഫ്ലാറ്റി

ലേക്കുള്ള മാറ്റങ്ങളല്ലാതെ പുതുമയൊന്നും ഉണ്ടായില്ല. എന്നാൽ ഈ ജീവിതമാണ് തന്റെ സമ്പത്തിന്റെ അടിസ്ഥാനം . കൃഷികൊണ്ട് ഉപജീവനം നടത്തിയാലെന്താണ് എന്ന് പലവട്ടം ഓർത്തതാണ്. പിന്നീടാണ് കർഷകരുടെ ദുരിതകഥകൾ നാട്ടിൽനിന്നുമറിഞ്ഞത്. തങ്ങൾക്കും അത്തരം അനുഭവമുണ്ടായി. അച്ഛൻ പ്രകാശൻ വിരമിച്ച ശേഷം ചേനക്കൃഷി ചെയ്തതാണ്. ഒരു ലോഡ് ചേന ചങ്ങനാശ്ശേരി ചന്തയിൽ കൊടുത്തിട്ട് വിത്തിന്റെ വില പോലും കിട്ടിയില്ല. പണിക്കാശ് നഷ്ടവും.

നാടിനെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം സെൽവിയെ കണ്ടെത്തണമെന്ന ചിന്ത വിവേകിന് കൂടെക്കൂടെ ഉണ്ടായി. അത് ഒരു കടമായി അവശേഷിച്ചു. കുറെ സമ്മാനപ്പൊതികളുമായി അച്ഛൻ പ്രകാശുമായി അവൻ തമിഴ്നാട്ടിലേക്ക് യാത്ര തിരിച്ചു. അവളുടെ വീട് ഇരിക്കുന്ന സ്ഥലത്തേക്ക് കാർ എത്താൻ സാധ്യതയില്ല . ബസ്സിലും ട്രെയിനിലുമൊക്കെയായിട്ടായിരുന്നു യാത്ര. വാഹനം പോകാത്ത വഴികൾ ഏറെ താണ്ടിയാലേ അവളുടെ വീടെത്താനാവൂ. അവർ ഏറെ നടന്നു. ഇനിയും വെട്ടുവഴിയേ കുറേ പോകണം . ആ ചെങ്കൽപ്പാത അവസാനിക്കുന്നിടത്ത് പുഴയുടെ തീരമെത്തി. "നമുക്ക് വള്ളത്തിൽ പോണം മോനേ, പണ്ട് നിന്നെയും കൊണ്ട് ഈ വഴിയാണ് എസ്റ്റേറ്റ് ബംഗ്ലാവിലേക്ക് പോയിരുന്നത്". അച്ഛൻ ഇക്കാര്യം പറയുന്നതിനുമുൻപുതന്നെ അന്റെ ഓർമ്മയിൽ എല്ലാം തെളിഞ്ഞു വന്നിരുന്നു. അച്ഛൻ നീട്ടിയൊരു ശബ്ദമുണ്ടാക്കിയപ്പോൾ വള്ളക്കാരൻ അക്കരെനിന്നും എത്തി. പ്രായം ചെന്ന മനുഷ്യൻ . ഇറങ്ങിയപ്പോൾ ചോദിക്കാതെതന്നെ നൂറു രാപാ കോടുത്തത് അയാൾ വാങ്ങിയില്ല . പത്തുരൂപായിൽ കൂടുതൽ എത്ര നിർബന്ധിച്ചിട്ടും അയാൾ വാങ്ങാൻ കൂട്ടാക്കിയില്ല.. വള്ളത്തിൽ പുഴ കടന്ന്, കാടുകൾ തിങ്ങിനിറഞ്ഞ മരങ്ങളുടെ ഇടയിലേക്ക് കയറിപ്പോകുമ്പോൾ, ഹെമിങ്വേയുടെ പുസ്തകശീർഷകം വിവേകിന്റെ മനസ്സിൽ മുഴങ്ങി. യാത്രയ്ക്കൊടുവിൽ, അവർ പണ്ട് അച്ഛൻ ജോലി ചെയ്തിരുന്ന എസ്റ്റേറ്റ് ബംഗ്ലാവിന് അടുത്തെത്തി. വിവേക് കുട്ടിക്കാലത്ത് കളിച്ചിരുന്ന പാറക്കെട്ട് ഇപ്പോൾ ശൂന്യമായി കിടന്നു. അന്ന് അവിടെയൊരു അമ്മൂമ്മ താമസിച്ചിരുന്നു. കൂട്ടിന് ഒരു നായ മാത്രമേ അവർക്ക് ഉണ്ടായിരുന്നുള്ളൂ. കുട്ടിക്കാലത്ത് അമ്മൂമ്മയുടെ കുടിലിൽ താൻ പോയിരുന്നത് വിവേക് ഓർത്തു . തന്റെ ഓർമ്മയിലെ മറക്കാനാവാത്ത രുചിയും അമ്മൂമ്മയുടെ സൽക്കാരവും തമ്മിൽ ബന്ധമുണ്ടായിരുന്നു. ഒരിക്കൽ നന്നായി വിശന്നപ്പോഴാണ്





അമ്മൂമ്മയുടെ കുടിലിൽ എത്തിയത് . പാറപ്പുറത്തെ മുക്കല്ലടുപ്പിലിട്ട് ചുട്ട ശീമച്ചേമ്പും കട്ടൻചായയുമാണ് അന്ന് അമ്മൂമ്മ തന്നത്. അവർ ചാരത്തിലേക്ക് ഉപ്പുകല്ലിടുമ്പോഴുള്ള പൊട്ടിത്തെറിയൊച്ചപോലും വിവേക് ഓർത്തെടുത്തു. മല്ലപ്പള്ളിയിൽവച്ച് തിരിഞ്ഞു നോക്കാത്ത ആ വസ്തുവിന് ഇത്രയും രുചിയുണ്ടെന്ന് അന്നാണ് അറിഞ്ഞത് ഇപ്പോൾ അവരുടെ കുടിലിന്റെ പൊടിപോലും അവിടെയില്ല.

സെൽവിയുടെ വീട്ടിലേക്ക് ഇനി ഏറെ നടക്കാനുണ്ട്. വരനെ ദത്തെടുത്തതിനാൽ അവൾ അവിടെത്തന്നെ കാണുമെന്ന് അച്ഛൻ പറഞ്ഞു . കടുപ്പമേറിയ മലയിടുക്കുകളിലൂടെ ഇനിയും ഏറെ ദൂരം പോകണം. അച്ഛനും പ്രായമായി. നന്നായി കിതയ്ക്കുന്നുണ്ട്. വഴിയിൽ ഒരു മനഷ്യരെയും കാണാനില്ല. കുറെ കഴിഞ്ഞപ്പോൾ വല്ലാത്ത ഭീതി തോന്നി. ഒരിടത്ത് തെന്നിവീഴാൻ തുടങ്ങിയപ്പോൾ കയ്യാലയിൽനിന്ന് വളർന്നിറങ്ങിയ വള്ളിപ്പടർപ്പിൽ പിടി കിട്ടി. അപ്പോൾ ഭയമെല്ലാം അലിഞ്ഞില്ലാതായതുപോലെ. ചെറിയ വെട്ടിടവഴിയിലൂടെ പോകുമ്പോഴാണ് എതിരേ ഒരാൾ പശുവിനെയുംകൊണ്ടു വരുന്നു. കഷ്ടിച്ച് ആ പശുവിനും അയാൾക്കും മാത്രം പോകാനുള്ള ഇടമേ അവിടെയുള്ളൂ . ഭാഗ്യത്തിന് അവിടെ കണ്ട കുത്തുകല്ലുവഴി തിട്ടയുടെ മുകളിൽ കയറാൻ കഴിഞ്ഞു. പശുവിനെയും കൊണ്ടു വന്ന ആളിനോട് സെൽവിയുടെ വീടിനെപ്പറ്റി ചോദിച്ചപ്പോൾ 'തെരിയാത്' എന്നു മാത്രം പറഞ്ഞുകൊണ്ട് അയാൾ പോയി . കുത്തുകല്ലിറങ്ങി പിന്നെയും ഏറെ ദൂരം പിന്നിട്ടപ്പോൾ അകലെ പൊട്ടുപോലെ കണ്ട വെട്ടുകൽഭിത്തി നോക്കി അച്ഛൻ പറഞ്ഞു "ഇതുതന്നെ അവളുടെ വീട്". വീടിന്റെ ഭിത്തിയിൽ വെളുത്ത ചുണ്ണാമ്പുകല്ലുകൊണ്ടുള്ള കോലങ്ങൾ മാഞ്ഞുതുടങ്ങിയിരുന്നു. വാതിൽപ്പടിയിൽ കറുത്തൊരു ചരടിൽ ചെറുനാരങ്ങയും വറ്റൽമുളകും തൂക്കിയിട്ടിരിക്കുന്നത് വിവേകിനു വിചിത്രമായി തോന്നിയെങ്കിലും പ്രകാശിന് അതിലൊ

രു പ്രത്യേകതയും തോന്നിയില്ല . അവിടെയൊക്കെ കണ്ണേറു തട്ടാതിരിക്കാനാണത്രെ ഇങ്ങനെ ചെയ്യുന്നത്. അവളുടെ അച്ഛൻ തിണ്ണയിലുള്ള ഒരു കയറുകട്ടിലിൽ കിടക്കുന്നുണ്ടായിരുന്നു. സെൽവിയെ കാണാനായിരുന്നു വിവേകിനു തിടുക്കം .എന്നാൽ സെൽവിയുടെ അച്ഛൻ പാക്യമണി ആ ദുരന്തകഥ വിവരിച്ചു : സെൽവിയുടെ ഭർത്താവ് മാണിക്യം തികഞ്ഞ മദ്യപാനിയായിരുന്നു. സെൽവിയെ നിരന്തരം മർദ്ദിക്കുമായിരുന്നു. അഷൻ കിടപ്പുരോഗിയായത് അയാൾക്ക് കുറച്ചുകൂടി സൌകര്യമായി. രണ്ടു ചെറിയ പെൺകുഞ്ഞുങ്ങളുടെ നിലവിളിയൊന്നും അയാളുടെ പെരുമാറ്റത്തെ മയപ്പെടുത്തിയില്ല. ഒരിക്കൽ കറിക്ക് എരിവു പോരാ എന്നു പറഞ്ഞ് അവളെ പൊതിരെ തല്ലി. കിടപ്പുരോഗിയായ തനിക്ക് കിടന്നുകൊണ്ട് കൈ ചലിപ്പിച്ച് വിലക്കാനേ കഴിഞ്ഞുള്ളൂ. പെൺമക്കൾ പിടിച്ചു മാറ്റാൻ ചെന്നപ്പോൾ “നീ പെണ്ണിനെ മാത്രമേ പെറുകയുള്ളോടീ” എന്നു ചോദിച്ച് വയറ്റിൽ ശക്തിയായി തൊഴിച്ചു . അവൾ ഒരു പരുത്തിക്കെട്ടുപോലെ നിലത്തുവീണു. “രണ്ടാഴ്ച വേദന സഹിച്ചാണ് എന്റെ കുഞ്ഞ് പോയത്” എന്നു പറഞ്ഞപ്പോൾ അയാൾക്ക് വാക്കുകൾ ഇടറി ഒരു കരച്ചിലായി മാറി. അവൾ മരിച്ച ദിവസം മാണിക്യത്തെ നാട്ടുകാർ ഓടിച്ചു പുഴ കടത്തിയതാണ് . അതിനു ശേഷം അയാൾ തിരികെ വന്നിട്ടില്ല. സെൽവിയുടെ അമ്മ കാട്ടിൽ പോയി ചൂരൽവള്ളി ചെത്തി കുട്ടയുണ്ടാക്കി വിറ്റാണ് രണ്ടു പെൺകുഞ്ഞുങ്ങളെയും തന്നെയും നോക്കുന്നതെന്ന് പാക്യമണി പറഞ്ഞു.

ദുരന്തകഥ കേട്ടശേഷം, വിവേക് ഒരു നെടുവീർപ്പിട്ടു. "അച്ഛാ, സെൽവിക്ക് ഒരു സഹോദരൻ ഉണ്ടായിരുന്നെങ്കിൽ, ഒരുപക്ഷേ അവൾക്ക് ചോദിക്കാനും പറയാനും ഒരാളുണ്ടായിരുന്നേനേം." ആ വാക്കുകൾ പ്രകാശിന്റെ നെഞ്ചിൽ കനൽ പോലെ തറച്ചു. വള്ളത്തിൽ മടക്കയാത്രയ്ക്കിടെ, പുഴയുടെ തണുപ്പിൽ അയാൾ മകനോട് പതുക്കെ പറഞ്ഞു.

"മോനേ, സെൽവിക്ക്... ഒരു സഹോദരൻ ഉണ്ടായിരുന്നു." പ്രകാശ് നിശ്ശബ്ദനായി. "രണ്ട് വയസ്സുള്ള ഒരു മകൻ. ഒരിക്കൽ എസ്റ്റേറ്റ് മുതലാളിയുടെ കാർ റിവേഴ്സ് എടുത്തപ്പോൾ, അവൻ അതിനടിയിൽ പെട്ട് അരഞ്ഞുതീർന്നു. അന്ന് മുറ്റത്ത് ഉണങ്ങാനിട്ടിരുന്ന വെളുത്ത മുണ്ടിലേക്ക് ചോര തെറിച്ചത് പ്രകാശിന് മറക്കാനാവാത്ത ഭീകരാനുഭവമായിരുന്നു. കുഞ്ഞിനെ മുതലാളിയുടെ ഡ്രൈവർ അപ്പോൾത്തന്നെ മറവു ചെയ്തു. ബംഗ്ലാവിന്റെ മുറ്റത്ത് കുട്ടിയെ കളിക്കാനിരുത്തിയിട്ടാണ് അമ്മ താമര കാട്ടിൽ വള്ളി ശേഖരിക്കാൻ പൊയ്ക്കൊണ്ടിരുന്നത്. പാക്യമണി അന്ന് ലോഡുമായി ടൌണിൽ പോയിരിക്കുകയായിരുന്നു. സെൽവിയുടെ അമ്മയോട് പറഞ്ഞത്, കുട്ടി പുഴയിൽ പോയപ്പോൾ മുതല പിടിച്ചതായിരിക്കുമെന്നാണ്. ആഴ്ചകളോളം അവർ കുഞ്ഞിനെ അന്വേഷിച്ച് അലഞ്ഞു . പോലീസ് സ്റ്റേഷനിലും ചെന്നതാണ്. മുതലാളി പോലീസിന് കനത്ത തുക നൽകി കേസ് ഒതുക്കിയെന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്. പാക്യമണി ഇക്കാര്യം അറിഞ്ഞിരുന്നുവെന്നാണ് പ്രകാശ് ഇപ്പോഴും വിശ്വസിക്കുന്നത് . അയാളുടെ കടുത്ത വിധേയത്വം അയാളുടെ വായടച്ചുകളഞ്ഞതാവാം. "മോനേ, ഈ രഹസ്യം ഇപ്പോഴും എന്റെ ഉള്ളിൽ വിങ്ങുന്ന ഒരു ഭാരമാണ്." മനഷ്യർ വ്വമല്ലാത്ത നരഹത്യയായതുകൊണ്ടാണ് താനും ഇക്കാര്യത്തിൽ ഇടപെടാതിരുന്നതെന്ന് അയാൾ പറഞ്ഞു. വിവേക് സ്തംഭിച്ചുപോയി. തന്റെ അച്ഛൻ പേറുന്ന ഈ വലിയ രഹസ്യം കൂടിയാണ് സെൽവിയുടെ ദുരന്തത്തിന് അടിത്തറയിട്ടതെന്ന് അവൻ തിരിച്ചറിഞ്ഞു. ദുഃഖത്തോടെ മടങ്ങിയ വിവേക്, സെൽവിയുടെ രണ്ട് പെൺമക്കളെ ഏറ്റെടുത്തു വളർത്താൻ തീരുമാനിച്ചു. അവരുടെ ഭാരം അവൻ തന്റെ ചുമലിലാക്കി

വീട്ടിലെത്തിയ ശേഷം, വിവേക് ഞാവൽ ചുവട്ടിലെ ചുവന്ന മണ്ണെടുത്തു. അതിൽ വെള്ളം ചേർത്ത്, അവൻ ഒരു ചെറിയ മണ്ണപ്പം ഉണ്ടാക്കി. സെൽവിയുടെയും അവളുടെ സഹോദരന്റെയും ഓർമ്മയ്ക്കായി. ആ മണ്ണപ്പം, അവൻ വീട്ടിലെ വിലയേറിയ ചില്ലലമാരയുടെ മൂലയിൽ ഭദ്രമായി സൂക്ഷിച്ചു. ഒരു രാത്രി ഉറങ്ങാൻ കഴിയാതെ വിവേക് ചില്ലലമാരയുടെ മുന്നിലെത്തി. ജാലകത്തിലൂടെ അരിച്ചിറങ്ങിയ നിലാവെളിച്ചം ആ മണ്ണപ്പത്തിന് ഒരു ദിവ്യ പ്രതിഷ്ഠയുടെ പരിവേഷം നൽകി. അതിന്റെ ഉപരിതലത്തിൽ പൊട്ടുപോലെ ഒരു സാധനം തിളങ്ങുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ അത് ഉണങ്ങിയ ഒരു ചോറിൻമണി ആണെന്ന് അറിയാൻ കഴിഞ്ഞു. സെൽവിയുടെ അരഞ്ഞു തീർന്ന സഹോദരന്റെ ചോരയെ അനുസ്മരിപ്പിക്കുന്ന നേർത്തൊരു ചെമപ്പു രാശിയും അതിനുണ്ടായിരുന്നു. ഓരോ തവണ അവൻ അതിലേക്ക് നോക്കുമ്പോഴും, അവന്റെ ഉള്ളിൽ ചോദ്യങ്ങൾ പെരുകി: വിശപ്പ്, ദാരിദ്ര്യം, കൊലപാതകം, ഒളിച്ചുവെച്ച രഹസ്യങ്ങൾ- ഇതിൽ ഏതിലാണ് ആ പെൺകുട്ടിയുടെ ജീവിതം തകർന്നുപോയത്?

വിവേക് ചില്ലലമാരയ്ക്ക് മുന്നിൽ നിന്നു. പുറത്ത് ഞാവൽ മരം തലയാട്ടി. വിഷാദത്തിന്റെ കയ്പുരുചി അവന്റെ നാവിൻതുമ്പിൽ നിന്നും മനസ്സിലേക്കും പടർന്നു. അവൻ പതിയെ ചില്ലലമാര തുറന്ന്, ആ ചെറിയ മണ്ണപ്പമെടുത്തു. അത് ചുവന്ന ഒരു പട്ടുതുണിയിൽ പൊതിഞ്ഞ് കൊത്തുപണികളുള്ള മനോഹരമായ ചെപ്പിനുള്ളിലാക്കി .കൊച്ചിയിലേക്ക് കൊണ്ടുപോകേണ്ട ബാഗിൽ അത് ഭദ്രമായി വച്ചു. കൊച്ചിയിലേക്ക് ഒറ്റയ്ക്ക് കാറോടിച്ചു പോകുമ്പോൾ വാഹനത്തിനുള്ളിൽ ആരുടെയൊക്കെയോ ജീവസാന്നിധ്യം അവന് അനുഭവപ്പെട്ടു. തുണിയിൽ പൊതിഞ്ഞ മണ്ണാങ്കട്ടയ്ക്ക് അച്ഛൻ ഇത്ര പ്രാധാന്യം കൊടുക്കുന്നതെന്തിനാണെന്ന് വിവേകിന്റെ മക്കൾ അമ്മയോടു ചോദിക്കുമായിരുന്നു. ആ മണ്ണപ്പത്തിൽ സെൽവിയുടെ കുഴിമാടത്തിൽനിന്നെടുത്ത ഇത്തിരി മണ്ണു കൂടി കലർത്തിയിരുന്നുവെന്നത് വിവേകിനു മാത്രം അറിയാവുന്ന രഹസ്യമായിരുന്നു. ■

Devaki
FYUGP 4th sem MG College, Thiruvananthapuram

കവിത
വിദ്യാർത്ഥി
വിഭാഗം
(മൂന്നാം
സ്ഥാനം)

Ophelia is still floating

Virtuous dawn starts with tea
Chaos starts from jumbled chores
Restless nights of twitchy work.
Amid conceited class,
Among some talk of you and me.
The glories whimper

Peace walk down the path,
but blocked by black cesspool,
By duff Narcissus.
The preposterous
Lady Macbeth runs round,
Kills the kings in them and all

Walked through the garden,
Searching for the blue lilies
Amongst foreseen lotuses.
Saw the roots of it,
Spreading over the pond as
The ménage gossips.

Blues cry as it wanes
Those lilies like crumbled chips
Waiting for the end.

The lotuses placed,
In the lap of filth and sludge
As a numb person.

Years pass as fruits bloom,
We spend years in fight or flight,
Till no longer fight.
For our knack of help
Flew away in times unknown
Or silent snarls rouse.

Coming and going,
Both frankest things in our life.
The realest of all.
As changing seasons,
What you do in between is a game
a straight road of choice.
Choosing the just ways,
Or the serpentine tactic,
As like hitting breaks.

Trusting my dead fish,
Which made it till Prussian ocean
To hear voices.
Till the humans speak,
Till women pour out their voice
We drown and submerge.

At the very end,
All end in truth, meaning all,
The rest is silence.



■ മീര എസ്
രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനി, മാർ ഇവാനിയോസ് കോളേജ്.

കഥ വിഭാഗം വിഭാഗം (മൂന്നാം സ്ഥാനം)

ഒരു മെസ്സേജിന്റെ അകലം

മൂന്നു ദിവസമായ് തൊണ്ട നനയ്ക്കാത്ത കുഷിയിലൂടെയാണ് ആ മുറിയിലെ ഈയാംപാറ്റ പുറം ലോകത്തെ കണ്ടത്. ഇരുട്ട് നിറഞ്ഞ ഈ മുറി അതിനെ മുറിഞ്ഞു വരിയുന്നതായി തോന്നി. മുഷിഞ്ഞ തുണികൾക്കിടയിലൂടെയും ചിക്കൻ കാൽകടിച്ചുപറിച്ച പ്ലേറ്റിനിടയിലൂടെയും സ്വാർത്ഥതയുടെ ഗന്ധത്തിൽ മയങ്ങാതെ അവിടെ ഈച്ചയും പിടിച്ചു നിന്നു. പക്ഷേ ഈ ഇരുട്ടിലും അവന് ആ പുതഷുകൾക്കിടയിലൂടെ പുറംലോകം സ്പഷ്ടമായിരുന്നു. വെള്ളയും കറുഷും മാത്രം ഉൾക്കൊണ്ടിരുന്ന ആ പ്രതലത്തിന്റെ മാറ്റം അവൻ ശ്രദ്ധിച്ചു. അതാ നാല് ... അല്ല ഏഴ് നിറം....

ആ ലോകത്തിൽ അങ്ങനെ ഒന്ന് ഇതാദ്യം!

എല്ലാം വിരൽത്തുമ്പിലെന്ന് പറയുമ്പോഴും ഇതുവരെ ഏഴ് നിറങ്ങൾ കണ്ടിട്ടില്ല. അതാ ഒരു സാപിയെൻ രൂപരേഖ* അതിൽ ! മഴവില്ലിനിടയിലൂടെ മറ നീക്കി അത് പ്രത്യക്ഷപ്പെട്ടു.

പുതഷുകൾ മാറ്റി ദാഹജലത്തിനായ് ചീഞ്ഞളിഞ്ഞ മൊന്ത കൊണ്ട് ആ ശരീരം കൂടുതൽ ഉള്ളിലേക്കിറങ്ങി. മതിമറന്നവനതിൽ മുഴുകി.

പെട്ടന്ന് ഏതോ മരുഭൂമിക്കാറ്റിൽ പെയ്ത മഴ ആ വിരൽത്തുമ്പിലെ മഴവില്ലൊടിച്ചു. പൈശാചികതയോടെ ആ സാപിയൻ രൂപരേഖക്ക് രക്തബന്ധത്തിന്റെ ചത്ത ചോരമണത്തു. "അഷുണ്ണീ " ആ രൂപരേഖ ശവാസനത്തിൽ ഉദ്ധരിച്ചു.

രക്തത്തിന്റെ ചുവഷും പകയുടെ നീലയുമൊക്ക തന്നെ കബളിഷിച്ചിരിക്കുന്നു!

ആ വിർച്വൽ ലോകം മഴവില്ല് കാട്ടി ഇതാ തന്നെ കൊലയാളിയാക്കിയിരിക്കുന്നു. സഹോദരസ്നേഹം, അവന്റെ കയ്യിൽ പറ്റിയ രക്തക്കറകളെ കൂടുതൽ ചുമഷിച്ചു.

പിന്നീട്, ഒരോ തവണ സ്ക്രോൾ ചെയ്യുമ്പോഴും ആ ചോരഷാട് സ്ക്രീനിനെ ബ്ലറ് ആക്കി. സ്നേഹത്തിന്റെ പച്ച തേടി, രക്തബന്ധത്തിന്റെ ചുവഷും പേറി ആ രൂപരേഖ ഈച്ചയുടെയും ഈയാംപാറ്റയുടെയും ഡി.എൻ.എ.ക്കായി ആ ലോകത്തെയ്ക്ക് സെന്റ് ചെയ്യപ്പെട്ടു. ■

** ഒറ്റമൈന്റ്-മുൻപിൻ നോക്കാതെ പെട്ടെന്ന് തീരുമാനിക്കുന്ന മനസ്സുകളെ സോഷ്യൽ മീഡിയ വിളിക്കുന്ന പേര്.*

അഭിരാമി ജി.എസ്
ഒന്നാം വർഷ ഫിസിക്സ് ബിരുദം, ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട



ജ്ഞാനസമൂഹ നിർമ്മിതി

വർഗ്ഗീയതയുടെ ബദൽ

മനുഷ്യപരിണാമം അത്ഭുതകരമായ മുന്നേറ്റങ്ങൾക്ക് പാത്രീഭവിക്കുകയും അജ്ഞതയുടെ ഇരുണ്ട വനഗർഭത്തിൽ നിന്ന് ഹോമോസാപിയൻസ് അറിവിന്റെ സൗരകേന്ദ്രീകൃത പ്രകാശഗോപുരങ്ങൾ അതിവേഗം നേടുകയും ചെയ്തു. ഭൂവിജ്ഞാനീയ കാലഗണനപ്രകാരം 2.3 ദശലക്ഷം വർഷങ്ങൾ മുൻപ് മനുഷ്യപൂർവ്വികർ ചിമ്പാൻസിയുടെയും മനുഷ്യരുടെയും പൊതുപൂർവ്വികരിൽ നിന്ന് ശാഖതിരിഞ്ഞു. മനുഷ്യചരിത്രത്തിലെ സാംസ്കാരിക അളവുകോലുകളായ ഹോളോസീൻ യുഗത്തിലെ വെങ്കല, ഇരുമ്പ് യുഗങ്ങളിലാണ് കാർഷികവൃത്തി തുടങ്ങിയത്.

വർഗ്ഗീയതയ്ക്ക് കാർഷികവൃത്തിയോളം പഴക്കമുണ്ട്. ജാതിയോ മതമോ സംബന്ധിയായ സമാനതകളുടെ കൂട്ടം എന്നതിലുപരി വർഗ്ഗം രൂപം കൊള്ളുന്നത് ജോലിവിഭജനത്തിലൂടെയാണ്. കൃഷിയെ "മനുഷ്യരുടെ വീഴ്ച"യായി ചില ചരിത്രഗവേഷകർ വിലയിരുത്തുന്നു. വേട്ടയാടലിന്റെയും സാഹസികതയുടെയും ആഹ്ലാദത്തിന്റെയും ലോകത്ത് നിന്ന് വിയർപ്പൊഴുക്കി ഭക്ഷണം നേടുന്നതിലേക്ക് നാം മാറി. കൃഷി മനുഷ്യരുടെ ഇടയിൽ പുതിയൊരു ജീവിതഘടകം അവതരിഷ്ചു. 'ജോലി' ചാതുർവർണ്യത്തിന്റെ മൂർദ്ധന്യത്തിൽ തൊഴിൽസംഘങ്ങൾ ജാതികളായി മാറുകയായിരുന്നു. സമൂഹത്തെ ജന്മിയായും അടിമയായും വേർതിരിക്കാൻ വർഗ്ഗീയതയ്ക്ക് കഴിഞ്ഞുവെന്നതാണ് വാസ്തവം. സാമൂഹ്യ ജീവിതത്തിന്റെ അർത്ഥതലങ്ങളിൽ നിന്നുകൊണ്ട് തന്നെ ജാതി, മതം, വർഗ്ഗം, വർണ്ണം, ലിംഗം, ഭാഷ തുടങ്ങിയവയിലെ വ്യത്യസ്തതകളോടുള്ള അന്ധമായ സമീപനം വർഗ്ഗീയതയുടെ നാമ്പുകൾ പരിപോഷിഷ്ചു. കാർഷികാഭിവൃദ്ധി നാഗരിക വളർച്ചയ്ക്ക് വഴിവച്ചപ്പോൾ സാമൂഹ്യഘടന സമുദ്ധരിക്കേണ്ടതുണ്ടായിരുന്നു. അധികാരകേന്ദ്രീകരണത്തിനും വളർച്ചയ്ക്കും മൗലിക അതിർത്തി നിയന്ത്രണത്തിനുമുള്ള പ്രേരണകൾ വൈവിധ്യങ്ങളും തൊഴിൽവിഭജനവും ആവശ്യപ്പെട്ടു.

ആയിരക്കണക്കിന് ജാതികളും ഉപജാതികളും ഉൾപ്പെടുന്ന ഈ ഇന്ത്യയിലെ ജാതിസമ്പ്രദായം സങ്കീർണ്ണമാണ്. സ്വാതന്ത്ര്യത്തിന്റെ 75 അമൃതവർഷങ്ങൾ പൂർത്തിയാകുമ്പോൾ പക്ഷേ നമ്മുടെ നേട്ടങ്ങൾ ജാതീയമായ ഉച്ചനീചത്വങ്ങൾ പരിഹരിക്കാൻ അപര്യാപ്തമാണ്. ഇന്ന് ദൗർബല്യങ്ങൾ ഒഴിച്ചുനിർത്തിയാൽ രാഷ്ട്രീയത്തിലും മതഘടനയ്ക്കും, വിവാഹത്തിലും ജാതി - മതഘടനകൾ അത്യന്താപേക്ഷിതമാണ് താനും. ജാതി - മത ശൃംഖലകൾ വ്യക്തിമനസ്സിനെയും സമാജമണ്ഡലത്തെയും ആധുനികകാലത്തും പരോക്ഷമായി വരിഞ്ഞുമുറുക്കിയിരിക്കുകയാണ്.



മതസ്പർദ്ധയുടെ നെരിപ്പോട് ഏതുനിമിഷവും വിസ്ഫോടനമായി മാറും. വർഗ്ഗീയത വിറ്റ് വോട്ടുനേടുന്ന രാഷ്ട്രീയ തന്ത്രം നവീനകാലത്ത് മതസ്പർദ്ധവർദ്ധിക്കാൻ കാരണമാണ്. രാഷ്ട്രീയത്തിൽ ഭക്തിയും ഭക്തിയില്ലായ്മയും നന്നല്ല.

2025 ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സിൽ ഇന്ത്യ 131-ാം സ്ഥാനത്താണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ത്യ ശ്രദ്ധേയമായ സാമ്പത്തികവളർച്ച നേടുകയും അതിവേഗം മുന്നേറുന്ന സമ്പദ്വ്യവസ്ഥയായി മാറുകയുമാണ്. മറുവശത്ത് തൊഴിൽ വിപണിയിലെ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറഞ്ഞുതന്നെ തുടരുന്നു. ലിംഗവിവേചനം സ്ത്രീപുരുഷ വർഗ്ഗീകരണത്തിലേക്കും തുല്യമല്ലാത്ത വിഭവവിതരണത്തിലേക്കും സ്ത്രീകളുടെ സ്വാതന്ത്ര്യബോധത്തിന്റെ ഉന്മൂലനത്തിലേക്കും വരെ നയിക്കുന്നു. വേതനവ്യത്യാസം മറ്റൊരു പ്രധാന പ്രശ്നമാണ്. ഇന്ത്യൻ തൊഴിൽവിപണിയിലെ കുറഞ്ഞ സ്ത്രീ തൊഴിൽപങ്കാളിത്തവും കുറഞ്ഞ വേതനവും പരസ്പരബന്ധിതമായ വെല്ലുവിളിയാണ്. കേരളത്തിലെ സ്ഥിതി കുറച്ചുകൂടി മെച്ചമെന്ന് പറയാനേകഴിയു. കാരണം ലിംഗപരമായ പരമ്പരാഗത റോളുകൾക്ക് ഊന്നൽ നൽകുന്നതും സ്ത്രീകളെ പ്രാഥമികമായി വീട്ടമ്മമാരായും ശിശുപരിപാലനവും ഗാർഹിക ഉത്തരവാദിത്വങ്ങളുമുൾപ്പെടെ ശമ്പളമില്ലാത്ത പരിചരണജോലിയുടെ ആനുപാതികമല്ലാത്ത ഭാരം പേറുന്നവരായും മാറ്റാൻ നമ്മുടെ വർഗ്ഗീയവ്യവസ്ഥകൾ ശ്രമിക്കുന്നു. ഇന്ത്യയിൽ സ്ത്രീകൾ ജോലിയിലനുഭവിക്കുന്ന 'ഇരട്ടഭാരം' ലിംഗവർഗ്ഗീയത വർദ്ധിപ്പിക്കുന്നു. ഗാർഹികവും തൊഴിൽപരവുമായ ഉത്തരവാദിത്വങ്ങൾക്ക് പിറകേ ഓട്ടപ്രദക്ഷിണം ചെയ്യുന്ന സ്ത്രീജീവിതങ്ങളെ ദിനംപ്രതി നാം കാണുന്നുണ്ട്.

ലോകത്ത് പലകോണുകളിലും നടക്കുന്ന ആഭ്യന്തരസംഘർഷങ്ങൾക്കും രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കും കലാപങ്ങൾക്കും പിന്നണിയിൽ വർഗ്ഗീയതയുടെ നിഴൽപാടുകൾ നമുക്ക് തിരിച്ചറിയാനാകും. മണിപ്പൂർ സംഘർഷങ്ങളും, ഇസ്രായേൽ - ഹമാസ് യുദ്ധവും ഇവയിൽ ചിലതാണ്. 2023 ഒക്ടോബർ ഏഴിന് ഹമാസ് നടപ്പിലാക്കിയ 'ഓപ്പറേഷൻ അൽ അഖ്സ പ്രളയം' ആക്രമണത്തിന്റെ തിരിച്ചടിയായിരുന്നു. ഇസ്രായേലിന്റെ 'കൂട്ടായ ശിക്ഷ' നടപ്പാക്കാനുള്ള ശ്രമമായിരുന്നു ഗാസായുദ്ധം. ഇസ്രായേലിന്റെ സയണിസ്റ്റ് പ്രത്യയശാസ്ത്രം അസ്തിത്വ ഭീഷണികൾക്ക് ശക്തമായ സൈനികനടപടികളിലേക്ക് നയിക്കുന്നു. ഇസ്ലാമികവീക്ഷണകോണിലൂടെയുള്ള ഹമാസ് പ്രത്യയശാസ്ത്രം ഫലസ്തീൻ ദേശീയതയും മതമൗലികവാദവും സമന്വയിപ്പിച്ചു. എന്തിനേറെ പഹൽഗാം ഭീകരാക്രമണവും, വൈറ്റ് കോളർ തീവ്രവാദവും വിരൽ ചൂണ്ടുന്നത് വർഗ്ഗീയതയി

ലേക്കാണ്. മുതിർന്നവരോടൊപ്പം പോഷകാഹാരക്കുറവും, പ്രതിരോധശേഷിയില്ലായ്മയാൽ ഉണ്ടാകുന്ന രോഗങ്ങളാലുമെല്ലാം മൂലം കുട്ടികളും സംഘർഷങ്ങളുടെ ക്ലേശങ്ങൾക്ക് ഇരയാക്കപ്പെടുന്നു. വർഗ്ഗീയത ഊട്ടിയുറപ്പിക്കപ്പെടുന്ന മനസ്സുകളിൽ ആക്രമണോത്സുകതയും വൈകാരിക അപക്വതയും വളർത്തപ്പെടുന്നു. അജ്ഞത രാഷ്ട്രത്തെ ഗ്രസിക്കുകയും ചെയ്യുന്നു.

കേവലം ബൗദ്ധികമായ ജ്ഞാനത്തിനപ്പുറം വിഷയാധിഷ്ഠിത സമീപനങ്ങൾക്ക് ഉതകുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന മൂല്യാധിഷ്ഠിത പ്രായോഗിക ജ്ഞാനസമ്പന്നമായ ഒരു സമൂഹനിർമ്മിതിയാണ് വർഗ്ഗീയതയ്ക്കെതിരെയുള്ള ബദൽ. സങ്കീർണ്ണവും ദുർഘടവുമായ അത്തരമൊരു സമൂഹനിർമ്മിതി കാലത്തിന്റെ അനിവാര്യതയാണ്. വർണ്ണ, വർഗ്ഗ, ദേശ സംഘട്ടനങ്ങൾ ഒഴിവാക്കി സാഹോദര്യം വളർത്താനുള്ള സന്ദേശപ്രചരണം തന്നെയാണ് ഈ പ്രക്രിയയിലെ പ്രാഥമികവും ലളിതവുമായ നടപടി. നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന ഇന്ത്യയെ സംബന്ധിച്ച് വൈവിധ്യങ്ങളെ സഹിഷ്ണുതയോടെ സ്വീകരിക്കാൻ മനപ്രാപ്തിയുള്ള തലമുറയുണ്ടാകണം. ബോധ്യങ്ങളാണ് ആദ്യ ചവിട്ടുപടി: ബോധ്യം നേടിയാൽ മാത്രമേ നെല്ലും പതിരും വേർതിരിച്ച് തുടർപ്രവർത്തനങ്ങൾ വിഭാവനം ചെയ്യാനാകൂ. വ്യത്യസ്ത ജാതിവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക അനുബന്ധ ആശയ സാഹചര്യങ്ങളും ആവശ്യകതകളും സംബന്ധിച്ച് ഉൾക്കാഴ്ച രൂപീകരിക്കുന്നത് മതസ്പർദ്ധ ലഘൂകരിക്കാൻ സഹായിക്കും. നാനാമതസ്ഥരുള്ള നമ്മുടെ നാട്ടിൽ മതേതരത്വവും വളരെ കൃത്യതയോടെ പ്രചരിപ്പിക്കണം. മിതവ്യയമാണ് പ്രധാനം.

ഗിഗ് സമ്പദ്‌വ്യവസ്ഥയിൽ നിരവധി തൊഴിലവസരങ്ങൾ നൽകുമ്പോഴും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് അവിടെയും കുറവാണ്. സ്ത്രീസുരക്ഷ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേതനതുല്യതയുണ്ടെങ്കിലും പ്രാതിനിധ്യം കുറയ്ക്കുന്നു. മുൻ നോബെൽ ജേതാവ് ക്ലോഡിയ ഗോൾഡിന്റെ അഭിപ്രായത്തിൽ വിവാഹപ്രായം വർദ്ധിപ്പിക്കുന്നതും ഉന്നതവിദ്യാഭ്യാസരംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതും ലിംഗസമത്വം മുരടിപ്പിക്കാൻ സഹായിക്കും. വീട്ടുജോലിയിലും പരിചരണങ്ങളിലും പുരുഷന്മാരുടെ സജീവ പങ്ക് പ്രോത്സാഹിപ്പിക്കണം. വിദ്യാഭ്യാസവും നൈപുണ്യവികസനവും തൊഴിൽ ശക്തിയിൽ സ്ത്രീകളെ ശാക്തീകരിക്കുന്ന അടിത്തറയാണ്. 'STEM' വിദ്യാഭ്യാസരംഗത്തെ സ്ത്രീപങ്കാളിത്ത വർദ്ധനവ് ഗുണകരമാണ്. തീർച്ചയായും സ്ത്രീയും പുരുഷനും ഭൗതികമായി വ്യത്യസ്തരാണ്. ഈ വ്യത്യസ്തതയെ അടിച്ചമർത്താതെ കേവലം അനുകരണങ്ങൾക്കും വാചക പ്രഭാഷണങ്ങൾക്കും അപ്പുറം വ്യത്യസ്തത അംഗീകരിച്ച് പരസ്പരാശ്രയത്വത്തോടെ, പരസ്പരബഹുമാനത്തോടെ മുന്നേറാനുള്ള ദിശാബോധം ഉൾക്കൊള്ളുന്ന മൂല്യാധിഷ്ഠിത വൈജ്ഞാനിക ചട്ടക്കൂടാണ് നിർമ്മിക്കേണ്ടത്. അസ്തിത്വത്തെ ആദരിക്കാനും വ്യക്തിത്വത്തെ അംഗീകരിക്കാനും സുരക്ഷിതവും മാന്യവുമായ ജീവിതാന്തരീക്ഷം നിർമ്മിക്കാനുമുതകുന്ന ലിംഗവിവേചനരഹിത വീക്ഷണകോൺ ഈയൊരു ചട്ടക്കൂട് ഉൾക്കൊള്ളേണ്ടതുണ്ട്.

യുവതലമുറയെ ബോധവൽക്കരിച്ചുകൊണ്ട് മാത്രമേ വർഗ്ഗീയതയ്ക്കെതിരെയുള്ള ജ്ഞാനസമൂഹനിർമ്മിതി സാധ്യമാകൂ. പ്രാഥമിക തലങ്ങളിൽ നമ്മുടെ നാട്ടിലെ ജാതി-മത-ലിംഗ വ്യത്യാസങ്ങൾ ഉടലെടുത്ത ചരിത്രവും പശ്ചാത്തലവും പഠിപ്പിക്കുന്നതോടൊപ്പം ഉയർന്ന തലങ്ങളിൽ പഠനത്തോടൊപ്പം പ്രായോഗിക സാമൂഹിക പഠനത്തിനും വീക്ഷണനിർമ്മാണത്തിനും വർഗ്ഗീയത ഏത് തലങ്ങളിലെത്തിയെന്ന് മനസ്സിലാക്കാനും പഠിതാക്കളെ അനുവദിക്കണം. കുടുംബത്തിൽ, സാമൂഹികാന്തരീക്ഷത്തിൽ അത്തരമൊരു പ്രചരണം ശക്തമാക്കണം.

വർഗ്ഗീയസംഘർഷങ്ങളുടെ മൂലസ്രോതസ്സ് ഉന്മൂലനം ചെയ്യേണ്ടതുണ്ട്. കാരണം, ആരോഗ്യകരവും സമാധാനപരവുമായ കുടുംബ സാമൂഹിക ചുറ്റുപാടുകൾ മികച്ച തലമുറയെ വാർത്തെടുക്കാൻ അനിവാര്യമാണ്. യുവതലമുറയുടെ വളർച്ചയിലും സ്വഭാവരൂപീകരണത്തിലും ചുറ്റുപാടുകൾ പ്രധാനഘടകമാണ്. ജാതിമത ലിംഗാസമത്വങ്ങൾ ഉദ്ഘോഷിച്ച് വർഗ്ഗീയ വിദ്വേഷത്തിന്റെ വിത്തുകൾ പാകുന്നത് ഒഴിവാക്കണം. യുവതലമുറയെ ബോധവൽക്കരിച്ചുകൊണ്ട് മാത്രമേ വർഗ്ഗീയതയ്ക്കെതിരെയുള്ള ജ്ഞാനസമൂഹനിർമ്മിതി സാധ്യമാകൂ. പ്രാഥമിക തലങ്ങളിൽ നമ്മുടെ നാട്ടിലെ ജാതി-മത-ലിംഗ വ്യത്യാസങ്ങൾ ഉടലെടുത്ത ചരിത്രവും പശ്ചാത്തലവും പഠിപ്പിക്കുന്നതോടൊപ്പം ഉയർന്ന തലങ്ങളിൽ പഠനത്തോടൊപ്പം പ്രായോഗിക സാമൂഹിക പഠനത്തിനും വീക്ഷണനിർമ്മാണത്തിനും വർഗ്ഗീയത ഏത് തലങ്ങളിലെത്തിയെന്ന് മനസ്സിലാക്കാനും പഠിതാക്കളെ അനുവദിക്കണം. കുടുംബത്തിൽ, സാമൂഹികാന്തരീക്ഷത്തിൽ അത്തരമൊരു പ്രചരണം ശക്തമാക്കണം. ഗാന്ധിയൻ ആദർശങ്ങളുടെ അന്തസ്സത്തയായ മിതവ്യയവും സഹിഷ്ണുതയും ജീവിതത്തിലെ സമസ്തമേഖലയിലും വ്യാപിപ്പിക്കണം. വർഗ്ഗീയതയ്ക്കെതിരായ ഒരു ജ്ഞാനസമൂഹനിർമ്മിതി ഓരോ പൗരന്റെയും രാഷ്ട്രത്തോടുള്ള കടമയായി തന്നെ ഉയർത്തണം. ■

അറുപത്തിയെട്ടാം സംസ്ഥാന സമ്മേളനം

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (എ.കെ.പി.സി.ടി.എ.) അറുപത്തിയെട്ടാമത് സംസ്ഥാന സമ്മേളനം 2026 ഫെബ്രുവരി 27, 28, മാർച്ച് 1 തീയതികളിൽ തിരുവനന്തപുരം എ.കെ.ജി. ഹാളിൽ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു. "വർഗീയമുക്ത ഇന്ത്യ - ജനപക്ഷ വൈജ്ഞാനിക കേരളം" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച സമ്മേളനം അധ്യാപക സമൂഹത്തിന്റെ സംഘടനാശക്തിയും സാമൂഹിക പ്രതിബദ്ധതയും വിദ്യാഭ്യാസ രംഗത്തെ ജനപക്ഷ കാഴ്ചപ്പാടും ശക്തമായി ഉയർത്തിക്കാട്ടി.

സംസ്ഥാന സമ്മേളനത്തിന്റെ മുന്നോടിയായി നിരവധി അക്കാദമിക, സാഹിത്യ, കായിക, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. സമ്മേളനത്തിന്റെ ഭാഗമായി കോളേജ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി കഥ, കവിത, ഉപന്യാസം എന്നീ വിഭാഗങ്ങളിൽ സംസ്ഥാനതല സാഹിത്യരചനാ മത്സരങ്ങൾ സംഘടിപ്പിച്ചു. "ജ്ഞാന സമൂഹനിർമ്മിതി - വർഗീയതയ്ക്കെതിരായ ബദൽ" എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കും "വർഗീയതയ്ക്കെതിരെ വൈജ്ഞാനിക ലോകം" എന്ന വിഷയത്തിൽ അധ്യാപകർക്കുമായി ഉപന്യാസ മത്സരം നടത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിന് രചനകൾ ലഭിച്ചു. പ്രൊഫ. വി.എൻ. മുരളി, ഡോ. എസ്. രാജശേഖരൻ, പ്രൊഫ. എ.ജി. ഒലീന എന്നിവർ അടങ്ങിയ ജൂറിയാണ് വിജയികളെ തെരഞ്ഞെടുത്തത്. സമ്മേളന വേദിയിൽ വിജയികൾക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ട്രോഫികളും വിതരണം ചെയ്തു.

സമ്മേളനത്തിന്റെ ലോഗോ പ്രകാശനവും ശ്രദ്ധേയമായ മുന്നൊരുക്ക പരിപാടിയായിരുന്നു. മുൻ മന്ത്രിയും കേരള കർഷകസംഘം സംസ്ഥാന പ്രസിഡന്റുമായ എം. വിജയകുമാർ ലോഗോ പ്രകാശനം നിർവഹിച്ചു. സ്വാഗതസംഘം ഭാരവാഹികൾ, സംസ്ഥാന പ്രസിഡന്റ് എ. നിശാന്ത്, ജനറൽ സെക്രട്ടറി ഡോ. ബിജുകുമാർ കെ, വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. തിരുവനന്തപുരം സ്വദേശിയായ വി.കെ. രമേഷ് കുമാർ രൂപകല്പന ചെയ്ത ലോഗോ സമ്മേളനത്തിന്റെ ആശയത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു.

സമ്മേളനത്തിന് മുന്നോടിയായി തിരുവനന്തപുരം ജില്ലയിലെ വിവിധ ഇടങ്ങളിൽ സാംസ്കാരിക സായാഹ്നങ്ങളും സംഘടിപ്പിക്കപ്പെട്ടു. വർക്കലയിൽ നടന്ന സാംസ്കാരിക സായാഹ്നത്തിൽ പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ മുഖ്യപ്രഭാ

ഷണം നടത്തി. ശ്രീനാരായണ ഗുരുവിന്റെ മാനവികതയും കേരളത്തിന്റെ നവോത്ഥാന പാരമ്പര്യവും ഉയർത്തിക്കാട്ടിയ അദ്ദേഹം, പുരോഗമന മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രസക്തി വിശദീകരിച്ചു. സി.പി.എം ജില്ലാ സെക്രട്ടറി വി. ജോയ് എം.എൽ.എ പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന-ജില്ലാ ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.

സംസ്ഥാന സമ്മേളനത്തിന്റെ പ്രചാരണ പരിപാടികളുടെ ഭാഗമായി കാട്ടാക്കടയിൽ സംഘടിപ്പിച്ച സാംസ്കാരിക സായാഹ്നം ശ്രദ്ധേയമായി. അഡ്വ. ഐ.ബി. സതീഷ് എം.എൽ.എ പരിപാടി ഉദ്ഘാടനം ചെയ്തു. അഡ്വ. ജി. സ്റ്റീഫൻ എം.എൽ.എ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഉന്നത വിദ്യാഭ്യാസം, നവോത്ഥാന മൂല്യങ്ങൾ, ജനാധിപത്യ-മതനിരപേക്ഷ കാഴ്ചപ്പാടുകൾ എന്നിവ ഉയർത്തിക്കാട്ടിയ പരിപാടിയിൽ അധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും പങ്കെടുത്തു. തുടർന്ന് സംഘടിപ്പിച്ച സംഗീതസന്ധ്യ സാംസ്കാരിക സായാഹ്നത്തിന് കൂടുതൽ മികവേകി.

ഫെബ്രുവരി 25-ന് തിരുവനന്തപുരം ഗാന്ധി പാർക്കിൽ സംഘടിപ്പിച്ച മറ്റൊരു സാംസ്കാരിക സായാഹ്നം അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിൽ നടപ്പാക്കുന്ന ഉന്നതവിദ്യാഭ്യാസ പരിഷ്കാരങ്ങൾ രാജ്യത്തിനാകെ മാതൃകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്ന് പ്രശസ്ത പിന്നണി ഗായികയും കേരള സംഗീത നാടക അക്കാദമി വൈസ് ചെയർപേഴ്സനുമായ പുഷ്പവതി പൊയ്പാടത്ത് സംഗീത പരിപാടി അവതരിപ്പിച്ചു.

എ.കെ.പി.സി.ടി.എ. അറുപത്തിയെട്ടാമത് സംസ്ഥാന സമ്മേളനം ഉന്നതവിദ്യാഭ്യാസ രംഗത്തെ സമകാലിക വെല്ലുവിളികൾ, വിദ്യാഭ്യാസ നയപരമായ മാറ്റങ്ങൾ, അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്തങ്ങൾ, ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങളുടെ സംരക്ഷണം എന്നിവയെ കേന്ദ്രീകരിച്ചുള്ള ഗൗരവമേറിയ ചർച്ചകൾക്കും സംഘടനാപരമായ തീരുമാനങ്ങൾക്കും വേദിയായി.

ഒന്നാം ദിവസം - ഫെബ്രുവരി 28, 2026

സമ്മേളനത്തിന്റെ ആദ്യദിനം പ്രവർത്തകസമിതി, സംസ്ഥാന കമ്മിറ്റി, സംസ്ഥാന കൗൺസിൽ യോഗങ്ങൾ എന്നിവയോടെയാണ് ആരംഭിച്ചത്. രാവിലെ സംഘടിപ്പിച്ച സംസ്ഥാനതല അക്കാദമിക് സെമിനാറിൽ "വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ 2025 ബിൽ - പ്രശ്നസങ്കീർണ്ണമാകുന്ന ഇന്ത്യൻ ഉന്നതവിദ്യാഭ്യാസം" എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച നടന്നു. കേരള വിദ്യാഭ്യാസ സമിതി ജനറൽ കൺവീനറും എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറിയുമായ ഡോ. സി. പത്മനാഭൻ വിഷയാവതരണം നടത്തി. ദേശീയ വിദ്യാഭ്യാസ നയം, ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവൽക്കരണ പ്രവണതകൾ, വിദ്യാഭ്യാസത്തിന്റെ വിപണിവൽക്കരണം തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ വിശകലനം ചെയ്യപ്പെട്ടു.

ഉച്ചകഴിഞ്ഞ് സംസ്ഥാന കമ്മിറ്റി യോഗവും തുടർന്ന് സംസ്ഥാന കൗൺസിൽ യോഗവും ചേർന്നു. സംഘടനയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ഡോ. ബിജുകുമാർ കെ അവതരിപ്പിച്ചു. ട്രഷറർ ഡോ. എൻ. രേണുക വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചു. സംഘടനയുടെ പ്രവർത്തനങ്ങൾ, അധ്യാപക സേവനപ്രശ്നങ്ങൾ, ഉന്നതവിദ്യാഭ്യാസ മേഖലയിലെ നയപരമായ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് പ്രതിനിധികൾ ചർച്ച നടത്തി. രാത്രി ജില്ലാതല ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുകയും വിവിധ ജില്ലകളിലെ അംഗങ്ങൾ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവി പ്രവർത്തന പദ്ധതികളെക്കുറിച്ചും അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു.

രണ്ടാം ദിവസം - ഫെബ്രുവരി 28, 2026

രാവിലെ രജിസ്ട്രേഷനും പതാക ഉയർത്തലും നടന്നതോടെ സമ്മേളനത്തിന്റെ ഔപചാരിക പരിപാടികൾക്ക് തുടക്കമായി. ഉദ്ഘാടന സമ്മേളനത്തിൽ സ്വാഗതസംഘം ചെയർപേഴ്സൺ അഡ്വ. വി. ജോയ് എം.എൽ.എ സ്വാഗതം ആശംസിച്ചു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് എ. നിശാന്ത് അധ്യക്ഷത വഹിച്ചു. കേരള വിദ്യാഭ്യാസമന്ത്രി ശ്രീ വി. ശിവൻകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ, പൊതുവിദ്യാഭ്യാസ സംരക്ഷണം, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രത്യാഘാതങ്ങൾ, ഗവേഷണത്തിന്റെയും അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും പ്രാധാന്യം എന്നിവ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ആർ.ആർ.സി. അനുസ്മരണ പ്രഭാഷണം പി.ബി. പ്രിൻസ് ഗജേന്ദ്ര ബാബു നിർവഹിച്ചു. വിവിധ അധ്യാപക-സർവീസ് സംഘടനകളുടെ നേതാക്കൾ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. വൈകുന്നേരം പ്രതിനിധി സമ്മേളനവും ഗ്രൂപ്പ് ചർച്ചകളും തുടർന്നു. അധ്യാപക സമൂഹം നേരിടുന്ന പ്രശ്നങ്ങൾ, ശമ്പള-സേവന കാര്യങ്ങൾ, വിദ്യാഭ്യാസ മേഖലയിലെ പുതിയ വെല്ലുവിളികൾ എന്നിവ ചർച്ചാവിഷയങ്ങളായി. മികച്ച കോളേജ് യൂണിയനുള്ള അഭിമന്യു അവാർഡ് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിന് സമ്മാനിച്ചു. സാഹിത്യം മത്സരവിജിയകൾക്കും, കായിക മത്സര വിജയികൾക്കും ലോഗോ ഡിസൈനറിനുമുള്ള ഉപഹാരം വിതരണം ചെയ്തു.എ.കെ.പി.സി.ടി.എ. ജേർണലായ കേരള പ്രൈവറ്റ് കോളേജ് ടീച്ചറിന്റെ മാർച്ച്-ഏപ്രിൽ ലക്കവും അക്കാദമിക് കമ്മിറ്റി ലഘുലേഖയും പ്രകാശിപ്പിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികളുടെ കലാപരിപാടികൾ സമ്മേളനത്തിന് സാംസ്കാരിക മികവ് പകർന്നു.

മൂന്നാം ദിവസം - മാർച്ച് 1, 2026

മൂന്നാം ദിവസം രാവിലെ ഗ്രൂപ്പ് ചർച്ചകൾ തുടർന്നു. തുടർന്ന് പ്രതിനിധി സമ്മേളനം ചേർന്ന് വാർഷിക റിപ്പോർട്ടിന്മേലുള്ള ചർച്ചകൾ പൂർത്തിയാക്കി. പ്രതിനിധികൾ സംഘടനയുടെ പ്രവർത്തനങ്ങ

ളെ വിലയിരുത്തുകയും വിവിധ നിർദേശങ്ങൾ മുന്നോട്ടുവെക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി റിഷോർട്ടിന്മേലുള്ള ചർച്ചകൾക്ക് മറുപടി നൽകി.

ഉച്ചകഴിഞ്ഞ് സേവന സെൽ, ഐ.ടി. സെൽ, കേരള പ്രൈവറ്റ് കോളേജ് ടീച്ചർ എഡിറ്റോറിയൽ ബോർഡ്, സാംസ്കാരിക വേദി തുടങ്ങിയ വിവിധ ഘടകങ്ങളുടെ റിഷോർട്ടുകളും പ്രമേയങ്ങളും അവതരിഷിക്കഷെട്ടു. അധ്യാപക സേവന സംരക്ഷണം, അക്കാദമിക സ്വാതന്ത്ര്യം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ പ്രതിരോധം തുടങ്ങിയ വിഷയങ്ങളിൽ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

തുടർന്ന് സംഘടനയുടെ പുതിയ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന നടപടികൾ റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിൽ നടന്നു. സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ അർഷിക്കുകയും സംഘടനയുടെ ഭാവി പ്രവർത്തന ദിശകൾ അവതരിഷിക്കുകയും ചെയ്തു.

സമ്മേളനത്തിന്റെ ഭാഗമായി സംഘടിഷിച്ച കായിക മത്സരങ്ങളും അംഗങ്ങളുടെ ആവേശകരമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. തിരുവനന്തപുരം ആക്കുളത്തെ ബെല്ലിൻടർഫ് സ്പോർട്സ് അക്കാദമിയിൽ നടന്ന ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങളിൽ വിവിധ ജില്ലകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു. പുരുഷ ക്രിക്കറ്റിൽ മലഷുറം ജില്ലയും വനിതാ ഫുട്ബോളിൽ മലഷുറവും പുരുഷ ഫുട്ബോളിൽ തൃശൂരും ജേതാക്കളായി.

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി നൂറുകണക്കിന് പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം അധ്യാപക സമൂഹത്തിന്റെ ഐക്യവും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായുള്ള പ്രതിബദ്ധതയും പ്രകടമാക്കുന്നതായിരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ജനാധിപത്യ, മതനിരപേക്ഷ, ശാസ്ത്രീയ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പ്രതിജ്ഞ പുതുക്കിക്കൊണ്ട് വൈകുന്നേരം പതാക താഴ്ത്തലോടെ മൂന്ന് ദിവസങ്ങളിലായി നടന്ന അറുപത്തിയെട്ടാമത് സംസ്ഥാന സമ്മേളനത്തിന് സമാപനമായി. ■

AKPCTA State Committee 2026-27

State Office Bearers

I.State Office Bearers

President
Sanjeev G
Associate Professor of Economics
NSS College of Engineering
Palakkad
9447791946
sanjeevg@nssce.ac.in

Vice President
Asha Prabhakaran
Assistant Professor of English
HHMSPBNSS College for Women,
Neeramankara
Thiruvananthapuram
9446374171
ashabalagopal2014@gmail.com

Vice President
Dr Soju S
Assistant Professor of Commerce
Sree Narayana College,
Chempazhanthy
Thiruvanathapuram
9567763830
sojumanu2002@yahoo.co.in

General Secretary
A Nisanth
Associate Professor of Statistics
Payyanur College, Payyanur
Kannur
9447690687
anisanth@gmail.com

Treasurer
Dr Renuka N
Associate Professor of Malayalam
N S S College, Cherthala
Alappuzha
9746527501
renu9renu@gmail.com

Secretary (Kerala University)
Dr Sumesh G S
Assistant Professor of Commerce
VTM NSS College,
Dhanuvachapuram
Thiruvananthapuram
9447855544
sumesh.kld@gmail.com

Secretary (Mahatma Gandhi University)
Prof Dr Jacob Abraham
Professor of Electronics
B P C College, Piravom
Eranakulam
9447105370
tjacobabra@gmail.com

Secretary (Calicut University)
Dr Brijesh V K
Associate Professor of Geology
M E S Ponnani College, Ponnani
Malappuram
9495072725
brij.earth@gmail.com

Secretary (Kannur University)
Dr Shanoj M P
Associate Professor of Malayalam
Sree Narayana College,
Thottada, Kannur
9447748457
mpshanoj@gmail.com

II. District Secretaries, who are the members of the working committee

Secretary, Thiruvananthapuram
N.K. Sunilkumar
Assistant Professor of Sociology
Mahatma Gandhi College
Thiruvananthapuram
9946604403
nksunilkumar.kumar@gmail.com

Secretary, Kollam
Dr Ratheesh C
Assistant Professor of Economics
Fatima Mata National College, Kollam
9495168127
ratheeshc08@gmail.com

Secretary, Alappuzha
Vinod Jacob
Assistant Professor of Physical Edn.
Sree Narayana College
Cherthala, Alappuzha
9605761717
vinod.jacob@yahoo.co.in

Secretary, Pathanamthitta
Raison Sam Raju
Assistant Professor of Commerce
Marthoma College, Tiruvalla,
Pathanamthitta
9567855967
raisonsamraju@gmail.com

Secretary, Kottayam
Dr Wilson C Thomas
Assistant Professor of Commerce
Kuriakose Gregorios College,
Pampady, Kottayam
9387725026
drwilsonct@kgcollege.in

Secretary, Idukki
Dr Krishnakumar M V
Associate Professor of History
Newman College,
Thodupuzha, Idukki
9995552731
krishnatripunithura@gmail.com

Secretary, Eranakulam
Dr Sanilkumar M G
Associate Professor of Botany
SNM College, Maliankara
Eranakulam
9446128243
sanilmgs@yahoo.com

Secretary, Thrissur
Dr Pramod P
Assistant Professor of Commerce
Sree Kerala Varma College, Thrissur
9846012510
pramodpottammal@gmail.com

Secretary, Palakkad
Rajesh R
Associate Professor of Computer
Science, N S S College, Ottapalam
Palakkad
9744056237
rrajeshkadapra@gmail.com

Secretary, Malappuram
Dr Sanil A S
Assistant Professor of Malayalam
Ambedkar College of Arts & Science,
Wandoor, Malappuram
9496368062
sanilarackal@gmail.com

Secretary, Kozhikode
Dr Joobi V P
Assistant Professor of Commerce
Sree Narayana Guru College,
Chelannur, Kozhikode
9605484514
joobisunil@gmail.com

Secretary, Wayanad
Shelji Mathew
Associate Professor of
Travel &Tourism
Pazhassiraja College, Pulpally
Wayanad
9400830500
shelji34@gmail.com

Secretary, Kannur
Dr Rakhi Raghavan
Associate Professor of English
Pazhassi Raja NSS College,
Mattanur
Kannur
9496452272
rakhirag@gmail.com

Secretary, Kasaragod
Dr Mohanan A
Associate Professor of Chemistry
Nehru Arts and Science College,
Kanhangad
Kasaragod
9847983922
drmohanan75@gmail.com

III. Convenors of Four Sub Committees, who are the members of the working committee

Convenor, Academic Committee
Dr Libin Kuriakose
Associate Professor of Physics
St Thomas College, Palai,
Kottayam
9645260864
libinkuriakose@gmail.com

Convenor, Women's Committee
Dr Seeja K R
Assistant Professor of General
Education
S N M Training College,
Moothakunnam
Eranakulam
9847519235
seejasnmtc@gmail.com

Convenor, Service Cell
Jithesh C P
Assistant Professor of Political
Science
Sree Narayana Guru College,
Chelannur
Kozhikode
9447100357
jithcpthayat@gmail.com

Editor, Kerala Private College Teacher
Dr Vidhu Narayan
Associate Professor of Malayalam
U C College, Aluva, Eranakulam
9447237659
vidhunarayan@gmail.com

IV. Nominated Members to the Working Committee, who have been given the responsibilities as the convenors of three subcommittees

Convenor, IT Cell
Ligin P Mathew
Assistant Professor of Mathematics
St Thomas College, Kozhencherry
Pathanamthitta
9744145378
liginpm@gmail.com

Convenor, Social Welfare & Differently Abled Committee
Dr Habeeb C
Associate Professor of English
Farook College
Kozhikode
9946265483
habeebc3@gmail.com

Convenor, Cultural Forum
Dr Nithya U S
Assistant Professor of Commerce
S N College
Kollam
9945233622
nithyaus05@yahoo.co.in

V. Syndicate Members Nominated to the Working Committee

Kerala University
Dr Manoj T R
Associate Professor of History
M S M Collehge, Kayamkulam
Alappuzha
8281176535
t.manoj.tr@gmail.com

Mahatma Gandhi University
Prof. Dr Sumesh A S
Professor of Hindi
MES College Nedumkandam
Idukki
9744168522
drassumesh@gmail.com

Calicut University
Dr Pradeepkumar K
Associate Professor of English
Sri Vyasa NSS College,
Wadakkanchery, Thrissur
9447185537
pradeepkorapath@gmail.com

Kannur University
Dr Ismail Olayikkara
Principal
Sir Syed College, Taliparamba, Kannur
9447196116
ismailolayikkara@sirsyedcollege.ac.in

VI. Special Invitee to the Working Committee (KACTCOS representative)

Dr Sushama Raj R V
Associate Professor of Botany
VTM NSS College,
Dhanuvachapuram
Thiruvananthapuram
9847232143
drsushamarajrv@gmail.com

VII. District Presidents, who are the ex-officio members of the state committee

President, Thiruvananthapuram
Dr Babitha G S
Associate Professor of Zoology
S N College, Varkala,
Thiruvananthapuram
9846743648
babithajoy2000@gmail.com

President, Kollam
Ragi R G
Assistant Professor of Malayalam
KSM DB College Sasthamcotta
9446320719
ragirg4@gmail.com

President, Alappuzha
Dr Arun S Prasad
Associate Professor of Physics
Sree Narayana College
Ala, Chengannur, Alappuzha
9349474954
asp.physics@gmail.com

President, Pathanamthitta
Dr Jyolsna S
Assistant Professor of Economics
NSS College, Pandalam
Pathanamthitta
9446039026
jyolsnathejas@gmail.com

President, Kottayam
Dr Hari Narayanan G
Assistant Professor of Chemistry
D B College, Thalayolaparambu
Kottayam
8547524322
harinarayanang@gmail.com

President, Idukki
Dr B Sindhu
Associate Professor of Commerce
Pavanatma College, Murickassery
Idukki
9388775422
sindhupdv@gmail.com

President, Eranakulam
Dr Manu C Skaria
Assistant Professor of English
Nirmala College, Muvattupuzha
Eranakulam
7012008327
manuskariya37@gmail.com

President, Thrissur
Dr Jaya A T
Associate Professor of Psychology
Prajyoti Niketan College, Pudukad
Thrissur
9446618814
jayasunil.at1@gmail.com

President, Palakkad
Dr Rajesh R
Associate Professor of Physics
N S S College, Nemmara
Palakkad
9447339574
rajeshktm@gmail.com

President, Malappuram
Dr Rajesh Kumar T
Assistant Professor of Botany
NSS College, Manjeri
Malappuram
9447948559
rajeshtaxon@gmail.com

President, Kozhikode
Dr Anaz C A
Assistant Professor of History
Farook College, Kozhikode
9495539708
caanaz@gmail.com

President, Wayanad
Dr Joby N G
Assistant Professor of Physics
St. Mary's College, Sulthan Bathery
Wayanad
8301057428
jobyng22@gmail.com

President, Kannur
Dr.Sreeja.P
Associate Professor of Botany
Sir Syed College,Taliparamba
Kannur
9447438447
psreeja@sirsyedcollege.ac.in

President, Kasaragod
Raghunath P
Assistant Professor of Physical Education
St Pius Tenth College, Rajapuram
Kasaragod
9846441717
raghu4u@gmail.com

VIII. Elected Members to the State Committee

Dr Sreepriya R S
Associate Professor of Chemistry
Christian College, Kattakada
Thiruvananthapuram
9847318800
sreepriyars@yahoo.co.in

Dr Santhoshkumar K G
Associate Professor of Architecture
TKM College of Engineering
Kollam
9446805403
santhoshkumar@tkmce.ac.in

Dr Asha Radhakrishnan
Assistant Professor of Chemistry
K S M D B College, Sasthamcotta
Kollam
8547114105
ashagopan2009@gmail.com

Dr Farook S
Associate Professor of Arabic
MSM College, Kayamkulam
Alappuzha
9895244420
farook@msmcollge.in

Manesh Jacob
Assistant Professor of Mathematics
Mar Thoma College, Thiruvalla
Pathanamthitta
9895949365
kochumon13@gmail.com

Jeejamol P M
Associate Professor of Economics
Baselius College
Kottayam
9447958924
jeejamolpm@gmail.com

Shine O V
Assistant Professor of History
St Mary's College, Manarcaud
Kottayam
9447775743
ov.shine@gmail.com

Dr George Sebastian
Assistant Professor of English
Newman College, Thodupuzha
Idukki
8547484335
sebageorge@gmail.com

Dr Madhu K
Assistant Professor of Physics
U C College, Aluva
Eranakulam
9633222290
madhu@ucollege.edu.in

Dr Anoop V
Assistant Professor of Malayalam
Sree Sankara Vidyapeetom College
Valayanchirangara
Eranakulam
8547009793
anoopv@ssvcollege.ac.in

Dr Sheeja P Parayil
Associate Professor of Botany
S N College, Nattika
Thrissur
9947420088
sheejaparayil31@gmail.com

Sathyabhama N
Assistant Professor of History
Sreekrishnapuram
V T Bhattathiripad College,
Mannampatta
Palakkad
9946767395
nsathya35@gmail.com

Prof Dr Vinodkumar M V
Professor of Samhita & Sidhanta
VPSV Ayurveda College ,
Kottakkal
Malappuram
9447270848
ayurvin@gmail.com

Dr Anil Varma R
Assistant Professor of Economics
Zamorin's Guruvayurappan College
Kozhikode
9496954823
avrzgc2@gmail.com

Sanoop Kumar P V
Assistant Professor of Travel & Tourism
Pazhassi Raja College, Pulpally
Wayanad
9605781206
sanoopkeralatourism@gmail.com

Dr Nisha V K
Associate Professor of Chemistry
Payyanur College, Payyanur
Kannur
9847806128
nishavkpayyanur86@gmail.com

Dr Liji K
Assistant Professor of History
Nehru Arts & Science College,
Kanhangad
Kasaragod
9947428692
lijimeppayur123@gmail.com

IX. The Syndicate Members of the Affiliating Universities in Kerala, who are the ex-officio members of the state committee

Kerala University
Dr Pramod N
Assistant Professor of History
NSS College, Nilamel, Kollam
9447441841
pramodnarayan07@gmail.com

Mahatma Gandhi University
Harikrishnan P
Associate Professor of
Computer Science
NSS Hindu College, Changanacherry
Kottayam
9447440334
harinssc@gmail.com

Arun K Saseendran
Assistant Professor of Economics
Sree Narayana Arts & Science
College, Kumarakom
Kottayam
9400157955
arunsajas@gmail.com

Calicut University
Prof Dr T Mohamed Saleem
Principal, Farook Training College
Kozhikode
9496363353
drsalimt@gmail.com

Kannur University
Prof Dr Thomas Monoth
Principal
Mary Matha Arts & Science College,
Manathavady
Wayanad
9400759752
tmonoth@yahoo.com

Kerala University of Health Science
Prof Dr Jeena N J
Professor of Shalakyatantra
V P S V Ayurveda College, Kottakkal
Malappuram
9495974927
drjeenanj@gmail.com

A P J Abdul Kalam Technical University
Prof Dr Venugopal G
Professor of Instrumentation and
Control Engineering
N S S College of Engineering
Palakkad
7907475861
venugoplag@gmail.com

അറുപത്തിയെട്ടാം സംസ്ഥാന സമ്മേളന പ്രമേയങ്ങൾ

1. സൈനികവും രാഷ്ട്രീയവും സാമ്പത്തികവുമായി പരമാധികാരമുള്ള രാഷ്ട്രങ്ങളെ കൈയേറിയും തകർത്തും നിരപരാധികളായ കുഞ്ഞുങ്ങളെയും നിസ്വരായ മനുഷ്യരെയും കൊന്നൊടുക്കുന്ന അമേരിക്കയുടെയും ഇസ്രായേലിന്റെയും സാമ്രാജ്യത്വ സയണിസ്റ്റ് അധിനിവേശ ധിക്കാര രാഷ്ട്രീയത്തെ ഈ സമ്മേളനം ശക്തമായി അപലപിക്കുന്നു. അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള രാജ്യാന്തര ബന്ധങ്ങളിൽ പാലിക്കേണ്ട ചട്ടങ്ങളും നിയമവാഴ്ചയും ജനങ്ങളുടെ സ്വയം നിർണ്ണയവകാശവും സ്വതന്ത്ര രാജ്യത്തിന്റെ പരമാധികാരവും അമേരിക്കയും ഇസ്രായേലും മാനിക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു. അതോടൊപ്പം സാമ്രാജ്യത്ത വിരുദ്ധ പോരാട്ടങ്ങളിൽ ലോക ജനതയോടൊപ്പം അണിനിരക്കുകയും ഐക്യപ്പെടുകയും ചെയ്യുക എന്നത് പുരോഗമന പ്രസ്ഥാനങ്ങളുടെയും മാനസിക മൂല്യം കാത്തു സൂക്ഷിക്കുന്ന സകല മനുഷ്യരുടെയും കടമയാണെന്നും ഈ പ്രമേയം അടിവരയിടുന്നു.

2. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ജാതിവിവേചനം തടയുന്നതിനുവേണ്ടി യുജിസി പുറത്തിറക്കിയ തുല്യതാ ചട്ടങ്ങൾക്കെതിരെ രാജ്യത്തിലെ ജെ എൻ യു ഉൾപ്പെടെ ഉള്ള പ്രധാനപ്പെട്ട സർവകലാശാലകളിൽ ബ്രാഹ്മണിക ഫാസിസത്തിന്റെ വക്താക്കൾ ആക്രമണോത്സുകമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ നടത്തിയ തുല്യതമാർച്ചിനെതിരെ ഹീനമായ ആക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്തു. ഇത്തരത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യത എന്ന ആശയത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ അപലപിക്കുകയും തുല്യതനിയമം അടിയന്തിരമായി നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

3. അഷ്വേർഡ് പെൻഷൻ ഉറപ്പാക്കിയ സർക്കാരിന് അഭിനന്ദനങ്ങൾ. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അഷ്വേർഡ് പെൻഷൻ ഉറപ്പാക്കി സർക്കാർ ഉത്തരവിറക്കിയിരിക്കുന്നു. നാഷണൽ പെൻഷൻ സ്കീമിനു പകരമായി അഷ്വേർഡ് പെൻഷൻ സ്കീം കൊണ്ടുവരുമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് മിനിമം പെൻഷൻ ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ സ്കീം 2026 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവിറക്കിയിരിക്കുന്നത്. സംസ്ഥാന ജീവനക്കാർക്ക് മിനിമം പെൻഷൻ ഉറപ്പു നൽകിയ കേരള സർക്കാറിനെ എ.കെ.പി.സി.ടി.എ 68-ാം സംസ്ഥാന സമ്മേളനം അഭിനന്ദിക്കുന്നു.

4. വയനാട് ടൗൺഷിപ്പ് യാഥാർത്ഥ്യമാക്കിയ കേരള സർക്കാരിന് അഭിനന്ദനങ്ങൾ. കേരളം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ സമാനതകളില്ലാത്ത ഒന്നായിരുന്നു മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തം. ദുരന്തബാധിതരെ നെഞ്ചോടുചേർത്തുകൊണ്ട് സംസ്ഥാന സർക്കാർ ഒരുക്കിയ മാതൃകാ ടൗൺഷിപ്പിന്റെ ഉദ്ഘാടനം നടന്നു.

പ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിധത്തിൽ 1000 sq feet വരുന്ന വീടുകൾ ഉടമസ്ഥർക്ക് സൗകര്യങ്ങളെല്ലാം ഉൾപ്പെടുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. സർക്കാർ നിർമിച്ച ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ പൂർത്തിയായ 178 വീടുകളുടെ കൈമാറ്റമാണ് ഇന്ന് നടക്കുന്നത്. കേന്ദ്രസർക്കാറിന്റെ സാമ്പത്തിക സഹായം ഒന്നുമില്ലാതെ കേരളത്തിലെ പൊതുജനസമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ മാതൃകാപരമായ ഈ പ്രവർത്തനത്തിന് നമ്മുടെ സംഘടനയുടെ സാമ്പത്തിക സഹായവും ഉണ്ടായിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്. കരുത്തിന്റെയും കരുതലിന്റെയും ലോകമാതൃക സൃഷ്ടിച്ച കേരള സർക്കാറിന് എ.കെ.പി.സി.ടി.എ 68-ാം സംസ്ഥാന സമ്മേളനം അഭിനന്ദിക്കുന്നു.

5. ഉന്നതവിദ്യാഭ്യാസമേഖലയിൽ ഫെഡറൽ മൂല്യങ്ങളെ തകർത്തുകൊണ്ട് സംസ്ഥാന സർക്കാരുകളുടെ ഭരണഘടനപരമായ അധികാരങ്ങളെ ഇല്ലാതാക്കുന്നതാണ് പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ കേന്ദ്രസർക്കാർ പാസാക്കിയ VBSA ബില്ല് . ഈ ബില്ല് പ്രകാരം രാഷ്ട്രപതി 12 അംഗങ്ങളെ നിയമിക്കുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സം

സ്ഥാനനിയമപ്രകാരം രൂപീകൃതമായ സർവകലാശാലകളുടെ സ്വയംഭരണം ഇല്ലാതാവും. ഭാരതത്തിന്റെ മതേതര ജനാധിപത്യ മൂല്യങ്ങളെ തകർക്കുന്നതും കേന്ദ്ര അജണ്ട നടപ്പിലാക്കുന്നതുമായ പാഠ്യപദ്ധതി അടിച്ചേൽപ്പിക്കുക എന്നതാണ് VBSA ബില്ലിന്റെ ലക്ഷ്യം.

സർവകലാശാലകളുടെ സ്വയംഭരണം ഇല്ലാതാവുന്നതോടൊപ്പം വിദ്യാഭ്യാസത്തിനായി സംസ്ഥാനങ്ങൾക്കു നൽകി വരുന്ന സാമ്പത്തിക സഹായവും നിർത്തലാക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന VBSA ബില്ല് പിൻവലിക്കാൻ എ.കെ. പി.സി.ടി.എ യുടെ 68-ാം സംസ്ഥാന സമ്മേളനം കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നു.

6. കേന്ദ്രം കേരളത്തോട് തുടരുന്ന കടുത്ത സാമ്പത്തിക വിവേചനവും അവഗണനയും അവസാനിപ്പിക്കുക. കേന്ദ്രം കേരളത്തോട് തുടരുന്ന കടുത്ത വിവേചനവും അവഗണനയും വെളിവാക്കുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ്. ഫിനാൻസ് കമ്മീഷൻ വിഹിതം ഉയർത്തണമെന്ന ആവശ്യം നിരാകരിക്കുകയും 41 ശതമാനം വിഹിതമെന്ന നിലവിലെ സ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തത് ഫെഡറൽ തത്വങ്ങളെ ദുർബലപ്പെടുത്തുന്ന നടപടിയാണ്. കേന്ദ്രവിഹിതമായ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് അർഹമായത് നൽകുന്നില്ല എന്ന് മാത്രമല്ല, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ തുടരേണ്ടതില്ലെന്ന തീരുമാനം വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കാനാണ് കേന്ദ്ര ശ്രമം. ഗ്രാന്റുകളുടെ കാര്യത്തിൽ മൊത്തത്തിൽ വലിയ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. 2021-ൽ 2.2 ലക്ഷം കോടി രൂപയായിരുന്ന ഗ്രാന്റ് ഇപ്പോൾ 1.4 ലക്ഷം കോടി രൂപയായി കുറഞ്ഞിരിക്കുന്നു.

കേരളസംസ്ഥാനത്തിന് അർഹതപ്പെട്ട ധനവിഹിതം 16-ാം ധനകാര്യ കമ്മീഷനിലൂടെ നൽകണമെന്ന് എ.കെ.പി.സി.ടി.എ 68-ാം സംസ്ഥാന സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

7. വിദ്യാഭ്യാസത്തിനുള്ള ചെലവുകളെ ഭാവിക്കുള്ള നിക്ഷേപമായി കണക്കാക്കി ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായി സൗജന്യമാക്കിയ കേരള സർക്കാരിന് എ.കെ. പി.സി.ടി.എയുടെ 68-ാം സംസ്ഥാന സമ്മേളനം അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

8. അസോസിയേറ്റ് പ്രൊഫസർ പ്രമോഷന് പിഎച്ച്. ഡി.നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് 2026 ഡിസംബർ 31 വരെ നീട്ടുക. അസോസിയേറ്റ് പ്രൊഫസർ പ്രമോഷന് പി.എച്ച്. ഡി. നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നതിനുശേഷം 2024 ഡിസംബർ 31 വരെ മാത്രമാണ് അതിന് ഇളവ് നൽകിയിട്ടുള്ളത്. എന്നാൽ പി.എച്ച്.ഡി. ഇല്ലാത്തതിന്റെ പേരിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പരിഗണിക്കപ്പെടാതെ പുറത്തായിപ്പോകുന്ന അനവധി അധ്യാപകർ നമുക്കിടയിലുണ്ട്. അവരെക്കൂടി പരിഗണിച്ചുകൊണ്ട് പി.എച്ച്.ഡി. ഇല്ലാത്തവരെ അസോസിയേറ്റ് പ്രൊഫസർ പ്രമോഷന് പരിഗണിക്കുന്നതിനുള്ള ഇളവ് 2026 ഡിസംബർ 31 വരെ നീട്ടി നൽകണമെന്ന് യു.ജി.സിയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

9. കേന്ദ്രസർക്കാരിന്റെ അപ്രഖ്യാപിത സാമ്പത്തിക ഉപരോധത്തിനിടയിലും സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും മുഴുവൻ ഡി. എ. യും നൽകിയ സംസ്ഥാനസർക്കാരിന് 68-ാം സംസ്ഥാന സമ്മേളനം അഭിവാദ്യങ്ങൾ അറിയിക്കുന്നു.

10. 2016 മുതൽ 2019 വരെയുള്ള യു.ജി.സി. അരിയർ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാംസംസ്ഥാനസമ്മേളനം കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു

11. ഗ്രാമീണ തൊഴിൽ മേഖലയുടെ ജീവനാഡിയായിരുന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിൽ രഹിതരായ സാധാരണക്കാരുടെ ജീവനോപാധി കൂടിയായിരുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ പേരുമാറ്റി തൊഴിലാളി വിരുദ്ധമായ രീതിയിൽ അട്ടിമറിച്ച് നടപ്പിലാക്കിയ VBGRAMG പദ്ധതി പിൻവലിക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാം സംസ്ഥാനസമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

12. തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ പിൻവലിക്കുക. ആഗോള തൊഴിലാളി വർഗ്ഗ സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും നമ്മൾ നേടിയെടുത്ത തൊഴിലവകാശ നിയമങ്ങളെ കാറ്റിൽപ്പറത്തി രാജ്യത്തെ തൊഴിലാളികളെ കൂലി അടിമകളാക്കുന്ന തൊഴിൽ നിയമ ഭേദഗതി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിരിക്കുകയാണ്.

പാർലമെന്റിന്റെ ഇരുസഭകളും ചർച്ചചെയ്യാതെയാണ് 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ച് വേതനച്ചട്ടം, വ്യവസായ ബന്ധം, സാമൂഹ്യ സുരക്ഷാ ചട്ടം, തൊഴിൽ സുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യങ്ങളും വ്യവസ്ഥ ചെയ്യുന്ന ചട്ടം എന്നിങ്ങനെ നാല് ലേബർ കോഡുകൾ പാസ്സാക്കിയത്. സിവിൽ സർവ്വീസിനെയും ലേബർ കോഡുകൾ തകർക്കുമെന്നതിൽ സംശയമില്ല. തൊഴിൽ മേഖലയിൽ വരുത്തുന്ന മാറ്റങ്ങൾ സർവ്വീസ് മേഖലയിലേക്കും വ്യാപിപ്പിക്കും. സ്ഥിരനിയമനവും അവകാശാനുകൂല്യങ്ങളും ഇല്ലാതാക്കാൻ ഇത് വഴി തെളിക്കും.

തൊഴിലാളികളുടെ കൂലി, ജോലി സമയം, അവകാശാനുകൂല്യങ്ങൾ, ട്രേഡ് യൂണിയൻ രൂപീകരിക്കൽ തുടങ്ങിയവയെല്ലാം മുതലാളിമാർക്ക് വിട്ടുനൽകിയിരിക്കുന്നു. അവകാശങ്ങൾ ചോദിക്കാനുള്ള അവകാശം പോലും നിഷേധിക്കുന്നതാണ് ലേബർ കോഡുകൾ. 12 മണിക്കൂർവരെ ജോലിസമയം നീട്ടാനും കൂലിയും ബോണസും ഇഎസ് ഐ, ഇ പി എഫ്, ആനുകൂല്യങ്ങളും നിഷേധിക്കാനും ഇത് അവസരമൊരുക്കുന്നു. പണിമുടക്കവകാശം ഇല്ലാതാക്കുന്നതിനൊപ്പം തൊഴിലാളികളെ കടുത്ത ചൂഷണത്തിന് വിധേയമാക്കുന്നതുമാണ് ലേബർ കോഡുകൾ. ഈ ലേബർ കോഡുകൾ പിൻവലിക്കണമെന്ന് എ.കെ.പി.സി.ടി.എ 68-ാം സംസ്ഥാനസമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

13. സമരങ്ങളിലും പണിമുടക്കുകളിലും പങ്കെടുക്കുന്ന അധ്യാപകർക്ക് ആ ദിവസങ്ങൾ ഒഴിവാക്കി കൊണ്ട്

പ്രമോഷൻ തീയതി നിശ്ചയിക്കണമെന്നുമുള്ള എൻ. എസ്. എസ്. മാനേജ്മെന്റ് നിലപാട് തിരുത്തണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാംസംസ്ഥാനസമ്മേളനം എൻ. എസ്. എസ്. മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു.

14. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ അടക്കമുള്ള ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് അനിവാര്യമായ ഇന്റേൺഷിപ്പിനെ വലിയ വരുമാന മാർഗമാക്കി മാറ്റുന്ന സ്ഥാപനങ്ങൾ നമ്മുടെ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് തടയാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

15. വെക്കേഷൻ കാലയളവിൽ ആർജിത അവധി ലഭിക്കുന്നതിന് ഒരു ദിവസം 2 പരീക്ഷ ഇൻവിജിലേഷൻ ഡ്യൂട്ടികൾ ചെയ്യണമെന്നുള്ള ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശം പിൻവലിക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാം സംസ്ഥാനസമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

16. 2025 നവംബർ 1-ന് അതിദാരിദ്ര്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. 64,006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി മൈക്രോപ്ലാനുകൾ വഴി ഭക്ഷണം, വീട്, ആരോഗ്യം, വരുമാനം എന്നിവ ഉറപ്പാക്കിയാണ് ഈ നേട്ടം കൈവരിച്ചത്. ഇത് വികസന മാതൃകയിൽ വലിയൊരു നാഴികക്കല്ലാണ്. തുടർച്ചയായ ക്ഷേമപ്രവർത്തനങ്ങളും ജനകീയ പങ്കാളിത്തവും വഴിയാണ് ഈ അത്യപൂർവ ലക്ഷ്യം കേരളം കൈവരിച്ചത്. കേരളസർക്കാരിനെ എ.കെ.പി.സി.ടി.എ യുടെ 68-ാം സമ്മേളനം അഭിനന്ദിക്കുന്നു

17. INFLIBNET സൗകര്യം ഉൾപ്പെടെ ലഭ്യമാകുന്ന NLIST പോർട്ടൽ എയ്ഡഡ് കോളേജുകൾക്ക് കൂടി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാം സംസ്ഥാന സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുന്നു.

18. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സർവകലാശാലകളാണ് കേരളത്തിന്റെ അഭിമാനമായ മാനവ വിഭവശേഷിയുടെ ഉറവിടം. ഇതിനെ തകർക്കുന്നതിനായി വിസിമാരെ ഉപയോഗിച്ച് സംഘപരിവാർ അജണ്ട അനുസരിച്ച് ചാൻസലർ നടത്തുന്ന സർവകലാശാലയുടെ സ്വയംഭരണ അവകാശത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാം സംസ്ഥാന സമ്മേളനം ചാൻസലറിനോട് ആവശ്യപ്പെടുന്നു.

19. യുഡിഎഫ് സർക്കാർ നാമമാത്രമായി മാത്രം നൽകിവന്ന ക്ഷേമപെൻഷൻ ജീവിത നിലവാരസൂചികയനുസരിച്ച് വർദ്ധിപ്പിക്കുകയും കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുമ്പോഴും ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് കുടിശ്ശിക ഇല്ലാതെ മുഴുവൻ തുകയും നൽകുകയും ചെയ്ത സംസ്ഥാന സർക്കാരിന് ഈ സമ്മേളനം അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

20. കേരളസർവകലാശാല കായികവിഭാഗത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക. കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ഡയറക്ടർ ഇല്ലാത്ത സാഹചര്യത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. ദേശീയ തലത്തിൽ കായികമത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് ടി.എ/ ഡി.എ/ യൂണിഫോം തുടങ്ങിയവ ലഭിക്കുന്നില്ല. കോളേജ്തല മത്സരങ്ങൾ നടത്തുന്നതിന് വേണ്ടി അഡ്വാൻസ് തുക ലഭിക്കുന്നില്ല. അധ്യാപകരുടെ പക്കൽ നിന്ന് തുക കണ്ടെത്തി മത്സരങ്ങൾ ക്രമീകരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കേരള സർവകലാശാല കായിക വിഭാഗവുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങൾക്ക് ഉടനെ പരിഹാരം കാണണമെന്ന് എ.കെ.പി.സി.ടി.എ 68-ാംസംസ്ഥാന സമ്മേളനം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

21. നാലുവർഷ കോഴ്സുകൾ വന്നതോടുകൂടി അധ്യാപകർ അധ്യാപനത്തേക്കാൾ അധികമായി ക്ലറിക്കൽ ജോലികൾ ചെയ്യേണ്ടുന്ന സാഹചര്യം നിലവിൽ ഉണ്ട്. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ അധ്യാപന നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്. അധ്യാപകരുടെ മേൽ അടിച്ചേൽപ്പിക്കുന്ന അനാവശ്യ ക്ലറിക്കൽ ജോലികൾ ഒഴിവാക്കണമെന്ന് എ.കെ.പി.സി.ടി.എയുടെ 68-ാം സംസ്ഥാനസമ്മേളനം കേരളത്തിലെ വിവിധ സർവകശാലകളോട് ആവശ്യപ്പെടുന്നു.

22. മാതൃ-ശിശു ആരോഗ്യത്തിൽ നേട്ടങ്ങൾ കുറിച്ച്, ആരോഗ്യ സംരക്ഷണ രംഗത്ത് കേരളം ഇന്ത്യയുടെ മാതൃകയായിരിക്കുകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 'ആരോഗ്യവും ക്ഷേമവും' ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ മുന്നേറ്റം രാജ്യത്തിനാകെ പ്രചോദനമാണ്. കേരളം മാതൃ-ശിശു ആരോഗ്യരംഗത്ത് രേഖപ്പെടുത്തിയ മുന്നേറ്റം, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) കൈവരിക്കുന്നതിലെ രാജ്യത്തിനുള്ള മുന്നൊരുക്കമായി കാണാവുന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയായ ഈ നേട്ടം, എല്ലാവർക്കും ആരോഗ്യവും ക്ഷേമവുമുള്ള ജീവിതം ഉറപ്പാക്കുന്നതിന്റെ ഭാഗമാണ്. കേരളത്തിന് അവകാശപ്പെട്ട AIMS തുടങ്ങുന്നതിന് ആവശ്യമായ നടപടികൾക്ക് രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നും വികസിതരാജ്യങ്ങളെ പിൻതള്ളിയുള്ള കേരളത്തിന്റെ ഈ പൊതുജനാരോഗ്യ മുന്നേറ്റത്തെ തകർക്കാൻ കുത്തക ആരോഗ്യ കമ്പനികളെ ഉപയോഗിച്ച് യുഡിഎഫ് നടത്തുന്ന ശ്രമങ്ങൾ അവസാനിപ്പിക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

23. ലൈബ്രേറിയൻമാർക്ക് അക്കാദമിക്ക് സ്റ്റാറ്റസ് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

24. പഠനയാത്ര അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഡിഡിയുടെ അനാവശ്യ നടപടിക്രമങ്ങൾ ഒഴിവാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

■

ADVERTISEMENT TARIFF

KERALA PRIVATE
COLLEGE TEACHER
ISSN 2454-4795 journal of the all kerala private college teachers' association

TECHNICAL DATA	
Size	Crown 1/4
Szie of Type Page	23 cm x 16 cm
Column Length	23 cm
Column Width	5 cm
No. of Columns	3
ADVERTISEMENT RATE	
Centre Spread Multi Colour	Rs. 20,000
Back Cover Multi Colour	Rs.15,000
Inside Cover Multi Colour	Rs. 10,000
Centre Spread Black and White	Rs.10,000
Full Page Black and White	Rs.8,000
Half Page Black and White	Rs.4,000

പരസ്യനിരക്ക്



ഈ അക്കൗണ്ടിൽ താരിഫനുസരിച്ചുള്ള പണമടച്ചതിനുശേഷം, ആവശ്യമുള്ള വലുപ്പത്തിൽ നന്നായി രൂപകല്പന ചെയ്ത പരസ്യത്തിന്റെ പേജ്, പണമടച്ചതിന്റെ സ്ക്രീൻഷോട്ട്, പരസ്യദാതാവിന്റെ കത്ത് എന്നിവ സഹിതം collegeteacheredt@gmail.com എന്ന വിലാസത്തിലേക്ക് അയക്കുക

Account Details:
The All Kerala Private College Teachers' Association, Thiruvananthapuram
Account Number: **21410200001788**
Bank: **Federal Bank**
Branch: **Athani, Thrissur**
IFSC: **FDRL0002141**

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിന്റെ മുൻ ലക്കങ്ങൾ വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിലേക്ക് സംഘടനാംഗങ്ങളുടെ രചനകൾ ക്ഷണിക്കുന്നു. അയയ്ക്കേണ്ട ഇ മെയിൽ വിലാസം
collegeteacheredt@gmail.com




AKPCTA
ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
68




AKPCTA
സംസ്ഥാന
സമ്മേളനം


AKPCTA








സംസ്ഥാന
സമ്മേളനം
2026 ഫെബ്രുവരി
27 | 28 മാർച്ച് 1 | തിരുവനന്തപുരം
ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
68








COR
DEFENDER
BURGHLEY
HORSE TRIALS
DELEGATE


അസോസിയേഷൻ
(എ കെ പി സി ടി എ)
68


AKPCTA
68-ാം


AKPCTA
68-ാം


AKPCTA
68-ാം


AKPCTA
68-ാം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി ടി എ)
സംസ്ഥാന സമ്മേളനം
ജനപക്ഷ വൈജ്ഞാനിക കേരളം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി ടി എ)
സംസ്ഥാന സമ്മേളനം
ജനപക്ഷ വൈജ്ഞാനിക കേരളം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി ടി എ)
സംസ്ഥാന സമ്മേളനം
ജനപക്ഷ വൈജ്ഞാനിക കേരളം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി ടി എ)
സംസ്ഥാന സമ്മേളനം
ജനപക്ഷ വൈജ്ഞാനിക കേരളം


കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
സമ്മേളനം
AKPCTA
ആൾ കേരള പ്രൈവറ്റ് കോ
അസോസിയേഷൻ (എ കെ
68


കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
സമ്മേളനം


അസോസിയേഷൻ
(എ കെ പി സി ടി എ)
സമ്മേളനം
68


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
സംസ്ഥാന
സമ്മേളനം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
സംസ്ഥാന
സമ്മേളനം


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
സംസ്ഥാന
സമ്മേളനം
AKPCTA


68-ാം
സംസ്ഥാന
സമ്മേളനം
AKPCTA


കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
വർഗ്ഗീയ മുക്ത ഇന്ത്യ
ജനപക്ഷ വൈജ്ഞാനിക കേരളം
സംസ്ഥാന


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ
(എ കെ പി സി ടി എ)
വർഗ്ഗീയ മുക്ത ഇന്ത്യ
ജനപക്ഷ വൈജ്ഞാനിക കേരളം
AKPCTA


ആൾ കേരള പ്രൈവറ്റ്
കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ


കോളേജ് ടീച്ചേഴ്സ്
അസോസിയേഷൻ

ഡോ. കെ.എസ്. സാജൻ
എൻ എസ് എസ് ട്രെയിനിങ് കോളേജ് ഒറ്റപ്പാലം

ഓൺലൈൻ ഇ സർട്ടിഫിക്കറ്റ് നിർമാണം

വലിയ തോതിലുള്ള ഇ-സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ഒരു ഓട്ടോമേറ്റഡ് സംവിധാനമാണ് Google Sheets, Google Slides/Docs എന്നിവയോടൊപ്പം Autocrat എന്ന ആഡ്-ഓൺ ഉപയോഗിച്ച് സജ്ജീകരിക്കുന്നത്. വ്യക്തിഗതമാക്കിയ സർട്ടിഫിക്കറ്റുകൾ PDF രൂപത്തിൽ സ്വയമേവ സൃഷ്ടിച്ച്, ആവശ്യമുള്ളവരുടെ ഇമെയിൽ വിലാസങ്ങളിലേക്ക് അയക്കുന്നതിനാണ് ഈ രീതി പ്രധാനമായും ഉപയോഗിക്കുന്നത്. ഈ പ്രക്രിയ തുടങ്ങുന്നത്, വിജയികളുടെയോ പങ്കെടുത്തവരുടെയോ വിവരങ്ങൾ (പേര്, ഇമെയിൽ വിലാസം, ഡെസിഗ്നേഷൻ പോലുള്ളവ) ശേഖരിക്കുന്നതിനായി ഒരു ഗൂഗിൾ ഫോം ഉണ്ടാക്കിക്കൊണ്ടാണ്. ഈ ഫോമിലെ പ്രതികരണങ്ങൾ ഒരു ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തുന്നു. അടുത്തതായി, Google Slides അല്ലെങ്കിൽ Google Docs ഉപയോഗിച്ച് സർട്ടിഫിക്കറ്റിന്റെ ഒരു ടെംപ്ലേറ്റ് (template) രൂപകൽപ്പന ചെയ്യുന്നു. ഈ ടെംപ്ലേറ്റിൽ, ഓരോ സർട്ടിഫിക്കറ്റിലും വ്യത്യാസം വരേണ്ട വിവരങ്ങൾ (ഉദാഹരണത്തിന്, പേര്) സൂചിപ്പിക്കാൻ <<Name>> പോലുള്ള പ്രത്യേക 'മെർജ് ടാഗുകൾ' (merge tags) ഉപയോഗിക്കുന്നു. Autocrat ആഡ്-ഓൺ സജ്ജമാക്കുമ്പോൾ, ഈ മെർജ് ടാഗുകൾ Google Sheet-ലെ അനുബന്ധ കോളങ്ങളുമായി ബന്ധിപ്പിക്കുന്നു. ഇത് ഓരോ വരിയിലെയും ഡാറ്റ ഉപയോഗിച്ച് ഒരു പുതിയ സർട്ടിഫിക്കറ്റ് നിർമ്മിക്കാൻ Autocrat-നെ സഹായിക്കുന്നു. ഈ ജോബ് (job) സജ്ജീകരിച്ച ശേഷം, ഒരു പങ്കാളി ഫോം സമർപ്പിക്കുമ്പോൾ ഉടൻ തന്നെ സർട്ടിഫിക്കറ്റ് സൃഷ്ടിക്കുന്നതിന് (form trigger) അല്ലെങ്കിൽ ഒരു നിശ്ചിത സമയപരിധിക്ക് ശേഷം പ്രവർത്തിക്കുന്നതിന് (time trigger) Autocrat ക്രമീകരിക്കാൻ സാധിക്കും. നിർമ്മിച്ച ഡോക്യുമെന്റുകൾ PDF രൂപത്തിൽ ഉണ്ടാക്കിയ ശേഷം, അത് വ്യക്തിഗത സന്ദേശങ്ങളോടൊപ്പം പങ്കെടുത്തവരുടെ ഇമെയിലുകളിലേക്ക് സ്വയമേവ അയക്കപ്പെടുന്നു.

ഇ-സർട്ടിഫിക്കറ്റുകൾ സൃഷ്ടിക്കുന്നതിനുള്ള ഓട്ടോക്രാറ്റ് (Autocrat) ഉപയോഗിച്ചുള്ള വിശദമായ ഘട്ടം ഘട്ടമായുള്ള പ്രക്രിയ താഴെ നൽകുന്നു.

ഓട്ടോക്രാറ്റ് ഉപയോഗിച്ച് സർട്ടിഫിക്കറ്റുകൾ ഓട്ടോമാറ്റിക്കായി നിർമ്മിക്കുന്നതിനും, PDF രൂപത്തിൽ ഇമെയിൽ വഴി വിതരണം ചെയ്യുന്നതിനുമുള്ള ഘട്ടങ്ങൾ:

ഘട്ടം 1: സർട്ടിഫിക്കറ്റ് ടെംപ്ലേറ്റ് (Template) രൂപകൽപ്പന ചെയ്യുക

Google Slides അല്ലെങ്കിൽ Google Docs തിരഞ്ഞെടുക്കുക: സർട്ടിഫിക്കറ്റ് ഡിസൈൻ ചെയ്യുന്നതിനായി Google Drive-ൽ നിന്ന് Google Slides



അല്ലെങ്കിൽ Google Docs തിര ഞ്ഞെടുക്കുക.

നിങ്ങൾക്ക് Canva പോലുള്ള ടൂളു കളിൽ ഡിസൈൻ ചെയ്ത സർ ട്ടിഫിക്കറ്റ് PNG പോലുള്ള ഇമേജ് രൂപത്തിൽ ഡൗൺലോഡ് ചെയ്ത് Google Slides-ൽ പശ്ചാത്തലമായി ചേർക്കാവുന്നതാണ്. ഫോട്ടോഷോ പ് പോലുള്ള ഇമേജ് എഡിറ്റിംഗ് സംവിധാനങ്ങൾ ഉപയോഗിച്ച് സർട്ടിഫിക്കറ്റു ടെമ്പ്ലേറ്റുകൾ ഉണ്ടാക്കി ഗൂഗിൾ സ്ലൈഡിൽ ചേർ ക്കാവുന്നതാണ്.

Google Slides-ൽ പേജ് സെറ്റപ്പ് (page setup) സർട്ടിഫിക്കറ്റിന് അനു യോജ്യമായ അളവുകളിലേക്ക് (ഉദാഹരണത്തിന് 2000 x 1414 പി ക്സൽസ്) മാറ്റാൻ സാധിക്കും.

മെർജ് ടാഗുകൾ (Merge Tags) ചേർക്കുക: സർട്ടിഫിക്കറ്റിൽ ഓരോ വ്യക്തിക്കും വ്യത്യാസം വരേണ്ട വി വരങ്ങൾ (ഉദാഹരണത്തിന്, പേര്, തീയതി) സൂചിപ്പിക്കാൻ 'മെർജ് ടാഗുകൾ' ഉപയോഗിക്കണം.

ഇത് ചെയ്യുന്നതിനായി, ഡാറ്റ വരേ ണ്ട സ്ഥലത്ത്, രണ്ട് ലെസ് ദാൻ ചിഹ്നങ്ങളും (<<), അതിനുശേഷം ഒരു പേരും (ഉദാഹരണത്തിന് Name), തുടർന്ന് രണ്ട് ഗ്രേറ്റർ ദാൻ ചിഹ്നങ്ങളും (>>) ചേർക്കണം. ഉദാ ഹരണത്തിന്: <<Full Name>>.

ഈ ടാഗുകൾ Google Sheet-ലെ അനുബന്ധ കോളങ്ങളുമായിട്ടാണ് ബന്ധിപ്പിക്കുന്നത്.

ഈ ടാഗുകൾ കൃത്യമായി ടൈപ്പ് ചെയ്യണം, കോപ്പി പേസ്റ്റ് ചെയ്യു ന്നത് ചിലപ്പോൾ പ്രവർത്തിച്ചെന്ന് വരില്ല.

ടെംപ്ലേറ്റ് സംരക്ഷിക്കുക: നിങ്ങൾ Google Slides-ൽ വരുത്തുന്ന മാറ്റ ങ്ങൾ സ്വയമേവ Google Drive-ൽ സംരക്ഷിക്കപ്പെടും.

ഘട്ടം 2: Google Form വഴി ഡാറ്റ ശേഖരി ക്കുക

Google Form സൃഷ്ടിക്കുക: സർ ട്ടിഫിക്കറ്റ് ലഭിക്കേണ്ടവരുടെ വിവരങ്ങൾ (പൂർണ്ണമായ പേര്, ഇമെയിൽ വിലാസം, ഡെസിഗ്നേ ഷൻ/ക്ലബ് പോലുള്ളവ) ശേഖരി ക്കുന്നതിനായി ഒരു Google Form ഉണ്ടാക്കുക.

സർട്ടിഫിക്കറ്റിൽ വരേണ്ട പേര് കൃത്യമായി നൽകുന്നതിനായി 'Full Name' എന്നൊരു ഫീൽഡ് ചേർക്ക ണം.


Spreadsheet സൃഷ്ടിക്കുക: Google Form-ൽ 'Responses' എന്ന വിഭാഗ ത്തിൽ ക്ലിക്ക് ചെയ്ത്, ഒരു പുതിയ Google Spreadsheet സൃഷ്ടിക്കുക.

ഫോമിൽ ലഭിക്കുന്ന പ്രതികരണ ങ്ങൾ (Responses) ഈ സ്പ്രെഡ്ഷീ റ്റിൽ രേഖപ്പെടുത്തും. ഇതിൽ ടൈംസ്റ്റാമ്പ് (Timestamp) പോലുള്ള വിവരങ്ങളും ഉണ്ടാകും.

ഘട്ടം 3: Autocrat Add-on ഇൻസ്റ്റാൾ ചെയ്ത് സജ്ജമാക്കുക

Autocrat ഇൻസ്റ്റാൾ ചെയ്യുക: Google Spreadsheet തുറന്ന്, 'Add-ons' അല്ലെങ്കിൽ 'Extensions' മെനുവിൽ പോയി, 'Get Add-ons' തിരഞ്ഞെടുത്ത്, Autocrat എന്ന ആഡ്-ഓൺ ഇൻസ്റ്റാൾ ചെയ്യുക.

ഇൻസ്റ്റാൾ ചെയ്ത ശേഷം,





Autocrat പ്രവർത്തിപ്പിക്കാൻ ആവശ്യമായ അനുമതികൾ (permissions) നൽകണം.

ഒരു 'പുതിയ Job' തുടങ്ങുക: 'Add-ons' / 'Extensions' മെനുവിൽ നിന്ന് Autocrat തുറന്ന് 'Launch' ചെയ്യുക.

'New Job' എന്നതിൽ ക്ലിക്ക് ചെയ്ത്, ജോബിന് ഒരു പേര് നൽകുക (ഉദാഹരണത്തിന്, Certificate Experiment).

ഘട്ടം 4: Autocrat Job-ന്റെ കോൺഫിഗറേഷൻ

ടെംപ്ലേറ്റ് തിരഞ്ഞെടുക്കൽ: അടുത്ത ഘട്ടത്തിൽ, Google Drive-ൽ നിന്ന് നിങ്ങൾ രൂപകൽപ്പന ചെയ്ത സർട്ടിഫിക്കറ്റ് ടെംപ്ലേറ്റ് (Google Slides/Docs) തിരഞ്ഞെടുക്കുക.

Merge ടാഗുകൾ മാപ്പ് ചെയ്യുക (Map Merge Tags): Autocrat സ്വയം തിരിച്ചറിഞ്ഞ മെർജ് ടാഗുകൾ Google Sheet-ലെ ഏത് കോളങ്ങളുമായി ബന്ധിപ്പിക്കണം എന്ന് തീരുമാനിക്കുക.

ഉദാഹരണത്തിന്, ടെംപ്ലേറ്റിലെ <<Name>> എന്ന ടാഗ് Google Sheet-ലെ 'Full Name' എന്ന കോളവുമായി ബന്ധിപ്പിക്കുക.

മെർജ് ടാഗിന്റെ തരം (Standard, Hyperlink, Image) ഈ ഘട്ടത്തിൽ മാറ്റാവുന്നതാണ്.

ഫയൽ നാമവും ഔട്ട്പുട്ട് തരവും സജ്ജമാക്കുക:

File Name: സൃഷ്ടിക്കുന്ന സർട്ടിഫിക്കറ്റ് ഫയലുകൾക്ക് ഒരു പേര് നൽകുക. ഇവിടെയും മെർജ് ടാഗുകൾ ഉപയോഗിച്ച് ഡൈനാമിക് ഫയൽ നാമം നൽകാം (ഉദാഹരണത്തിന്, <<Full Name>> Certificate).

Output Type: ഔട്ട്പുട്ട് PDF ആയി തിരഞ്ഞെടുക്കുക. ഇത് Google Doc അല്ലെങ്കിൽ Slide രൂപത്തിലും നൽകാവുന്നതാണ്.

Output Mode: മിക്കവാറും അവസരങ്ങളിൽ, ഓരോ ഫോം സമർപ്പണത്തിനും ഓരോ ഡോക്യുമെന്റ് സൃഷ്ടിക്കുന്ന 'Multiple Output Mode' തിരഞ്ഞെടുക്കുക.

Destination Folder തിരഞ്ഞെടുക്കുക: സൃഷ്ടിച്ച എല്ലാ സർട്ടിഫിക്കറ്റുകളും Google Drive-ലെ ഏത് ഫോൾഡറിൽ സേവ് ചെയ്യണമെന്ന് തിരഞ്ഞെടുക്കുക.

Merge Conditions (ഓപ്ഷണൽ): ഒരു പ്രത്യേക നിബന്ധന പാലിച്ചാൽ മാത്രം സർട്ടിഫിക്കറ്റ് സൃഷ്ടിക്കാൻ ഈ ഫീച്ചർ ഉപയോഗിക്കാം (ഉദാഹരണത്തിന്, 'Full Name' കോളം ശൂന്യമല്ലെങ്കിൽ).

ഘട്ടം 5: ഇമെയിൽ ഷെയറിംഗ് സജ്ജമാക്കുക

ഷെയറിംഗ് സജ്ജമാക്കുക: സർട്ടിഫിക്കറ്റ് ഇമെയിൽ വഴി അയക്കാനായി 'Share Doc' എന്ന ചോദ്യത്തിന് 'Yes' നൽകുക.

സർട്ടിഫിക്കറ്റ് PDF രൂപത്തിൽ അയക്കാൻ തിരഞ്ഞെടുക്കുക.

ഇമെയിൽ വിലാസം നൽകുക: 'To' എന്ന ഫീൽഡിൽ ഇമെയിൽ വിലാസം ഉള്ള കോളം തിരഞ്ഞെടുക്കുന്നതിനായി, മെർജ് ടാഗ് ഉപയോഗിക്കുക (ഉദാഹരണത്തിന്, <<Email Address>>).

Subject ഉം Body യും: ഇമെയിലിന്റെ subject, body എന്നിവ ടൈപ്പ് ചെയ്യുക. ഇവിടെയും സ്വകാര്യമാക്കിയ സന്ദേശങ്ങൾക്കായി മെർജ് ടാഗുകൾ ഉപയോഗിക്കാം.

ഉദാഹരണത്തിന്, Subject: <<Full Name>> ന് വേണ്ടിയുള്ള സർട്ടിഫിക്കറ്റ്.



Body: Dear <<Full Name>> എന്ന രൂപത്തിൽ സന്ദേശം ആരംഭിക്കാം.

ഘട്ടം 6: ട്രിഗ്ഗറുകൾ (Triggers) സജ്ജമാക്കുക

Form Trigger: ഒരു പങ്കാളി Google Form സമർപ്പിച്ച ഉടൻ തന്നെ സർട്ടിഫിക്കറ്റ് നിർമ്മിക്കപ്പെടണമെങ്കിൽ, 'Run on Form Trigger' എന്നതിന് 'Yes' നൽകുക.

Time Trigger: ഒരു നിശ്ചിത സമയപരിധിക്ക് ശേഷം (ഉദാഹരണത്തിന്, ഓരോ 12 മണിക്കൂറിലും അല്ലെങ്കിൽ ദിവസവും രാവിലെ 8 മണിക്ക്) പ്രവർത്തിപ്പിക്കാൻ 'Run on Time Trigger' ഉപയോഗിക്കാം.


Manual Run: ട്രിഗ്ഗറുകൾ ഓണാക്കിയില്ലെങ്കിൽ, നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും സ്വമേധയാ (manually) Job പ്രവർത്തിപ്പിക്കാൻ സാധിക്കും.


Job സേവ് ചെയ്യുക: കോൺഫിഗറേഷൻ പൂർത്തിയാക്കിയ ശേഷം 'Save' നൽകുക.

ഘട്ടം 7: ടെസ്റ്റ് ചെയ്യുക

ഫോം പൂരിപ്പിക്കുക: നിങ്ങൾ സൃഷ്ടിച്ച Google Form പൂരിപ്പിച്ച് സമർപ്പിക്കുക.

ഫലം നിരീക്ഷിക്കുക: Autocrat Job പ്രവർത്തിപ്പിക്കുമ്പോൾ, Google Sheet-ലെ അവസാന കോളങ്ങളിൽ മർജ് ഡോക്യുമെന്റ് ഐഡി, ലിങ്ക്, സ്റ്റാറ്റസ് (email sent) എന്നിവ പ്രത്യക്ഷപ്പെടും.





ഇമെയിൽ പരിശോധിക്കുക: ഏതാനും നിമിഷങ്ങൾക്കുള്ളിൽ (form trigger ഓണാക്കിയാൽ), നിങ്ങളുടെ ഇമെയിൽ ബോക്സിൽ വ്യക്തിഗതമാക്കിയ സർട്ടിഫിക്കറ്റ് PDF അറ്റാച്ച്മെന്റായി ലഭിച്ചു എന്ന് ഉറപ്പാക്കുക.

ഈ ഓട്ടോമേറ്റഡ് സംവിധാനം ഉപയോഗിച്ച്, വലിയ തോതിലുള്ള സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിക്കും.

സർട്ടിഫിക്കറ്റുകൾ മുഴുവൻ തയ്യാറാക്കി കഴിഞ്ഞാൽ അവശേഷിക്കുന്ന ഗൂഗിൾ ഷീറ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം കോളജിന്റെ സ്ഥാപനത്തിന്റെ അല്ലെങ്കിൽ വ്യക്തിഗതമായ വെബ്സൈറ്റുകളിലോ ബ്ലോഗുകളിലോ പബ്ലിഷ് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ അഡ്രസിന്റെ ഒരു ക്യു ആർ കോഡ് കൂടി സർട്ടിഫിക്കറ്റിൽ നൽകുകയാണെങ്കിൽ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിന് ഈ ക്യു ആർ കോഡുകൾ പ്രയോജനപ്പെടുത്താൻ കഴിയും. അതിലൂടെ ഇത്തരം സർട്ടിഫിക്കറ്റുകൾ ദുർവിനിയോഗം ചെയ്യുന്നത് തടയുവാൻ കഴിയും.

ഓട്ടോക്രാറ്റ് ഉപയോഗിക്കുന്ന ഇ-സർട്ടിഫിക്കറ്റ് നിർമ്മാണ സംവിധാനം സ്ഥാപനങ്ങൾക്ക് സമയം ലാഭിക്കാനും പിശകുകൾ കുറയ്ക്കാനും സഹായിക്കുന്നു. നിങ്ങൾ ഒരു ഫോമിലൂടെ ഡാറ്റ ശേഖരിച്ച്, ടെംപ്ലേറ്റ് സജ്ജമാക്കി, ട്രിഗ്ഗറുകൾ ക്രമീകരിച്ചാൽ സർട്ടിഫിക്കറ്റുകൾ സ്വയം രൂപപ്പെട്ട് ഇമെയിൽ വഴി അയക്കാൻ സാധിക്കുന്നു. വലിയ ഇവന്റുകൾക്കും വർക്ഷോപ്പുകൾക്കും സെമിനാറുകൾക്കും ഇത് സ്ഥിരതയും വേഗവും ഉറപ്പുനൽകുന്ന ഒരു പ്രവർത്തനരീതിയാണ്. ഇത് ഉപയോഗിക്കുന്നത് സർട്ടിഫിക്കറ്റ് പരിശോധനയും സുരക്ഷയും മെച്ചപ്പെടുത്തുന്നു, സ്ഥാപന പ്രവർത്തനം കൂടുതൽ സുതാര്യവും വിശ്വസനീയവും ആക്കുന്നു. ■

സംഘടനാ വാർത്തകൾ

കായംകുളം എം എസ് എം കോളജ് അധ്യാപകർക്കെതിരായി കെ എസ് യു നേതാവിന്റെ ഭീഷണിയിൽ പ്രതിഷേധിക്കുക

കായംകുളം എം എസ് എം കോളജ് ഫിസിക്സ് വിഭാഗം അധ്യാപകൻ ഡോ കെ.എം. അനിൽ കുമാർ, അറബിക് വിഭാഗം അധ്യാപകരായ ഡോ. എസ്. ഫാറൂഖ്, അൻവർ ഹുസൈൻ എന്നിവർക്കെതിരെ കായംകുളം എം എസ് എം കോളജിലെ ബിരുദ വിദ്യാർത്ഥിയായിരുന്ന മുഹമ്മദ് സുഹൈൽ എന്ന കെ എസ് യു നേതാവ് വാട്സാപ്പ് സന്ദേശം വഴി ഭീഷണി മുഴക്കിയ സംഭവത്തിൽ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു.

മതിയായ ഹാജർ ഇല്ലാത്തതിനാൽ നിയമപരമായി കോളജിൽ നിന്ന് പുറത്ത് പോകേണ്ടി വന്ന സുഹൈൽ നിലവിൽ കെ എസ് യു ജില്ലാ സെക്രട്ടറി ആണ്. എ കെ പി സി ടി എ അധ്യാപകർ എന്ന് അഭിസംബോധന ചെയ്തു കൊണ്ടാണ് സഭ്യേതരമായ ഈ ശബ്ദസന്ദേശം അയച്ചിട്ടുള്ളത്. അറബിക് ഡിഷാർട്ട്മെന്റിന് മുന്നിൽ സംഘടനകളുടെ കൊടികൾ വച്ചുകെട്ടുകയും രാഷ്ട്രീയമായ പകപോക്കലിന് തയ്യാറെടുക്കുകയും ചെയ്യുന്ന അന്തരീക്ഷം ആണ് കായംകുളം എം എസ് എം കോളജിൽ നിലനിൽക്കുന്നത്.

നിയമസഭാ തെരഞ്ഞെടുപ്പ് ഫലം വന്നതിന് പിന്നാലെയാണ് ഈ സംഭവങ്ങൾ ഉണ്ടായത്. ജനവിധിയിലൂടെ ഭൂരിപക്ഷം നേടിയ ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ഭരണം ഏറ്റെടുക്കുന്നതിന് മുമ്പ് തന്നെ ആരംഭിച്ച ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങൾ ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിലെ ക്യാമ്പസുകളിൽ രാഷ്ട്രീയ വിദ്വേഷം പടർത്തുന്ന തരത്തിലുള്ള ഹിംസാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനം ഒരു കലാലയത്തിന്റെ അന്തരീക്ഷം ആണ് നശിപ്പിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടുന്ന വിദ്യാർത്ഥി പ്രസ്ഥാനം അധ്യാപകർക്കെതിരെ വധഭീഷണി ഉയർത്തുന്നതിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു എന്നത് അത്യന്തം ഹീനമായ ഒരു സന്ദേശമാണ് കേരളത്തിലെ ജനാധിപത്യ സമൂഹത്തിന് നൽകുന്നത്. കായംകുളം എം എസ് എം കോളജ് അധ്യാപകർക്ക് കെ എസ് യു ജില്ലാ നേതാവിൽ നിന്ന് നേരിടേണ്ടി വന്ന ഭീഷണികൾ പ്രതിഷേധാർഹമാണ്. ഈ സംഭവത്തിൽ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതായി സംസ്ഥാന പ്രസിഡന്റ് സഞ്ജീവ് ജി, ജനറൽ സെക്രട്ടറി എ നിശാന്ത് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

ജനവിരുദ്ധ ബഡ്ജറ്റ് സർവ്വമേഖലയെയും എന്നതു പോലെ ഉന്നത വിദ്യാഭ്യാസത്തെയും തകർക്കുന്നത്

പുതിയ സർക്കാർ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ് കേരളം ഇന്നലെകളിൽ നേടിയ പുരോഗമനോൻമുഖവികസനത്തെ തകർക്കാൻ ലക്ഷ്യം വെക്കുന്നതാണെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ചൂണ്ടിക്കാട്ടി. വൈജ്ഞാനിക കേരളമെന്ന ആശയത്തെ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ നാളുകളിൽ നടന്നുവരുന്ന മുന്നേറ്റങ്ങൾക്ക് പൂർണ്ണവിരാമമിടുന്നതാണ് ഈ ബഡ്ജറ്റ്. കേന്ദ്ര വിദ്യാഭ്യാസ നയങ്ങൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്ന ചില പ്രസ്താവനകൾ ആണ് ഉന്നത വിദ്യാഭ്യാസം എന്ന ഭാഗത്തിൽ ഉള്ളത്. ഇത് ന്യായീകരിക്കാനാവില്ല. മുൻ സർക്കാർ നടപ്പാക്കിയ ക്ഷേമാശ്വാസ പദ്ധതികളെ തകിടം മറിക്കുക വഴി സാധാരണ മനുഷ്യരുടെ അടിസ്ഥാനപരമായ ജീവൽപ്രശ്നങ്ങളെ അവഗണിക്കുകയാണ് ബഡ്ജറ്റിലൂടെ ഈ സർക്കാർ ചെയ്തത്.

സ്ത്രീകൾക്കായി മുൻ സർക്കാർ ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ പദ്ധതികളെ കുറിച്ചോ വയനാട് പുനരധിവാസ പദ്ധതിയുടെ തുടർച്ചയെക്കുറിച്ചോ ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ചോ മറ്റ് സേവനങ്ങളെക്കുറിച്ചോ യാതൊന്നും പരാമർശിച്ചിട്ടില്ല ഈ ബഡ്ജറ്റിൽ. അതേ സമയം തുറമുഖവികസനത്തിലും പശ്ചാത്തല വികസനത്തിലുമുൾപ്പെടെ സ്വകാര്യ മൂലധന നിക്ഷേപമൊരുക്കുന്നതിന് മുന്തിയ പരിഗണന നൽകുക വഴി അടിസ്ഥാന വർഗ്ഗ താല്പര്യമല്ല സർക്കാർ ലക്ഷ്യം വെക്കുന്നതെന്ന് ഒരിക്കൽ കൂടി വ്യക്തമായിരിക്കുകയാണ്.

കേരളത്തിന്റെ ആരോഗ്യമേഖലയിൽ പ്രഖ്യാപിക്കപ്പെട്ട ഇൻഷുറൻസ് പദ്ധതിയ്ക്കാകട്ടെ ഒട്ടും മതിയായ

തുക വകയിരുത്തുകയും ചെയ്തില്ല. 83 ലക്ഷം കുടുംബങ്ങൾക്കുള്ള ആരോഗ്യ ഇൻഷൂറൻസിനാകെ പ്രഖ്യാപിച്ചത് 10 കോടി രൂപ മാത്രമാണ്. ഇത് കേരള സമൂഹത്തോടുള്ള വെല്ലുവിളിയാണ്. മുൻ സർക്കാർ പ്രഖ്യാപിച്ച ഡിഗ്രിതലം വരെയുള്ള സൗജന്യ വിദ്യാഭ്യാസത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊരു പരാമർശവും ഇല്ലെന്ന് മാത്രമല്ല, യു ഡി എഫ് തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പറഞ്ഞ പെൺകുട്ടികൾക്ക് പ്രതിമാസം 1000 രൂപ സ്കോളർഷിപ്പിനെ കുറിച്ചും മിണ്ടാട്ടമില്ല.


എല്ലാ മേഖലകളെയുമെന്നത് പോലെ സിവിൽ സർവീസ് മേഖലയിലും യാതൊരു വിസ്മയവും സൃഷ്ടിക്കാനാകാത്ത, അപ്രായോഗികമായ ചില പ്രസ്താവനകൾ മാത്രമായേ ഈ ബഡ്ജറ്റിനെ കാണാനാകൂ. ദേശീയ വിദ്യാഭ്യാസനയത്തിന് ബദൽ നിർദ്ദേശിക്കാനോ സർവ്വകലാശാലകളെ ശാക്തീകരിക്കാനോ ഉള്ള നിർദ്ദേശമൊന്നു പോലും ഈ ബഡ്ജറ്റിലെവിടെയും ഇല്ല.

ഇതിനെല്ലാമെതിരെ അതിശക്തമായ പ്രതിഷേധമുയർന്ന് വരണമെന്ന് എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് സഞ്ജീവ് ജി, ജനറൽ സെക്രട്ടറി എ നിശാന്ത് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

അക്കാദമിക് കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലന ശിൽപ്പശാല



എം.ജി.സർവകലാശാല മേഖലയിലെ അക്കാദമിക് കൗൺസിൽ അംഗങ്ങൾ, സിൻഡിക്കേറ്റ് അംഗങ്ങൾ, വർക്കിങ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത അക്കാദമിക് കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലന ശിൽപ്പശാല കോട്ടയം ബസേലിയസ് കോളേജിൽ സംഘടിപ്പിച്ചു. 2026 മെയ് 29ന് നടന്ന ഏകദിന ശിൽപ്പശാല എ.കെ.പി.സി.ടി.എ സംസ്ഥാനപ്രസിഡന്റ് സഞ്ജീവ് ജി. ഉദ്ഘാടനം ചെയ്തു. എം.ജി.സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. സുമേഷ് എ.എസ് എന്നിവർ ക്ലാസുകൾ നയിച്ചു. എ.കെ.പി.സി.ടി.എസംസ്ഥാന ട്രഷറർ ഡോ. എൻ രേണുക, മേഖല സെക്രട്ടറി ഡോ. ജേക്കബ് ഏബ്രഹാം, ജില്ലാ സെക്രട്ടറിമാരായ ഡോ.എം.ജി. സനൽകുമാർ, ഡോ. കൃഷ്ണകുമാർ എം.വി, ഡോ. റെയ്സൺ സാം രാജു, ഡോ. വിൽസൺ സി. തോമസ്, പ്രവർത്തക സമിതിയംഗങ്ങളായ. ഡോ. ലിബിൻ കുര്യാക്കോസ് ഡോ. സീജ കെ. ആർ തുടങ്ങിയവർ സംസാരിച്ചു.



കണ്ണൂർ സർവ്വകലാശാല അക്കാദമിക് കൗൺസിൽ തിരഞ്ഞെടുപ്പ്

എതിരില്ലാതെ വിജയിച്ച

AKPCTA-AKGCT-KUTC സ്ഥാനാർത്ഥികൾ



ഡോ.അനൂപ് കുമാർ കെ
കണ്ണൂർ യൂണിവേഴ്സിറ്റി
(ബയോടെക്നോളജി)



ഡോ. സുരാജ് പി. ആർ.
ഗവ. കോളേജ് കാസറഗോഡ്
(ജിയോളജി)



പ്രവീൺ പി. എഫ്
എസ്.ഇ.എസ്. കോളേജ്
ശ്രീകണ്ഠപുരം
(ജേർണലിസം)



രമ്യ എ. വി
കണ്ണൂർ യൂണിവേഴ്സിറ്റി
(ലൈബ്രറി & ഇൻഫോർമേഷൻ സയൻസ്)



ഡോ.സിനോഷ് സ്ക്കറിയാച്ചൻ
സെന്റ് പയസ് X കോളേജ്, രാജപുരം
(മൈക്രോ ബയോളജി)



ഡോ.അനുപമ കെ. പി
കണ്ണൂർ യൂണിവേഴ്സിറ്റി
(മോളിക്യുലാർ ബയോളജി)



ലെഫ്റ്റനന്റ് ഡോ.സായ് റാം ആർ.
ഗവ. കോളേജ് മാനന്തവാടി
(ഫിലോസഫി)



ഡോ.സുനൈന കെ
കണ്ണൂർ യൂണിവേഴ്സിറ്റി
(സൈക്കോളജി)



ഡോ.അനിത കല്ല്യാടൻ
ഗവ. ബ്രണ്ണൻ കോളേജ്
തലശ്ശേരി (സംസ്കൃതം)



ഖൈറുന്നിസ എൻ. പി
സർ സയ്യദ് കോളേജ്,
തളിപ്പറമ്പ (ഉർദു)

അഭിവാദ്യങ്ങൾ

KERALA PRIVATE
COLLEGE TEACHER

ISSUE No.321

ISSN 2454-4795
MAY - JUNE 2026

കണ്ണൂർ സർവ്വകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്

AKPCTA • AKGCT • KUTC
സ്ഥാനാർത്ഥികൾ



AKPCTA • AKGCT • KUTC
സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

Printed and Published by A Nisanth, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
Editor : Dr. Vidhu Narayan